പതിനാലാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2016-2019)

ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

(2018 ഡിസംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അധ്യായം 2-'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചുമതലകളും' ഉൾപ്പെട്ട 2.1, 2.2, 2.3, 2.5, 2.6, 2.7, 2.8 എന്നീ ഓഡിറ്റ് ഖണ്ഡികകളുടെ പരിഗണനയെ അടിസ്ഥാനമാക്കിയുള്ളത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2016-2019)

ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

(2018 ഡിസംബർ 11-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 2-'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചുമതലകളും'- ഉൾപ്പെട്ട 2.1, 2.2, 2.3, 2.5, 2.6, 2.7, 2.8 എന്നീ ഓഡിറ്റ് ഖണ്ഡികകളുടെ പരിഗണനയെ അടിസ്ഥാനമാക്കിയുള്ളത്

36/2019.

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	v
മുഖവുര	:	vii
റിപ്പോർട്ട്	:	1 -81
അനുബന്ധം I :		
പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും	:	82
അനുബന്ധം II :		
സർക്കാരിൽ നിന്നും ലഭിച്ച മറുപടി	:	104
അനുബന്ധം III :		
സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ Annex 10(b)	:	140

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

(2016 - 2019)

ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. കെ. സുരേഷ് കുറുപ്പ്, എം.എൽ.എ.

<u>അംഗങ്ങൾ :</u>

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. അടൂർ പ്രകാശ്

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. പി. ടി. തോമസ്

ശ്രീ. എം. ഉമ്മർ

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

---

* 2018 മാർച്ച് മാസം 9-ാം തീയതിയിലെ 413-ാം നമ്പർ ഭാഗം 2 ബുള്ളറ്റിൻ പ്രകാരം.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2016-2019)യുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 2-'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചുമതലകളും' ഉൾപ്പെട്ട 2.1, 2.2, 2.3, 2.5, 2.6, 2.7, 2.8 എന്നീ ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2018 ഡിസംബർ മാസം 6-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2018 ഡിസംബർ 11.

റിപ്പോർട്ട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചുമതലകളും

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ അദ്ധ്യായം 2-'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചുമതലകളും'-ൽ ഉൾപ്പെട്ട 2.1, 2.2, 2.3, 2.5, 2.6, 2.7, 2.8 എന്നീ ഓഡിറ്റ് ഖണ്ഡികകളെ സംബന്ധിച്ച്

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനപങ്കാളിത്തത്തോടെ നടത്തിവരുന്ന ക്ഷേമ-വികസന പ്രവർത്തനങ്ങൾ രാജ്യത്തിനു തന്നെ മാതൃകയാണ്. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകിയ 73-ാം ഭരണഘടനാ ഭേദഗതിയുടെ ഉദ്ദേശലക്ഷ്യങ്ങൾക്കനുസൃതമായി അധികാരവികേന്ദ്രീകരണം പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കിയിട്ടുള്ള സംസ്ഥാനം കൂടിയാണ് കേരളം. 1994-ൽ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ നിലവിൽ വന്നതോടെ അധികാരത്തിനൊപ്പം വിഭവങ്ങളും ഉത്തരവാദിത്തങ്ങളും വികേന്ദ്രീകരിച്ചു നൽകുകയുണ്ടായി. ഇത് സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ കരുത്തുള്ളവയാക്കാൻ സഹായിച്ചിട്ടുണ്ട്.

2006-ൽ സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയോജിപ്പിച്ച് ഒരു പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഏകോപിപ്പിച്ചു. അതോടൊപ്പം ജില്ലാ ഗ്രാമവികസന ഏജൻസികളെ ജില്ലാ പഞ്ചായത്തുകളിലും ലയിപ്പിച്ചു. ത്രിതല പഞ്ചായത്തുകളുടെ ഏകോപനം, സ്ഥലപരമായ സംയോജനം എന്നിവ സാധ്യമാക്കാൻ ഈ നടപടികളിലൂടെ കഴിഞ്ഞു. കൂടാതെ, പ്രാദേശികവികസന പദ്ധതികൾക്കൊപ്പം ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ സംയോജനവും ഇതിലൂടെ സാധ്യമായി. വികസന കാഴ്ചപ്പാടുകളിൽ കൂടുതൽ വ്യക്തത കൈവരുത്തുവാനും ഈ നടപടികൾ ഉപകരിച്ചിട്ടുണ്ട്.

2011 മേയ് മുതൽ പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം എന്നീ മൂന്ന് മന്ത്രാലയങ്ങളുടെ കീഴിലാണ് തദ്ദേശസ്വയംഭരണ വകുപ്പ് പ്രവർത്തിച്ചുവരുന്നത്.

ഭരണഘടനയുടെ 73,74 ഭേദഗതികളുടെ ഭാഗമായാണ് കേരളത്തിലെ അധികാര വികേന്ദ്രീകരണം നിലവിൽ വന്നിട്ടുള്ളത്. 1994-ലെ നടപ്പിൽ വന്ന കേരള പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റി ആക്ട് എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. സമൂഹത്തിന്റെ മാറി വരുന്ന ആവശ്യങ്ങളും ലക്ഷ്യങ്ങളും മനസ്സിലാക്കി ഭരണനിർവ്വഹണം കൂടുതൽ പ്രതികരണക്ഷമതയേറിയതും സുതാര്യവുമാക്കാൻ കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 9, 10, 11 പഞ്ചവത്സര പദ്ധതികളിലൂടെ നടപ്പിലാക്കിയ വികേന്ദ്രീകൃതാസൂത്രണ നടപടികൾക്ക് ഒട്ടേറെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾക്കും ജനപ്രതിനിധികൾക്കും ആസൂത്രണത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും തിരിച്ചറിയാനുമുള്ള കഴിവുണ്ടായി എന്നതാണ് കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിലൂടെയുണ്ടായിട്ടുള്ള ഏറ്റവും പ്രധാന നേട്ടങ്ങളിലൊന്ന്. ദാരിദ്ര്യ നിർമ്മാർജ്ജനം, ദുർബലവിഭാഗങ്ങളുടെ ഉന്നമനം, കൃഷി അനുബന്ധ മേഖലകളുടെ പുനരുജ്ജീവനം, പരമ്പരാഗത വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, അഗതികളുടെ പുനരധിവാസം, സംയോജിത പാർപ്പിട പദ്ധതികൾ തുടങ്ങിയവയൊക്കെ കേരളത്തിൽ വികേന്ദ്രീകൃതാസൂത്രണത്തിലൂടെ മാതൃകാപരമായി നടക്കുന്ന പ്രവർത്തനങ്ങളാണ്.

12-ാം പഞ്ചവത്സര പദ്ധതിയിലും കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ വികേന്ദ്രീകൃതാസൂത്രണം ശക്തമാക്കാനുള്ള ശ്രമങ്ങൾ സർക്കാർ തുടരുകയാണ്.

നിലവിൽ 1209 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് കേരളത്തിലുള്ളത്. ഇവയിൽ 1144 എണ്ണം ഗ്രാമീണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് (978 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ). ആകെ നഗരതദ്ദേശ സ്ഥാപനങ്ങൾ 65 എണ്ണമാണുള്ളത് (60 മുനിസിപ്പാലിറ്റികൾ, 5 കോർപ്പറേഷൻ).

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒറ്റനോട്ടത്തിൽ

ക്രമ നമ്പർ	ജില്ല	ഗ്രാമ പഞ്ചായത്ത്		ബ്ലോക്ക് പഞ്ചായത്ത്		ജില്ലാ പഞ്ചായത്ത്		മുനിസിപ്പാലിറ്റി		കോർപ്പറേഷൻ		ആകെ	
		എണ്ണം	വാർഡുകളുടെ എണ്ണം	എണ്ണം	വാർഡുകളുടെ എണ്ണം	എണ്ണം	വാർഡുകളുടെ എണ്ണം	എണ്ണം	വാർഡുകളുടെ എണ്ണം	എണ്ണം	വാർഡുകളുടെ എണ്ണം	എണ്ണം	വാർഡുകളുടെ എണ്ണം
1	തിരുവനന്തപുരം	73	1299	11	155	1	26	4	147	1	100	90	1727
2	കൊല്ലം	70	1274	11	153	1	26	3	102	1	55	86	1610
3	പത്തനംതിട്ട	54	811	8	106	1	17	3	99			66	1033
4	ആലപ്പുഴ	73	1186	12	158	1	23	5	186			91	1553
5	കോട്ടയം	73	1180	11	148	1	23	4	141			89	1492
6	ഇടുക്കി	53	814	8	104	1	16	1	35			63	969
7	എറണാകുളം	84	1369	14	185	1	26	11	369	1	74	111	2023
8	തൃശ്ശൂർ	88	1501	16	213	1	29	6	233	1	55	112	2031
9	പാലക്കാട്	91	1542	13	182	1	29	4	150			109	1903
10	മലപ്പുറം	100	1902	15	227	1	32	7	278			123	2439
11	കോഴിക്കോട്	75	1335	12	169	1	27	2	91	1	75	91	1697
12	വയനാട്	25	459	4	57	1	16	1	28			31	560
13	കണ്ണൂർ	81	1345	11	155	1	26	6	244			99	1770
14	കാസർഗോഡ്	38	663	6	83	1	16	3	113			48	875
	ആകെ	**978**	**16680**	**152**	**2095**	**14**	**332**	**60**	**2216**	**5**	**359**	**1209**	**21682**

അവലംബം : പഞ്ചായത്ത് ഗൈഡ് 2013

ഓഡിറ്റ് ഖണ്ഡിക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശികവികസന പ്രവർത്തനങ്ങൾക്കായുള്ള വിഭവങ്ങൾ ലഭിക്കുന്നത് കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായം, തനത് വരുമാനം, വായ്പ തുടങ്ങിയവയിൽ നിന്നാണ്. വികസന ഫണ്ട്, വകുപ്പുകളിൽ നിന്നുള്ള ധനസഹായം, സംരക്ഷണ ഗ്രാന്റ്, പൊതു ഉദ്ദേശ്യഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, തനത് ഫണ്ട്, ഗുണഭോക്തൃ വിഹിതം, വായ്പകൾ എന്നീ ഇനങ്ങളിലായാണ് ഇവ ലഭിക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന സാമ്പത്തിക സ്രോതസ്സിന്റെ സിംഹഭാഗവും സംസ്ഥാന സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡിലൂടെയാണ് ലഭിക്കുന്നത്.

11-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം/വികസന ഫണ്ട് (രൂപ കോടിയിൽ)

വാർഷിക പദ്ധതി	സംസ്ഥാന പദ്ധതി വിഹിതം	തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം/വികസന ഫണ്ട്	ശതമാനം
2007-08	6950	1540	22.16
2008-09	7700	1694	22.00
2009-10	8920	1863	20.89
2010-11	10025	2050	20.45
2011-12	11030	2750	24.93
ആകെ	**44625**	**9897**	**22.18**

11-ാം പദ്ധതിയുടെ ആദ്യത്തെ നാലു വാർഷിക പദ്ധതികളിലും ഗ്രാന്റ്-ഇൻ-എയ്ഡ് വിഹിതത്തിൽ ക്രമാനുഗതമായി കുറവു വന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് 2011-12 വർഷം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 25 ശതമാനത്തോളം തുക വർദ്ധിപ്പിക്കുവാൻ നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. ഇതിനാലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം 2011-12-ൽ 24.93 ശതമാനമായി വർദ്ധിച്ചത്. 2007-08 മുതൽ 2010-11 വരെയുള്ള കാലയളവിൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടിൽ കുറവ് വന്നിട്ടുണ്ട്. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ട് സ്വരൂപിക്കുന്നതിലും കുറവുണ്ടായി. സംസ്ഥാന പദ്ധതി അടങ്കലിൽ ഓരോ വർഷവും ഉണ്ടാകുന്ന വർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ ആനുപാതികമായ വർദ്ധനവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവയ്ക്കുന്ന പദ്ധതി വിഹിതത്തിൽ ഉണ്ടായിട്ടില്ല.

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മികവാർന്ന പ്രകടനമാണ് 11-ാം പദ്ധതി കാലയളവിൽ കാഴ്ചവച്ചിട്ടുള്ളത്. 2007-08 മുതൽ 2011-12 വരെയുള്ള കാലയളവിലായി പൊതുവിഭാഗം പദ്ധതി വിഹിതത്തിൽനിന്നും ഉൽപ്പാദന മേഖലയിലേക്ക് വകയിരുത്താവുന്ന കുറഞ്ഞ പരിധി 30 ശതമാനത്തിൽനിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുകയും മൂലധന ആസ്തികളുടെ വർദ്ധനവിനായി ഉപയോഗിക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശസ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം (ശതമാനത്തിൽ)



അവലംബം : ബജറ്റ് രേഖകൾ 2010-11, 2011-12

പദ്ധതി വിഹിതത്തിന്റെ വിഭജനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതത്തെ പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി (എസ്.സി.പി.), പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി.) എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. വിവിധ മാനദണ്ഡങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം വിഭജിച്ച് നൽകുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യം വെച്ചാണ് പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടുകൾ വകയിരുത്തുന്നത്.

പദ്ധതി വിഹിതങ്ങൾ വകയിരുത്തുന്നതിൽ 11-ാം പദ്ധതിയിൽ ഏതാനും വ്യവസ്ഥകൾ സ്വീകരിക്കുകയുണ്ടായി. അവ ഇനിപ്പറയുന്നു:

1. സംസ്ഥാന പദ്ധതി തുകയുടെ 9.81 ശതമാനം പ്രത്യേക ഘടക പദ്ധതിക്കും 2% പട്ടികവർഗ്ഗ ഉപപദ്ധതിക്കും വകയിരുത്തി.

2. പ്രത്യേക ഘടക പദ്ധതിയിൽ മൊത്തം വിഹിതത്തിന്റെ 2/3 ഭാഗം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാറ്റിവെച്ചു. പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 50:50 എന്ന അനുപാതത്തിൽ സംസ്ഥാന പദ്ധതിവിഹിത സ്കീമിലും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കുമായി പങ്കുവെക്കുന്നു.

3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംസ്ഥാന വിഹിതം തീർച്ചപ്പെടുത്തിയാൽ പൊതുവിഭാഗം വിഹിതത്തിൽ നിന്നും തുക കുറവ് ചെയ്ത് മാറ്റിവെക്കുന്നു.

2011-12-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച ധനസഹായം/വികസന ഫണ്ട് മേഖല അടിസ്ഥാനത്തിൽ (തുക ലക്ഷം രൂപയിൽ)

തദ്ദേശ ഭരണ സ്ഥാപനം	പൊതുവിഭാഗം		പ്രത്യേക ഘടക പദ്ധതി		പട്ടികവർഗ്ഗ ഉപപദ്ധതി		ആകെ	
	ബജറ്റ് വിഹിതം	അനുവദിച്ച തുക	ബജറ്റ് വിഹിതം	അനുവദിച്ച തുക	ബജറ്റ് വിഹിതം	അനുവദിച്ച തുക	ബജറ്റ് വിഹിതം	അനുവദിച്ച തുക
ഗ്രാമ പഞ്ചായത്ത്	99,560.19	118,180.7	34,107.60	55,213.52	5,862.89	8,049.99	139,530.68	181,444.21
ബ്ലോക്ക് പഞ്ചായത്ത്	23,313.2	32,858.64	11,369 2	15,192.82	1,954.29	2,580.69	36,636.69	50,632.15
ജില്ലാ പഞ്ചായത്ത്	20,466.8	37,010.03	11,369.2	18,334.41	1,954.29	3,378.91	33,790.29	58,723.35
നഗരസഭകൾ	20,876.59	25,746.11	5,086.38	7,924.76	137.52	192.64	26,100.5	33,863.51
കോർപ്പറേഷൻ	15,915.22	21,162.05	4,090.62	7,255.34	0	0.85	20,005.84	28,418.24
ആകെ	**180,132.00**	**234,957.53**	**66,023.00**	**103,920.85**	**9,908.99**	**14,203.08**	**256,064.00**	**353,081.46**

അവലംബം - സാമ്പത്തിക അവലോകനം 2012

എല്ലാ. വിഭാഗങ്ങളിലുമുള്ള ഗ്രാന്റ്-ഇൻ-എയ്ഡുകളുടെ സിംഹഭാഗവും ലഭിച്ചിട്ടുള്ളത് ഗ്രാമപഞ്ചായത്തുകൾക്കാണ്. യഥാക്രമം ജില്ലാപഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളുമാണ് രണ്ടും, മൂന്നും സ്ഥാനങ്ങളിൽ.

പദ്ധതി വിഹിതത്തിന്റെ വിനിയോഗം

പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി (എസ്.സി.പി.) എന്നിവയുടെ വിനിയോഗത്തിൽ 2010-11 നേക്കാൾ പുരോഗതി 2011-12-ൽ ഉണ്ടായിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ ഉപപദ്ധതി വിനിയോഗത്തിൽ നാമമാത്രമായ വർദ്ധനയേ സംഭവിച്ചിട്ടുള്ളൂ. 2010-11-ൽ പൊതുവിഭാഗത്തിൽ ആകെ അനുവദിക്കപ്പെട്ട തുക 1,89,904.37 ലക്ഷം രൂപയായിരുന്നു. ഈ വിഭാഗത്തിൽ 1,35,473.17 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ അനുവദിക്കപ്പെട്ട തുകയുടെ 71.34 ശതമാനം ചെലവഴിക്കാൻ 2010-11-ൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. പ്രത്യേക ഘടക പദ്ധതിയിൽ 56.08 ശതമാനം പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 65.6 ശതമാനം എന്നിങ്ങനെയാണ് 2010-11-ൽ ചെലവായ മറ്റു തുകകൾ.

2011-12-ലെ പദ്ധതി വിഹിതത്തിന്റെ വിനിയോഗം (രൂപ ലക്ഷത്തിൽ)

തദ്ദേശ ഭരണ സ്ഥാപനം	പൊതുവിഭാഗം			പ്രത്യേകഘടക പദ്ധതി			പട്ടികവർഗ്ഗ ഉപപദ്ധതി			ആകെ		
	അനുവദിച്ച തുക	ചെലവ്	ശതമാനം	അനുവദിച്ച തുക	ചെലവ്	ശതമാനം	അനുവദിച്ച തുക	ചെലവ്	ശതമാനം	അനുവദിച്ച തുക	ചെലവ്	ശതമാനം
ഗ്രാമ പഞ്ചായത്ത്	118.180.7	98.712.10	83.53	55,213.52	37191.17	67.36	8.049.99	5098.32	63.33	181,444.21	141001.59	77.71
ബ്ലോക്ക് പഞ്ചായത്ത്	32,858.64	26.367.01	80.24	15,192.82	11504.54	75.72	2,580.69	2072.38	80.3	50,632.15	39943.93	78.89
ജില്ലാ പഞ്ചായത്ത്	37,010.03	28.064.61	75.83	18,334.41	12923.36	70.49	3,378.91	2014.82	59.63	58,723.35	43002.79	73.23
നഗരസഭകൾ	25,746.11	20,179.52	78.38	7,924.76	4701.91	59.33	192.64	121.24	62.94	33,863.51	25002.67	73.83
കോർപ്പറേഷൻ	21.162.05	13.068.7	61.76	7,255.34	3448.42	47.53	0.85	0	0	28,418.24	16517.12	58.12
ആകെ	234,957.53	186,391.94	79.33	103,920.85	69769.40	67.14	14203.08	9306.76	65.53	353,081.46	265468.1	75.19

അവലംബം - ഇൻഫർമേഷൻ കേരള മിഷൻ 2012

പദ്ധതിവിഹിതങ്ങളുടെ മൊത്തത്തിലുള്ള വിനിയോഗത്തിൽ മുന്നിലുള്ളത് ബ്ലോക്ക് പഞ്ചായത്തുകളാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ആകെ ലഭിച്ച പദ്ധതി വിഹിതത്തിന്റെ 78.89 ശതമാനം വിനിയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

പദ്ധതി വിനിയോഗത്തിൽ രണ്ടാമതുള്ളത് ഗ്രാമപഞ്ചായത്തുകളാണ് - 77.71 ശതമാനം. പൊതു വിഭാഗത്തിലുള്ള പദ്ധതി വിഹിതം ഏറ്റവുമധികം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത് ഗ്രാമപഞ്ചായത്തുകൾക്കാണ് - 83.53 ശതമാനം. ബ്ലോക്ക് പഞ്ചായത്തുകളാണ് ഇതിൽ രണ്ടാമതുള്ളത് - 80.24 ശതമാനം. പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടുകളുടെ വിനിയോഗത്തിൽ മുന്നിൽ ബ്ലോക്ക് പഞ്ചായത്തുകളാണ് - യഥാക്രമം 75.72 ശതമാനം, 80.30 ശതമാനം. പദ്ധതി വിഹിതത്തിന്റെ വിനിയോഗത്തിൽ ഏറ്റവും മോശപ്പെട്ട പ്രകടനം കാഴ്ചവെച്ചിട്ടുള്ളത് കോർപ്പറേഷനുകളാണ്. ആകെ ലഭിച്ച പദ്ധതി വിഹിതത്തിന്റെ 58.12 ശതമാനം മാത്രമാണ് കോർപ്പറേഷനുകൾക്ക് വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളത്.

അവലംബം - ഇൻഫർമേഷൻ കേരള മിഷൻ - 2012

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 2.1, 2.2, 2.3)

ഓഡിറ്റ് ഖണ്ഡികകൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്ന മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡികകൾ പരിഗണിച്ച 30-9-2015, 22-12-2015 എന്നീ തീയതികളിലെ യോഗനടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം, പദ്ധതി വിഹിതത്തിന്റെ വിഭജനം, വിനിയോഗം എന്നിവ സംബന്ധിച്ച പൊതു അവലോകനങ്ങളാണ് 2.1 മുതൽ 2.3 വരെയുള്ള ഓഡിറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ളതെന്ന് സമിതി വിലയിരുത്തി. മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട്, തനത് ഫണ്ട് എന്നിവ സ്വരൂപിക്കുന്നതിൽ കുറവ് വന്നിട്ടുണ്ടെന്നുള്ളതാണ് ഖണ്ഡിക 2.1-ലെ പ്രധാന നിരീക്ഷണമെന്നും പദ്ധതി വിഹിതത്തിന്റെ വിഭജനം സംബന്ധിച്ച ഖണ്ഡിക 2.2-ൽ ബജറ്റ് വിഹിതത്തേക്കാൾ അധികം തുക എല്ലാ വിഭാഗത്തിനും അനുവദിച്ചതായാണ് വ്യക്തമാകുന്നതെന്നും കൂടാതെ, കോർപ്പറേഷനുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ബജറ്റ് വിഹിതം നീക്കി വച്ചിട്ടില്ലെന്നാണ് കാണുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു. ഖണ്ഡിക 2.3-ൽ പരാമർശിച്ചിട്ടുള്ള പദ്ധതി വിഹിത വിനിയോഗത്തിലെ ശതമാനക്കണക്ക് പരിശോധിച്ചതിൽ, ഏറ്റവും കൂടുതൽ പദ്ധതി വിഹിതം വിനിയോഗിച്ചിട്ടുള്ളത് ബ്ലോക്ക് പഞ്ചായത്തുകളാണെന്നും ഏറ്റവും കുറവ് വിനിയോഗിച്ചിട്ടുള്ളത് കോർപ്പറേഷനുകളാണെന്നും അതിൽത്തന്നെ ഏറ്റവും കുറവ് വിനിയോഗം രേഖപ്പെടുത്തിയിട്ടുള്ളത് പട്ടികവർഗ്ഗ ഉപപദ്ധതിയിലാണെന്നും സമിതി നിരീക്ഷിച്ചു. പ്രസ്തുത വിഷയം വളരെയധികം ഗൗരവതരവും സർക്കാർ തലത്തിൽ പരിശോധിക്കപ്പെടേണ്ടതുമാണെങ്കിലും സർക്കാർ ഇതിന് യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നത് സമിതി അത്യന്തം ഗൗരവത്തോടെ നിരീക്ഷിച്ചു. തുകയുടെ വിനിയോഗത്തിലുള്ള കുറവ് വെളിപ്പെടുത്തുന്നത് പദ്ധതി നടപ്പാക്കാതിരിക്കൽ മാത്രമായിരിക്കുകയില്ലെന്നും മറിച്ച് നിരവധി പദ്ധതികളുടെ പൂർത്തിയാക്കാതിരിക്കലുമായിരിക്കുമെന്നും അഭിപ്രായപ്പെട്ട സമിതി ഇക്കാര്യം വിശദമായി പരിശോധിച്ച് അടുത്ത യോഗത്തിന് മുമ്പായി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് കർശനമായി നിർദ്ദേശിച്ചു. ഇത്തരത്തിലുള്ള വിഷയങ്ങൾ ശ്രദ്ധിക്കേണ്ടത് പെർഫോമൻസ് ഓഡിറ്റ് വകുപ്പാണെന്ന് അഭിപ്രായപ്പെട്ട സമിതി യോഗത്തിൽ എസ്.പി.എ.ഒ. ഹാജരാകാത്തതിൽ അതൃപ്തി രേഖപ്പെടുത്തുകയും ഇത് സംബന്ധിച്ച് എസ്.പി.എ.ഒ. യിൽ നിന്നും വിശദീകരണം തേടുന്നതിനും അടുത്ത യോഗത്തിൽ എസ്.പി.എ.ഒ. നിർബന്ധമായും ഹാജരാകണമെന്ന് ആവശ്യപ്പെടുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിക്കുകയും ചെയ്തു. ഓഡിറ്റ് വകുപ്പ് ശ്രദ്ധാപൂർവ്വം പഠിച്ച് തയ്യാറാക്കിയ റിപ്പോർട്ടിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിൽ സർക്കാർ കാണിക്കുന്ന കുറ്റകരമായ അനാസ്ഥയിൽ ഉൽക്കണ്ഠ രേഖപ്പെടുത്തിയ സമിതി, പ്രസ്തുത വിഷയം പരിഗണിക്കുന്ന അടുത്ത യോഗത്തിൽ എസ്.സി./എസ്.ടി. വകുപ്പിലെ ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

2. തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് വഹിക്കുന്ന പങ്കിനെ സംബന്ധിച്ച് 22-12-2015-ലെ യോഗത്തിൽ സമിതി ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13-ലെ സമാഹൃത റിപ്പോർട്ട് പ്രകാരം പട്ടികജാതി വികസന വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിലും 2011-12 മുതൽ എസ്.സി.പി. (പ്രത്യേക ഘടക പദ്ധതി)യുടെ നടത്തിപ്പിലും കുറവ് വരുന്നുണ്ടെന്നും അതിന്മേൽ വകുപ്പിന്റെ മോണിറ്ററിംഗ് നടക്കുന്നില്ലെന്നുമാണ് റിപ്പോർട്ടിലെ പ്രധാന നിരീക്ഷണമെന്നും പട്ടികജാതി വകുപ്പ് ഡയറക്ടർ അറിയിച്ചു.

3. ഓഡിറ്റ് വകുപ്പ് കണ്ടെത്തിയിട്ടുള്ള വ്യതിയാനം മോണിറ്റർ ചെയ്യാനുള്ള സംവിധാനം നിലവിൽ പട്ടികജാതി വികസന വകുപ്പിലില്ല എന്ന് വെളിപ്പെടുത്തിയ ഡയറക്ടർ, ജീവനക്കാരുടെ കുറവാണ് പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളിൽ പ്രധാനമെന്നും അറിയിച്ചു. ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം ധനകാര്യ വകുപ്പ് നേരിട്ടാണ് ഫണ്ട് അനുവദിക്കുന്നതെങ്കിലും ഫണ്ട് റിലീസ് ചെയ്യുന്നത് സംബന്ധിച്ചോ പദ്ധതി നടത്തിപ്പ് സംബന്ധിച്ചോ പട്ടികജാതി വികസന വകുപ്പ് അറിയുന്നില്ല എന്നത് വളരെയധികം ഗൗരവമർഹിക്കുന്ന വിഷയമാണെന്നും അദ്ദേഹം വ്യക്തമാക്കി. മോണിറ്ററിംഗിന് വേണ്ടി പ്രത്യേക പദ്ധതി തയ്യാറാക്കി പ്ലാനിംഗ് ബോർഡിന്റെ വെറ്റിംഗോടുകൂടി അടുത്ത പ്രവർത്തക സമിതിയിൽ സമർപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണം കഴിഞ്ഞ വർഷങ്ങളിൽ എത്രത്തോളം നടന്നു, എവിടെയാണ് പിഴവ് സംഭവിച്ചിട്ടുള്ളത്, പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാം എന്നിവയെക്കുറിച്ച് പഠിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി അടുത്ത പ്രവർത്തക സമിതിയിൽ സമർപ്പിക്കുന്നുണ്ടെന്നും ഇതിന് പ്ലാനിംഗ് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടെന്നും പ്രവർത്തക സമിതി പ്രസ്തുത പദ്ധതി പാസ്സാക്കുന്നതോടെ പദ്ധതികളുടെ മോണിറ്ററിംഗ് വിജയകരമായി നടത്തുവാൻ കഴിയുമെന്നും ഡയറക്ടർ വിശദീകരിച്ചു.

4. സ്പെഷ്യൽ കമ്മ്യൂണൽ ഘടക പദ്ധതിയും പട്ടികവർഗ്ഗ ഉപസമിതിയും പഞ്ചായത്തുകൾക്ക് ലഭിക്കുന്ന തുക ചെലവാക്കുന്നതിന് പുതിയ മാനദണ്ഡങ്ങളുണ്ടാക്കിയിട്ടുണ്ടെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു. കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കു മുമ്പുവരെ പ്രധാനമായും ഈ ഫണ്ട് ചെലവാക്കിയിരുന്നത് കോളനികളിലെ റോഡ് നിർമ്മാണത്തിനായിരുന്നുവെന്നും എന്നാൽ നടപ്പ് പഞ്ചവത്സര പദ്ധതിയുടെ തുടക്കം മുതൽ

ടി തുക റോഡ് നിർമ്മാണത്തിന് വേണ്ടി ഉപയോഗിക്കരുതെന്നും പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിന് വേണ്ടി പ്രത്യേകമായി ഉപയോഗിക്കണമെന്നുമാണ് നിഷ്കർഷിച്ചിട്ടുള്ളതെന്നും അദ്ദേഹം വെളിപ്പെടുത്തി. പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഓരോ കുടുംബത്തെയും കണ്ടെത്തി അവർക്ക് തൊഴിൽ, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ആവശ്യമുള്ളതനുസരിച്ച് പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശമാണ് നൽകിയിട്ടുള്ളതെന്നും ഇതിന്റെ ഭാഗമായി കഴിഞ്ഞ വർഷം മുതൽ കുറച്ച് കുട്ടികളെ വിദേശ സർവ്വകലാശാലയിൽ അയച്ച് പഠിപ്പിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ടെന്നും എറണാകുളം ജില്ലാ പഞ്ചായത്ത് രണ്ട് കുട്ടികളെ 69 ലക്ഷം രൂപ ചെലവാക്കി വിദേശത്ത് അയച്ച് പഠിപ്പിക്കുന്നുണ്ടെന്നും അറിയിച്ചു. ഒരു കുടുംബത്തിന് എത്ര തുക ചെലവാക്കാമെന്നത് സംബന്ധിച്ച് നിബന്ധന വച്ചിട്ടില്ലെന്നും അത് ഓരോ തദ്ദേശസ്ഥാപനത്തിനും തീരുമാനിക്കാമെന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകതയെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ കൂട്ടിച്ചേർത്തു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ജില്ലാ പഞ്ചായത്താണെന്നും ഓരോ തരത്തിലുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കിട്ടുന്ന തുകയുടെ 10 ശതമാനം യുവാക്കൾക്കുവേണ്ടി മാത്രം ചെലവാക്കണമെന്ന് നിർദ്ദേശമുള്ളതിനാലാണിതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയുടെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യയനുസരിച്ചാണ് ധനകാര്യ കമ്മീഷൻ ഓരോ സ്ഥാപനത്തിനും തുക അനുവദിക്കുന്നത് എന്നും ഗ്രാമപഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും പ്രത്യേകം ഫണ്ടുണ്ടെന്നും ലഭിക്കുന്ന തുകയിൽ നിന്ന് ഓരോ കുടുംബത്തിന്റെയും ആവശ്യമനുസരിച്ച് നല്കാമെന്നും ഇതിനായി ധനകാര്യ കമ്മീഷൻ ഒരു ഫോർമുല നിശ്ചയിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

5. ബഡ്ജറ്റിൽ പഞ്ചായത്തിനുവേണ്ടി മാറ്റിവെയ്ക്കുന്ന തുകയിൽ 98 ശതമാനം ത്രിതല പഞ്ചായത്തുകൾക്കും 2 ശതമാനം കോർപ്പറേഷൻ, മുനിസിപ്പാലിറ്റി എന്നിവയ്ക്കുമായാണ് നൽകുന്നതെന്നും ത്രിതല പഞ്ചായത്തുകൾക്ക് 60 : 20 : 20 എന്ന അനുപാതത്തിലാണ് ഫണ്ട് നൽകുന്നതെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. പദ്ധതി വിഹിതത്തിന്റെ വിനിയോഗം കുറഞ്ഞു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നതെന്നും നേരത്തെ 75 ശതമാനമായിരുന്ന വിനിയോഗം ഇപ്പോൾ 60 ശതമാനത്തോളമേ വരുന്നുള്ളുവെന്നും ഡയറക്ടർ അറിയിച്ചു. നിലവിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലാണ് പദ്ധതി മോണിറ്റർ ചെയ്യപ്പെടുന്നതെന്നും പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതി വിനിയോഗം മോണിറ്റർ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നത് ഗുണകരമായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജില്ലാ പഞ്ചായത്തുകളിലും ഗ്രാമപഞ്ചായത്തുകളിലും ഇതിനായി ഒരു പ്രത്യേകമായ

സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ തദവസരത്തിൽ അറിയിച്ചു.

6. റോഡ് നിർമ്മാണത്തിന് മാത്രം ഉപയോഗിച്ചിരുന്ന ഈ ഫണ്ട് മറ്റ് നിരവധി ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുമായിരുന്നിട്ടും അപ്രകാരം ചെയ്യാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞു. ബ്ലോക്ക് പഞ്ചായത്തുകളാണ് താരതമ്യേന മെച്ചപ്പെട്ട പ്രവർത്തനം നടത്തിവരുന്നതെന്നും ഏകദേശം 85 ശതമാനത്തോളം തുക അവ ചെലവഴിക്കുന്നുണ്ടെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു. ഗ്രാമപഞ്ചായത്തുകളിലാണ് വിനിയോഗം ഏറ്റവും കുറവുള്ളതെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചപ്പോൾ ഗ്രാമപഞ്ചായത്തിലല്ല, മറിച്ച് കോർപ്പറേഷനിലും മുനിസിപ്പാലിറ്റിയിലുമാണ് വിനിയോഗം ഏറ്റവും കുറവായി കാണുന്നതെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ചൂണ്ടിക്കാണിച്ചു. വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പല പദ്ധതികളിലും ആനുകൂല്യങ്ങളുടെ തോത് വ്യത്യാസമുണ്ടെന്നും ഭവനനിർമ്മാണത്തിനായി പട്ടികജാതി വികസന വകുപ്പ് 3 ലക്ഷം രൂപ നൽകുമ്പോൾ പഞ്ചായത്ത് 2 ലക്ഷം രൂപ മാത്രമാണ് നൽകി വരുന്നതെന്നും അതിനാലായിരിക്കാം പഞ്ചായത്തിന്റെ ആനുകൂല്യം കൈപ്പറ്റാൻ ആളില്ലാത്ത അവസ്ഥയുണ്ടായതെന്നും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു നിലവിൽ പഞ്ചായത്തും പ്രസ്തുത തുക മൂന്ന് ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ടെന്നും പലപ്പോഴും മറ്റ് വകുപ്പുകൾ തുക വർദ്ധിപ്പിക്കുന്നത് പഞ്ചായത്ത് വകുപ്പ് അറിയാറില്ലെന്നും ഇത്തരം കാര്യങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ ഏകീകൃതമായി തീരുമാനമെടുക്കുന്നത് മാത്രമാണ് ഇതിനൊരു പരിഹാരമെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

7. കോർപ്പറേഷനുകളിലെ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ബഡ്ജറ്റ് വിഹിതം നീക്കി വെക്കാത്തതിനെക്കുറിച്ച് സമിതി ആരാഞ്ഞതിന് കോർപ്പറേഷനിൽ പ്രസ്തുത വിഭാഗത്തിൽപ്പെട്ട ആളുകളില്ലാത്തതായിരിക്കാം കാരണമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി. ഒരു കോർപ്പറേഷനിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഇല്ലാതെ വരുന്നതെങ്ങിനെയെന്ന സമിതിയുടെ ചോദ്യത്തിന് ധനകാര്യ വകുപ്പാണ് ഇതിന് മറുപടി നൽകേണ്ടതെന്നും ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന് യാതൊരു പങ്കുമില്ലെന്നും കിട്ടുന്ന തുക ചെലവഴിക്കുന്ന കാര്യത്തിൽ മാത്രമേ തദ്ദേശസ്ഥാപനങ്ങൾക്ക് നിയന്ത്രണമുള്ളുവെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വിശദീകരിച്ചു

8. സർക്കാർ അനുവദിക്കുന്ന തുക പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നില്ലെന്നത് വളരെ ഗൗരവമായ കാര്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കോർപ്പറേഷനിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ബജറ്റ് വിഹിതം നീക്കിവെക്കാത്തത് ഇപ്പോഴാണ് ശ്രദ്ധയിൽപ്പെട്ടതെന്നും ഇത് ധനകാര്യവകുപ്പിന്റെ ഭാഗത്തുനിന്നുള്ള

വീഴ്ചയാണോയെന്ന് ഇപ്പോൾ പറയാൻ കഴിയില്ലെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു. കണക്കനുസരിച്ച് എല്ലാ വർഷവും കോർപ്പറേഷനുവേണ്ടി ഒരു ശതമാനം തുക നീക്കിവയ്ക്കാറുണ്ടെന്നും 2011-12 മുതൽ ഓരോ വർഷവും കുറച്ച് തുക മാറ്റിവച്ചിട്ടുണ്ടെങ്കിലും തുക ഒട്ടുംതന്നെ വിനിയോഗിച്ചിട്ടില്ലെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അറിയിച്ചു.

9. 2011-12-ലെ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ കണക്കനുസരിച്ച് കോർപ്പറേഷനുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ബഡ്ജറ്റ് വിഹിതം ഒന്നും നീക്കി വച്ചിട്ടില്ലെങ്കിലും 85 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും ബഡ്ജറ്റ് വിഹിതമില്ലാതെയാണ് കോർപ്പറേഷനുകൾക്ക് തുക നൽകിയിട്ടുള്ളതെന്നും ഇത് ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്നും ധനകാര്യ വകുപ്പോ നഗരകാര്യ വകുപ്പോ അതിനുള്ള പ്രൊപ്പോസലുകൾ നൽകണമായിരുന്നുവെന്നും സമിതി നിരീക്ഷിച്ചു. ബഡ്ജറ്റിൽ, പട്ടികവർഗ്ഗ ഉപപദ്ധതിയിൽ തുക വകയിരുത്തുന്നതിന് പ്രൊപ്പോസൽ നൽകേണ്ടത് ഏത് വകുപ്പാണെന്ന് പരിശോധിച്ചും 2011-12 വർഷം പ്രസ്തുത പദ്ധതിയിൽ കോർപ്പറേഷനുകൾക്ക് ബഡ്ജറ്റ് വിഹിതം നീക്കിവയ്ക്കാത്തതിന്റെ കാരണം സംബന്ധിച്ചും ധനകാര്യ വകുപ്പും അനുവദിച്ച തുക ചെലവഴിക്കാത്തത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും റിപ്പോർട്ട് നൽകണമെന്നും സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം ധനകാര്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് താഴെ ചേർക്കുന്നു:

10. സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ് ഓരോ സാമ്പത്തിക വർഷവും തദ്ദേശ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ (വികസനവും അഭിവൃദ്ധിയും ഇനത്തിൽ) തുക വകയിരുത്തുന്നത്. നാലാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച ശിപാർശകൾ പ്രകാരമാണ് 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 വരെ പ്രാദേശിക സർക്കാരുകൾക്ക് തുക വകയിരുത്തിയിരുന്നത്. 2011-12 സാമ്പത്തിക വർഷം 4-ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ കാലഘട്ടമായിരുന്നതിനാൽ പ്രസ്തുത കമ്മീഷന്റെ ശിപാർശ പ്രകാരമാണ് പരമ്പരാഗത ചുമതലകൾ, ആസ്തികളുടെ സംരക്ഷണം, വികസനവും അഭിവൃദ്ധിയും എന്നീ ഇനങ്ങളിൽ തുക വകയിരുത്തിയിട്ടുള്ളത്. 2011-12 സാമ്പത്തിക വർഷം കോർപ്പറേഷനുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ തുക വകയിരുത്താൻ 4-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടില്ലാത്തതിനാലാണ് 2011-12 സാമ്പത്തിക വർഷം പട്ടികവർഗ്ഗ ഉപപദ്ധതിയിൽ കോർപ്പറേഷനുകൾക്ക് ബജറ്റ് വിഹിതം നീക്കിവയ്ക്കാതിരുന്നത്. (കമ്മീഷൻ റിപ്പോർട്ടിലെ Annex 10 (b) യുടെ പകർപ്പ് അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു.)

11. ഏകദേശം നൂറോളം പഞ്ചായത്തുകൾ മാത്രമാണ് അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുളളതെന്ന് അഭിപ്രായപ്പെട്ട സമിതി ബാക്കിയുള്ള പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുഴുവൻ തുകയും ചെലവഴിക്കാത്തത് സംബന്ധിച്ച വിശദീകരണം 15 ദിവസത്തിനകം നൽകണമെന്ന് ആവശ്യപ്പെടുവാൻ നിർദ്ദേശിച്ചു

12. തുടർന്ന്, മേൽ പ്രസ്താവിച്ചിട്ടുള്ള, 2.1 മുതൽ 2.3 വരെയുള്ള ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ അഭിപ്രായം സമിതി ആരാഞ്ഞു. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ നാല് വാർഷിക പദ്ധതികളിലും ഗ്രാന്റ്-ഇൻ-എയ്ഡ് വിഹിതത്തിൽ ക്രമാനുഗതമായി കുറവ് വന്നിട്ടുണ്ടെന്ന ഓഡിറ്റ് ഖണ്ഡിക 2.1-ലെ പരാമർശം ശരിയല്ലെന്ന് അഭിപ്രായപ്പെട്ട സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ഓരോ തദ്ദേശ സ്ഥാപനത്തിനും ധനകാര്യ കമ്മീഷൻ നിശ്ചയിക്കുന്ന പ്രകാരമാണ് തുക നൽകുന്നതെന്നും ടി കാലയളവിൽ രണ്ട് ധനകാര്യ കമ്മീഷനുകൾ ഉണ്ടായിരുന്നുവെന്നും മൂന്നാമത്തെയും നാലാമത്തെയും ധനകാര്യ കമ്മീഷനുകളായിരുന്ന അവയെന്നും അവയുടെ സമീപനങ്ങൾ തമ്മിൽ പ്രകടമായ വ്യത്യാസമുണ്ടായിരുന്നുവെന്നും അറിയിച്ചു. മൂന്നാം ധനകാര്യ കമ്മീഷൻ, സംസ്ഥാനത്തിന്റെ തനതു വരുമാനത്തിന്റെ 20 ശതമാനം 2006-07 വർഷത്തിൽ നൽകുന്നതിനും പിന്നീട് ഓരോ വർഷവും പത്ത് ശതമാനം വർദ്ധിപ്പിച്ച് നല്കുന്നതിനുമാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും ഇതിനെ പ്ലാൻ ഫണ്ടുമായി ബന്ധപ്പെടുത്തിയിരുന്നില്ലെന്നും എന്നാൽ നാലാം ധനകാര്യ കമ്മീഷൻ, സംസ്ഥാനത്തിന്റെ പ്ലാൻ എക്സ്പെൻഡിച്ചറുമായി ബന്ധപ്പെടുത്തിയാണ് തുക നൽകിയിരിക്കുന്നതെന്നും വ്യക്തമാക്കി. നാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ പദ്ധതി വിഹിതവുമായി ബന്ധപ്പെടുത്തി 2011-12-ൽ 25 ശതമാനവും പിന്നീട് ഓരോ വർഷവും അര ശതമാനം വച്ച് വർദ്ധിപ്പിച്ച് 2015-16 ആകുമ്പോൾ 30 ശതമാനത്തിൽ എത്തിക്കുക എന്ന രീതിയിലാണ് തുക നൽകുവാൻ തീരുമാനിച്ചിരുന്നതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയ ഫണ്ടിന്റെയും താരതമ്യ പഠനമാണ് ഓഡിറ്റ് റിപ്പോർട്ടിൽ വന്നിട്ടുള്ളതെന്നും മൂന്നാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ പദ്ധതി വിഹിതം ഇതിനുപയോഗിക്കാത്തതിനാൽ, ഇത്തരത്തിലുള്ള താരതമ്യം ചെയ്യൽ ശരിയല്ലെന്നും ധനകാര്യ കമ്മീഷൻ നിശ്ചയിച്ച പ്രകാരമുള്ള മുഴുവൻ തുകയും തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി.

13. 2007-08 മുതൽ 2010-11 വരെയുള്ള കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടിൽ കുറവ് വന്നിട്ടുണ്ടെന്ന് ഓഡിറ്റ് ഖണ്ഡിക 2.2-ൽ പരാമർശിച്ചിട്ടുണ്ടെങ്കിലും മറ്റ് സ്രോതസ്സുകൾ എന്നതുകൊണ്ട് എന്താണ്

ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ലെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു. തനത് വരുമാനത്തിൽ നിന്നുള്ള ഫണ്ടിനെ കുറിച്ചാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെന്ന് ഓഡിറ്റ് ജോയിന്റ് ഡയറക്ടർ മറുപടി നൽകി. നിയമസഭയിൽ സമർപ്പിച്ചിട്ടുള്ള 2013-ലെ സി. & എ. ജി. റിപ്പോർട്ട് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ തനതു വരുമാനം 2008-09-ൽ 734.73 കോടി രൂപയും 2009-10-ൽ 829.19 കോടി രൂപയും 2010-11-ൽ 952.17 കോടി രൂപയും 2011-12-ൽ 938 കോടി രൂപയും 2012-13-ൽ 1260 കോടി രൂപയുമാണെന്നും അതിനാൽ തനതു വരുമാനത്തിൽ കുറവ് വന്നുവെന്ന് പറയാൻ കഴിയില്ലെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി. ഇക്കണോമിക് റിവ്യൂവിൽ വന്ന ഒരു പരാമർശം ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തപ്പോൾ വന്ന പിശകായിരിക്കാമെന്നും സോഴ്സസ് ഓഫ് ഫിനാൻസ്, എൽ.ജി.എസ്. പ്ലാൻ പദ്ധതിക്കുവേണ്ടി മാറ്റിവച്ചതിൽ കുറവ് വന്നിട്ടുണ്ടെന്നാണ് ഇക്കണോമിക് റിവ്യൂയിൽ പറഞ്ഞിട്ടുള്ളതെന്നും എന്നാൽ തനതു വരുമാനത്തിൽ കുറവ് വന്നുവെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിട്ടുള്ളതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ ചൂണ്ടിക്കാണിച്ചു. ഇക്കണോമിക് റിവ്യൂയിൽ വന്ന ഒരു പരാമർശം എടുത്ത് ചേർത്തതിൽ വന്ന പിശകാണോയിതെന്ന് പരിശോധിച്ച് ഒരാഴ്ചക്കകം മറുപടി നൽകാൻ സമിതി ഓഡിറ്റ് വകുപ്പിനോട് നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് താഴെ ചേർക്കുന്നു:

14. സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2012-13-ന്റെ രണ്ടാം അധ്യായത്തിൽ ഖണ്ഡിക നമ്പർ 2.1-ൽ (പേജ് നമ്പർ 14) ആണ് മേൽ പരാമർശം വന്നിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതി വിഹിതം, ധനസഹായം/വികസന ഫണ്ട് എന്നീ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകളിൽ മേൽ കാലയളവിൽ കുറവു വന്നിട്ടുണ്ടെന്ന 'സാമ്പത്തിക അവലോകനം 2012'-ലെ കണക്കുകൾ അവലംബമാക്കി നല്കിയിട്ടുള്ള വിവരമാണിത്. സംസ്ഥാന പദ്ധതി വിഹിതം, ധനസഹായം/വികസന ഫണ്ട് എന്നീ സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ടിൽ കുറവു വന്നിട്ടുണ്ട് എന്നതാണ് പ്രസ്തുത ഖണ്ഡികയിൽ ഉദ്ദേശിച്ചിട്ടുള്ളത്. 'മറ്റു സ്രോതസ്സുകളിൽ നിന്നുള്ള' എന്ന പ്രയോഗം ഖണ്ഡികയിൽ തെറ്റായി കടന്നു കൂടിയതാണ്. സംസ്ഥാന ഓഡിറ്റ് വകുപ്പ് നേരിട്ട് പഠനം നടത്തിയ കണക്കുകൾ പ്രകാരമല്ല മേൽ ഭാഗം തയ്യാറാക്കിയിരിക്കുന്നത് എന്നുള്ളതും അറിയിക്കുന്നു.

നിഗമനങ്ങൾ/ശിപാർശകൾ

15. **11-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഉൾപ്പെട്ട 2007-08 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച വികസന ഫണ്ടിന്റെ കാര്യത്തിൽ ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികം തുക**

പട്ടികവർഗ്ഗ ഉപപദ്ധതി ഒഴികെ എല്ലാ വിഭാഗങ്ങൾക്കും (പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി) അനുവദിച്ചതായി സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിത വിനിയോഗത്തിൽ മുന്നിൽ നില്ക്കുന്നത് ബ്ലോക്ക് പഞ്ചായത്തുകളാണെന്നും ഏറ്റവും കുറവ് വിനിയോഗിച്ചിട്ടുള്ളത് കോർപ്പറേഷനുകളാണെന്നും അതിൽതന്നെ ഏറ്റവും കുറവ് വിനിയോഗം രേഖപ്പെടുത്തിയിട്ടുള്ളത് പട്ടികവർഗ്ഗ ഉപപദ്ധതിയിലാണെന്നും സമിതി നിരീക്ഷിക്കുന്നു. പദ്ധതികൾക്കായി അനുവദിക്കുന്ന തുകയുടെ ഗണ്യമായ ശതമാനം വിനിയോഗിക്കപ്പെടുന്നില്ലെന്ന് മാത്രമല്ല വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന പട്ടികവർഗ്ഗ മേഖലയിലേക്കുള്ള പദ്ധതി വിഹിത വിനിയോഗം അങ്ങേയറ്റം നിരാശാജനകമാണെന്നും സമിതി വിലയിരുത്തുന്നു. പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ അനുവദിക്കുന്ന തുക പ്രസ്തുത വിഭാഗങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നില്ലായെന്നത് വളരെ ഗൗരവമായ വിഷയമാണെന്ന് അഭിപ്രായപ്പെട്ട സമിതി പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് തദ്ദേശ സ്ഥാപനങ്ങളിൽ പ്രത്യേക സമിതി രൂപീകരിക്കണമെന്നും ആയത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു വിവരവും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥർ കാണിക്കുന്ന അനാസ്ഥയെ കുറ്റകരമായ കൃത്യവിലോപമായി മാത്രമേ സമിതിക്ക് വീക്ഷിക്കാനാകൂ. ആയതിനാൽ സമിതി ആവശ്യപ്പെട്ടതിൻപ്രകാരമുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

16. പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് ആദ്യ കാലത്ത് റോഡ് നിർമ്മാണത്തിന് മാത്രമാണ് ഉപയോഗിച്ചിരുന്നതെങ്കിലും നിലവിൽ അത് ഭവനനിർമ്മാണം, കുട്ടികളുടെ പഠനകാര്യം, വിധവകൾക്കുള്ള ധനസഹായം തുടങ്ങി നിരവധി ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുമായിരുന്നിട്ടും 60 ശതമാനം തുക മാത്രമാണ് പ്രസ്തുത ഫണ്ടിൽ നിന്നും വിനിയോഗിച്ചത് എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിന്റെ വിനിയോഗത്തിൽ ബ്ലോക്ക് പഞ്ചായത്തുകളാണ് താരതമ്യേന മെച്ചപ്പെട്ട പ്രവർത്തനം നടത്തി വരുന്നതെന്നും ഏകദേശം 85 ശതമാനത്തോളം തുക അവർ പ്രസ്തുത ഫണ്ടിൽനിന്നും ചെലവഴിച്ചതായും സമിതി മനസ്സിലാക്കുന്നു. മറ്റുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം കുറവാണെന്നും സമിതി നിരീക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യംവെച്ച് സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അർഹരായവരിലേക്ക്

എത്തിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയാണെന്നിരിക്കെ ആയതിൽ വീഴ്ച വരുത്തുന്നത് സമിതിയ്ക്ക് അംഗീകരിക്കുവാനാകുന്നില്ല. അതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശങ്ങൾ നൽകണമെന്നും അവ പാലിക്കപ്പെടുന്നുണ്ടോയെന്ന് നിർബന്ധമായും ഉറപ്പ് വരുത്തണമെന്നും ഇതു സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്നും സമിതി ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.

17. ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടതും കൂടുതൽ അടുത്തു നിൽക്കുന്നതും ഗ്രാമപഞ്ചായത്തുകളായതിനാൽ വികസന ഫണ്ടുകൾ ഏറ്റവും ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുന്നത് ഗ്രാമപഞ്ചായത്തുകൾക്കാണെന്ന് സമിതി വിലയിരുത്തുന്നു. ഏകദേശം നൂറോളം പഞ്ചായത്തുകൾ മാത്രമാണ് അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി ശേഷിക്കുന്ന പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുഴുവൻ തുകയും ചെലവഴിക്കാത്തത് സംബന്ധിച്ച് പതിനഞ്ച് ദിവസത്തിനകം വിശദീകരണം നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സമിതി നിർദ്ദേശിച്ച പ്രകാരമുള്ള വിശദീകരണം സംബന്ധിച്ച റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. നിയമസഭാ സമിതി മുമ്പാകെ നല്കുന്ന ഉറപ്പുകൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന നിരുത്തരവാദപരമായ നിലപാടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഭരണ വകുപ്പ് പ്രസ്തുത വിഷയത്തിൽ കർശന നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർക്കായി അനുവദിക്കുന്ന വികസന ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നും അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് രണ്ടു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

18. 2011-12-ലെ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ കണക്കനുസരിച്ച് കോർപ്പറേഷനുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ബഡ്ജറ്റ് വിഹിതം ഒന്നും നീക്കി വച്ചിട്ടില്ലെങ്കിലും 85 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും ബഡ്ജറ്റ് വിഹിതമില്ലാതെയാണ് കോർപ്പറേഷനുകൾക്ക് തുക നൽകിയിട്ടുള്ളതെന്നും ഇത് ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്നും ധനകാര്യ വകുപ്പോ നഗരകാര്യ വകുപ്പോ അതിനുള്ള പ്രപ്പോസലുകൾ നൽകണമായിരുന്നുവെന്നും നിരീക്ഷിച്ച സമിതി ബഡ്ജറ്റിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ തുക

വകയിരുത്തുന്നതിന് പ്രപ്പോസൽ നൽകേണ്ടത് ഏത് വകുപ്പാണെന്ന് പരിശോധിച്ചും 2011-12 വർഷം പ്രസ്തുത പദ്ധതിയിൽ കോർപ്പറേഷനുകൾക്ക് ബഡ്ജറ്റ് വിഹിതം നീക്കിവെയ്ക്കാത്തതിന്റെ കാരണം സംബന്ധിച്ചും ധനകാര്യ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശപ്രകാരം ധനകാര്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ് ഓരോ സാമ്പത്തിക വർഷവും തദ്ദേശ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ തുക വകയിരുത്തുന്നതെന്നും 2011-12 സാമ്പത്തിക വർഷം 4-ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ കാലഘട്ടമായിരുന്നുവെന്നും അതേ വർഷത്തിൽ കോർപ്പറേഷനുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ തുക വകയിരുത്തുവാൻ കമ്മീഷൻ ശിപാർശ ചെയ്യിട്ടില്ലാത്തതിനാലാണ് പ്രസ്തുത വിഭാഗത്തിൽ കോർപ്പറേഷനുകൾക്ക് തുക വകയിരുത്താത്തതെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ 2011-12 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷനുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ബഡ്ജറ്റ് വിഹിതം ഒന്നും നീക്കി വച്ചിട്ടില്ലെങ്കിലും 85 ലക്ഷം രൂപ അനുവദിച്ചത് സംബന്ധിച്ച് പ്രസ്തുത തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകണമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത്തരം സാഹചര്യങ്ങളിൽ സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തി ഭാവിയിൽ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് സമിതി ധനകാര്യ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

നഗരസഭകളും പരസ്യനികുതിയും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി വരുമാനങ്ങളിലെ ഒരു പ്രധാന ഇനമാണ് പരസ്യനികുതി. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്, സെക്ഷൻ 271 മുതൽ 276 വരെ വകുപ്പുകളിലാണ് പരസ്യനികുതി സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 271-ാം വകുപ്പ് പ്രകാരം സർക്കാരിന്റെ അംഗീകാരത്തോടുകൂടി പരസ്യ നികുതി നിരക്ക് നിശ്ചയിക്കുവാനുള്ള നടപടികൾ നഗരസഭകൾ സ്വീകരിക്കേണ്ടതും 276-ാം വകുപ്പ് പ്രകാരം പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേലത്തിൽ കൊടുക്കുന്നതിനായുള്ള ബൈലോ തയ്യാറാക്കേണ്ടതുമാണ്. ഓരോ വർഷവും നഗരസഭാ പരിധിയിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകളുടെ എണ്ണം, അവയുടെ വലുപ്പം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വിവിധ നഗരസഭകളിലെ പരസ്യനികുതി പിരിവ് ഓഡിറ്റ് അവലോകനം ചെയ്യുകയുണ്ടായി.

ഒരു നികുതി സ്രോതസ്സ് എന്ന നിലയിൽ പരസ്യനികുതിയെ ഉപയുക്തമാക്കാൻ കൊല്ലം നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

വർഷം	ബജറ്റ് പ്രകാരമുള്ള വരവ്	യഥാർത്ഥ വരവ്
2008-09	100,00,000	7,81,371
2009-10	60,00,000	7,97,981
2010-11	85,00,000	16,00,200
2011-12	25,00,000	2,12,421

പരസ്യ നികുതിയിനത്തിലുള്ള വരുമാനം സംബന്ധിച്ച് വ്യക്തമായ ധാരണ ഇല്ലാതെയാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല തെരുവ് വിളക്കുകളുടെ പോസ്റ്റുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ഒഴികെയുള്ള തുകയാണ് യഥാർത്ഥ വരവായി കാണിച്ചിട്ടുള്ളത്.

കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയിൽ പരസ്യനികുതി പിരിക്കുന്നതിനായി ബൈലോ തയ്യാറാക്കിയിട്ടില്ല. നിലവിൽ പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തക അവകാശം ലേലം ചെയ്ത് നൽകുകയാണ് ചെയ്യുന്നത്.

നഗരസഭ നേരിട്ട് നികുതി പിരിച്ചപ്പോൾ വരുമാനത്തിൽ രണ്ടര ഇരട്ടിയിലേറെ വർദ്ധന

വാണിജ്യസിരാകേന്ദ്രമായ കൊച്ചിയിൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള അവകാശം ലേലത്തിലൂടെ സ്വകാര്യവ്യക്തികൾക്ക് നൽകി വരികയായിരുന്നു. 2012-13-ൽ നഗരസഭ നേരിട്ട് പരസ്യനികുതി പിരിച്ചെടുത്തപ്പോൾ വരുമാനത്തിൽ വൻവർദ്ധനവാണ് ഉണ്ടായത്. 2011-12 വർഷത്തിൽ 82.60 ലക്ഷം രൂപ വരുമാനം ലഭിച്ചപ്പോൾ 2012-13 വർഷത്തിൽ 2.07 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. കഴിഞ്ഞ 4 വർഷത്തെ പരസ്യ നികുതിയുടെ പിരിവ് വിവരം താഴെക്കൊടുക്കുന്നു:

വർഷം	പിരിവ് രീതി	ലഭിച്ച തുക
2009-10	കരാറുകാരൻ	41,00,004
2010-11	കരാറുകാരൻ	45,05,000
2011-12	കരാറുകാരൻ	82,60,000
2012-13	നഗരസഭ നേരിട്ട്	2,07,47,206

ആലപ്പുഴ നഗരസഭയിൽ ബൈലോ തയ്യാറാക്കാതെയാണ് പരസ്യ നികുതി പിരിവിനുള്ള അവകാശം വർഷാവർഷങ്ങളിൽ ലേലം ചെയ്യുന്നത്.

പെരുമ്പാവൂർ നഗരസഭയിൽ പരസ്യനികുതി പിരിക്കുന്നത് 11-7-1991-ൽ വിജ്ഞാപനം ചെയ്ത നിരക്കുകളുടെ അടിസ്ഥാനത്തിലാണ്. 1994-ൽ കേരള മുനിസിപ്പാലിറ്റി നിയമം രൂപം കൊണ്ടുവെങ്കിലും ഈ ആക്ടിലെ വകുപ്പുകൾക്കനുസൃതമായി പരസ്യനികുതി പിരിക്കുന്നതിനുള്ള ബൈലോ നഗരസഭ കൗൺസിൽ ഇതുവരെ പാസ്സാക്കുകയോ വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടില്ല. 1-4-2009 മുതൽ നികുതി നിരക്കുകൾ വീണ്ടും പുതുക്കിക്കൊണ്ട് വിജ്ഞാപനം വന്നുവെങ്കിലും കൗൺസിൽ ഇതിന്റെ അടിസ്ഥാനത്തിൽ നിരക്ക് പുനർനിർണ്ണയിക്കാതെ രണ്ടു പതിറ്റാണ്ടുകൾക്കു മുൻപ് നിശ്ചയിച്ച നിരക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇപ്പോഴും പരസ്യനികുതി ഈടാക്കുന്നത്.

പാലക്കാട് ജില്ലയിലെ ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ നിയമാനുസൃത പരസ്യനികുതി സംബന്ധിച്ച ബൈലോ നിലവിലില്ല. വകുപ്പ് 276 പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന നികുതി പിരിച്ചെടുക്കുന്നതിന് മാത്രമാണ് ലേലം നൽകാവുന്നത് എന്നിരിക്കെ നികുതി ഡിമാന്റ് ചെയ്യുന്നതും പിരിച്ചെടുക്കുന്നതും കരാറുകാരനാകുകയും അവയിന്മേൽ നഗരസഭയ്ക്ക് യാതൊരു നിയന്ത്രണവും ഇല്ലാതാകുന്ന അവസ്ഥയുമാണ് നിലവിലുള്ളത്.

മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയിൽ പരസ്യനികുതി സംബന്ധിച്ച നിയമാവലി ഉണ്ടാക്കിയിട്ടില്ല. നിയമാവലിയുടെ അഭാവത്തിൽ പരസ്യനികുതിയിനത്തിൽ നഗരസഭയ്ക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ട വരവിനത്തിൽ വൻ കുറവ് സംഭവിക്കുന്നു. 2008-09, 2009-10, 2010-11 വർഷങ്ങളിൽ പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ലേലത്തുകയിൽ ഓരോ വർഷവും കുറവാണ് സംഭവിച്ചിട്ടുള്ളത്.

പരസ്യനികുതി ലേലം ഉറപ്പിച്ച അറിയിപ്പ് കിട്ടിയ ഉടനെ ലേലസംഖ്യ മൊത്തമായി ലേലം കൊണ്ട വ്യക്തി അടവാക്കേണ്ടതാണെന്ന് ലേല നിബന്ധനകളിൽ വ്യക്തമായിട്ടുണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടുകാണുന്നില്ല.

സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ കോഴിക്കോട് നഗരസഭ സ്വീകരിച്ചിട്ടില്ല. കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 567 പ്രകാരം വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളും നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ട് ബൈലോ തയ്യാറാക്കിയിട്ടില്ല. പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേല നടപടികളിലൂടെ കൈമാറിയത്. നഗരസഭാ അതിർത്തിക്കുള്ളിലെ പരസ്യബോർഡുകളുടെ എണ്ണം, അവയുടെ വലുപ്പം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നീ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല.

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭ പരസ്യനികുതി സംബന്ധിച്ച് കരട് ബൈലോ നേരത്തെ തയ്യാറാക്കിയിരുന്നുവെങ്കിലും ആയതിന് അംഗീകാരം നേടുകയോ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിരുന്നില്ല. പയ്യന്നൂർ നഗരസഭ 2008-09, 2009-10, 2010-11 വർഷങ്ങളിൽ കുത്തകലേലം നൽകിയതുവഴി പരസ്യനികുതിയിനത്തിലുണ്ടായ വരുമാനത്തിന്റെ വിവരം ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു:

ക്രമ നമ്പർ	ഇനം	2008-09	2009-10	2010-11
1	മുനിസിപ്പൽ പ്രദേശത്തെ പരസ്യ നികുതി പിരിവ്	22800	32000	35000
2	ഗാന്ധി മൈതാനിയിലെ 25 പരസ്യ ബോർഡുകളിൽ പരസ്യം പതിക്കുന്നതിനുള്ള അവകാശം	21150	31275	32050
3	മെയിൻ റോഡിലെ 55 വൈദ്യുതി തൂണുകളിൽ പരസ്യം സ്ഥാപിക്കുന്നതിനുള്ള അവകാശം	60775	151000	154000
	ആകെ	104725	214275	221050

കണ്ണൂർ നഗരസഭയിൽ പരസ്യനികുതിയിനത്തിലെ വരവും അവയുടെ കാലാനുസൃത വർദ്ധനയും താരതമ്യേന കുറവാണ്. കഴിഞ്ഞ നാലു വർഷങ്ങളിലെ പരസ്യനികുതിയിനത്തിലെ ലേല വരുമാനം താഴെ കാണിക്കുന്നു:

വർഷം	ലേല തുക	വർദ്ധന ശതമാനം
2009-10	245100	
2010-11	315000	28.52
2011-12	325000	3.17
2012-13	360000	10.77

നഗരസഭയുടെ ഭൂമിയിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകൾക്ക് പ്രത്യേകം സ്ഥലവാടകയൊന്നും ഈടാക്കുന്നില്ല. ആയതിനാൽ ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത് പരസ്യനികുതി കരാറുകാരനാണ്. നഗരസഭാ ഭൂമിയിലും റോഡുകളിലെ ഡിവൈഡറുകളിലും വിളക്ക് കാലുകളിലും മറ്റും പരസ്യബോർഡ് സ്ഥാപിക്കുന്നതിന്റെ സ്ഥല വാടക പ്രത്യേകമായി നിശ്ചയിക്കാത്തതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് വൻ നഷ്ടം ഉണ്ടാകുന്നുണ്ട്. ലേല നടപടികളിലൂടെ പരസ്യനികുതി പിരിച്ചെടുക്കാനുള്ള അവകാശം ലഭിക്കുന്ന കരാറുകാരൻ നഗരസഭയിലെ സ്വകാര്യ വ്യക്തികളുടെ/സ്ഥാപനങ്ങളുടെ സ്ഥലത്തും കെട്ടിടങ്ങളിലും പ്രദർശിപ്പിക്കുന്നു. പരസ്യങ്ങൾക്ക് നികുതി ഈടാക്കുന്നുണ്ടെന്നും നഗരസഭ നിശ്ചയിച്ചു നൽകിയ നിരക്കിൽ തന്നെയാണ് പരസ്യനികുതി പിരിച്ചുവരുന്നതെന്നും

വ്യക്തത വരുത്തുവാൻ നഗരസഭ അധികാരികൾക്ക് കഴിഞ്ഞിട്ടില്ല. 1999-ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതു സ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിലെ നിബന്ധനകൾ കരാറുകാരൻ പാലിക്കുന്നുണ്ടോ യെന്ന് ഉറപ്പുവരുത്താൻ യാതൊരു നടപടിയും അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. നഗരസഭയിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് മേൽ നഗരസഭയ്ക്ക് യാതൊരു നിയന്ത്രണവും ഇല്ല. നഗരസഭാ ഭൂമിയിലും കെട്ടിടങ്ങളിലും ഇഷ്ടാനുസരണം പതിക്കപ്പെടുന്ന പരസ്യങ്ങളുടെ സ്ഥലവാടക നഗരസഭയ്ക്ക് ലഭിക്കേണ്ടതാണ്.

സംസ്ഥാനത്തെ ഭൂരിപക്ഷം നഗരസഭകളും തനത് വരുമാനം കുറവായതിനാൽ ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ നടത്താൻ സർക്കാർ ധനസഹായത്തെ ആശ്രയിക്കുകയാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വൻകിട കമ്പനികൾ മുതൽ ചെറുകിട കച്ചവടക്കാർ വരെ ഉൽപ്പന്ന വിപണനത്തിന് വൻതുക പരസ്യങ്ങൾക്കായി ചെലവഴിക്കുന്നുണ്ട്. പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നികുതി ഈടാക്കാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചാൽ നഗരസഭകൾക്ക് തനത് വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനാകും. ചെറുകിട പട്ടണങ്ങളിലും, ദേശീയ സംസ്ഥാനപാതകളിലും മറ്റും പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നികുതി ചുമത്താൻ ശാസ്ത്രീയ രീതി ആവിഷ്കരിക്കേണ്ടതുണ്ട്. നഗരസഭകളുടെ പരസ്യനികുതി പിരിവിന്റെ നിബന്ധനകളും നടപടിക്രമങ്ങളും വിശദീകരിക്കുന്ന ചട്ടങ്ങൾ പുറപ്പെടുവിക്കാനും ആയത് സമയബന്ധിതമായി നടപ്പാക്കാനും സർക്കാർ നടപടി അനിവാര്യമാണ്. പരസ്യനികുതി നഗരസഭ നേരിട്ട് പിരിച്ചപ്പോൾ കൊച്ചിയിലുണ്ടായ വൻവരുമാന വർദ്ധനവ് പ്രത്യേക പഠന വിധേയമാക്കാനും ഈ രീതി എല്ലാ നഗരസഭകളിലേക്കും വ്യാപിപ്പിക്കാനും അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്ന മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു:

ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച 20-1-2016-ലെ യോഗനടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

19. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി വരുമാനത്തിലെ പ്രധാന ഇനമായ പരസ്യനികുതി ഈടാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും അവ പാലിക്കാത്തതുമൂലം നഗരസഭകൾക്ക് വൻതുക നഷ്ടം ഉണ്ടാകുന്നുവെന്ന ഓഡിറ്റ് പരാമർശം നിരീക്ഷിച്ച സമിതി, പരസ്യനികുതി

ഈടാക്കുന്നതുമായി ബന്ധപ്പെട്ട നിയമാവലി ബഹുഭൂരിപക്ഷം നഗരസഭകളും തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കൃത്യമായ പിരിവ് നടക്കുന്നില്ലെന്നും ആയത് സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും കൃത്യമായി സൂക്ഷിക്കുന്നില്ലെന്നും ചൂണ്ടിക്കാട്ടി. പരസ്യനികുതി പിരിവ് ലേലം കൊള്ളുന്ന കരാറുകാർ പിരിവ് നടത്തുന്നത് സംബന്ധിച്ച് യാതൊരു പരിശോധനയും നഗരസഭ നടത്തുന്നില്ലെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയിൽ സ്ഥാപിക്കുന്ന പരസ്യ ബോർഡുകൾക്ക് സ്ഥലവാടക പിരിക്കുന്നതിലും നഷ്ടമുണ്ടാകുന്നുവെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ കണ്ടെത്തലിനെ സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞതിന്, പരസ്യനികുതി സംബന്ധിച്ച് തയ്യാറാക്കിയ നിയമാവലിയും കൗൺസിൽ തീരുമാനവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എല്ലാ നഗരസഭകൾക്കും അർദ്ധഔദ്യോഗിക കത്ത് അയച്ചിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 39 നഗരസഭകൾ ലഭ്യമാക്കിയ നിയമാവലികൾ അംഗീകാരത്തിനായി 6-1-2016-ന് സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്നും 9 നഗരസഭകൾ നിയമാവലി ലഭ്യമാക്കിയെങ്കിലും കൗൺസിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാതിരുന്നതിനാൽ തിരിച്ചയച്ചിട്ടുണ്ടെന്നും 17 നഗരസഭകൾ നിയമാവലി ലഭ്യമാക്കിയിട്ടില്ലെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ അറിയിച്ചു

20. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന മുനിസിപ്പാലിറ്റികൾക്കും നഗരസഭകൾക്കും തനത് വരുമാനം വർദ്ധിപ്പിക്കുവാനുള്ള മാർഗ്ഗമാണ് പരസ്യ നികുതിയെന്ന് വിലയിരുത്തിയ സമിതി, ആയത് പിരിച്ചെടുക്കുവാൻ താല്പര്യം കാണിക്കാത്തതിന്റെ കാരണമാരാഞ്ഞു. പരസ്യബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് മോണിറ്റർ ചെയ്യുന്നതിലുള്ള വീഴ്ചയും നഗരസഭയുടെ അനുമതിയില്ലാതെ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതുമൂലം നികുതിയിനത്തിൽ ലഭിക്കേണ്ട തുകയുടെ 20-25% മാത്രമേ നഗരസഭകൾക്ക് പിരിച്ചെടുക്കുവാൻ കഴിയുന്നുള്ളുവെന്നും ലഭ്യമായ നിയമാവലികൾ പരിശോധിച്ച് 2016 ഫെബ്രുവരി മാസം അവസാനത്തോടെ പരസ്യനികുതി പിരിവ് ഫലപ്രദമാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

21. പരസ്യനികുതി പിരിവ് ലേലം ചെയ്ത് നല്കുമ്പോൾ കരാറുകാരൻ അവ പിരിക്കുന്നത് സംബന്ധിച്ച് വ്യക്തമായ പരിശോധന നടത്തുന്നതിന് ഉദ്യോഗസ്ഥർ തയ്യാറാകാത്ത സാഹചര്യത്തിൽ സർക്കാർ ആയത് സംബന്ധിച്ച് ഒരു ചട്ടം ഉണ്ടാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. വഴിയോരങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് ഹൈക്കോടതി വിധിയുടെയും പോലീസിന്റേയും റോഡ് സേഫ്റ്റി അതോറിട്ടിയുടെയും നിബന്ധനകളുംമൂലം വലിയ ഹോർഡിംഗ്സുകളും മറ്റും വയ്ക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്നും നഗരകാര്യ വകുപ്പ് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഒരു മാസത്തിനുള്ളിൽ ആയത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി അറിയിച്ചു.

22. **കൊല്ലം നഗരസഭ**: പരസ്യ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, പരസ്യം വയ്ക്കുന്നതിനുള്ള അവകാശം നൽകിക്കൊണ്ട് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ലേലം സ്വകാര്യ വ്യക്തിക്ക് കൊടുത്തിരിക്കുകയാണെന്ന് കൊല്ലം നഗരസഭാ സെക്രട്ടറി അറിയിച്ചു.

23. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും തെരുവ് വിളക്കുകളുടെ മെയിന്റനൻസ് നടത്തുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ നഗരസഭകളും ഗ്രാമപഞ്ചായത്തുകളും വഴിവിളക്ക് കത്തിക്കുന്നതിന്റെയും മാറ്റി സ്ഥാപിക്കുന്നതിന്റെയും ചുമതല ഏൽപ്പിച്ചുകൊണ്ട് കരാറുകാരനുമായി എഗ്രിമെന്റ് ഉണ്ടാക്കുമ്പോൾ ആയതിന് അവർക്ക് ലഭിക്കുന്ന വരുമാനം പരസ്യങ്ങളിൽ നിന്നാണെന്ന് നഗരകാര്യ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

24. 2011-12-ൽ 2 ലക്ഷം രൂപ വരുമാനം ലഭിച്ചശേഷം പരസ്യനികുതി പിരിവ് സ്വകാര്യ വ്യക്തികളെ ഏൽപ്പിച്ചത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 2013-14 മുതൽ നികുതി പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുകയാണെന്നും 2014-15 സാമ്പത്തിക വർഷം 2.5 ലക്ഷം രൂപ ലഭിച്ചിട്ടുണ്ടെന്നും കൊല്ലം നഗരസഭാ സെക്രട്ടറി അറിയിച്ചു.

25. **കൊച്ചി നഗരസഭ**: നഗരസഭ നേരിട്ട് പിരിച്ചപ്പോൾ നികുതിയിനത്തിലെ വരുമാനം വർദ്ധിച്ചതായി നിരീക്ഷിച്ച സമിതി പരസ്യനികുതി പിരിവ് വ്യവസ്ഥകൾ കരാറുകാരൻ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടുന്നില്ലെന്ന് വിലയിരുത്തുകയും പരസ്യനികുതി നേരിട്ട് പിരിച്ചാൽ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയില്ലേയെന്നും ആരാഞ്ഞു. നഗരസഭ നേരിട്ട് നികുതി പിരിച്ചെടുക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്നും ആയതിനായി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുമെന്നും കൊച്ചി നഗരസഭാ സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി.

26. **വൈക്കം മുൻസിപ്പാലിറ്റി**: ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, 2002 മുതൽ പരസ്യ നികുതി പിരിവ് ലേലത്തിന് കൊടുക്കുവാൻ തുടങ്ങിയെന്നും 2014-15, 2015-16 വർഷങ്ങളിൽ ലേലത്തിന് കൊടുക്കാതെ നേരിട്ടു പിരിച്ചപ്പോൾ അമ്പതിനായിരം രൂപയോളം അധികം ലഭിച്ചിരുന്നുവെന്നും വൈക്കം 9 സ്ക്വയർ കിലോമീറ്ററുള്ള ചെറിയ നഗരസഭയാണെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു.

27. പരസ്യനികുതി പിരിവിനായി നിയമാവലി ഉണ്ടാക്കുകയും കൃത്യമായി പിരിക്കുകയും ചെയ്താൽ വരുമാനം വർദ്ധിപ്പിക്കാമെന്ന് ചൂണ്ടിക്കാട്ടിയ സമിതി നിയമാവലി അംഗീകരിച്ചിട്ടുണ്ടോയെന്നും പരസ്യ ബോർഡ് സ്ഥാപിക്കുന്നവരിൽ നിന്നും സ്ഥലവാടക പിരിച്ചെടുക്കുന്നുണ്ടോയെന്നും ആരാഞ്ഞതിന്, കരട് നിയമാവലി നഗരകാര്യ ഡയറക്ടർ മുഖേന സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടെന്നും സ്ഥലവാടക പിരിച്ചെടുക്കുന്നതിന്റെ നോംസ്

തയ്യാറാക്കി വരികയാണെന്നും മുനിസിപ്പൽ സെക്രട്ടറി മറുപടി പറഞ്ഞു. പരസ്യ നികുതി പിരിവ് ലേലം കൊണ്ട കരാറുകാരന് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥാപിക്കപ്പെടുന്ന പരസ്യ ബോർഡുകൾക്ക് സ്ഥല വാടക വാങ്ങുവാൻ അധികാരമില്ലെന്ന് സമിതി അഭിപ്രായപ്പെട്ടു.

28. **ആലപ്പുഴ** നഗരസഭ നിയമാവലി തയ്യാറാക്കിയിട്ടുണ്ടെന്നും കൗൺസിൽ അംഗീകരിച്ച് 16-1-2016-ൽ നഗരകാര്യ ഡയറക്ടർക്ക് അയച്ചിട്ടുണ്ടെന്നും ആലപ്പുഴ നഗരസഭാ സെക്രട്ടറി അറിയിച്ചു. നിയമാവലി തയ്യാറാക്കാതെ പരസ്യപ്പിരിവിനുള്ള അവകാശം ലേലം ചെയ്തു നൽകിയത് സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, പരസ്യ നികുതി നിരക്കായി കുറഞ്ഞ തുകയും പരമാവധി തുകയും നിശ്ചയിച്ചുകൊണ്ടുള്ള നഗരകാര്യ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശമുണ്ടെന്നും 17-8-2011-ലെ 158/2011/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോർപ്പറേഷനാണെങ്കിൽ ചതുരശ്രമീറ്ററിന് 6 രൂപയും മുനിസിപ്പാലിറ്റിയിൽ 3 രൂപയും ആണെന്നും അതനുസരിച്ചാണ് ലേലം നടത്തിയതെന്നും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറി മറുപടി നൽകിയതിന് അക്കാര്യം സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ടെന്ന് നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും ഒരേ അവസ്ഥയല്ലാത്തതിനാൽ ഓരോ സ്ഥലത്തേയും സാഹചര്യമനുസരിച്ച് നിയമാവലി ഉണ്ടാക്കണമെന്ന് സമിതി വിലയിരുത്തി. തിരുവനന്തപുരം കോർപ്പറേഷൻ നിയമാവലിയ്ക്ക് അംഗീകാരം വാങ്ങിയിരുന്നുവെന്നും അത് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങളോടെ പ്രസ്തുത മാതൃകയിൽ എല്ലാ മുനിസിപ്പാലിറ്റികളും നിയമാവലി ഉണ്ടാക്കണമെന്നുള്ള നിർദ്ദേശമാണ് കൊടുത്തതെന്നും നഗരകാര്യ വകുപ്പ് കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ വിശദമാക്കി.

29. പരസ്യനികുതി സംബന്ധിച്ച് കുറഞ്ഞ നിരക്കും പരമാവധി നിരക്കും സർക്കാർ തലത്തിൽ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവാണിതെന്നും ആയതനുസരിച്ച് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ നിന്നും കൂട്ടുവാനോ കുറയ്ക്കുവാനോ പാടില്ലെന്നും അശ്ലീല പരസ്യങ്ങൾ നിയന്ത്രിക്കുവാൻ നിയമത്തിൽ വ്യവസ്ഥയില്ലാത്തതിനാൽ അവ നിയന്ത്രിക്കുവാനുള്ള ഒരു മാർഗ്ഗം മാത്രമാണ് നിയമാവലി കൊണ്ടുദ്ദേശിക്കുന്നതെന്നും നഗരകാര്യ വകുപ്പ് റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചു.

30. **പെരുമ്പാവൂർ** നഗരസഭയിൽ മുനിസിപ്പാലിറ്റി നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പുള്ള 1991-ലെ നിരക്ക് പ്രകാരമാണ് പരസ്യ നികുതി പിരിക്കുന്നതെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിന്, 2011-ലെ ഉത്തരവ് പ്രകാരമുള്ള നിരക്കനുസരിച്ചാണ് നികുതി ഈടാക്കുന്നതെന്നും നിയമാവലി അംഗീകരിച്ച് - 25-4-2015-ൽ നഗരകാര്യ ഡയറക്ടർ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു

31. ജനുവരി 6-ാം തീയതി വിവിധ നഗരസഭകളിൽ നിന്നും ലഭിച്ച നിയമാവലികൾ ക്രോഡീകരിച്ച് സർക്കാരിലേക്ക് കൊടുത്തിട്ടുണ്ടെന്നും 39 നഗരസഭകളിൽ നിന്ന് നിയമാവലി, കൗൺസിൽ തീരുമാനം ഉൾപ്പെടെ ലഭിച്ചിരുന്നുവെന്നും 9 നഗരസഭകൾ നിയമാവലി സമർപ്പിച്ചുവെങ്കിലും കൗൺസിൽ തീരുമാനം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തിരികെ അയച്ചിരുന്നുവെന്നും 17 നഗരസഭകൾ നിയമാവലി സമർപ്പിച്ചിട്ടില്ലെന്നും നഗരകാര്യ വകുപ്പ് സെക്രട്ടറി അറിയിച്ചു. 2011-ലെ സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന ഉയർന്ന തുക, താഴ്ന്ന തുക എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ യാഥാർത്ഥ്യ ബോധത്തോടെയുള്ളവയല്ലെന്നും പ്രധാനപ്പെട്ട നഗരങ്ങളിൽ ഇതിലും കൂടുതൽ പരസ്യതുക ലഭിക്കുവാനും ചിലയിടങ്ങളിൽ കുറയുവാനും സാധ്യതയുണ്ടെന്നും ആയതിനാൽ ഇക്കാര്യത്തിൽ ഒരു പുനഃപരിശോധന ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

32. **ചിറ്റൂർ തത്തമംഗലം നഗരസഭ**: ചിറ്റൂർ തത്തമംഗലം കൗൺസിൽ, 25-3-2015-ൽ നിയമാവലി സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടെന്ന് മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. സമിതി യോഗം പരിഗണിക്കുന്ന, പരസ്യനികുതി പിരിവുമായി ബന്ധപ്പെട്ട പരാമർശങ്ങളെല്ലാം മേല്പറഞ്ഞ വിധത്തിലുള്ളവയാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ അവ ഓരോന്നായി പ്രത്യേകം പരിശോധിക്കേണ്ടതില്ലെന്ന് അഭിപ്രായപ്പെട്ട സമിതി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ പ്രദേശത്തിനനുസരിച്ചുള്ള നിയമാവലി തയ്യാറാക്കി അടിയന്തരമായി സർക്കാരിന് നൽകണമെന്നും, സർക്കാർ, നിലവിലുള്ള പരസ്യനികുതി നിരക്ക് സംബന്ധിച്ച സർക്കാർ ഉത്തരവ് പുനഃപരിശോധിച്ച് നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കണമെന്നും നിർദ്ദേശിച്ചു. സംസ്ഥാനത്തെ ഭൂരിപക്ഷം നഗരസഭകളും തനത് വരുമാനം കുറവായതിനാൽ ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകൾക്ക് സർക്കാർ ധനസഹായത്തെ ആശ്രയിക്കുകയാണെന്നും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വൻകിട കമ്പനികളും ചെറുകിട കച്ചവടക്കാരും ഉൽപ്പന്ന വിപണനത്തിന് വൻതുക പരസ്യങ്ങൾക്കായി ചെലവഴിക്കുന്നതിനാൽ പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് വാടക ഈടാക്കുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനാകുമെന്നും നിരീക്ഷിച്ച സമിതി അതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

33. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പരസ്യം, പരസ്യനികുതി നിരക്ക്, പിരിവ്, അനുബന്ധ കാര്യങ്ങൾ എന്നിവ സംബന്ധിച്ച് നിയമാവലി രൂപീകരിക്കുവാൻ നിർദ്ദേശം നൽകണമെന്ന് സർക്കാരിനോട് സമിതി നിർദ്ദേശിച്ചു

34. നഗരങ്ങളെ ഗ്രേഡ് തിരിച്ച് അതിനനുസൃതമായി പരസ്യ നികുതി നിരക്ക നിശ്ചയിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണമെന്നും നിയമാവലി സമർപ്പിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കണമെന്നും സർക്കാർ അവ പരിശോധിച്ച് അടിയന്തരമായി അംഗീകാരം നല്കണമെന്നും സമിതി നിർദ്ദേശിച്ചു.

35. പ്രസ്തുത ഓഡിറ്റ് ഖണ്ഡികകളുമായി ബന്ധപ്പെട്ട് 20-1-2016-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ടതും മേൽ ഖണ്ഡികകളിൽ സൂചിപ്പിച്ചിരിക്കുന്നതുമായ അധികവിവരങ്ങൾക്ക് ഭരണ വകുപ്പിൽ നിന്നും യഥാസമയം മറുപടി ലഭ്യമാക്കാത്തതിനാലും സമിതി പൊതുവായി ആവശ്യപ്പെട്ട അധികവിവരങ്ങൾക്ക് ആലുവ നഗരസഭയിലെ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തി ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാലും 2-11-2017-ലെ യോഗത്തിൽ സമിതി വകുപ്പ് സെക്രട്ടറിയിൽ നിന്നും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുത്തിരുന്നു. 2-11-2017-ലെ യോഗനടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

36. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പരസ്യം, പരസ്യ നികുതി നിരക്ക്, പിരിവ്, അനുബന്ധ കാര്യങ്ങൾ എന്നിവ സംബന്ധിച്ച് നിയമാവലി രൂപീകരിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. എല്ലാ നഗരസഭകളും പരസ്യ നികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2011-ൽ സർക്കുലർ പുറപ്പെടുവിച്ചിരുന്നുവെന്നും അതിൻപ്രകാരം 41 നഗരസഭകൾ ബൈലോ തയ്യാറാക്കി സമർപ്പിച്ചിരുന്നുവെന്നും അവയ്ക്ക് അംഗീകാരം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും നേരത്തേ ബൈലോ തയ്യാറാക്കിയിരുന്ന ആറോളം നഗരസഭകൾ ബൈലോ അനുസരിച്ചുള്ള പരസ്യനികുതി പിരിച്ചെടുക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. എന്നാൽ ജി.എസ്.ടി. നിലവിൽ വന്നതോടെ നഗരസഭകൾ പരസ്യ നികുതി പിരിക്കുന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുകയാണെന്നും നഗരസഭകൾക്ക് നികുതി പിരിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിൽ സംജാതമായിരിക്കുന്നതെന്നും അദ്ദേഹം തുടർന്ന് അറിയിച്ചു.

37. ജി.എസ്.ടി.യുടെ നടപ്പാക്കൽ നഗരസഭകളുടെ പരസ്യനികുതി പിരിവിനെ എങ്ങനെയാണ് പ്രതികൂലമായി ബാധിച്ചത് എന്ന് സമിതി അന്വേഷിച്ചപ്പോൾ പരസ്യനികുതി പിരിക്കുവാൻ പാടില്ലായെന്ന് ജി.എസ്.ടി. കൗൺസിലിന്റെ നിർദേശമുള്ളതിനാൽ നിലവിൽ നഗരസഭകൾക്ക് പ്രസ്തുത നികുതി പിരിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളതെന്നും പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനായി അനുവാദം

വാങ്ങേണ്ടതും അതിനായുള്ള തുക ഒടുക്കേണ്ടതുമെല്ലാം നിലവിൽ നികുതി വകുപ്പ് മുഖേനയാണെന്നും പരസ്യനികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അവ്യക്തത നിലനില്ക്കുകയാണെന്നും ഇത് സംബന്ധിച്ച് ജി.എസ്.ടി. കൗൺസിലിൽ തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചു.

38. ഏതെല്ലാം സ്ഥലങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കണമെന്നുള്ളത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള നഗരസഭകളുടെ അധികാരം നിലനിർത്തിക്കൊണ്ട് നികുതി വകുപ്പ് മുഖേന പരസ്യ നികുതി പിരിക്കുന്ന തരത്തിലുള്ള ഒരു സംവിധാനമാണ് നടപ്പിൽവരുത്തേണ്ടതെന്ന് അഭിപ്രായപ്പെട്ട സമിതി പരസ്യനികുതി പിരിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം അടിയന്തരമായി സർക്കാർ തലത്തിൽ കൈക്കൊള്ളണമെന്ന് നിർദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

39. ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി നഗരസഭകൾ പരസ്യനികുതി പിരിക്കുന്ന കാര്യത്തിൽ അവ്യക്തത നിലനില്ക്കുകയാണെന്നും പരസ്യനികുതി പിരിക്കുവാൻ പാടില്ലായെന്ന് ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശമുള്ളതിനാൽ നിലവിൽ നഗരസഭകൾക്ക് പ്രസ്തുത നികുതി പിരിക്കുന്നതിന് കഴിയാത്ത സാഹചര്യമാണുള്ളതെന്നും പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനായി അനുവാദം വാങ്ങേണ്ടതും അതിനായുള്ള തുക ഒടുക്കേണ്ടതുമെല്ലാം നിലവിൽ നികുതി വകുപ്പ് മുഖേനയാണെന്നും സമിതി മനസ്സിലാക്കുന്നു. ഏതെല്ലാം സ്ഥലങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കണമെന്നുള്ളത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള നഗരസഭകളുടെ അധികാരം നിലനിർത്തിക്കൊണ്ട് നികുതി വകുപ്പ് മുഖേന പരസ്യനികുതി പിരിക്കുന്ന തരത്തിലുള്ള ഒരു സംവിധാനമാണ് നടപ്പിൽ വരുത്തേണ്ടതെന്ന് സമിതി അഭിപ്രായപ്പെടുന്നതോടൊപ്പം ഇത് സംബന്ധിച്ച് ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി നയപരമായ തീരുമാനം അടിയന്തരമായി കൈക്കൊള്ളണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ലൈബ്രറികളുടെയും/സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ വിദ്യാഭ്യാസമേഖലയിലെ ചുമതലകളിൽപ്പെടുന്നതാണ് 'വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും.'

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സാംസ്കാരിക നിലയങ്ങളിൽ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്യാണ് ഈ മേഖലയിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ചുമതല നിറവേറ്റുന്നത്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുണ്ട്.

സാംസ്കാരിക നിലയങ്ങളുടെയും ലൈബ്രറികളുടെയും നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് കാര്യക്ഷമവും ഫലപ്രദവുമാണോ എന്ന് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ വിലയിരുത്തൽ നടത്തുകയുണ്ടായി. പതിനൊന്നിന പരിപാടിയുടെ ഭാഗമായി എഴുപതുകളിൽ ആരംഭിച്ച സാംസ്കാരിക നിലയങ്ങളിൽ പലതും തകർച്ചയുടെ വക്കിലാണ്. കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കാത്തതും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാത്തതും ഇത്തരം സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. പുതിയ പുസ്തകങ്ങൾ വാങ്ങാത്തതിനാൽ വായനക്കാരെ ആകർഷിക്കാൻ ലൈബ്രറികൾക്ക് കഴിയുന്നില്ല. പത്രങ്ങളും ആനുകാലികങ്ങളും വേണ്ടത്ര ഇല്ല. ചില സ്ഥലങ്ങളിൽ ലൈബ്രേറിയൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. അതേസമയം ലൈബ്രേറിയന്റെ സേവനം പ്രയോജനപ്പെടുത്താൻ കഴിയാത്ത സ്ഥാപനങ്ങളുമുണ്ട്.

6-8-2010-ലെ ജി.ഒ. (എംഎസ്.) 170/2010/തസ്വഭവ. ഉത്തരവുപ്രകാരം സംസ്ഥാനത്തെ 300 സാംസ്കാരിക നിലയങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ലൈബ്രേറിയന്മാരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സർക്കാർ അംഗീകരിക്കുകയുണ്ടായി. എന്നാൽ 10-ഉം 15-ഉം വർഷങ്ങളായി പുതിയ പുസ്തകങ്ങൾ വാങ്ങാത്തതിനാൽ ഇത്തരം ലൈബ്രറികളുടെ പ്രവർത്തനം നാമമാത്രമായിരിക്കുകയാണ്. നിയമാവലിയും നടത്തിപ്പ് കമ്മിറ്റിയുമില്ലാതെ പ്രവർത്തിക്കുന്ന ലൈബ്രറികൾ നാഥനില്ലാത്ത അവസ്ഥയിലാണ്. പുസ്തകങ്ങളുടെ സ്റ്റോക്കെടുപ്പ് കൃത്യമായി നടത്തുന്നില്ല. വർഷങ്ങൾക്കുമുൻപ് ലൈബ്രറികളിൽ അംഗത്വമെടുത്തവർ പിന്നീട് പുതുക്കുന്നില്ല.

വിവിധ സ്ഥാപനങ്ങളിലെ പരിശോധനയിൽ കണ്ടെത്തിയ സംക്ഷിപ്തം താഴെ കൊടുക്കുന്നു:

ക്രമ നമ്പർ	ലൈബ്രറി/ തദ്ദേശസ്വയം ഭരണ സ്ഥാപനം	ജില്ല	അംഗങ്ങൾ	നടത്തിപ്പ് സംവിധാനങ്ങൾ	പ്രധാന പോരായ്മകൾ	കമ്പ്യൂട്ടർ/ ഇന്റർനെറ്റ്
1	2	3	4	5	6	7
1	ലൈബ്രറി സാംസ്കാരിക നിലയം, നിലമാമൂട്, കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്	തിരുവനന്തപുരം	54	-	ആവശ്യത്തിന് ഫർണിച്ചറില്ല	ഇല്ല

1	2	3	4	5	6	7
2	ടി. എം. വർഗീസ് സ്മാരക ഗ്രന്ഥശാല, കൊല്ലം കോർപ്പറേഷൻ	കൊല്ലം	6770	നിയമാവലിയുണ്ട്, നടത്തിപ്പ് കമ്മിറ്റിയില്ല	പുസ്തകങ്ങൾ വയ്ക്കാനുള്ള റാക്കുകൾ ഇല്ല	ഇല്ല
3	മൂന്നാംകുറ്റി ഗ്രന്ഥശാല, കൊല്ലം കോർപ്പറേഷൻ		1598	നിയമാവലി, നടത്തിപ്പ് കമ്മിറ്റി എന്നിവയില്ല	സ്ഥല പരിമിതി	ഇല്ല
4	വെളിയിൽ കളങ്ങര ചിൽഡ്രൻസ് ലൈബ്രറി & സാംസ്കാരിക നിലയം (കൊല്ലം കോർപ്പറേഷൻ)		70	നിയമാവലി, നടത്തിപ്പ് കമ്മിറ്റി എന്നിവയില്ല	കെട്ടിടം ശോച്യാവസ്ഥയിൽ	ഇല്ല
5	മുനിസിപ്പൽ ലൈബ്രറി, ആലപ്പുഴ	ആലപ്പുഴ	2254	നിയമാവലി ഇല്ല	ജീവനക്കാരുടെ കുറവ്	കമ്പ്യൂട്ടർ വത്കരിച്ചിട്ടുണ്ട്
6	ഉള്ളൂർ സ്മാരക മുനിസിപ്പൽ ലൈബ്രറി, ചങ്ങനാശ്ശേരി നഗരസഭ	കോട്ടയം	-	നിയമാവലി, നടത്തിപ്പ് കമ്മിറ്റി എന്നിവയുണ്ട്	ഫർണിച്ചർ കുറവ് ഫാൻ, ലൈറ്റ് എന്നിവയില്ല	ഇല്ല.
7	രാമപുരം ലൈബ്രറി & റീഡിംഗ് റൂം, രാമപുരം ഗ്രാമപഞ്ചായത്ത്		278	നടത്തിപ്പ് കമ്മിറ്റിയില്ല	ലൈബ്രേറിയൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നു	ഇല്ല
8	മണിമല ഗ്രാമപഞ്ചായത്ത്		196	നിയമാവലിയില്ല	വായനാമുറി, അനുബന്ധ സൗകര്യങ്ങൾ എന്നിവയില്ല	ഇല്ല
9	ലാൽ ബഹദൂർ ശാസ്ത്രി മെമ്മോറിയൽ ലൈബ്രറി, ഉടുമ്പൻചോല	ഇടുക്കി	218	-	ലൈബ്രേറിയൻ ഇല്ലാത്തതിനാൽ പ്രവർത്തിക്കുന്നില്ല. സ്ഥല സൗകര്യം കുറവ്	ഇല്ല

1	2	3	4	5	6	7
10	വൈറ്റില സോണൽ ലൈബ്രറി, കൊച്ചി കോർപ്പറേഷൻ	എറണാകുളം	109	നടത്തിപ്പ് കമ്മിറ്റിയുണ്ട്	സ്ഥല പരിമിതി	കമ്പ്യൂട്ടർ ഉണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല
11	കുറ്റിപ്പുഴ കൃഷ്ണപിള്ള സ്മാരക ഗ്രന്ഥശാല, ആലുവ നഗരസഭ		11122	നടത്തിപ്പ് കമ്മിറ്റി, നിയമാവലി എന്നിവയുണ്ട്	കെട്ടിടം ചോർന്നൊലിക്കുന്നു	ഇല്ല
12	താനൂർ ഗ്രാമപഞ്ചായത്ത് സാംസ്കാരിക നിലയം & ലൈബ്രറി	മലപ്പുറം	723	നിയമാവലി ഉണ്ട്. നടത്തിപ്പ് കമ്മിറ്റി ഇല്ല	സ്ഥിരം ലൈബ്രേറിയന്റെ സേവനം ലഭ്യമല്ല	ഇല്ല.
13	സെൻട്രൽ ലൈബ്രറി, വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്		2600	നടത്തിപ്പ് കമ്മിറ്റി, നിയമാവലി എന്നിവയുണ്ട്	സൗകര്യങ്ങൾ കുറവ്	ഇല്ല
14	അല്ലാമ ഇക്ബാൽ സ്മാരക ലൈബ്രറി, തിരൂർ നഗരസഭ		2397	നടത്തിപ്പ് കമ്മിറ്റി, നിയമാവലി എന്നിവയുണ്ട്	ലൈബ്രേറിയൻ ഇല്ല	കമ്പ്യൂട്ടർ ഉണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല
15	ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാല, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്	വയനാട്	-	-	2006 മുതൽ പ്രവർത്തിക്കുന്നില്ല	ഇല്ല
16	ഗ്രാമോദയ പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം, മേപ്പയൂർ ഗ്രാമപഞ്ചായത്ത്	കോഴിക്കോട്	72	നിയമാവലി, നടത്തിപ്പ് കമ്മിറ്റി എന്നിവയില്ല	കെട്ടിടത്തിൽ സ്ഥല സൗകര്യം കുറവ്	ഇല്ല
17	പി.എം. കൃഷ്ണമേനോൻ സ്മാരക ഗ്രന്ഥാലയം & വായനശാല, രാമനാട്ടുകര ഗ്രാമപഞ്ചായത്ത്		199	നിയമാവലി, നടത്തിപ്പ് കമ്മിറ്റി എന്നിവയില്ല	ലൈബ്രറി ഇപ്പോൾ പ്രവർത്തിക്കുന്നില്ല	ഇല്ല
18	പഞ്ചായത്ത് പബ്ലിക്ക് ലൈബ്രറി, ചിറ്റാരിപറമ്പ് ഗ്രാമപഞ്ചായത്ത്	കണ്ണൂർ	1585	നടത്തിപ്പ് കമ്മിറ്റി, നിയമാവലി എന്നിവയുണ്ട്	സ്വന്തമായി ഭൂമിയും കെട്ടിടവുമില്ല	ഇല്ല

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള മുഴുവൻ ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും പ്രവർത്തനം തദ്ദേശസ്വയംഭരണ വകുപ്പ് അവലോകനം നടത്തുകയും ഇവയുടെ നടത്തിപ്പിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും വേണം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 2.6)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്ന മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച 30-9-2015, 22-12-2015, 20-1-2016 എന്നീ തീയതികളിലെ യോഗനടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

40. **കുന്നത്തുകാൽ**: ഗ്രാമപഞ്ചായത്തിൽ 2014-15-ൽ ലൈബ്രറിക്കാവശ്യമായ ഫർണിച്ചറും അലമാരയും വാങ്ങിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്താത്തതിനാലാണ് ഓഡിറ്റ് തടസ്സം നിലനിൽക്കുന്നതെന്നും ആകെ 54 പേർ മാത്രമേ ലൈബ്രറിയിൽ അംഗങ്ങളായിട്ടുള്ളുവെന്നും ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമാണോ എന്ന് നിരീക്ഷിക്കാനാകുന്നില്ലെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു സാംസ്കാരിക നിലയമെന്ന രീതിയിലാണ് ലൈബ്രറി പ്രവർത്തിക്കുന്നതെന്നും ഉച്ചയ്ക്കുശേഷം 2.00 മണി മുതൽ 5.30 വരെയാണ് പ്രവർത്തന സമയമെന്നും സമീപത്ത് മറ്റ് ലൈബ്രറികളൊന്നുമില്ലെന്നും ഒരു പഴയ കെട്ടിടത്തിലാണ് അത് പ്രവർത്തിക്കുന്നതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

41. സാംസ്കാരിക നിലയം പ്രധാനമായും ഗ്രന്ഥശാലയാണെന്നും അവിടെ ധാരാളം പുസ്തകങ്ങളും അംഗങ്ങളും വേണമെന്നും കുന്നത്തുകാൽ പോലെയുള്ള വലിയ പഞ്ചായത്തിൽ ഇതിന് വളരെ വലിയ സാധ്യതയാണുള്ളതെന്നും അഭിപ്രായപ്പെട്ട സമിതി, ഡിജിറ്റൽ ലൈബ്രറി, കുട്ടികൾക്കുള്ള ലൈബ്രറി എന്നീ സംവിധാനങ്ങളൊന്നും ഏർപ്പെടുത്താതെ ലൈബ്രറിയെ ഒരു നോക്കുകുത്തിയാക്കുന്നതിലുള്ള അതൃപ്തി രേഖപ്പെടുത്തി. പഞ്ചായത്ത് ലൈബ്രറിയുടെ ശോചനീയമായ പ്രവർത്തനത്തിന്മേലുള്ള സമിതിയുടെ അതൃപ്തി പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സമിതി ആവശ്യപ്പെട്ടു കൂടാതെ, ലൈബ്രറിയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കൂടുതൽ അംഗങ്ങളെ ചേർക്കുകയും ചെയ്യണമെന്നും കൂടുതൽ പുസ്തകങ്ങൾ, പ്രത്യേകിച്ച് കുട്ടികൾക്കുള്ള പുസ്തകങ്ങൾ ലഭ്യമാക്കുവാനും ഇന്റർനെറ്റ് സംവിധാനം, ഡിജിറ്റൽ ലൈബ്രറി തുടങ്ങിയവ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു

42. **കൊല്ലം**: നഗരസഭയുടെ കീഴിൽ വിവിധ ഭാഗങ്ങളിലായി 9 ലൈബ്രറികൾ ഉണ്ടെന്നും കഴിഞ്ഞ വർഷം 10 ലക്ഷം രൂപയുടെ പുസ്തകങ്ങൾ വാങ്ങിയിരുന്നുവെന്നും നിലവിൽ 3 ലൈബ്രേറിയന്മാരുടെ ഒഴിവുകളുണ്ടെന്നും കൊല്ലം നഗരസഭാ സെക്രട്ടറി അറിയിച്ചു ലൈബ്രറിയിൽ പുതുതായി ആരും അംഗത്വം എടുക്കുന്നില്ലെന്നും അദ്ദേഹം തുടർന്നറിയിച്ചു

43. വെളിയിൽക്കുളങ്ങര ലൈബ്രറിയിൽ 70 അംഗങ്ങൾ മാത്രമേയുള്ളൂവെന്ന് ശ്രദ്ധയിൽപ്പെട്ട സമിതി, പ്രസ്തുത ലൈബ്രറിക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നാരാഞ്ഞു. മുമ്പുണ്ടായിരുന്ന 70 അംഗങ്ങൾ മാത്രമാണിപ്പോഴും ഉള്ളതെന്നും പുതുതായി ആരും അംഗത്വം എടുക്കുന്നില്ലെന്നും ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ഉള്ളതിനാൽ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്റർനെറ്റ് സൗകര്യം ഉൾപ്പെടുത്തി ആധുനികവത്കരിക്കുന്നതിനും കൂടുതൽ ആൾക്കാരെ ലൈബ്രറിയിലേയ്ക്ക് ആകർഷിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും ആയതിലേയ്ക്കായി 10 ലക്ഷം രൂപയുടെ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ടെന്നും കൊല്ലം നഗരസഭാ സെക്രട്ടറി അറിയിച്ചു

44. **ആലപ്പുഴ**: നഗരസഭയിൽ 200 വർഷം പഴക്കമുള്ള കെട്ടിടത്തിലാണ് ലൈബ്രറി പ്രവർത്തിക്കുന്നതെന്നും നാല് നിലകളുള്ള കെട്ടിടത്തിൽ നാലുമുറികളിലായി ഏകദേശം 40000 പുസ്തകങ്ങൾ ഉണ്ടെന്നും ആലപ്പുഴ നഗരസഭാ സെക്രട്ടറി അറിയിച്ചു 2014-15 വർഷത്തിൽ 15 ലക്ഷം രൂപ ലൈബ്രറി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കായി വകയിരുത്തിയിട്ടുണ്ടെന്നും 2013-14 വരെ പ്ലാൻ ഫണ്ടിൽ നിന്നും പുസ്തകങ്ങൾ വാങ്ങിയിരുന്നുവെങ്കിലും സൂക്ഷിക്കുവാൻ ഇടമില്ലാതിരുന്നതിനാൽ നടപ്പുവർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും പുസ്തകത്തിനായി തുക വകയിരുത്തിയിട്ടില്ലെന്നും ഗ്രന്ഥശാലയ്ക്ക് ലഭിക്കുന്ന ഗ്രാന്റ് കൊണ്ടാണ് നിലവിലുള്ള പുസ്തകം വാങ്ങുന്നതെന്നും 20,000 രൂപ ഗ്രാന്റായി ലഭിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

45. **ചങ്ങനാശ്ശേരി നഗരസഭ**: ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടിയിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന മുൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിച്ചു

46. **രാമപുരം**: ഗ്രാമപഞ്ചായത്തിൽ ലൈബ്രറികളുടെ നടത്തിപ്പിനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും എല്ലാ മാസവും കമ്മിറ്റി കൂടി റിവ്യൂ നടത്തുന്നുണ്ടെന്നും ലൈബ്രറി നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെയും പരാമർശം ഒഴിവാക്കാവുന്നതാണെന്ന ഓഡിറ്റ് വകുപ്പിന്റെ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

47. **മണിമല:** ഗ്രാമപഞ്ചായത്ത് ലൈബ്രറിക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വായനാ മുറി സജ്ജമാക്കുന്നതിനുമായി തനതുഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ടുള്ളതും ആയതിന് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണെന്ന് സർക്കാർ മറുപടി നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് നിർമ്മിക്കുവാൻ നിശ്ചയിച്ചിട്ടുള്ള പുതിയ കാര്യാലയകെട്ടിടത്തിന് അനുബന്ധമായി ലൈബ്രറി നിർമ്മിക്കുവാൻ ഭരണ സമിതി തീരുമാനിച്ചിട്ടുള്ളതിനാൽ മേല്പറഞ്ഞ പ്രോജക്ട് നടപ്പാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്നു. അതിനാൽ ലൈബ്രറിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വായനാമുറി സജ്ജമാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

48. **ഉടുമ്പൻചോല:** ഗ്രാമപഞ്ചായത്തിൽ, ലൈബ്രറിയുടെ പ്രവർത്തനം സുഗമമായി നടക്കുന്നുണ്ടെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി പാർട്ട്-ടൈം ലൈബ്രേറിയനായി ഒരാളെ നിയമിച്ചിട്ടുണ്ടെന്നും പക്ഷേ സ്ഥലസൗകര്യം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടില്ലെന്നും പഴയ കെട്ടിടത്തിൽത്തന്നെയാണ് ലൈബ്രറിയും പഞ്ചായത്താഫീസും പ്രവർത്തിക്കുന്ന തെന്നും പുതിയ കെട്ടിടം പണിയുന്നതിനുള്ള നിർദ്ദേശം സർക്കാരിലേക്ക് അയച്ചിട്ടുണ്ടെന്നും അതിനോടൊപ്പം ലൈബ്രറിക്കുവേണ്ടി കൂടുതൽ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതാ ണെന്നും സെക്രട്ടറി അറിയിച്ചു. ലൈബ്രറിയിൽ ഇന്റർനെറ്റ് സൗകര്യമില്ലെന്നും തമിഴ് തോട്ടം മേഖലയായതിനാൽ ലൈബ്രറിയിൽ അംഗങ്ങൾ കുറവാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

49. തോട്ടം മേഖലപോലെയുള്ള പ്രദേശങ്ങളിൽ കുട്ടികൾക്ക് വായിക്കുകയും വളരുകയും ചെയ്യുന്നതിനുള്ള മറ്റ് സൗകര്യങ്ങൾ കുറവായിരിക്കുമെന്നതിനാൽ ഇത്തരം പ്രദേശങ്ങളിൽ ജനകീയ സമിതികൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. തമിഴ് മേഖലയായതിനാൽ ലൈബ്രറിയിൽ തമിഴ് പുസ്തകങ്ങൾ, ഇന്റർനെറ്റ് സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയശേഷം റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

50. ഗ്രാമപഞ്ചായത്തിലെ ലൈബ്രറി കെട്ടിടം ചോർന്നൊലിച്ച് ജീർണ്ണാവസ്ഥയിലാണ്. പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ നടപടികൾ നടന്നുവരുന്നു. പുതിയ ഓഫീസ് കെട്ടിടത്തിന്റെ പൂർത്തീകരണത്തോടെ പഞ്ചായത്ത് ഓഫീസിൽ ആധുനിക രീതിയിലുള്ള ലൈബ്രറി സംവിധാനം ആരംഭിക്കുന്നതാണെന്ന് സെക്രട്ടറി രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

51. **കൊച്ചി നഗരസഭ**: വൈറ്റില സോണൽ ലൈബ്രറിയിൽ സ്ഥല പരിമിതി, കമ്പ്യൂട്ടറുകളുടെ പ്രവർത്തനം എന്നിവ സംബന്ധിച്ച് ഓഡിറ്റ് ചൂണ്ടിക്കാട്ടിയ അപാകതകൾ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, നഗരസഭയുടെ സോണൽ ഓഫീസിൽ ലൈബ്രറി പ്രവർത്തിക്കുന്നതിന് സ്ഥലപരിമിതിയുണ്ടെന്നും ലൈബ്രേറിയൻ തസ്തികയിലെ ഒഴിവ് നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കൊച്ചി നഗരസഭാ അഡീഷണൽ സെക്രട്ടറി വിശദമാക്കി. ലൈബ്രേറിയൻ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ്വഴി താല്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള അഭിമുഖം നടക്കുകയാണെന്നും എത്രയും വേഗം പ്രസ്തുത നടപടി പൂർത്തിയാക്കുന്നതാണെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിക്ക് ഉറപ്പുനൽകി.

52. **ആലുവ നഗരസഭ**: ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, നിലവിൽ ലൈബ്രറി കെട്ടിടം അറ്റകുറ്റപ്പണികൾ നടത്തി ചോർന്നൊലിക്കാത്ത നിലയിലാക്കിയിട്ടുണ്ടെന്നും ആവശ്യമായ ഫർണിച്ചർ വാങ്ങുകയും കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും സ്വന്തമായുള്ള മൂന്ന് നിലകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ലൈബ്രറിയിൽ 150-ഓളം വായനക്കാരുണ്ടെന്നും 2100-ലധികം പേർക്ക് ലൈബ്രറി മെമ്പർഷിപ്പുണ്ടെന്നും ആലുവ മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. എന്നാൽ, ആലുവ മുനിസിപ്പാലിറ്റിക്ക് കീഴിലുള്ള കുറ്റിപ്പുറം സ്മാരക ഗ്രന്ഥശാലയിൽ 16-1-2016-ൽ ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയിൽ, മൂന്നു നിലകളുള്ള ലൈബ്രറി കെട്ടിടത്തിന്റെ താഴത്തെ മുറികളിലാണ് പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുള്ളതെന്നും താഴെയുള്ള മുറി ചോർന്നൊലിക്കുന്നതായും മൂന്നാമത്തെ നിലയിലെ മുറികളും ഫർണീച്ചറും ഉപയോഗശൂന്യമായ നിലയിലാണെന്നും ലൈബ്രറിക്ക് നൽകിയ കമ്പ്യൂട്ടർ ഇൻസ്റ്റാൾ ചെയ്തിട്ടില്ലെന്നും പുസ്തകങ്ങൾ കൃത്യമായി സൂക്ഷിക്കാത്തതിനാൽ ജീർണ്ണാവസ്ഥയിലാണെന്നും നിരവധി പുസ്തകങ്ങൾ സ്റ്റോക്കിലെടുത്ത് വായനക്കാർക്ക് ലഭ്യമാക്കിയിട്ടില്ലെന്നും കണ്ടെത്തിയതായി സമിതി നിരീക്ഷിച്ചു. എന്നാൽ, ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന് വിരുദ്ധമായാണ് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി തെളിവെടുപ്പിൽ മറുപടി നല്കിയതെന്ന് സമിതി കണ്ടെത്തി. ആയതിനാൽ നഗരകാര്യ ഡയറക്ടർ അടുത്ത ദിവസം തന്നെ ഇക്കാര്യം പരിശോധിച്ച് കോർപ്പറേഷൻ സെക്രട്ടറിയിൽ നിന്നും വിശദീകരണം ആരാഞ്ഞ് നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് നൽകണമെന്ന് നഗരകാര്യ ഡയറക്ടറോട് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശിച്ച പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ഇപ്രകാരമാണ്:

53. ലൈബ്രറി കെട്ടിടം 9-6-2016, 15-11-2016 എന്നീ ദിവസങ്ങളിൽ, ഓഡിറ്റ് നേരിട്ട് പരിശോധിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു:

54. ലൈബ്രറി കെട്ടിടത്തിന്റെ താഴത്തെ നിലയിലെ ചോർച്ച പൂർണ്ണമായി മാറിയതായുള്ള എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു.

55. നഗരസഭാ ലൈബ്രറിയിൽ ആകെ 44754 പുസ്തകങ്ങൾ ഉണ്ട്. 2012-13 സാമ്പത്തിക വർഷം ലൈബ്രറി കൗൺസിൽ ഗ്രാന്റ് ഉപയോഗിച്ച് 171 പുസ്തകങ്ങളും വിവിധ സംഘടനകളുടെയും വ്യക്തികളുടെയും സംഭാവനയായി 225 പുസ്തകങ്ങളും ലൈബ്രറിയിൽ ലഭിച്ചു. 2013-14, 2014-15 എന്നീ വർഷങ്ങളിൽ ലൈബ്രറി കൗൺസിൽ ഗ്രാന്റ് ഉപയോഗിച്ച് യഥാക്രമം 237, 301 പുസ്തകങ്ങൾ വാങ്ങി. ലൈബ്രറിയ്ക്കാവശ്യമായ പ്രത്യേക ലൈബ്രറി സോഫ്റ്റ്‌വെയർ ഇതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. നിലവിലും സ്റ്റോക്ക് എടുക്കൽ നടന്നിട്ടില്ല.

56. **താനൂർ**: ഗ്രാമപഞ്ചായത്ത് 2015 നവംബർ മുതൽ മുനിസിപ്പാലിറ്റിയായെന്നും ലൈബ്രേറിയന്റെ സേവനം ലഭ്യമാണെന്നും ലൈബ്രറി നടത്തിപ്പ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് പരാമർശങ്ങളിലെ ന്യൂനതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

57. **വള്ളിക്കുന്ന്**: ഗ്രാമപഞ്ചായത്തിൽ ലൈബ്രേറിയനെ നിയമിച്ചിട്ടുണ്ടെന്നും നടത്തിപ്പ് കമ്മിറ്റി സജീവമായി പ്രവർത്തിച്ചുവരുന്നുണ്ടെന്നും പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പ്രവർത്തനം ആരംഭിച്ചതോടെ ലൈബ്രറിക്ക് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വായനാമുറി ഒരുക്കിയിട്ടുണ്ടെന്നും കമ്പ്യൂട്ടറും അനുബന്ധ സൗകര്യങ്ങളും 2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏർപ്പെടുത്തുന്നതാണെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ലൈബ്രറിക്ക് പ്രത്യേക മുറിയും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയതായി കാണാൻ കഴിഞ്ഞില്ലെന്ന് ഓഡിറ്റ് വകുപ്പ് അറിയിച്ചതിനെത്തുടർന്ന് ലൈബ്രറിക്ക് പ്രത്യേക മുറിയും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തുന്നമുറയ്ക്ക് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി നിർദ്ദേശിച്ച പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

58. ലൈബ്രറിക്കായി ഉപയോഗിച്ചിരുന്ന മുറിയും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഓഫീസ് മുറിയും അടുത്തടുത്ത മുറികളിലായിരുന്നു നേരത്തെ പ്രവർത്തിച്ചിരുന്നത്. എന്നാൽ ഇപ്പോൾ തൊഴിലുറപ്പ് പദ്ധതി ഓഫീസിന്റെ പുതിയ കെട്ടിടത്തിൽ നിന്ന് ലൈബ്രറിയിലേക്ക് കയറാവുന്ന വിധത്തിൽ കെട്ടിടത്തിന് മാറ്റം വരുത്തുകയും

ഇപ്പോൾ രണ്ട് മുറികളും ലൈബ്രറിയുടെ ആവശ്യത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. ആയത് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതിനായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് 9-5-2016-ന് ബി.2-4411/16 നമ്പരായി സെക്രട്ടറി കത്ത് നൽകിയിട്ടുണ്ടെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങളിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

59. ഗ്രാമപഞ്ചായത്തിന്റെ പഴയ കെട്ടിടത്തിൽ ലൈബ്രറിക്ക് പ്രത്യേക മുറി ഏർപ്പെടുത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി ഓഫീസിനുവേണ്ടി ഉപയോഗിച്ചിരുന്ന മുറിയും കൂടി ഇപ്പോൾ ലൈബ്രറിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ട്. പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ലൈബ്രറിയിലുള്ളത്. പത്ര-മാസികകളും റഫറൻസ് പുസ്തകങ്ങളും ലൈബ്രറിയിൽ വെച്ച് വായിക്കുന്നതിന് ഫർണിച്ചർ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ഒരു പാർട്ട്ടൈം ലൈബ്രേറിയന്റെ സേവനം ലൈബ്രറിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

60. **തിരൂർ മുനിസിപ്പാലിറ്റി**: എം.പി. ഫണ്ടുപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിലാണ് ലൈബ്രറി പ്രവർത്തിക്കുന്നതെന്നും 2014 ജനുവരി ഒന്ന് മുതൽ ലൈബ്രേറിയനെ നിയമിച്ചിട്ടുണ്ടെന്നും കമ്പ്യൂട്ടർ ഉപയോഗയോഗ്യമാണെന്നുമുള്ള മുൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

61. **പുൽപ്പള്ളി**: ഗ്രാമപഞ്ചായത്തിൽ പാർട്ട്-ടൈം ലൈബ്രേറിയൻ തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുകയാണെന്നും 56 അംഗങ്ങൾ പുതിയതായി ചേർന്നിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. എന്നാൽ, പഞ്ചായത്തിൽ നിലവിൽ ലൈബ്രേറിയൻ തസ്തികയില്ലെന്നും ടി തസ്തിക അനുവദിച്ച് കിട്ടുന്നതിന് അപേക്ഷിച്ചിട്ടുണ്ടെന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഓഡിറ്റ് വകുപ്പ് അറിയിച്ചു. നേരത്തെയുണ്ടായിരുന്ന ലൈബ്രേറിയൻ ഫുൾടൈം സ്വീപ്പറായിപ്പോയതുമുതൽ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്നും ടി തസ്തികയിൽ നിയമനം നടത്തുന്നതിലേക്കായി 2010-ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് കത്ത് അയച്ചിരുന്നുവെങ്കിലും നാളിതുവരെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ലെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പാർട്ട്-ടൈം ലൈബ്രേറിയൻ തസ്തികയിലേക്ക് ക്ലാസ് III ജീവനക്കാരെയാണ് നിയമിക്കേണ്ടതെങ്കിലും ടി പഞ്ചായത്തിലെ പാർട്ട്-ടൈം ലൈബ്രേറിയന് ഫുൾടൈം സ്വീപ്പറായി പ്രൊമോഷൻ നൽകുന്നതരത്തിലുള്ള ലിസ്റ്റാണോ കൊടുക്കേണ്ടത് എന്നത് സംബന്ധിച്ച് എംപ്ലോയ്മെന്റ് ഓഫീസർ സർക്കാരിലേക്ക് ക്ലാരിഫിക്കേഷൻ ചോദിച്ചിരിക്കുകയാണെന്നും അതിന് മറുപടി ലഭിച്ചിട്ടില്ലെന്നുമാണ് അറിയിച്ചിട്ടുള്ളതെന്നും

പഞ്ചായത്ത് സെക്രട്ടറി കൂട്ടിച്ചേർത്തു. ഇക്കാര്യത്തിൽ അപാകത സംഭവിച്ചതായി സമിതി വിലയിരുത്തി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് 5 വർഷത്തിന് ശേഷവും ലിസ്റ്റ് ലഭിക്കാതിരുന്നിട്ടും പഞ്ചായത്ത് നടപടി സ്വീകരിക്കാതിരുന്നത് വീഴ്ചയാണെന്ന് വിലയിരുത്തിയ സമിതി ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിച്ചു. അതോടൊപ്പം, ലിസ്റ്റ് ആവശ്യപ്പെട്ട് 5 വർഷത്തിന് ശേഷവും മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് എംപ്ലോയ്മെന്റ് ഓഫീസറിൽ നിന്നും വിശദീകരണം ആവശ്യപ്പെടുന്നതിനും സമിതി തീരുമാനിച്ചു.

സമിതി നിർദ്ദേശിച്ച പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

62. പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം ലൈബ്രേറിയനായിരുന്ന ശ്രീമതി ബിന്ദു. എ. വി. എന്നവർ 6-8-2004 മുതൽ പ്രസവാവധിയിൽ പ്രവേശിക്കുകയും പ്രസ്തുത അവധിയിലിരിക്കെതന്നെ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ എ.2-310/2004 നമ്പർ, 12-10-2004 തീയതിയിലെ ഉത്തരവ് പ്രകാരം ഫുൾടൈം സ്വീപ്പറായി ഉദ്യോഗക്കയറ്റം ലഭിക്കുകയും വയനാട് ജില്ലയിലെ മേപ്പാടി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറിപ്പോവുകയും ചെയ്തു.

63. അതിനുശേഷം ടി തസ്തികയിൽ ജീവനക്കാരില്ലാതിരുന്നതിനാൽ ലൈബ്രറി പ്രവർത്തിച്ചിരുന്നില്ല. തുടർന്ന് 3-7-2010-ലെ 19/2010 നമ്പർ ഭരണസമിതി തീരുമാന പ്രകാരം പാർട്ട്ടൈം ലൈബ്രേറിയൻ തസ്തികയിൽ നിയമനം നടത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ആവശ്യപ്പെടുവാൻ തീരുമാനിക്കുകയും, അതനുസരിച്ച് 19-10-2010-ന് എ.2-17587/10 നമ്പർ കത്ത് പ്രകാരം വയനാട് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് കത്ത് നൽകിയിരുന്നതുമാണ്. ആയതിന്മേൽ തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല.

64. വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17-1-2014-ലെ എ.2-1/2014 നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് വകുപ്പിലെ ഫുൾടൈം കണ്ടിജന്റ് സർവ്വീസ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് സെക്രട്ടറിമാരോട് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് കുറവായതിനാൽ തൽക്കാലം നിയമന നടപടി നിർത്തിവയ്ക്കുവാൻ അന്നത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി ആയത് പ്രവർത്തനക്ഷമമാക്കുന്ന തരത്തിൽ സജ്ജീകരിക്കുവാൻ മുൻ പാർട്ട്ടൈം ലൈബ്രേറിയനായിരുന്നതും, ഇപ്പോൾ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഫുൾടൈം

സ്വീപ്പറായി ജോലി ചെയ്തു വരുന്നതുമായ ശ്രീമതി ബിന്ദു. എ.വി.-യെ ചുമതലപ്പെടുത്തുകയും ആയത് പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതായും നിലവിൽ 3500-റോളം പുസ്തകങ്ങൾ ലൈബ്രറിയിൽ നിലവിലുള്ളതായും പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിലെ 21-12-2015 തീയതിയിലെ ഓഫീസ് ഉത്തരവ് നമ്പർ 48/2015 പ്രകാരം ഫുൾടൈം സ്വീപ്പറായ ശ്രീമതി ബിന്ദു. എ. വി.-യെ ലൈബ്രറി തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അധിക ചുമതല നൽകി ഉത്തരവായിട്ടുള്ളതും ആയത് പ്രകാരം എല്ലാ ദിവസവും ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 6 മണി വരെ ലൈബ്രറി തുറന്ന് പ്രവർത്തിച്ചുവരുന്നുണ്ടെന്നും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങളിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

65. **പുൽപ്പള്ളി**: ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23-12-2014-ലെ 8/2014 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം ലൈബ്രേറിയൻ തസ്തിക പുനഃസ്ഥാപിക്കുന്നതിന് 20-5-2015-ലെ എ.2-17587/2010 കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തരം പഞ്ചായത്ത് ഡയറക്ടറോട് അപേക്ഷിച്ചുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21-8-2015-ലെ 12/15 തീരുമാനപ്രകാരവും പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ പാർട്ട്ടൈം ലൈബ്രേറിയൻ തസ്തിക പുനഃസ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതിന് തീരുമാനമെടുത്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ല. ലൈബ്രറി, പഞ്ചായത്തിന്റെ മുകൾനിലയിലെ റൂമിൽ 3355 പുസ്തകങ്ങളോടെ 36 അംഗങ്ങളുമായി ചെറിയ രീതിയിൽ പ്രവർത്തിക്കുന്നു.

66. **മേപ്പയൂർ**: ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ നിയമാവലി അംഗീകാരത്തിനായി പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിലേക്ക് അയച്ചുകൊടുത്തിരിക്കുകയാണെന്നും ലൈബ്രറിയിൽ 72 പേർ അംഗങ്ങളായുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു ലൈബ്രറി കെട്ടിടത്തിന് ചോർച്ചയുണ്ടെന്നും സ്ഥലവാസികളുടെ സഹായത്തോടെയാണ് കെട്ടിടം റീ-വയറിംഗ് ചെയ്തിരിക്കുന്നതെന്നും ഓഡിറ്റ് വകുപ്പ് അറിയിച്ചു പഞ്ചായത്ത് ഭരണ സമിതിയുമായി ബന്ധപ്പെട്ട് ലൈബ്രറി കെട്ടിടത്തിന്റെ ചോർച്ച തീർക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും ഓരോ വാർഡിൽനിന്നും വായനയിൽ താൽപ്പര്യമുള്ളവരെ കണ്ടെത്തി ലൈബ്രറിയിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അതോടൊപ്പം ലൈബ്രറി നിയമാവലിക്ക് സർക്കാരിൽ നിന്നുള്ള അംഗീകാരം നേടിയും ന്യൂനതകൾ പരിഹരിച്ചും ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശിച്ച പ്രകാരം തദ്ദേശസ്വയംഭരണ വകപ്പിൽ നിന്നും ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

67. മേപ്പയൂർ ഗ്രാമപഞ്ചായത്ത് മഞ്ഞുംഭാഗം ഗ്രാമോദയം വായനശാലയുടെ ചോർച്ച മാറ്റുന്നതിനായി 2016-17 പദ്ധതി വർഷത്തിൽ തനതു ഫണ്ടിൽനിന്നും 75,000 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ച് ആയതു ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

68. മേപ്പയൂർ ഗ്രാമപഞ്ചായത്ത് പബ്ലിക് ലൈബ്രറി & റീഡിംഗ് റൂമിന് ഭരണസമിതി 12-12-2014(1) നമ്പർ തീരുമാനപ്രകാരം കരട് ബൈലോ അംഗീകരിക്കുകയും 2015 ഫെബ്രുവരി 23-ന് നടന്ന ഭരണ സമിതി യോഗത്തിൽ 39/15 നമ്പർ തീരുമാനപ്രകാരം ബൈലോ അന്തിമമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും കോഴിക്കോട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം അറിയിക്കുന്നു.

തദ്ദേശസ്വയംഭരണ വകപ്പ് ലഭ്യമാക്കിയ അധികവിവരങ്ങളിന്മേലുള്ള ഓഡിറ്റ് വകപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

69. മേപ്പയൂർ ഗ്രാമപഞ്ചായത്തിലെ മഞ്ഞുംഭാഗം ഗ്രാമോദയ പബ്ലിക് ലൈബ്രറി, റീഡിംഗ് റൂം എന്നിവ 19-5-2017-ന് ഓഡിറ്റ് നേരിൽ പോയി പരിശോധിച്ചു. പ്രസ്തുത കെട്ടിടത്തിന്റെ ചോർച്ച മാറ്റുന്നതിന്റെ ഭാഗമായി മേൽക്കൂരയിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. കെട്ടിടം പെയിന്റ് ചെയ്യുകയും വൈദ്യുതീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 1343 പുസ്തകങ്ങൾ ഉള്ള ലൈബ്രറിയിൽ 40 സ്ഥിരം അംഗങ്ങളാണുള്ളത്. ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ പ്രതിദിനം 5-നും 10-നും ഇടയിൽ പുസ്തകങ്ങൾ വിതരണം ചെയ്തുവരുന്നു. ലൈബ്രറിയിൽ പത്രങ്ങൾ, ആഴ്ചപ്പതിപ്പ് എന്നിവ ലഭ്യമാണ്. ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ലൈബ്രറിയുടെ നിയമാവലിക്ക് സർക്കാരിൽനിന്നും അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

70. **രാമനാട്ടുകര**: നിലവിൽ മുനിസിപ്പാലിറ്റിയാണെന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പാർട്ട്-ടൈം ലൈബ്രേറിയനെ നിയമിച്ചിട്ടുണ്ടെന്നും നിയമാവലി സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും സെക്രട്ടറി അറിയിച്ചു. പ്രസ്തുത നിയമാവലിക്ക് സർക്കാരിൽ (നഗരകാര്യ വകപ്പ്) നിന്നുള്ള അംഗീകാരം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശിച്ച പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

71. പാർട്ട്ടൈം ലൈബ്രേറിയന്റെ ഉത്തരവാദിത്വത്തിൽ ലൈബ്രറി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ലൈബ്രറി പ്രവർത്തനത്തിന്റെ ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ചില ന്യൂനതകൾ പരിഹരിക്കുന്നതിന് തിരികെ അയച്ചു. ഈ വിഷയം ഭരണസമിതിയിൽ ചർച്ച ചെയ്ത് ന്യൂനത പരിഹരിക്കുന്നതിനിടയിലാണ് രാമനാട്ടുകര പഞ്ചായത്ത് നഗരസഭയായി മാറ്റപ്പെട്ടത്. ആയതിനാൽ നഗരസഭാ നിയമാവലി പ്രകാരം ഗ്രന്ഥശാല ബൈലോ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി രാമനാട്ടുകര നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങളിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

72. **രാമനാട്ടുകര**: ഗ്രാമപഞ്ചായത്തായിരുന്നപ്പോൾ ലൈബ്രറിക്ക് ബൈലോ തയ്യാറാക്കി ഭരണസമിതിയുടെ 28-4-2015-ലെ 9-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച്, 16-5-2015 തീയതി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. രാമനാട്ടുകര നിലവിൽ നഗരസഭയായി മാറിയിട്ടുള്ളതിനാൽ നഗരസഭയുടെ നിയമപ്രകാരമുള്ള പുതിയ ബൈലോ തയ്യാറാക്കി വിദ്യാഭ്യാസ-കലാ-സാംസ്കാരിക സ്ഥിരം സമിതിയിൽ സമർപ്പിച്ചിട്ടുണ്ട്. 21-10-2017-ലെ സമിതി തീരുമാനമനുസരിച്ച് വിഷയം കൗൺസിലിലേയ്ക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്നും കൗൺസിൽ അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

73. **ചിറ്റാരിപറമ്പ്**: ഗ്രാമപഞ്ചായത്തിലെ ലൈബ്രറി, ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ളതാണെന്നും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറിയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായി ഓഡിറ്റ് വകുപ്പും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

74. **പൊന്നാനി നഗരസഭ**: താൽക്കാലിക ലൈബ്രേറിയനെ നിയമിച്ച് ലൈബ്രറി പ്രവർത്തിക്കുന്നുണ്ടെന്നും സ്ഥിരമായി ഒരു തസ്തിക അനുവദിച്ചാൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുമെന്നുള്ള മുൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

75. വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ഉണ്ടെങ്കിലും പുതിയ പുസ്തകങ്ങളുടെയും ആധുനിക സൗകര്യങ്ങളുടെയും ലൈബ്രേറിയന്റെയും അഭാവത്താലും കെട്ടിടങ്ങളുടെ ശോച്യാവസ്ഥ മൂലവും പലതും തകർച്ച നേരിടുകയാണെന്ന് സമിതി വിലയിരുത്തി.

76. എല്ലാത്തരം ആളുകളെയും ലൈബ്രറിയിലേയ്ക്ക് ആകർഷിക്കുംവിധം ഇന്റർനെറ്റ് സൗകര്യംകൂടി ഏർപ്പെടുത്തി ലൈബ്രറികൾ ആധുനികവൽക്കരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കാലത്തിനനുസരിച്ച് ലൈബ്രറികളും മാറണമെന്നും വൈഫൈ പോലെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ കൂടുതൽ ആളുകളെ ലൈബ്രറിയിലേക്ക് ആകർഷിക്കുവാൻ കഴിയുമെന്നും സമിതി അഭിപ്രായപ്പെട്ടു. ലൈബ്രറി കൗൺസിലിന്റെ കീഴിൽ പൊതുജനങ്ങൾ നടത്തുന്ന ലൈബ്രറികൾ നന്നായി പ്രവർത്തിക്കുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി എം.പി. ഫണ്ടുപയോഗിച്ച് ലൈബ്രറികൾക്ക് കമ്പ്യൂട്ടർ നൽകുന്നത് പോലെ എം.എൽ.എ. ഫണ്ടുപയോഗിച്ച് ലൈബ്രറികൾക്ക് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ളവ നല്കി ആധുനികവൽക്കരിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യു. ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾ അറ്റകുറ്റപ്പണി നടത്തി ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം സമിതിയെ അറിയിക്കുകയും ചെയ്യണമെന്ന് സമിതി അറിയിച്ചു.

77. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലുള്ള ലൈബ്രറികളുടെ പ്രവർത്തനം നാമമാത്രമാണെന്ന ഓഡിറ്റിന്റെ നിരീക്ഷണം ഗൗരവമായി വീക്ഷിച്ച സമിതി, വ്യക്തമായ നിയമാവലിയും നടത്തിപ്പ് കമ്മിറ്റിയുമില്ലാതെ നാഥനില്ലാത്ത അവസ്ഥയിലേയ്ക്ക് ലൈബ്രറികൾ മാറുന്ന സ്ഥിതി അംഗീകരിക്കുവാനാകില്ലെന്ന് അഭിപ്രായപ്പെട്ടു. ആയതിനാൽ സാംസ്കാരിക സ്ഥാപനം എന്ന നിലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള മുഴുവൻ ലൈബ്രറികളെ സംബന്ധിച്ചും വകുപ്പ് അവലോകനം നടത്തി അവയുടെ നടത്തിപ്പിന് വിശദമായ മാർഗ്ഗരേഖ നൽകണമെന്ന് സമിതി ശിപാർശ ചെയ്യു.

78. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട 20-1-2016-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ടതും മേൽ ഖണ്ഡികകളിൽ പരാമർശിച്ചിരിക്കുന്നതുമായ അധികവിവരങ്ങൾക്ക് ഭരണ വകുപ്പിൽ നിന്ന് യഥാസമയം മറുപടി ലഭ്യമാക്കാത്തതിനാലും സമിതി പൊതുവായി ആവശ്യപ്പെട്ട അധികവിവരങ്ങൾക്ക് ആലുവ നഗരസഭയിലെ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തി ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാലും 2-11-2017-ലെ യോഗത്തിൽ സമിതി വകുപ്പ് സെക്രട്ടറിയിൽ നിന്നും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുത്തിരുന്നു.

2-11-2017-ലെ യോഗ നടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

79. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സാംസ്കാരിക നിലയങ്ങളുടെയും ലൈബ്രറികളുടെയും നടത്തിപ്പ് സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ സംസ്ഥാനത്തെ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സാംസ്കാരിക നിലയങ്ങളും ലൈബ്രറികളുമെല്ലാം പണികഴിപ്പിച്ചിരുന്നുവെങ്കിലും അവ നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ അനുബന്ധ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ നിർവ്വഹിച്ചിരുന്നില്ലെന്നും അതിനാൽ നിലവിൽ അത് സംബന്ധിച്ച് സർക്കാർ തലത്തിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നും വിവിധ നഗരസഭകളിലായി 66 ലൈബ്രേറിയന്മാരുടെ തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

80. മുൻകാലങ്ങളിൽ നഗരസഭകളുടെ കീഴിലുള്ള പല ലൈബ്രറികളിലും ലൈബ്രേറിയൻ തസ്തികകൾ ഒഴിഞ്ഞുകിടന്നിരുന്നതിനാൽ പ്രസ്തുത ലൈബ്രറികൾ തുറക്കുന്നതും പുസ്തകം വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള മറ്റെല്ലാ കാര്യങ്ങളും നോക്കിയിരുന്നതും വർക്ക് അറേഞ്ച്മെന്റിൽ ചുമതലപ്പെടുത്തുന്ന ജീവനക്കാരായിരുന്നുവെന്നും എന്നാൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ നഗരസഭകൾക്ക് കീഴിലുമുള്ള ലൈബ്രറികളിലെ ലൈബ്രേറിയൻ തസ്തികകളിലും നിയമനം നടത്തിയിട്ടുണ്ടെന്നും ഇനി മൂന്ന് ഒഴിവുകൾ മാത്രമാണ് നികത്തുവാനുള്ളതെന്നും നിലവിൽ ലൈബ്രറി ബൈലോ തയ്യാറാക്കി ഒരു അഡീഷണൽ ജീവനക്കാരനെ നിയമിച്ച് നഗരസഭകൾക്ക് പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നുണ്ടെങ്കിലും പുതിയ പുസ്തകങ്ങൾ വാങ്ങുന്നതിലും അവ സൂക്ഷിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിലും കുറച്ച് പോരായ്മകൾ ഇനിയും പരിഹരിക്കേണ്ടതായി ഉണ്ടെന്നും നഗരകാര്യ ജോയിന്റ് ഡയറക്ടർ സമിതിയിൽ ബോധിപ്പിച്ചു.

81. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികളുടെ പ്രവർത്തനത്തിനായി തനത് ഫണ്ടിൽനിന്നും പ്ലാൻ ഫണ്ടിൽനിന്നും തുക വകയിരുത്തുവാൻ കഴിയുമെങ്കിലും, മിക്ക ലൈബ്രറികളും ഗ്രന്ഥശാലാ സംഘത്തിന്റെ അഫിലിയേഷൻ ഉള്ളവയായതിനാൽ സംഘത്തിൽ നിന്നുള്ള കോൺട്രിബ്യൂഷൻ ലഭിക്കുന്നുണ്ടെങ്കിൽകൂടിയും പ്രസ്തുത ലൈബ്രറികളിൽ ആവശ്യത്തിന് പുസ്തകങ്ങൾ വാങ്ങുകയോ പുസ്തകങ്ങൾ നല്ല രീതിയിൽ സൂക്ഷിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്യുന്നില്ലെന്ന് നിരീക്ഷിച്ച സമിതി ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് സംബന്ധിച്ച് വകുപ്പ് തലത്തിൽ സമഗ്രമായ അവലോകനംനടത്തി അവ ഉചിതമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

82. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെകീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികളുടെയും സാംസ്കാരിക കേന്ദ്രങ്ങളുടെയും നടത്തിപ്പ് സംബന്ധിച്ച ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച 20-1-2016-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് നാളിതുവരെ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതായി സമിതി ചൂണ്ടിക്കാട്ടിയപ്പോൾ പ്രസ്തുത അധികവിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ഉറപ്പ് നൽകി.

നിഗമനങ്ങൾ/ശിപാർശകൾ

83. കുന്നുകാൽ പോലെയുള്ള വലിയ ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് ലൈബ്രറിയുടെ ശോചനീയമായ പ്രവർത്തനത്തിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി ഇന്റർനെറ്റ് സംവിധാനം, ഡിജിറ്റൽ ലൈബ്രറി, കുട്ടികൾക്കുള്ള പുസ്തകങ്ങൾ, ഫർണിച്ചർ തുടങ്ങിയവയെല്ലാം ഏർപ്പെടുത്തി ലൈബ്രറിയുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന വീഴ്ചകളെ സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. ഇത്തരം വീഴ്ചകൾക്കെതിരെ ഭരണവകുപ്പ് കർശന നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, കുന്നുകാൽ ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട സമിതി നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന സമിതിയിൽ ഹാജരാക്കണമെന്നും സമിതി നിഷ്കർഷിക്കുന്നു.

84. കൊല്ലം നഗരസഭയുടെ കീഴിലുള്ള ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും ലൈബ്രറികളിൽ പുതുതായി ആരും അംഗത്വം എടുക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. കൂടുതൽ ആളുകളെ ലൈബ്രറിയിലേയ്ക്ക് ആകർഷിക്കുംവിധം ഇന്റർനെറ്റ് സൗകര്യംകൂടി ഏർപ്പെടുത്തി ലൈബ്രറികൾ ആധുനികവത്കരിക്കണമെന്നും ലൈബ്രേറിയൻ തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തണമെന്നുമുള്ള നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

85. ആലപ്പുഴ നഗരസഭയുടെ കീഴിലുള്ള മുനിസിപ്പൽ ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുന്നു.

86. ചങ്ങനാശ്ശേരി നഗരസഭയുടെ കീഴിലുള്ള ലൈബ്രറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് ന്യൂനതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്ന മുനിസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

87. രാമപുരം ഗ്രാമപഞ്ചായത്തിൽ ലൈബ്രറികളുടെ നടത്തിപ്പിനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും എല്ലാ മാസവും കമ്മിറ്റികൂടി റിവ്യൂ നടത്തുന്നുണ്ടെന്നും ലൈബ്രറി നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെയും പരാമർശം ഒഴിവാക്കാവുന്നതാണെന്ന ഓഡിറ്റ് വകുപ്പിന്റെ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

88. മണിമല ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വായനാമുറി സജ്ജമാക്കി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിൽ നിന്നും യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചിട്ടില്ല. മണിമല ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട സമിതി നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കി ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

89. ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് ലൈബ്രറി സ്ഥിതി ചെയ്യുന്നത് തമിഴ് തോട്ടം മേഖലയിലാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ലൈബ്രറിയിൽ തമിഴ് പുസ്തകങ്ങൾ, ഇന്റർനെറ്റ് സംവിധാനം തുടങ്ങിയ സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണെന്നും ആയതിന്റെ പൂർത്തീകരണത്തോടെ പഞ്ചായത്ത് ഓഫീസിൽ ആധുനിക രീതിയിലുള്ള ലൈബ്രറി സംവിധാനം ആരംഭിക്കുന്നതാണെന്നും സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കി സമിതി നിർദ്ദേശിച്ച പ്രകാരമുള്ള സൗകര്യങ്ങളോടെ ലൈബ്രറി സംവിധാനം ആരംഭിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

90. കൊച്ചി നഗരസഭയുടെ കീഴിലുള്ള വൈറ്റില സോണൽ ലൈബ്രറിയിലെ ലൈബ്രേറിയൻ തസ്തികയിലെ ഒഴിവ് നികത്തുന്നതുമായി ബന്ധപ്പെട്ട്

ലൈബ്രേറിയൻ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി താല്ക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള അഭിമുഖം നടക്കുകയാണെന്നും എത്രയും വേഗം പ്രസ്തുത നടപടി പൂർത്തിയാക്കുന്നതാണെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിക്ക് ഉറപ്പു നല്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ലൈബ്രേറിയൻ തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

91. ആലുവ നഗരസഭയുടെ കീഴിലുള്ള കുറ്റിപ്പുഴ സ്മാരക ഗ്രന്ഥശാലാ കെട്ടിടത്തിന്റെ താഴത്തെ നിലയിലെ മുറികൾ ചോർന്നൊലിക്കുന്നതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന് വിരുദ്ധമായാണ് നഗരസഭാ സെക്രട്ടറി തെളിവെടുപ്പ് യോഗത്തിൽ മറുപടി നല്കിയതെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് നല്കണമെന്ന് നഗരകാര്യ ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ലൈബ്രറി കെട്ടിടത്തിന്റെ താഴത്തെ നിലയിലെ ചോർച്ച പൂർണ്ണമായും പരിഹരിച്ചതായും, എന്നാൽ ലൈബ്രറിക്കാവശ്യമായ പ്രത്യേക ലൈബ്രറി സോഫ്റ്റ്വെയർ നാളിതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ലാത്തതായും നിലവിലും സ്റ്റോക്ക് എടുക്കൽ നടന്നിട്ടില്ലാത്തതായും അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ലൈബ്രറിക്കാവശ്യമായ പ്രത്യേക ലൈബ്രറി സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിനും സ്റ്റോക്ക് എടുക്കൽ നടത്തുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖാന്തരം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

92. താനൂർ ഗ്രാമപഞ്ചായത്ത് ലൈബ്രറിയുമായി ബന്ധപ്പെട്ട ഓഡിറ്റ് ന്യൂനതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

93. വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ലൈബ്രറിയ്ക്കായി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വായനാമുറി ഒരുക്കിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയോഗത്തിൽ അറിയിച്ചിരുന്നുവെങ്കിലും ഇതിന് വിരുദ്ധമായാണ് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് നൽകിയിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി ആയതിന്റെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം സംസ്ഥാന

ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിന്റെ പഴയ കെട്ടിടത്തിൽ ലൈബ്രറിയ്ക്കായി പ്രത്യേകമുറി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ലൈബ്രറിയിലുള്ളതെന്നും പുസ്തകങ്ങളും മറ്റും ലൈബ്രറിയിൽവച്ച് വായിക്കുന്നതിനാവശ്യമായ ഫർണിച്ചർ സൗകര്യം ഏർപ്പെടുത്തിയിട്ടില്ലാത്തതായും അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഫർണിച്ചർ, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി കൂടുതൽ അംഗങ്ങളെ ചേർത്ത് ലൈബ്രറി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

94. തിരൂർ നഗരസഭയുടെ കീഴിലുള്ള ലൈബ്രറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങളെല്ലാം പരിഹരിച്ചിട്ടുണ്ടെന്ന മുനിസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

95. പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ തസ്തികയിലേക്കുള്ള നിയമനത്തിനായി 2010-ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് അയച്ച കത്തിന് അഞ്ച് വർഷങ്ങൾക്കുശേഷവും മറുപടി ലഭിക്കാതിരുന്നിട്ടും തുടർനടപടികൾ സ്വീകരിക്കാതിരുന്ന ഗ്രാമപഞ്ചായത്തധികൃതരുടെ നിരുത്തരവാദപരമായ നിലപാടിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി ആയത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ അന്വേഷിച്ച് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു.

96. സമിതി നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 6-11-2017 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം ലൈബ്രേറിയൻ തസ്തിക പുനഃസ്ഥാപിക്കുന്നതിനായി 20-5-2015-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് അപേക്ഷിച്ചിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ലാത്തതായും തുടർന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21-8-2015-ലെ തീരുമാനപ്രകാരം പ്രസ്തുത തസ്തിക പുനഃസ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതായും അറിയിച്ചിരിക്കുന്നു. എന്നാൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഫുൾടൈം സ്വീപ്പറിന് അധികചുമതല നൽകി നിലവിൽ ലൈബ്രറി പ്രവർത്തിച്ചുവരുന്നതായി ഭരണവകുപ്പിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

97. ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ തസ്തികയുടെ പുനഃസ്ഥാപനത്തിനായി 2015-ൽ അയച്ച കത്തിന് മൂന്ന് വർഷങ്ങൾക്കുശേഷവും മറുപടി ലഭ്യമാക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യാത്ത പഞ്ചായത്ത് ഡയറക്ടറുടെ നിലപാടിൽ സമിതിക്ക് യാതൊരു ന്യായീകരണവും കാണുവാൻ സാധിക്കുന്നില്ല. പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ തസ്തിക പുനഃസ്ഥാപിച്ച് രണ്ടു മാസത്തിനുള്ളിൽ ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുന്നു.

98. മേപ്പയ്യൂർ ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് ന്യൂനതകളെല്ലാം പരിഹരിച്ചും ലൈബ്രറി നിയമാവലിക്ക് സർക്കാരിൽ നിന്നുള്ള അംഗീകാരം നേടിയും റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ലൈബ്രറി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതായും ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ലൈബ്രറിയുടെ നിയമാവലിക്ക് സർക്കാരിൽ നിന്നുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഗ്രന്ഥശാലാ നിയമാവലിക്ക് സർക്കാരിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99. രാമനാട്ടുകര നഗരസഭയുടെ കീഴിലുള്ള ലൈബ്രറിയുടെ പ്രവർത്തനത്തിനായുള്ള നിയമാവലിക്ക് നഗരകാര്യ വകുപ്പിൽനിന്നും അംഗീകാരം ലഭ്യമാക്കി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശമനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിൽ സമിതി നിർദ്ദേശപ്രകാരം ലൈബ്രറി പ്രവർത്തനത്തിനായുള്ള ബൈലോ തയ്യാറാക്കി വിദ്യാഭ്യാസ-കലാ-സാംസ്കാരിക സ്ഥിരം സമിതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും സമിതി തീരുമാനപ്രകാരം പ്രസ്തുത വിഷയം കൗൺസിലിലേക്ക് ശിപാർശ ചെയ്തിട്ടുള്ളതായും കൗൺസിൽ അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഗ്രന്ഥശാലാ നിയമാവലിക്ക് സർക്കാരിൽനിന്നുള്ള അംഗീകാരം ലഭ്യമാക്കി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

100. ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് ലൈബ്രറി എല്ലാ സൗകര്യ ങ്ങളോടെയും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതായുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

101. പൊന്നാനി നഗരസഭയിൽ താൽക്കാലിക ലൈബ്രേറിയനെ നിയമിച്ച് ലൈബ്രറി പ്രവർത്തിക്കുന്നുണ്ടെന്നും സ്ഥിരമായി ഒരു തസ്തിക അനുവദിച്ചാൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിയുമെന്നുമുള്ള മുനിസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പൊന്നാനി നഗരസഭയിൽ ഒരു സ്ഥിരം ലൈബ്രേറിയൻ തസ്തിക അനുവദിക്കണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നതോടൊപ്പം പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

പൊതുശിപാർശകൾ

102. വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ഉണ്ടെങ്കിലും പുതിയ പുസ്തക ങ്ങളുടെയും ആധുനിക സൗകര്യങ്ങളുടെയും ലൈബ്രേറിയന്റെയും അഭാവത്താലും കെട്ടിടങ്ങളുടെ ശോച്യാവസ്ഥമൂലവും പലതും തകർച്ച നേരിടുകയാണെന്ന് സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രസ്തുത ലൈബ്രറികളിലെ അംഗസംഖ്യ നാൾക്കുനാൾ കുറഞ്ഞുവരുന്നതായും പുതുതായി അംഗത്വം എടുക്കുന്നവരുടെ എണ്ണം തുലോം കുറവാണെന്നും സമിതി മനസ്സിലാക്കുന്നു. കാലത്തിനനുസരിച്ച് ലൈബ്രറികളും മാറണമെന്നതിനാലും കൂടുതൽ ആളുകളെ ലൈബ്രറികളിലേക്ക് ആകർഷിക്കുവാൻ കഴിയുമെന്നതിനാലും ഇന്റർനെറ്റ്, വൈഫൈ തുടങ്ങിയ സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി ലൈബ്രറികൾ ആധുനികവൽക്കരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

103. ലൈബ്രറി കൗൺസിലിന്റെ കീഴിൽ പൊതുജനങ്ങൾ നടത്തുന്ന ലൈബ്രറികൾ നന്നായി പ്രവർത്തിക്കുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി എം.പി. ഫണ്ടുപയോഗിച്ച് ലൈബ്രറികൾക്ക് കമ്പ്യൂട്ടർ നൽകുന്നതുപോലെ എം.എൽ.എ. ഫണ്ടുപയോഗിച്ച്

ലൈബ്രറികൾക്ക് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ളവ നല്കി ആധുനികവൽക്കരിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾ അറ്റകുറ്റപ്പണി നടത്തി ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

104. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലുള്ള ലൈബ്രറികളുടെ പ്രവർത്തനം നാമമാത്രമാണെന്ന ഓഡിറ്റിന്റെ നിരീക്ഷണം ഗൗരവമായി വീക്ഷിച്ച സമിതി, സാംസ്കാരിക സ്ഥാപനം എന്ന നിലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള മുഴുവൻ ലൈബ്രറികളെ സംബന്ധിച്ചും വകുപ്പ് അവലോകനം നടത്തി അവയുടെ നടത്തിപ്പിന് വിശദമായ മാർഗ്ഗരേഖ നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ 22-12-2015, 2-11-2017 എന്നീ തീയതികളിലെ തെളിവെടുപ്പ് യോഗങ്ങളിൽ സമിതി ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള യാതൊരു നടപടിയും സർക്കാരിന്റെയോ നഗരകാര്യ വകുപ്പിന്റെയോ ഭാഗത്തുനിന്നും നാളിതുവരെ ഉണ്ടായിട്ടില്ലാത്തതായി സമിതിക്ക് ബോദ്ധ്യമാകുന്നു. സമിതി നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥർ കാണിക്കുന്ന അനാസ്ഥയെ കുറ്റകരമായ കൃത്യവിലോപമായി മാത്രമേ സമിതിക്ക് വീക്ഷിക്കാനാകൂ. ഇത് നിയമസഭാ സമിതിയോട് കാണിക്കുന്ന തികഞ്ഞ അനാദരവായി സമിതി കണക്കാക്കുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ടതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം ആയവ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

105. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികളുടെ പ്രവർത്തനത്തിനായി തനത് ഫണ്ടിൽനിന്നും പ്ലാൻ ഫണ്ടിൽനിന്നും തുക വകയിരുത്തുവാൻ കഴിയുമെങ്കിലും, മിക്ക ലൈബ്രറികളും ഗ്രന്ഥശാലാ സംഘത്തിന്റെ അഫിലിയേഷൻ ഉള്ളവയാണെന്നതിനാൽ സംഘത്തിൽ നിന്നുള്ള കോൺട്രിബ്യൂഷൻ ലഭിക്കുന്നുണ്ടെങ്കിൽക്കൂടിയും പ്രസ്തുത ലൈബ്രറികളിൽ ആവശ്യത്തിന് പുസ്തകങ്ങൾ വാങ്ങുകയോ പുസ്തകങ്ങൾ നല്ല രീതിയിൽ സൂക്ഷിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്യുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് സംബന്ധിച്ച് ഭരണവകുപ്പ് തലത്തിൽ സമഗ്രമായ അവലോകനം

നടത്തി അവ ഉചിതമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു. കൂടാതെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള ലൈബ്രേറിയൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചും റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധി

2003-ലെ കേരള മുനിസിപ്പാലിറ്റി/കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം-3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതം അനുഭവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരന്തനിവാരണാർത്ഥം അടിയന്തര ധനസഹായം നൽകുന്നതിനായി ഓരോ നഗരസഭ/ ഗ്രാമപഞ്ചായത്തിലും ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

ധനശേഖരണാർത്ഥമുള്ള കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും സംഭാവനകൾ സ്വീകരിച്ചും നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണെങ്കിലും വിവാഹം രജിസ്റ്റർ ചെയ്യാൻ എത്തുന്നവരിൽനിന്നും കെട്ടിട നിർമ്മാണ പെർമിറ്റിനായി അപേക്ഷിക്കുന്നവരിൽ നിന്നും നാമമാത്രമായ തുക ഈടാക്കിയാണ് നിധി സ്വരൂപിക്കുന്നത്. എന്നാൽ സമ്മർദ്ദം ചെലുത്തിയോ പ്രലോഭനങ്ങളോ വാഗ്ദാനങ്ങളോ നൽകിയോ തുക സ്വരൂപിക്കാൻ പാടുള്ളതല്ല. നിധിയിലേക്ക് നഗരസഭയുടെ/ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽനിന്നോ സർക്കാരിൽനിന്നോ ലഭിച്ച ഫണ്ടിൽനിന്നോ തുക കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. നിധിയിലേക്ക് നൽകുന്ന സംഭാവനകളിലേക്ക് സെക്രട്ടറി ഒപ്പിട്ട രസീത് നൽകേണ്ടതാണ്. നിധിയുടെ വരവ് ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നതിനായി ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് സൂക്ഷിച്ചു പോരേണ്ടതാണ്. ദുരിതാശ്വാസനിധി ചട്ടങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച് തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ അവലോകനം നടത്തിയതിന്റെ വിശദാംശങ്ങൾ ഇനി പറയുന്നു.

ദുരിതാശ്വാസനിധിയുടെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ പല നഗരസഭകളിലും/ഗ്രാമപഞ്ചായത്തുകളിലും സൂക്ഷിക്കുന്നില്ല. 28-5-2005 മുതൽ കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് സംഭാവനകൾ സ്വീകരിക്കുന്നുണ്ടെങ്കിലും ലഭിച്ച സംഭാവനകൾക്ക് സെക്രട്ടറി ഒപ്പിട്ട രസീത്

നൽകിയിട്ടില്ല. 23-5-2011 മുതൽ മാത്രമാണ് അപ്രകാരം രസീത് നൽകിയിട്ടുള്ളത്. കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിൽ നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകളും സംഭാവനകൾ നൽകിയവരുടെ പേരുകളും സെക്രട്ടറി പ്രതിമാസ യോഗത്തിൽ അവതരിപ്പിക്കുന്നുണ്ടെങ്കിലും ആയവ സംബന്ധിച്ച കണക്കുകൾ യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും ഗ്രാമസഭകളിൽ അറിയിക്കുകയും ചെയ്യുന്നില്ല.

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി, ഏലംകുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസഹായം നൽകിയിട്ടില്ല. ചട്ടം 3(2) പ്രകാരം നിധിയിലേക്ക് ധനസഹായം നടത്തുന്നതിന് യാതൊരുവിധ നിർബന്ധങ്ങൾ ചെലുത്തുകയോ സമ്മർദങ്ങൾ പ്രയോഗിക്കുകയോ പാടില്ല. എന്നാൽ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന വിവിധ സേവനങ്ങൾക്ക് ദുരിതാശ്വാസനിധിയിലേക്ക് നിശ്ചിത തുക ഈടാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.

ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും അക്കൗണ്ടിലേക്ക് തുകകളൊന്നും വരവ് വന്നിട്ടില്ല:

ജില്ല	സ്ഥാപനം
കോട്ടയം	കുമരകം ഗ്രാമപഞ്ചായത്ത്
വയനാട്	പൊഴുതന ഗ്രാമപഞ്ചായത്ത്
പാലക്കാട്	പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്
കണ്ണൂർ	കണിച്ചാർ ഗ്രാമപഞ്ചായത്ത്

നിധിയിൽനിന്നും ധനസഹായം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ നഗരസഭാദ്ധ്യക്ഷന്/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷകൾ പരിശോധിക്കുന്നതിനായി ഭരണസമിതിയിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗവും സെക്രട്ടറിയും അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. നഗരസഭാദ്ധ്യക്ഷൻ/ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രസ്തുത കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറി കൺവീനറും ആയിരിക്കും. സബ് കമ്മിറ്റിയുടെ അല്ലെങ്കിൽ നഗരസഭാദ്ധ്യക്ഷൻ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ഉത്തരവ് പ്രകാരം സെക്രട്ടറി നിധിയിൽനിന്നും തുക പിൻവലിച്ച് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യേണ്ടതാണ് (ചട്ടം 4).

ചുവടെപ്പറയുന്ന ഗ്രാമപഞ്ചായത്തുകൾ ധനസഹായം നൽകിയതിന് അനുബന്ധമായ വൗച്ചറുകൾ സൂക്ഷിക്കുകയോ വരവ് കണക്കുകൾക്ക് ജി.ഒ. (ആർറ്റി.) 3803/04 തസ്വഭവ. 30-10-2004-ൽ നിഷ്കർഷിച്ച പ്രകാരം ക്യാഷ് ബുക്ക് സൂക്ഷിക്കുകയോ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ, അനുവദിച്ച ധനസഹായം എന്നിവയുടെ വിവരം ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനം	ജില്ല	ധനസഹായം സംബന്ധിച്ച അപാകതകൾ
1	2	3	4
1	പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്	കോട്ടയം	1 ധനസഹായത്തിന് സമർപ്പിച്ച അപേക്ഷകളുടെ വിവരം ലഭ്യമല്ല. 2 ധനസഹായം നൽകുന്നതിന് ചട്ടം 4(3) പ്രകാരമുള്ള സബ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. 3 ധനസഹായം അനുവദിച്ച വൗച്ചറുകൾ, ക്യാഷ് ബുക്ക്, മറ്റു രേഖകൾ, തെളിവുകൾ എന്നിവ സൂക്ഷിക്കുന്നില്ല.
2	മുളക്കുളം ഗ്രാമപഞ്ചായത്ത്		1 വരവ്-ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2 ധനസഹായം ലഭിച്ചവരുടെ പേരു വിവരങ്ങൾ യഥാസമയം സെക്രട്ടറി ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയോ, ഗ്രാമസഭയിൽ അറിയിക്കുകയോ ചെയ്യുന്നില്ല.
3	കടനാട് ഗ്രാമപഞ്ചായത്ത്		തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച അനുബന്ധ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.
4	തിരൂർ നഗരസഭ	മലപ്പുറം	1 ധനസഹായം കൈപ്പറ്റിയവരുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല. 2 ധനസഹായം നൽകിയതിന്റെ കണക്കുകൾ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നില്ല.
5	കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്		അപേക്ഷയില്ലാതെ ധനസഹായം നൽകുന്നു.

1	2	3	4
6	കണ്ണൂർ നഗരസഭ	കണ്ണൂർ	വരവ്-ചെലവ് കണക്കുകൾ എല്ലാമാസവും കൗൺസിലിനു മുമ്പാകെ വയ്ക്കുന്നില്ല.
7	കണിച്ചാർ ഗ്രാമപഞ്ചായത്ത്		1 അപേക്ഷ, അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്തുന്നില്ല. 2 സബ് കമ്മിറ്റിയുടെ യോഗനടപടികളുടെ മിനിട്ട്സ് പുസ്തകം സൂക്ഷിക്കുന്നില്ല.
8	അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്		അപേക്ഷ, അന്വേഷണ റിപ്പോർട്ട്, സബ് കമ്മിറ്റി തീരുമാനം എന്നിവയില്ലാതെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദനീയമായ പരിധി ലംഘിച്ച് തുക നൽകുന്നു.

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിൽ ക്രമവിരുദ്ധമായി ദുരിതാശ്വാസനിധി അക്കൗണ്ടിൽ നിന്നും 10,000 രൂപ മെമ്പർമാർക്ക് വീതിച്ച നൽകാൻ തീരുമാനിച്ചുവെന്ന് 20-4-2011-ലെ പഞ്ചായത്ത് കമ്മിറ്റി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കടനാട് ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസനിധിയിൽനിന്നും ചെലവഴിച്ച 7,965 രൂപ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ചെലവുകളുടെ പരിധിയിൽ വരുന്നില്ല. കാറ്റിലും മഴയിലും കടപുഴകി വീണ മരങ്ങൾ മുറിച്ച മാറ്റിയതിന് 5,000 രൂപയും (1000 + 4000) ഭക്ഷണ ചെലവിന് 1,365 രൂപയും ജനറേറ്ററിന് 600 രൂപയും എന്നിങ്ങനെയാണ് 7,965 രൂപ ചെലവാക്കിയിട്ടുള്ളത്. പ്രകൃതി ദുരന്തത്തോടനുബന്ധിച്ചുള്ള അടിയന്തര ചെലവുകൾ പ്രസിഡന്റിന്റെ അസാധാരണ ചെലവുകളിൽപ്പെടുത്തി ചെയ്യാവുന്നതാണ്. ഇത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ചെലവിന്റെ കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ ചട്ടപ്രകാരം രൂപീകരിച്ചിട്ടുള്ള സബ് കമ്മിറ്റി, ലഭിക്കുന്ന അപേക്ഷകളിന്മേൽ വാർഡ് കൗൺസിലറുടെ ശിപാർശ, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ പരിഗണിച്ചാണ് ധനസഹായം നൽകുന്നത്. രോഗിയുടെ സാമ്പത്തികാവസ്ഥ, രോഗത്തിന്റെ ഗൗരവാവസ്ഥ എന്നിവയ്ക്കും മുൻഗണന നൽകിയാണ് ധനസഹായം അനുവദിക്കുന്നത്. പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ നഗരസഭാ ചെയർമാന്റെയും കൗൺസിൽ അംഗങ്ങളുടെയും സംഭാവനയായ 31,185 രൂപയും നഗരസഭാ സെക്രട്ടറി യുടെയും ജീവനക്കാരുടെയും വിഹിതമായ 23,800 രൂപയുമടക്കം 2010-11 വർഷം അരലക്ഷത്തിലധികം രൂപ സംഭാവനയായി ദുരിതാശ്വാസനിധിയിൽ ലഭിച്ച

കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താവിന്റെ അപേക്ഷ, അന്വേഷണ റിപ്പോർട്ട്, സബ് കമ്മിറ്റി തീരുമാനം എന്നിവയില്ലാതെ 1,300 രൂപ ദുരിതാശ്വാസനിധിയിൽ നിന്നും നൽകിയിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ അപേക്ഷ കൂടാതെയോ അന്വേഷണം നടത്താതെയോ പ്രസിഡന്റിന് അനുവദിക്കാവുന്ന പരമാവധി തുക 500 രൂപയാണ്. അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് 6-7-2009-നുശേഷം ദുരിതാശ്വാസനിധി യിലേക്ക് യാതൊരു വരവും 7-9-2009-നുശേഷം യാതൊരു ചെലവും നടത്തിയിട്ടില്ലാത്തതിനാൽ ഫലത്തിൽ ദുരിതാശ്വാസനിധി നിഷ്ക്രിയമാണ്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ദുരിതാശ്വാസനിധിയെ സംബന്ധിച്ച കണക്കുകളുമായി ബന്ധപ്പെട്ട ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും സംഭാവന നൽകിയവരുടെയും കൈപ്പറ്റിയവരുടെയും പേരു വിവരങ്ങൾ മാസാമാസം കൗൺസിൽ മുമ്പാകെ സമർപ്പിക്കേണ്ടതും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നവർക്ക് സെക്രട്ടറി ഒപ്പിട്ട അച്ചടിച്ച രസീത് നൽകേണ്ടതാണ്. രസീത് പ്രത്യേകം അച്ചടിച്ച് സ്റ്റോക്കിലെടുത്ത് സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ നൽകുന്ന സംഭാവനകൾക്ക് ആദായനികുതി ഇളവുകൾ ലഭിക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 2.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്ന മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച 22-12-2015, 20-1-2016 എന്നീ തീയതികളിലെ യോഗനടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

106. **പനച്ചിക്കാട്:** ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധിയുടെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ള രേഖകൾ സൂക്ഷിക്കുന്നില്ലെന്നായിരുന്നു ഓഡിറ്റ് പരാമർശ മെന്നും ഇപ്പോൾ വരവ് ചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ദുരിതാശ്വാസനിധിയിൽ നിലവിൽ 1,14,530 രൂപയുണ്ടെന്നും രണ്ടായിരം രൂപ വീതം കഴിഞ്ഞ വർഷം 4 പേർക്കും ഈ വർഷം 3 പേർക്കും വിതരണം ചെയ്തിട്ടുണ്ടെന്നും കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിലാണ് തുക സൂക്ഷിക്കുന്നതെന്നും സെക്രട്ടറി വിശദമാക്കി. ആയതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

107. **മുളക്കുളം**: ഗ്രാമപഞ്ചായത്തിൽ വരവ് ചെലവ് കണക്കുകൾക്കായി ഇപ്പോൾ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. തുകയുടെ വിതരണ വിവരം പഞ്ചായത്തിന്റെ ഓഫീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ടെന്നും വൗച്ചറുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സെക്രട്ടറിയുടെ വിശദീകരണം ബോദ്ധ്യപ്പെട്ടതിനാൽ ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

108. **കടനാട്**: ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധിയിൽനിന്നും ചെലവഴിച്ച 9763 രൂപ ക്രമപ്രകാരമല്ലെന്നാണ് ഓഡിറ്റ് പരാമർശമെന്നും അവിടെ പ്രകൃതിദുരന്ത മുണ്ടായപ്പോൾ റോഡിൽ കടപുഴകി വീണ വൃക്ഷങ്ങൾ വെട്ടിമാറ്റി ഗതാഗത തടസ്സം മാറ്റുന്നതിനാണ് ഈ തുക ചെലവഴിച്ചിട്ടുള്ളതെന്നും ഇത് ദുരിതാശ്വാസനിധിയുടെ പരിധിയിൽ വരുന്നില്ലെന്നാണ് ഓഡിറ്റിന്റെ കണ്ടെത്തലെന്നും വെള്ളക്കടലാസിൽ എഴുതിയ അപേക്ഷകളും കൈപ്പറ്റ് രസീതുകളുമാണ് രേഖകളായി ലഭ്യമാക്കിയതെന്നും തുകയുടെ വിനിയോഗവിവരം സംബന്ധിച്ച അനുബന്ധ വൗച്ചറുകൾ കൃത്യമായി സൂക്ഷിക്കുന്നില്ലെന്നും ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെട്ടിരുന്നതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും അശരണരുമായ ആളുകൾക്ക് വേണ്ടിയാണ് ദുരിതാശ്വാസനിധി വിനിയോഗിക്കേണ്ടതെന്നും ആയത് ഗതാഗത തടസ്സം മാറ്റുന്നതിനും ഭക്ഷണം നൽകുന്നതിനുമായി ചെലവഴിച്ചത് അംഗീകരിക്കാനാകില്ലെന്നും സമിതി ചൂണ്ടിക്കാണിച്ചു. പഞ്ചായത്ത് ഡയറക്ടർ ഇത് വളരെ ഗൗരവപൂർവ്വം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

109. **തിരൂർ മുനിസിപ്പാലിറ്റി**: ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന്, ദുരിതാശ്വാസം സംബന്ധിച്ച വിവരങ്ങൾ മുമ്പ് ഫയലിലാണ് സൂക്ഷിച്ചിരുന്ന തെന്നും ഇപ്പോൾ അത് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ടെന്നും ധനസഹായം നൽകിയവരുടെ പേര് വിവരം നോട്ടീസ് ബോർഡിൽ ഇടുന്നുണ്ടെന്നുമുള്ള മുനിസിപ്പൽ സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിച്ചു.

110. **കൊണ്ടോട്ടി**: മുനിസിപ്പാലിറ്റിയിൽ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിച്ച എട്ട് പേരിൽ, നാല് പേർക്ക് 5,000 രൂപ വച്ച് 20,000 രൂപ നൽകിയതിന്റെ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞു. ഭരണ സമിതിയുടെ തീരുമാനപ്രകാരമാണ് തുക നൽകിയതെന്നും ഇതിന് കൈപ്പറ്റ് രസീതുണ്ടെന്നും സെക്രട്ടറി അറിയിച്ചു. ധനസഹായം അനുവദിച്ച എട്ട് പേരിൽ നാല് പേരുടെ അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയതെന്നും ഹാജരാക്കിയ അപേക്ഷകൾതന്നെ അപൂർണ്ണവും ആധികാരികത ഇല്ലാത്തതുമാണെന്നും അപേക്ഷകളിൽ തീയതി രേഖപ്പെടുത്തുകയോ, ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തുകയോ പരിശോധിക്കുകയോ

ചെയ്തിട്ടില്ലെന്നും ഓഡിറ്റ് വകുപ്പ് വ്യക്തമാക്കി. തുക വിതരണം ചെയ്ത എട്ട് പേരുടെയും കൈപ്പറ്റ് രസീതുകളുള്ളതായി മുനിസിപ്പൽ സെക്രട്ടറി അറിയിച്ചു. ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട വൗച്ചറുകളും മറ്റ് രേഖകളും ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കി റിപ്പോർട്ട് നൽകുന്നതിന് സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

111. കൊണ്ടോട്ടി നഗരസഭയിൽ ദുരിതാശ്വാസ നിധിയിൽ നിന്ന് 8 പേർക്ക് ധനസഹായം വിതരണം ചെയ്തതിൽ 4 പേരുടെ അപേക്ഷ സഹിതമുള്ള വൗച്ചറുകൾ നഗരസഭയിൽ ലഭ്യമാണ്. ആയത് 13-10-2015-ന് നടന്ന ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പ്രാദേശിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളതാണ് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

112. മറ്റു 4 പേർക്ക് ധനസഹായം വിതരണം ചെയ്തതിന്റെ അപേക്ഷകളും തുക കൈപ്പറ്റിയതിന്റെ രസീതുകളും നഗരസഭയിൽ ലഭ്യമാണ്. കൊണ്ടോട്ടി ബൈപ്പാസിൽ ഉണ്ടായ വാഹനാപകടത്തിൽ 4 പേർ മരണപ്പെട്ടതിനെ തുടർന്ന് ഇവരുടെ കുടുംബങ്ങൾക്ക് മരണാനന്തര ചടങ്ങുകൾക്കും മറ്റുമായിട്ടാണ് കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസനിധിയിൽ നിന്ന് തുക അനുവദിച്ചത്. ഈ അടിയന്തര സാഹചര്യത്തിൽ തുക വിതരണം ചെയ്തതിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കുവാൻ സാധിച്ചിട്ടില്ല. ഈ പ്രത്യേക സാഹചര്യം പരിഗണിച്ച് വന്നു പോയ വീഴ്ച മാപ്പാക്കണമെന്നും മേൽ പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിന്ന് ഒഴിവാക്കിത്തരണമെന്നും കൊണ്ടോട്ടി നഗരസഭാ സെക്രട്ടറി അപേക്ഷിച്ചിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങളിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്:

113. ദുരിതാശ്വാസനിധിയിൽ നിന്ന് ധനസഹായം അനുവദിച്ച 8 പേരിൽ 4 പേരുടെ അപേക്ഷയും വൗച്ചറുകളും 13-10-2015-ന് ഹാജരാക്കിയിട്ടുണ്ട്. മറ്റു 4 പേർക്ക് ധനസഹായം വിതരണം ചെയ്തതിന്റെ ആധികാരിക രേഖകൾ നാളിതുവരെ പരിശോധനയ്ക്ക് നൽകിയിട്ടില്ല.

114. കൊണ്ടോട്ടി ബൈപ്പാസിലുണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ടവരുടെ മരണാനന്തര ചടങ്ങുകൾക്കും മറ്റുമായിട്ടാണ് ദുരിതാശ്വാസനിധിയിൽനിന്നും തുക അനുവദിച്ചതെന്നും അടിയന്തര സാഹചര്യമായിരുന്നതിനാലാണ് തുക വിതരണം ചെയ്തതിൽ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കുവാൻ കഴിയാതിരുന്നതെന്നും 7-4-2017-ലെ എ-2015-2017 നമ്പർ കത്ത് മുഖേന കൊണ്ടോട്ടി നഗരസഭാ സെക്രട്ടറി അറിയിക്കുകയുണ്ടായി.

115. **തിരൂരങ്ങാടി**: ഗ്രാമപഞ്ചായത്ത് നിലവിൽ മുനിസിപ്പാലിറ്റിയാണെന്നും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനായി 2011-ൽ സബ്കമ്മിറ്റി രൂപീകരിച്ചിരുന്നുവെങ്കിലും ദുരിതാശ്വാസനിധി സമാഹരിച്ചിരുന്നില്ലെന്നും ഇക്കാര്യം പുതിയ ഭരണസമിതിയുടെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

116. 29-12-2015-ലെ നഗരസഭാ കൗൺസിൽ യോഗത്തിന്റെ 3-ാം നമ്പർ തീരുമാനപ്രകാരം തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 10408 അക്കൗണ്ട് നമ്പരായി 11-1-2016-ൽ ദുരിതാശ്വാസനിധി ആരംഭിക്കുകയും 25-4-2016 വരെ 55,950 രൂപ ദുരിതാശ്വാസനിധിയിലേയ്ക്ക് രസീത് മുഖേന ധനസമാഹരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ അപേക്ഷകൾ ക്ഷണിച്ച് ധനസഹായം നൽകുന്നത് ആരംഭിച്ചിട്ടില്ല. പെരുമാറ്റച്ചട്ടം പിൻവലിച്ചാൽ ഉടൻ തന്നെ ധനസഹായം നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണെന്ന് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങളിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്

117. നഗരസഭാ കൗൺസിൽ തീരുമാനപ്രകാരം തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 10408 അക്കൗണ്ട് നമ്പരായി 11-1-2016-ൽ ദുരിതാശ്വാസനിധി ആരംഭിക്കുകയും പലിശയടക്കം 2,63,481 രൂപ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിൽ നിന്ന് നാളിതുവരെ 24 പേർക്ക് 3,000 രൂപ നിരക്കിൽ ആകെ 72,000 രൂപ ചികിത്സാസഹായമായി വിതരണം ചെയ്യുകയുണ്ടായി. 21-10-2017 തീയതിയിൽ 1,91,481 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു.

118. കൊണ്ടോട്ടി, തിരൂരങ്ങാടി എന്നീ നഗരസഭകൾ ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ചതായുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യു.

119. **കണിച്ചാർ**: ഗ്രാമപഞ്ചായത്തിൽ 2004-05-ൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെന്നും ഇതുവരെ 14648 രൂപ വരവ് വന്നിട്ടുണ്ടെന്നും അതിൽനിന്നും 13 പേർക്കായി 14,600 രൂപ ചെലവഴിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. എന്നാൽ 2-1-2010 നാണ് ദുരിതാശ്വാസനിധിയിലേക്ക് അവസാനമായി 1,000 രൂപ വന്നതെന്നും 16-9-2010-ന് ടി തുക ചെലവഴിച്ചുവെന്നും നിലവിൽ ടി അക്കൗണ്ടിൽ 48 രൂപ മാത്രമാണ് ശേഷിക്കുന്നതെന്നും ഓഡിറ്റ് വകുപ്പ് വെളിപ്പെടുത്തി. പുതിയ ഭരണ

സമിതി നിലവിൽ വന്നശേഷം സബ് കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ടെന്നും ഫണ്ട് സമാഹരിക്കുന്നതിന് താൽപ്പര്യമെടുക്കുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുള്ള രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തി റിപ്പോർട്ട് നൽകുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

120. ദുരിതാശ്വാസനിധി സബ് കമ്മിറ്റി കണിച്ചാർ ഗ്രാമപഞ്ചായത്തിന്റെ 11-12-2015-ലെ 106/15 നമ്പർ തീരുമാനമായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായമായി 2 പേർക്ക് 2016-17-ൽ 3,000 രൂപ അനുവദിച്ചിട്ടുണ്ട്. 13,933 രൂപ ദുരിതാശ്വാസനിധിയിൽ ഇപ്പോൾ ബാക്കിയുണ്ട്. ഇക്കാര്യം ഓഡിറ്റ് വകുപ്പിനെ സെക്രട്ടറിയുടെ 18-2-2017 തീയതിയിലെ എ.2-729/17 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്നും കണ്ണൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങളിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്

121. **കണിച്ചാർ:** ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധിയുടെ പ്രവർത്തനം സംബന്ധിച്ച പരിശോധനയിൽ പഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെന്നും 2016-17-ൽ ഈ അക്കൗണ്ടിൽ (A/c. No. 3524 -കേളകം സർവ്വീസ് സഹകരണ ബാങ്ക്) നിന്നും 3,000 രൂപ അനുവദിച്ചതായും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. 17-5-2017-ൽ ഈ അക്കൗണ്ടിൽ 15,540 രൂപ നീക്കിയിരിപ്പുണ്ട്.

122. **അയ്യൻകുന്ന്**: ഗ്രാമപഞ്ചായത്തിൽ, മാനദണ്ഡങ്ങൾ ലംഘിച്ച്, ദുരിതാശ്വാസനിധിയിൽ നിന്നും വ്യത്യസ്ത അപേക്ഷകളിന്മേൽ തുക അനുവദിക്കുന്നുവെന്നായിരുന്നു ഓഡിറ്റ് പരാമർശമെന്നും അത്തരം നടപടികൾ ഇപ്പോൾ നിലവിലില്ലെന്നും ധനസഹായം അനുവദിക്കുന്നതിന് ഇപ്പോൾ അന്വേഷണ റിപ്പോർട്ട് അവലംബമാക്കാറുണ്ടെന്നും സബ്കമ്മിറ്റി യോഗം ചേർന്നാണ് അപേക്ഷയിന്മേൽ തീരുമാനം എടുക്കുന്നതെന്നും ചട്ടപ്രകാരം അനുവദനീയമായ തുക മാത്രമേ ഇപ്പോൾ അനുവദിച്ചുവരുന്നുള്ളൂവെന്നും ഓഡിറ്റ് വകുപ്പ് അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

123. **പൊഴുതന**: ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെന്നും ആയതിലേക്കുള്ള അക്കൗണ്ട് തുടങ്ങി സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും അക്കൗണ്ടിൽ ആകെ 4,860 രൂപയുള്ളതിനാൽ 1,000 രൂപ അപേക്ഷകന് നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പുതിയ ഭരണ സമിതി നിലവിൽ വന്ന ശേഷം ഇത് കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ദുരിതാശ്വാസനിധി കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

124. **പട്ടഞ്ചേരി**: ഗ്രാമപഞ്ചായത്തിൽ നിലവിൽ ദുരിതാശ്വാസനിധി കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നുണ്ടെന്നും കൂടാതെ, ദുരിതാശ്വാസനിധിയിലേക്ക് ധനസമാഹരണം ഊർജ്ജിതപ്പെടുത്തി അർഹരായവരിൽനിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെയും ആയത് ബോദ്ധ്യപ്പെട്ടതായുള്ള ഓഡിറ്റിന്റെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

125. **എലംകുളം**: ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിൽ നിലവിൽ 5,000 രൂപയുണ്ടെന്നും ധനസഹായത്തിന് അപേക്ഷകളൊന്നും ലഭിക്കാത്തതിനാൽ തുക വിതരണം ചെയ്തിട്ടില്ലെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് 2003-ൽ സർക്കാർ ഉത്തരവിറക്കിയെങ്കിലും ആയത് രൂപീകരിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾ മുൻകൈ എടുക്കുന്നില്ലെന്ന് സമിതി നിരീക്ഷിച്ചു. പുതിയ ഭരണസമിതി നിലവിൽ വന്നശേഷം ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

126. എലംകുളം ഗ്രാമപഞ്ചായത്തിന്റെ 30-12-2015-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ദുരിതാശ്വാസനിധി പ്രവർത്തനങ്ങൾ സംബന്ധിച്ച് സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എലംകുളം ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസനിധിയിൽനിന്നും 5 പേർക്ക് 5,000 രൂപ വിതരണം ചെയ്തു. ബാക്കി 210 രൂപ മാത്രമേ അക്കൗണ്ട് നമ്പർ

3988-ൽ അവശേഷിക്കുന്നുള്ളുവെന്ന് ബോധിപ്പിക്കുന്നു. ദുരിതാശ്വാസനിധി വിപുലീകരിക്കുന്നതിനാവശ്യമായ പ്രചരണം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ദുരിതാശ്വാസനിധി സംബന്ധിച്ച് നോട്ടീസ് മുഖാന്തരവും ഗ്രാമസഭ, ഫ്രണ്ട് ഓഫീസ് എന്നിവവഴിയും ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങളിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്

127. ഏലംകുളം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധിക്ക് വേണ്ടി ആകെ സ്വരൂപിച്ചത് 5,210 രൂപയാണ്. ടി നിധിയിൽ നിന്നും നാളിതുവരെ 5 ഗുണഭോക്താക്കൾക്ക് 1,000 രൂപ നിരക്കിൽ ആകെ 5,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. അക്കൗണ്ടിൽ പലിശയടക്കം ശേഷിക്കുന്നത് 278 രൂപയാണ്. ദുരിതാശ്വാസനിധി വിപുലീകരിക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല.

128. ദുരിതാശ്വാസനിധിയിലേയ്ക്കുള്ള വരവും അവയുടെ വിതരണവും സംബന്ധിച്ച് നഗരസഭകൾ കണക്കുകളും രജിസ്റ്ററുകളും സൂക്ഷിക്കുകയും ആവശ്യമായ വിവരങ്ങൾ നോട്ടീസ് ബോർഡിൽ ഇടുകയും വേണമെന്നും നഗരസഭകളുടെ ധനാഗമമാർഗ്ഗങ്ങൾ സംബന്ധിച്ച് വ്യക്തമാക്കണമെന്നും ഫണ്ട് ദുർവിനിയോഗം ചെയ്യുന്ന സാഹചര്യം ഒഴിവാക്കണമെന്നുമുള്ള പൊതുനിർദ്ദേശം എല്ലാ നഗരസഭകൾക്കും നൽകുവാൻ സമിതി നിർദ്ദേശിച്ചു.

129. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് 20-1-2016-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ടതും മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്നതുമായ അധികവിവരങ്ങൾക്ക് ഭരണ വകുപ്പിൽ നിന്ന് യഥാസമയം മറുപടി ലഭ്യമാക്കാത്തതിനാലും സമിതി പൊതുവായി ആവശ്യപ്പെട്ട അധികവിവരങ്ങൾക്ക് ആലുവ നഗരസഭയിലെ വിവരങ്ങൾ മാത്രം ഉൾപ്പെടുത്തി ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാലും 2-11-2017-ലെ യോഗത്തിൽ സമിതി വകുപ്പ് സെക്രട്ടറിയിൽ നിന്നും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുത്തിരുന്നു.

2-11-2017-ലെ യോഗനടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

130. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധിയെക്കുറിച്ചും അതിൽ നിക്ഷേപിക്കുന്ന പണത്തിന്റെ സ്രോതസ്സിനെ സംബന്ധിച്ചും സമിതി ആരാഞ്ഞപ്പോൾ പഞ്ചായത്ത് പ്രസിഡന്റ്/മേയർ എന്നിവരുടെ പേരുകളിൽ അതാത് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽ ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണെന്നും ധനശേഖരണാർത്ഥമുള്ള കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും സംഭാവനകൾ സ്വീകരിച്ചും നിധിയിലേയ്ക്ക് ധനം സ്വരൂപിക്കാവുന്നതാണെന്നും ചെയർമാനും സെക്രട്ടറിയും ചേർന്നുള്ള ജോയിന്റ് അക്കൗണ്ടിലാണ് പണം നിക്ഷേപിക്കേണ്ടതെന്നും നഗരകാര്യ ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

131. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധി പൊതുജനങ്ങൾക്ക് എത്രത്തോളം ഉപയോഗപ്രദമാകുന്നുണ്ടെന്ന് സമിതി ആരാഞ്ഞപ്പോൾ കോഴിക്കോട്, കൊല്ലം കോർപ്പറേഷനുകളിലെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം നൽകുന്നതിനായി പണം ചെലവഴിച്ചിട്ടുണ്ടെന്നും സംസ്ഥാനത്തെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ പലതും നിലവിൽ വ്യവഹാരരഹിതമാണെന്നും ആരിൽ നിന്നെങ്കിലും പ്രസ്തുത നിധിയിലേയ്ക്ക് സംഭാവന ലഭിക്കുന്നപക്ഷം അത് അക്കൗണ്ടിൽ നിക്ഷേപിക്കുക മാത്രമാണ് നിലവിൽ ചെയ്യുന്നതെന്നും നഗരകാര്യ ജോയിന്റ് ഡയറക്ടർ അറിയിച്ചു.

132. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധി സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം ലഭിക്കാത്തതിനാൽ അത് വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് അവർക്ക് സാധിക്കാത്തതായി നിരീക്ഷിച്ച സമിതി പ്രസ്തുത നിധിയിൽനിന്നുള്ള ധനസഹായം സംബന്ധിച്ച് ആരാഞ്ഞപ്പോൾ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരാൾക്ക് ധനസഹായമായി ലഭിക്കുന്ന പരമാവധി തുക 500 രൂപയാണെന്നും മേയർക്കോ പഞ്ചായത്ത് പ്രസിഡന്റിനോ അപേക്ഷ ലഭിച്ചാൽ കൗൺസിലർമാരുടെയോ ഉദ്യോഗസ്ഥരുടെയോ സഹായത്തോടെ അവ പരിശോധിച്ച് പണം നൽകാവുന്നതാണെന്നും പിന്നീട് കമ്മിറ്റിയുടെ റാറ്റിഫിക്കേഷൻ വാങ്ങേണ്ടതുമാണെന്നും നഗരകാര്യ ജോയിന്റ് ഡയറക്ടർ അറിയിച്ചു.

133. ദുരിതാശ്വാസനിധി രൂപീകരിക്കപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളിൽ അതുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും രേഖകളും മറ്റും സൂക്ഷിക്കുന്നില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. 2-9-2017-ൽ നഗരകാര്യ ഡയറക്ടർ ഇത് സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിച്ചിരുന്നതായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അറിയിച്ചപ്പോൾ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കർശനമായും പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കൂടാതെ, ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം നിലവിൽ പ്രവർത്തനക്ഷമമാണെന്നതും സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പ് മുഖേന സമിതിയിൽ ഹാജരാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

134. പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധിയുടെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ലെന്നുള്ള ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നിലവിൽ വരവ് ചെലവ് കണക്കുകൾ നിലവിൽ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെന്നും ദുരിതാശ്വാസനിധി കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

135. മുളക്കുളം ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസനിധിയുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾക്കായി നിലവിൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും തുകയുടെ വിതരണവിവരം പഞ്ചായത്തിന്റെ ഓഫീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ടെന്നും വൗച്ചറുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

136. കടനാട് ഗ്രാമപഞ്ചായത്തിൽ പ്രകൃതി ദുരന്തമുണ്ടായപ്പോൾ റോഡിൽ കടപുഴകിവീണ വൃക്ഷങ്ങൾ വെട്ടിമാറ്റി ഗതാഗത തടസ്സം നീക്കുന്നതിനായി ദുരിതാശ്വാസനിധിയിൽനിന്നും 9,763 രൂപ ചെലവഴിച്ചത് ക്രമപ്രകാരമല്ലെന്ന് സമിതിക്ക് ബോദ്ധ്യമാകുന്നു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും അശരണരുമായ ആളുകൾക്ക് വേണ്ടി വിനിയോഗിക്കേണ്ട ദുരിതാശ്വാസനിധി ഗതാഗത തടസ്സം മാറ്റുന്നതിനും ഭക്ഷണം നൽകുന്നതിനുമായി ചെലവഴിച്ചത് സമിതിക്ക് അംഗീകരിക്കുവാനാകുന്നില്ല. ആയതിനാൽ പഞ്ചായത്ത് ഡയറക്ടർ പ്രസ്തുത വിഷയം വളരെ ഗൗരവപൂർവ്വം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

137. തിരൂർ മുൻസിപ്പാലിറ്റിയിലെ ദുരിതാശ്വാസനിധിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച തിരൂർ മുൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണം അംഗീകരിച്ച സമിതി തിരൂർ മുൻസിപ്പാലിറ്റിയെ പ്രസ്തുത ഓഡിറ്റ് തടസ്സത്തിൽ നിന്നും ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.

138. തിരൂരങ്ങാടി, കൊണ്ടോട്ടി എന്നീ നഗരസഭകളിലെ ദുരിതാശ്വാസനിധി സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ചതായുള്ള സർക്കാർ മറുപടിയുടെയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

139. കണിച്ചാർ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുള്ള രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശമനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കണിച്ചാർ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

140. അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ മാനദണ്ഡങ്ങൾ ലംഘിച്ച്, ദുരിതാശ്വാസനിധിയിൽനിന്നും വ്യത്യസ്ത അപേക്ഷകളിന്മേൽ തുക അനുവദിക്കുന്നുവെന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും അത്തരം നടപടികൾ ഇപ്പോൾ നിലവിലില്ലെന്നും ധനസഹായം അനുവദിക്കുന്നതിന് ഇപ്പോൾ അന്വേഷണ റിപ്പോർട്ട് അവലംബമാക്കാറുണ്ടെന്നും സബ്കമ്മിറ്റി യോഗം ചേർന്നാണ് അപേക്ഷയിന്മേൽ തീരുമാനം എടുക്കുന്നതെന്നും ചട്ടപ്രകാരം അനുവദനീയമായ തുക മാത്രമേ നിലവിൽ അനുവദിച്ചുവരുന്നുള്ളൂവെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

141. പൊഴുതന ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെന്നും പുതിയ ഭരണസമിതി നിലവിൽ വന്നശേഷം ഇത് കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ദുരിതാശ്വാസനിധി കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

142. പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നുണ്ടെന്നും കൂടാതെ, ദുരിതാശ്വാസനിധിയിലേക്കുള്ള ധനസമാഹരണം ഊർജ്ജിതപ്പെടുത്തി അർഹരായവരിൽനിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

143. ഏലംകുളം ഗ്രാമപഞ്ചായത്തിൽ സമിതി നിർദ്ദേശപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചുവെങ്കിലും ആയത് വിപുലീകരിക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലാത്തതായി ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ദുരിതാശ്വാസനിധി വിപുലീകരിക്കുന്നതിനാവശ്യമായ തുടർനടപടികൾ കൈക്കൊണ്ട് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പൊതുശിപാർശകൾ

144. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനായി 2003-ൽ തന്നെ സർക്കാർ ഉത്തരവിറക്കിയെങ്കിലും ആയത് രൂപീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ദുരിതാശ്വാസനിധി രൂപീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാവട്ടെ ആയത് വിപുലീകരിക്കുന്നതിനായി കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ല എന്നും സമിതിക്ക് ബോദ്ധ്യമാവുന്നു. ആയതിനാൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുമുള്ള കർശനനിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകണമെന്നും അവ പാലിക്കപ്പെടുന്നുണ്ടോയെന്ന് നിർബന്ധമായും ഉറപ്പ് വരുത്തണമെന്നും സമിതി ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.

145. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധി സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം ലഭിക്കാത്തതിനാൽ അത് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് അവർക്ക് സാധിക്കാത്തതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ദുരിതാശ്വാസനിധി സംബന്ധിച്ച് നോട്ടീസ് മുഖാന്തരവും ഗ്രാമസഭ, ഫ്രണ്ട് ഓഫീസ് എന്നിവവഴിയും ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

146. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധിയുടെ വരവ്-ചെലവ് കണക്കുകൾ കുറ്റമറ്റതാക്കുന്നതിലേയ്ക്കായി കണക്കുകളും രജിസ്റ്ററുകളും സൂക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2-9-2017-ൽ സർക്കാർ ഉത്തരവിറക്കിയെങ്കിലും ആയത് പൂർണ്ണമായും പാലിക്കപ്പെടുന്നില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കർശനമായും പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

കൂടാതെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം നിലവിൽ പ്രവർത്തനക്ഷമമാണെന്നും സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പ് മുഖേന സമിതിയിൽ ഹാജരാക്കണ മെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

തുടർസാക്ഷരതാ പരിപാടി

സാക്ഷരതയിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ സാക്ഷരതാനിരക്ക് 2011-ൽ 93.91 ശതമാനമാണ്. സാക്ഷരതയിൽ പത്തനംതിട്ട ജില്ല (96.93%) ഏറ്റവും മുന്നിലും പാലക്കാട് ജില്ല (88.49%) ഏറ്റവും പിന്നിലുമാണ്. സാക്ഷരതാ പ്രവർത്തനത്തിൽ ലോകശ്രദ്ധ പിടിച്ചുപറ്റിയ കേരളം 1998 ഒക്ടോബർ മുതൽ തുടർവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സാക്ഷരതാമിഷന്റെ കീഴിലുള്ള വിദ്യാകേന്ദ്രങ്ങൾ മുഖേനയാണ് പ്രാദേശികതലത്തിൽ തുടർ വിദ്യാഭ്യാസ പദ്ധതി നടന്നുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പദ്ധതി നടത്തിപ്പിൽ ഓണറേറിയം വ്യവസ്ഥയിൽ പ്രേരക്മാർ പ്രവർത്തിച്ചുവരുന്നു.

സമൂഹത്തിലെ എല്ലാ വിഭാഗം ആളുകൾക്കും തങ്ങളുടെ അറിവും കഴിവും പങ്കാളിത്തവും മെച്ചപ്പെടുത്താൻ സഹായകമായ ബഹുമുഖ അനൗപചാരിക വിദ്യാഭ്യാസ സംവിധാനമാണ് തുടർവിദ്യാഭ്യാസ പരിപാടി. തുടർവിദ്യാഭ്യാസത്തിൽ നാലുതരം വ്യത്യസ്ത പരിപാടികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്:

1. തുല്യതാപരിപാടികൾ
2. വരുമാനവർദ്ധകപരിപാടികൾ
3. ജീവിത ഗുണനിലവാരവർദ്ധക പരിപാടികൾ
4. വ്യക്തി താൽപ്പര്യപോഷണ പരിപാടികൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166(1)-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം സാക്ഷരതാ പരിപാടികൾ നടപ്പാക്കൽ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. 1994-ലെ മുനിസിപ്പാലിറ്റി നിയമം 30 (1)-ാം വകുപ്പ് 1-ാം പട്ടിക പ്രകാരം നഗരസഭകൾക്കും സാക്ഷരതാപരിപാടികൾ നടപ്പാക്കാനുള്ള ചുമതലയുണ്ട്. ഈ ചുമതല നിറവേറ്റിയത് സംബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയുണ്ടായി.

സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി (ഒന്നാംഘട്ട തുല്യത)യിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ 15-നും 60-നും മധ്യേ പ്രായമുള്ള ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത മുഴുവൻ പേരെയും ജനകീയ ഭരണസമിതിയുടെ പിന്തുണയോടെ ബഹുജനക്യാമ്പയിനായി ഒരു നിശ്ചിത സമയത്തിനുള്ളിൽ നാലാം ക്ലാസ്സിന് തുല്യമായ വിദ്യാഭ്യാസം നൽകുന്നു. ഇതിൻ പ്രകാരം മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗ്രാമപഞ്ചായത്ത് (ഇപ്പോൾ നഗരസഭ), കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുനിസിപ്പാലിറ്റി എന്നിവയെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ ആദ്യ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിൽ കിരൺ ഒന്നാംഘട്ടം പദ്ധതിയിലൂടെ 12044 പേരും രണ്ടാംഘട്ടത്തിലൂടെ 2741 പേരും സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടി. കോഴിക്കോട്-ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, കുരാച്ചുണ്ട്, നന്മണ്ട ഗ്രാമപഞ്ചായത്തുകൾ, പാലക്കാട്-കണ്ണാടി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ-ഭരണിക്കാവ് ബ്ലോക്ക്, തിരുവനന്തപുരം-പാറശ്ശാല ഗ്രാമപഞ്ചായത്ത്, കൊല്ലം മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് എന്നിവ നാലാംതരം ഒന്നാംഘട്ടം തുല്യത നേടി. കാസറഗോഡ് ജില്ലയിലെ വിജ്ഞാൻ ജ്യോതി പദ്ധതിയും വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നാക്ക വിഭാഗക്കാർക്കും പ്രാധാന്യം നൽകിക്കൊണ്ട് അക്ഷരജ്വാലാ പദ്ധതിയും മലപ്പുറം ജില്ലയിലെ അക്ഷരദീപം പദ്ധതിയും ഇതിന്റെ ഭാഗമായി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ ധാരാളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി മുന്നോട്ട് വന്നിട്ടുണ്ട്.

നാലാം ക്ലാസ്സ് തുല്യത പാസ്സായവർ, ഇടയ്ക്കുവച്ച് പഠനം നിർത്തിയവർ, 5, 6, 7 ക്ലാസ്സുകളിൽ നിന്ന് കൊഴിഞ്ഞുപോയവർ എന്നിവർക്കൊക്കെ വേണ്ടിയാണ് ഏഴാംതരം തുല്യത (രണ്ടാംഘട്ടം) പരിപാടി. കണ്ണൂർ ജില്ലയിലെ ഏഴോം ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഏഴാംതരം തുല്യത പൂർത്തിയാക്കിയിട്ടുണ്ട്.

അനൗപചാരിക വിദ്യാഭ്യാസരംഗത്തെ ഏറ്റവും ശ്രദ്ധേയമായ ചുവടുവയ്പാണ് പത്താംതരം തുല്യതാകോഴ്സ്. പത്ത് മാസം ദൈർഘ്യമുള്ള ഈ കോഴ്സ് പാസ്സാകുന്നവർക്ക് എസ്.എസ്.എൽ.സി.ക്ക് തുല്യമായി അംഗീകരിച്ച സർട്ടിഫിക്കറ്റാണ് നൽകുന്നത്. ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് വേണ്ടിയാണ് ഭൂരിഭാഗം പഠിതാക്കളും ഏഴാംതരം തുല്യത, പത്താംതരം തുല്യത എന്നീ പരീക്ഷകൾ എഴുതുന്നത്.

തിരുവനന്തപുരം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ ഞായറാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും നിരക്ഷരരെ ഏതെങ്കിലും ഭവനത്തിൽ ഒരുമിച്ചുകൂട്ടിയാണ് ക്ലാസ്സുകൾ നടത്തുന്നത്. വിവിധ തൊഴിൽ പരിശീലനങ്ങൾ, സൗജന്യ ചികിത്സാ ക്യാമ്പുകൾ, വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള സാന്ത്വനം ക്ലാസ്സുകൾ, പഞ്ചായത്തിലെ വിദ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ട് ബാലവേദി എന്നിവയും നടത്തുന്നുണ്ട്.

കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിൽ തൊഴിൽ പരിശീലനത്തിന് തയ്യൽ മെഷീൻ യൂണിറ്റും, സാരി പെയിന്റിംഗ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഏത്രൂർ ഗ്രാമപഞ്ചായത്തിൽ ജനവിദ്യാകേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തനം നാല്, ഏഴ്, പത്ത് ക്ലാസ്സുകളിലെ തുല്യതാ പഠനത്തിലുള്ള പഠിതാക്കളെ തയ്യാറാക്കലാണ്. കൂടാതെ സാക്ഷരതാ പുസ്തക വിതരണം, ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട വിവിധ അപേക്ഷാഫോമുകളുടെ വിതരണം, അവ തയ്യാറാക്കുന്നതിനുള്ള സഹായം എന്നിവയും നൽകിവരുന്നു.

കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ തുടർസാക്ഷരതയുടെ ഭാഗമായി ഭക്ഷ്യസംസ്കരണം, സോപ്പ്/പൗഡർ നിർമ്മാണം, തയ്യൽ/എംബ്രോയിഡറി, കൂൺ കൃഷി, പുഷ്പകൂട നിർമ്മാണം, ബുക്ക് ബയന്റിംഗ് തുടങ്ങിയ മുപ്പത്തിയഞ്ചോളം ഇനങ്ങളിലായി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ബുക്ക് ബയന്റിംഗിൽ പരിശീലനം നേടിയിരുന്ന വിദ്യാശ്രീ കുടുബശ്രീ യൂണിറ്റ് നടത്തുന്ന പ്രൊഡക്ഷൻ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. എരുമേലി ഗ്രാമപഞ്ചായത്തിൽ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ എന്ന ലക്ഷ്യത്തോടെ വിവിധ തൊഴിൽ പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. മണിമല ഗ്രാമപഞ്ചായത്തിന്റെ തുല്യതാ പരിപാടിയിൽ പങ്കെടുത്തവർക്ക് ഉപരി പഠനം നടത്താൻ സൗകര്യമുണ്ട്.

ഇടുക്കി ജില്ലയിലെ കടയത്തൂർ ഗ്രാമപഞ്ചായത്തിൽ തയ്യൽ പരിശീലനം, തയ്യൽ മെഷീൻ റിപ്പയറിംഗ്, പി.എസ്.സി. പരീക്ഷാ പരിശീലനം, പെയിന്റിംഗ്, കരകൗശല നിർമ്മാണം, മലയാളം ടൈപ്പിംഗ് പരിശീലനം, ട്യൂഷൻ ക്ലാസ്സുകൾ എന്നിവ വരുമാന വർദ്ധക പരിപാടികളായി നടപ്പിലാക്കുന്നു. മരിയാപുരം ഗ്രാമപഞ്ചായത്തിൽ സേവന തൽപ്പരരായ പ്രേരക്മാരുടെ പ്രവർത്തനം തുടർവിദ്യാഭ്യാസ പ്രവർത്തനത്തെ ഊർജ്ജിതപ്പെടുത്തുന്നുണ്ട്. സാക്ഷരതാ പഠിതാക്കൾക്കുവേണ്ടി കലോത്സവങ്ങളും നടത്തുന്നു. അടിമാലി ഗ്രാമപഞ്ചായത്തിൽ 2012 മേയ് മാസത്തിലാണ് സാക്ഷരതാ പരിപാടിക്ക് തുടക്കം കുറിച്ചത്. പീരുമേട്, ഉപ്പുതറ, ഇടവെട്ടി എന്നീ ഗ്രാമപഞ്ചായത്തുകളിലും സാക്ഷരതാപ്രവർത്തനങ്ങൾക്കായി തുടർവിദ്യാഭ്യാസകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ പ്രധാനമായും തമിഴ് പഠിതാക്കൾ ആയതിനാൽ ഇവർക്ക് ആവശ്യമായ പഠനസഹായികളും സാമഗ്രികളും ലഭ്യമല്ല.

തൃശ്ശൂർ ജില്ലയിലെ പൂക്കോട് ഗ്രാമപഞ്ചായത്തിൽ പ്രേരക്മാർ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്ന പരിപാടിയിലൂടെ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിക്കൊടുക്കാൻ സഹായിക്കുന്നു. വ്യക്തിഗത താൽപ്പര്യ പരിപോഷണ പരിപാടിയിലൂടെ കുട്ടികൾക്ക് കഥ, കവിതാ മത്സരങ്ങൾ, തുടർവിദ്യാഭ്യാസ കലോത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.

മലപ്പുറം ജില്ലാപഞ്ചായത്തും ജില്ലാ സാക്ഷരതാമിഷനും ചേർന്ന് നടപ്പാക്കിയ നവീനമായ പ്രവർത്തനമാണ് സമ്പൂർണ്ണ ബ്രെയിൽ സാക്ഷരതാ പരിപാടി. ജില്ലാപഞ്ചായത്തിന്റെ സമ്പൂർണ്ണ സാമ്പത്തിക സഹായത്തോടെയാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചത്. ചാലിയാർ ഗ്രാമപഞ്ചായത്തിൽ 2011-12 വർഷത്തിൽ പഠിതാക്കളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും തുല്യതാപരിപാടി വിജയകരമായി നടക്കുന്നുണ്ട്.

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര ഗ്രാമപഞ്ചായത്തിൽ 2009-10-ൽ 36,668 രൂപയും 2011-12-ൽ 15,000 രൂപയും തുടർവിദ്യാഭ്യാസ പ്രവർത്തനത്തിന് വകയിരുത്തിയെങ്കിലും ഒന്നും തന്നെ ചെലവഴിച്ചിരുന്നില്ല.

കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ നേരത്തെ പ്രവർത്തിച്ചുവന്നിരുന്ന മൂന്ന് തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇപ്പോൾ ഒരെണ്ണമായി ചുരുങ്ങി. കോട്ടയം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന മൂന്ന് തുടർവിദ്യാകേന്ദ്രങ്ങളിലും ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ, ടെലിവിഷൻ എന്നീ സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. പ്രേരക്മാർക്ക് വിവിധ വാർഡുകളിലെ യാത്രാസൗകര്യം കുറഞ്ഞ പ്രദേശങ്ങളിൽ എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുന്നതായും നാമമാത്രമായ ഓണറേറിയം മാത്രമാണ് ലഭിക്കുന്നതെന്നും വിവിധതരം തൊഴിൽ പരിശീലനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നതിന് ഫണ്ടിന്റെ ലഭ്യതക്കുറവും ചൂണ്ടിക്കാണിക്കുകയുണ്ടായി. മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ തുടർവിദ്യാകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന ബോധവൽക്കരണ ക്ലാസ്സുകളിൽ ജനപങ്കാളിത്തം കുറവാണ്. പഞ്ചായത്തിലെ പ്രവർത്തനം നിലച്ച തുടർവിദ്യാകേന്ദ്രം പുനരാരംഭിക്കുന്നതിനോ അവിടെ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന ഉപകരണങ്ങൾ മറ്റേതെങ്കിലും തുടർവിദ്യാകേന്ദ്രങ്ങളിലേക്ക് മാറ്റി ഉപയോഗിക്കുന്നതിനോ നടപടികൾ ആവശ്യമാണ്. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ തുടർവിദ്യാകേന്ദ്രങ്ങളിലേക്ക് പഠിതാക്കളെ സർവ്വേകളിലൂടെ കണ്ടെത്തി, തുടർപഠനത്തിനുവേണ്ട പ്രായോഗിക നിർദ്ദേശങ്ങൾ നൽകി, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ വേണ്ട ശ്രമങ്ങൾ സാക്ഷരതാകേന്ദ്രങ്ങളിൽ മികച്ച രീതിയിൽ നടന്നുവരുന്നതായാണ് കാണുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ തുടർസാക്ഷരതാ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും ആവശ്യമായ സ്ഥലസൗകര്യങ്ങളുടെ അഭാവം കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു. ആയതിനാൽ പഠിതാക്കൾക്ക് പരിശീലനം നൽകുന്നതിനോ പുസ്തകങ്ങൾ വായിക്കുന്നതിനോ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല. കുടിവെള്ളം, വൈദ്യുതി, ഇരിപ്പിടങ്ങൾ, കമ്പ്യൂട്ടറുകൾ, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, പരിശീലന ഉപകരണങ്ങൾ എന്നിവയുടെ കുറവ് തുടർസാക്ഷരതാ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.

തുടർസാക്ഷരതയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതായ ധനസഹായം യഥാസമയം സർക്കാരിൽ നിന്നും ലഭിക്കുന്നില്ല. ഇതുകാരണം പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക നൽകേണ്ടതായും ആയതിന് ഭരണസമിതി തീരുമാനം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടിവരുന്നതിനാലും യഥാസമയം പ്രേരക്മാർക്ക് ഓണറേറിയം, ടി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് കാലതാമസം നേരിടുന്നു. തുടർവിദ്യാഭ്യാസ പരിപാടിക്കായി പദ്ധതി വിഹിതത്തിൽ നിന്നോ, തനതു ഫണ്ടിൽനിന്നോ പ്രത്യേക ഫണ്ട് മാറ്റിവയ്ക്കുക, വിവിധ ഏജൻസികളുടെ വിദ്യാകേന്ദ്രങ്ങളെ ബന്ധിപ്പിക്കുക, തൊഴിൽ പരിശീലനങ്ങളും ഇതര പ്രോഗ്രാമുകളും നടത്തുന്നതിന് സാക്ഷരതാമിഷൻ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ഗ്രാമപഞ്ചായത്തിന്റെ തുടർവിദ്യാഭ്യാസ പരിപാടി വാർഷിക പദ്ധതിയുടെ ഭാഗമാക്കുക മുതലായ നടപടികളിലൂടെ തുടർവിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. പ്രേരക്മാർക്ക് ഇപ്പോൾ നൽകുന്ന നാമമാത്രമായ ഓണറേറിയം ഉയർത്താനും ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരെ പ്രോത്സാഹിപ്പിക്കാനും നടപടി വേണം.

തുല്യതാപരീക്ഷയും ഗുണഭോക്താക്കളും

ജില്ല	പഞ്ചായത്ത്	വർഷം	തുല്യതാപരീക്ഷ വിജയിച്ചവർ/പങ്കെടുത്തവർ		
			4-ാം തരം	7-ാം തരം	10-ാം തരം
1	2	3	4	5	6
തിരുവനന്തപുരം	പള്ളിക്കൽ ഗ്രാമപഞ്ചായത്ത്	2010-11	8	7	7
കൊല്ലം	പന്മന ഗ്രാമപഞ്ചായത്ത്	2009-10	4	6	22
		2010-11	6	8	24
കോട്ടയം	മുട്ടപ്പള്ളി ഗ്രാമപഞ്ചായത്ത്	2010-11	8	8	7
	കനകപ്പാലം ഗ്രാമപഞ്ചായത്ത്	2010-11	9	10	7
	എരുമേലി ഗ്രാമപഞ്ചായത്ത്	2010-11	-	-	12

1	2	3	4	5	6
ഇടുക്കി	കടയത്തൂർ ഗ്രാമപഞ്ചായത്ത്	2010-11	20	10	12
		2011-12	5	5	10
	ഞരളപ്പുഴ ഗ്രാമപഞ്ചായത്ത്	2010-11	20	20	10
		2011-12	5	15	10
	കാഞ്ഞാർ ഗ്രാമപഞ്ചായത്ത്	2010-11	10	5	13
		2011-12	5	15	16
മലപ്പുറം	കോഡൂർ ഗ്രാമപഞ്ചായത്ത്	2011-12	28	11	11
	തിരുവാലി ഗ്രാമപഞ്ചായത്ത്	2011-12	29	13	46
	കുറുവ ഗ്രാമപഞ്ചായത്ത്	2009-10	-	-	20
		2010-11	-	-	41
	ഏലംകുളം ഗ്രാമപഞ്ചായത്ത്	2009-10	10	10	28
		2010-11	8	9	25
	തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത്	2010-11	157	88	115
		2011-12	33	77	134
	ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത്	2009-10	4	9	8
		2010-11	4	6	11
	ചാലിയാർ ഗ്രാമപഞ്ചായത്ത്	2010-11	31	27	-
	എടപ്പറ്റ ഗ്രാമപഞ്ചായത്ത്	2008-09	5	4	12
	,,	2009-10	4	4	-
	,,	2010-11	4	5	-
	,,	2011-12	7	9	4

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 2.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിരിക്കുന്ന മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക പരിഗണിച്ച 30-9-2015, 22-12-2015, 20-12-2017 എന്നീ തീയതികളിലെ യോഗനടപടികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു:

147. **പന്മന**: ഗ്രാമപഞ്ചായത്തിൽ സാരി പെയിന്റിംഗ് യൂണിറ്റും തയ്യൽ മെഷീൻ യൂണിറ്റും ഓഡിറ്റ് വേളയിൽ പ്രവർത്തിച്ചിരുന്നുവെന്നും ആയതിനാൽ അത് ഓഡിറ്റ് റിപ്പോർട്ടിൽ എതിർ പരാമർശമായി ഉൾപ്പെടുത്തിയില്ലെന്നും എന്നാൽ സമിതി യോഗത്തിന് മുന്നോടിയായി പരിശോധിച്ചപ്പോൾ അവ പൂട്ടിയ അവസ്ഥയിലാണ് കണ്ടതെന്നും ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഓഡിറ്റ് തടസ്സമുന്നയിക്കാത്തതിനാൽ പഞ്ചായത്ത് സെക്രട്ടറി ഹാജരായിട്ടില്ലെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. നിലവിൽ തൊഴിൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് 22-12-2015-ലെ തെളിവെടുപ്പ് യോഗത്തിൽ പഞ്ചായത്ത് സെക്രട്ടറി ഹാജരാകണമെന്ന് നിർദ്ദേശിക്കുന്നതിന് സമിതി തീരുമാനിച്ചു.

148. പന്മന ഗ്രാമപഞ്ചായത്തിൽ, തുടർ സാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന തൊഴിൽ യൂണിറ്റ് മാതൃകാപരമാണെന്ന് സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഓഫീസ് പുതുക്കി പണിത അവസരത്തിൽ, സ്ഥലപരിമിതിമൂലം തൊഴിൽ യൂണിറ്റിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരുന്നുവെന്നും ഇപ്പോൾ അത് പ്രവർത്തിച്ചുവരുന്നുണ്ടെന്നും 22-12-2015-ലെ യോഗത്തിൽ പന്മന പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഒരു യൂണിറ്റിൽ തയ്യൽ പരിശീലനം നടന്നുവരുന്നതായും സാരി പെയിന്റിംഗിനുള്ള ആളെ കിട്ടാത്തതുകൊണ്ട് പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം നിലച്ചുപോയതായും അദ്ദേഹം കൂട്ടിച്ചേർത്തു. സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിന്മേലുള്ള തുടർ നടപടികളവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു

149. **കടയ്ക്കൽ**: ഗ്രാമപഞ്ചായത്തിൽ തയ്യൽ പരിശീലനം, തയ്യൽ മെഷീൻ റിപ്പയറിംഗ്, പി.എസ്.സി. പരീക്ഷാ പരിശീലനം, പെയിന്റിംഗ്, കരകൗശല നിർമ്മാണം എന്നിവ നടപ്പിലാക്കിവരുന്നുണ്ടെന്നും തുടർവിദ്യാകേന്ദ്രങ്ങൾ നേരിടുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

150. **വണ്ടിപ്പെരിയാർ**: ഗ്രാമപഞ്ചായത്തിൽ, സാക്ഷരതാ മിഷൻ മുഖേനയുള്ള തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി 7-ാം ക്ലാസ്സിലേയും 10-ാം ക്ലാസ്സിലേയും പഠന സാമഗ്രികൾ ലഭ്യമാണെങ്കിലും തമിഴ് പുസ്തകങ്ങൾ ലഭ്യമാകുന്നില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. സാക്ഷരതാമിഷനോട് ഇക്കാര്യം ആവർത്തിച്ച് ആവശ്യപ്പെട്ടു വെങ്കിലും തമിഴ് പുസ്തകങ്ങൾ ലഭ്യമാക്കാത്തതിനാൽ തുടർവിദ്യാ കേന്ദ്രങ്ങളിലെ 10-ാം ക്ലാസ്സ് തുല്യതാ പരീക്ഷ നടത്തുവാൻ കഴിയുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സാക്ഷരതാ മിഷനോട് ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടുന്നതിനും സമിതി തീരുമാനിച്ചു കൂടാതെ, തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളിലേക്കാവശ്യമായ തമിഴ് പാഠപുസ്തകങ്ങൾ സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാക്കുന്നതിനും ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് നൽകുന്നതിനും സമിതി നിർദ്ദേശിച്ചു.

151. ഇടുക്കിയിലെ തമിഴ് ജനവാസ കേന്ദ്രങ്ങളിൽ തുടർ സാക്ഷരതാ പ്രവർത്തന ത്തിന് ആവശ്യപ്പെട്ട തമിഴ് പാഠപുസ്തകം ലഭിച്ചില്ലെന്ന വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാതിയിന്മേൽ 22-12-2015-ലെ യോഗത്തിൽ സാക്ഷരതാമിഷൻ ഡയറക്ടറോട് സമിതി വിശദീകരണമാവശ്യപ്പെട്ടു. 2012-13 വർഷം മുതലാണ് തമിഴിൽ പത്താം തരം തുല്യതാ പഠനം തുടങ്ങിയതെന്നും മറയൂർ, വണ്ടിപ്പെരിയാർ എന്നീ സ്ഥലങ്ങളിലാണ് ക്ലാസ്സ് നടക്കുന്നതെന്നും അവിടെ 116 സെറ്റ് തമിഴ് പാഠാവലികൾ കൊടുത്തിട്ടുണ്ടെന്നും ഇതിനായി പഞ്ചായത്ത് യാതൊരുവിധ പ്രോജക്ടും തയ്യാറാക്കി യിട്ടില്ലെന്നും സ്വമേധയാ ചേർന്നവർക്കാണ് പാഠപുസ്തകങ്ങൾ നൽകിയിട്ടുള്ളതെന്നും സാക്ഷരതാമിഷൻ ഡയറക്ടർ അറിയിച്ചു. മറയൂർ, വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 'അതുല്യം' പദ്ധതിയ്ക്കുവേണ്ടി അഞ്ഞൂറ് പാഠപുസ്തകങ്ങൾ ആവശ്യപ്പെട്ടിരുന്നുവെന്നും മറ്റൊന്നും ആവശ്യപ്പെട്ടിരുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 'അതുല്യം' പദ്ധതിയിൽ 1,65,000 രൂപയ്ക്ക് പുസ്തകത്തിന് ഓർഡർ നൽകിയിരുന്നുവെന്നും അതിൽ നാലാം തരത്തിന്റെയും പത്താം തരത്തിന്റെയും തമിഴ് പാഠപുസ്തകം ലഭിച്ചുവെങ്കിലും ഏഴാം തരത്തിന്റെ തമിഴ് പാഠപുസ്തകം നാളിതുവരെ ലഭിച്ചിട്ടില്ലെന്നും വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ഏഴാം തരം തമിഴ് പാഠപുസ്തകം ലഭ്യമല്ലെന്ന് സാക്ഷരതാമിഷൻ ഡയറക്ടർ മറുപടി നൽകിയപ്പോൾ തമിഴ് പഠിക്കാൻ പഠിതാ ക്കളുണ്ടെന്നും പാഠപുസ്തകം ലഭിക്കാത്തതിനാൽ പലരും 7-ാം തരം വച്ച് പഠനം നിർത്തുകയാണെന്നും വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. 7-ാം തരത്തിൽ തമിഴ് പാഠപുസ്തകം ഇല്ലെന്ന് സാക്ഷരതാമിഷനും പുസ്തകം ഇല്ലാത്തതിനാൽ 7-ാം തരത്തിൽ വച്ച് പഠിതാക്കൾ പഠനം നിർത്തുകയാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അറിയിച്ച സാഹചര്യത്തിൽ ഇത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ

വകുപ്പിൽനിന്നും വിശദീകരണം തേടേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഏഴാം തരത്തിലെ തമിഴ് പാഠപുസ്തകം സാക്ഷരതാമിഷൻ നൽകാത്തത് കാരണം പഠനം നിന്നുപോകുന്നത് ഗൗരവമായ വിഷയമാണെന്ന് സമിതി വ്യക്തമാക്കി. ഇടുക്കിയിലും കൊല്ലത്തും മാത്രമാണ് കുറച്ച് പേർ ഏഴാം തരം തമിഴ്, കന്നട പഠനത്തിന് രജിസ്റ്റർ ചെയ്യുന്നതെന്നും അതിനുവേണ്ടി വൻ തുക ചെലവഴിക്കേണ്ടതായി വരുമെന്നും അതിനുള്ള സാമ്പത്തികശേഷി സാക്ഷരതാമിഷനില്ലെന്നും ഡയറക്ടർ മറുപടി നൽകി. ഇടുക്കി ജില്ലയുൾപ്പെടെയുള്ള തമിഴ് ന്യൂനപക്ഷമേഖലയിൽ 7-ാം തരത്തിലെ തമിഴ് പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുന്ന വിഷയം സാക്ഷരതാമിഷൻ സർക്കാരിന്റെ (പൊതുവിദ്യാഭ്യാസ വകുപ്പ്) ശ്രദ്ധയിൽപ്പെടുത്തി സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

152. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ തുടർ സാക്ഷരതയുടെ ഭാഗമായി 4, 7, 10 ക്ലാസ്സുകളിൽ അതുല്യം, തുല്യതാ ക്ലാസ്സുകൾ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു. തുല്യതാ നാലാം തരത്തിലെയും, ഏഴാം തരത്തിലെയും പഠിതാക്കൾക്ക് പാഠപുസ്തകം നൽകുന്നത് ജില്ലാ സാക്ഷരതാ മിഷനാണ്. പത്താംതരം തുല്യതാ തമിഴ് മീഡിയത്തിന് സംസ്ഥാന സാക്ഷരതാ മിഷനാണ് പാഠപുസ്തകങ്ങൾ നൽകുന്നത്. അതുല്യം പദ്ധതി പ്രകാരമുള്ള നാലാം തരത്തിലെ തമിഴ് പാഠപുസ്തകങ്ങൾ പഠിതാക്കൾക്ക് നൽകുന്നുണ്ട്. എന്നാൽ 4, 7 തുല്യതാ ക്ലാസ്സുകളിലെ തമിഴ് പാഠപുസ്തകങ്ങൾ സാക്ഷരതാ മിഷൻ ലഭ്യമാക്കുന്നില്ല. 2014-15 വർഷത്തിൽ തമിഴ് പഠനത്തിനും, അതുല്യം, തുല്യതാ പദ്ധതികൾക്കുമായി പഞ്ചായത്ത് 2,00,000 രൂപയുടെ പ്രോജക്ടിന് അംഗീകാരം വാങ്ങുകയും ആയത് പ്രകാരം സാക്ഷരതാമിഷനിൽ തുക ഒടുക്കിയതിന്റേയും അടിസ്ഥാനത്തിൽ 4-ാം തരത്തിലെയും 10-ാം തരത്തിലെയും തമിഴ് പാഠപുസ്തകങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ 7-ാം തരത്തിലെ തമിഴ് പാഠപുസ്തകങ്ങൾ അച്ചടിച്ച് ലഭ്യമാക്കുന്നതിന് ജില്ലാ സാക്ഷരതാ മിഷനിലേക്കും, സംസ്ഥാന സാക്ഷരതാ മിഷനിലേക്കും ടി ഓഫീസിൽ നിന്നും കത്തുകൾ നൽകിയിട്ടുണ്ട്.

153. **ഏരൂർ**: ഗ്രാമപഞ്ചായത്തിൽ നിരക്ഷരർക്ക് സാക്ഷരതാ പഠന ക്ലാസ്സുകൾ നടത്തിവരുന്നതായാണ് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും തടസ്സങ്ങളൊന്നും ഉന്നയിച്ചിട്ടില്ലെന്നും സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ആയതിന്മേലുള്ള നടപടികൾ അവസാനിപ്പിക്കുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

154. **കണ്ണാടി**: ഗ്രാമപഞ്ചായത്തിൽ തുടർ സാക്ഷരതാ പ്രവർത്തനം നല്ലരീതിയിൽ നടന്നു വരുന്നതായി ഓഡിറ്റിന്റെ കുറിപ്പിൽ നിന്നും സമിതി മനസ്സിലാക്കി.

155. **രാമനാട്ടുകര:** മുനിസിപ്പാലിറ്റിയിൽ 2009-10-ൽ തുടർവിദ്യാഭ്യാസത്തിനായി വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ലെന്നാണ് ഓഡിറ്റ് പരാമർശമെന്നും 2009-10-ൽ 37,500 രൂപയാണ് വകയിരുത്തിയതെന്നും അതിൽ 36,648 രൂപ ചെലവഴിച്ചുവെന്നും 2011-12-ൽ വകയിരുത്തിയ 15,000 രൂപ ചെലവഴിച്ചിട്ടില്ലെന്നും സാക്ഷരതാ പ്രവർത്തനത്തിന് പ്രേരക്മാർ ഇല്ലാത്തതാണ് അതിന് കാരണമെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. 2009-10-ൽ വകയിരുത്തിയ തുക ചെലവഴിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടുണ്ടെന്നും 2011-12-ൽ 15,000 രൂപ വകയിരുത്തിയത് ചെലവഴിച്ചിട്ടില്ലെന്നും തുല്യതാ പരീക്ഷ 41 പേർ എഴുതിയതിൽ 37 പേർ പാസ്സായിട്ടുണ്ടെങ്കിലും സാക്ഷരതാ പ്രവർത്തനം മന്ദഗതിയിലാണെന്നും ഓഡിറ്റ് വകുപ്പ് വ്യക്തമാക്കി.

156. സാക്ഷരതാമിഷനാണ് പ്രേരക്മാരെ നിയോഗിക്കേണ്ടതെന്നും പ്രേരക്മാരില്ലാത്തതിനാലാണ് പ്രവർത്തനം മന്ദഗതിയിലായതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി പറഞ്ഞു. പ്രേരക്മാരെ നിയമിക്കുന്നതിന് അടിയന്തിരമായി സാക്ഷരതാമിഷന് അപേക്ഷ നൽകുന്നതിനും അതിന്റെ പുരോഗതി സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ട് നൽകുന്നതിനും സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

157. പ്രേരകിനെ നിയമിക്കുന്നതിന് സാക്ഷരതാമിഷന്റെ അനുവാദം ആവശ്യമാണ്. പ്രേരകിനെ നിയമിക്കുന്നതിനുള്ള ഉത്തരവിനായി പല പ്രാവശ്യം സാക്ഷരതാ മിഷനിൽ അപേക്ഷ നൽകിയിട്ടുണ്ട്. ആയതിന് യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. ഇപ്പോൾ രാമനാട്ടുകര നഗരസഭയായതിനാൽ പുതിയ തീരുമാനമനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങളിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്.

158. സാക്ഷരതാ മിഷൻ മുഖേന 2 പ്രേരക്മാരെ നഗരസഭയിൽ നിയമിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി.

159. **കണിച്ചാർ:** ഗ്രാമപഞ്ചായത്തിൽ മൂന്ന് തുടർ വിദ്യാകേന്ദ്രങ്ങളുള്ളതിൽ രണ്ടെണ്ണം പ്രേരക്മാരോ അസിസ്റ്റന്റ് പ്രേരക്മാരോ ഇല്ലാത്തതിനാൽ പൂട്ടിപ്പോയെന്നും ഒരു കേന്ദ്രം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു സാക്ഷരതാമിഷൻ മുഖേന പ്രേരക്മാരെ നിയമിച്ച് റിപ്പോർട്ട് നൽകുന്നതിന് സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

160. കണിച്ചാർ ഗ്രാമപഞ്ചായത്തിലെ കണിച്ചാർ, കോളയോട് തുടർവിദ്യാ കേന്ദ്രങ്ങളിലെ നിലവിലുള്ള രണ്ട് ഒഴിവിലേയ്ക്ക് അസിസ്റ്റന്റ് പ്രേരക്മാരെ അടിയന്തരമായി നിയമിക്കുന്നതിന് ജില്ലാസാക്ഷരതാ മിഷൻ സെക്രട്ടറി 18-2-2017 തീയതിയിലെ എ.2-729/17 നമ്പർ കത്ത് നൽകിയിട്ടുണ്ടെന്ന് കണ്ണൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങളിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്

161. കണിച്ചാർ ഗ്രാമപഞ്ചായത്തിലെ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളിലെ നിലവിലുള്ള പ്രേരക്മാരുടെ രണ്ട് ഒഴിവിലേക്ക് പ്രേരക്മാരെ നിയമിക്കുന്നതിന് ജില്ലാ സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്റർക്ക് എ.2-729/17 തീയതി 18-2-2017 പ്രകാരം കത്ത് നൽകിയിട്ടുണ്ട്.

162. **മുഴപ്പിലങ്ങാട്**: ഗ്രാമപഞ്ചായത്തിൽ തുടർവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചതായി ഓഡിറ്റ് റിപ്പോർട്ടിൽനിന്നും സമിതിക്ക് ബോധ്യപ്പെട്ടു. പ്രേരക്മാരില്ലാത്തതാണ് ഇതിന്റെ പ്രധാന കാരണമെന്ന് സമിതി വിലയിരുത്തി. സാക്ഷരതാമിഷനുമായി ബന്ധപ്പെട്ട് പ്രേരക്മാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുന്നതിന് സമിതി നിർദ്ദേശിച്ചു.

സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

163. മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് തുടർ വിദ്യാകേന്ദ്രങ്ങളിലെ നിലവിലുള്ള രണ്ട് ഒഴിവിലേക്ക് പ്രേരക്മാരുടെ നിയമനം നടത്തുന്നതിന് പഞ്ചായത്ത് തീരുമാന പ്രകാരം 10-6-2016 തീയതിയിൽ ജില്ലാ സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്ററോട് അപേക്ഷിച്ചിട്ടുണ്ട്.

ആയതിന് 20-3-2017 തീയതിയിലെ എ.7-2493/13/കെ.സം.സ.മി.അ. നമ്പർ കത്ത് പ്രകാരം പഞ്ചായത്തിലെ തുടർ വിദ്യാകേന്ദ്രങ്ങളിൽ പുതിയ അസിസ്റ്റന്റ് പ്രേരക് നിയമനങ്ങൾ തത്ക്കാലം നടത്തേണ്ടതില്ല എന്ന് കേരള സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടർ അറിയിച്ചിട്ടുള്ളതായി കണ്ണൂർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ അധികവിവരങ്ങളിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് ഇപ്രകാരമാണ്

164. മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിലെ തുടർ വിദ്യാകേന്ദ്രങ്ങളിൽ നിലവിലുള്ള പ്രേരക്മാരുടെ ഒഴിവിലേക്ക് പുതിയ നിയമനങ്ങൾ തൽക്കാലം നടത്തേണ്ടതില്ല എന്ന് സാക്ഷരതാ മിഷൻ ഡയറക്ടറുടെ 9-3-2017-ലെ എ.7-2493/13/കെ.സം.സ.മി.അ. നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

165. സാക്ഷരതാ പദ്ധതിയുടെ ആരംഭഘട്ടത്തിൽ അന്ധരായ ആളുകളെ ഉൾപ്പെടുത്തിയിരുന്നില്ലെന്നും അവർ പഠിക്കുന്നെങ്കിൽ പഠിക്കട്ടെ എന്ന നിലപാടാണ് പൊതുവിൽ സ്വീകരിച്ചിരുന്നതെന്നും എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി അന്ധരായ ആളുകളെ കൂടി തുടർ സാക്ഷരതാ പദ്ധതിയുടെ ഭാഗമാക്കുന്നതിനായി മലപ്പുറം ജില്ലാപഞ്ചായത്തും സാക്ഷരതാ മിഷനും ചേർന്ന് 'സമ്പൂർണ്ണ ബ്രെയിൽ സാക്ഷരതാ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചതായും ഇതിനോടനുബന്ധിച്ച് നിലവിൽ 'ഇ-ബ്രെയിൽ' എന്നൊരു പദ്ധതിയും കൂടി ജില്ലയിൽ ആവിഷ്കരിച്ചതായും സമിതി നിരീക്ഷിച്ചു. സമിതി പ്രസ്തുത പദ്ധതികളെ സ്വാഗതം ചെയ്യുന്നതോടൊപ്പം സംസ്ഥാനത്തെ മറ്റ് ജില്ലകളിലേക്ക് കൂടി ടി പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും സാക്ഷരതാ പരിപാടിയെക്കുറിച്ച് അവലോകനം നടത്തുന്നതിനും നല്ല രീതിയിൽ സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തുന്ന പഞ്ചായത്തുകളെ മാതൃകയാക്കി തുടർ സാക്ഷരതാ പദ്ധതി പ്രാവർത്തികമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

166. പന്മന ഗ്രാമപഞ്ചായത്തിൽ തുടർ സാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന തൊഴിൽ യൂണിറ്റ് മാതൃകാപരമാണെന്നും പഞ്ചായത്ത് ഓഫീസ് പുതുക്കി പണിത അവസരത്തിൽ സ്ഥലപരിമിതിമൂലം തൊഴിൽ യൂണിറ്റിന്റെ പ്രവർത്തനം താത്കാലികമായി നിർത്തിവച്ചിരുന്നുവെങ്കിലും നിലവിൽ അത് പ്രവർത്തിച്ചുവരുന്നുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

167. കടയന്നൂർ ഗ്രാമപഞ്ചായത്തിൽ തയ്യൽ പരിശീലനം, തയ്യൽ മെഷീൻ റിപ്പയറിംഗ്, പി.എസ്.സി. പരീക്ഷാ പരിശീലനം, പെയിന്റിംഗ്, കരകൗശല നിർമ്മാണം എന്നിവ നടപ്പിലാക്കിവരുന്നുണ്ടെന്നും തുടർവിദ്യാകേന്ദ്രങ്ങൾ നേരിടുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

168. തമിഴ് ജനവാസ കേന്ദ്രമായ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ സാക്ഷരതാമിഷൻ മുഖേനയുള്ള തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി 7-ാം തരത്തിലെ തമിഴ് പാഠപുസ്തകങ്ങൾ ജില്ലാ സാക്ഷരതാ മിഷനിൽനിന്നും ലഭ്യമാക്കുന്നില്ലെന്ന് നിരീക്ഷിച്ച സമിതി ഇത് സംബന്ധിച്ച് സാക്ഷരതാമിഷൻ ഡയറക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇടുക്കിയിലും കൊല്ലത്തും മാത്രമാണ് കുറച്ച് പേർ ഏഴാം തരം തമിഴ്, കന്നട പഠനത്തിന് രജിസ്റ്റർ ചെയ്യുന്നതെന്നും ഇതിനായി വൻ തുക ചെലവഴിക്കേണ്ടതായി വരുമെന്നും അതിനുള്ള സാമ്പത്തിക ശേഷി സാക്ഷരതാ മിഷനില്ലെന്നുമുള്ള സാക്ഷരതാമിഷൻ ഡയറക്ടറുടെ മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പാഠപുസ്തകം ലഭിക്കാതെ പഠനം നിർത്തുന്ന സ്ഥിതിയുണ്ടാകുന്നത് ഗൗരവമേറിയ കാര്യമാണെന്നും അത് സാക്ഷരതാമിഷന്റെ പ്രസക്തി തന്നെ ചോദ്യം ചെയ്യപ്പെടുന്ന വിഷയമാണെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. ഇടുക്കി ജില്ലയുൾപ്പെടെയുള്ള തമിഴ് ന്യൂനപക്ഷ മേഖലയിൽ 7-ാം തരത്തിലെ തമിഴ് പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുന്ന വിഷയം സാക്ഷരതാമിഷൻ സർക്കാരിന്റെ (പൊതുവിദ്യാഭ്യാസ വകുപ്പ്) ശ്രദ്ധയിൽപ്പെടുത്തണമെന്നും ആയതിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. ഈ വിഷയത്തിൽ അടിയന്തരമായി നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖാന്തരം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

169. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ തുടർസാക്ഷരതാ പരിപാടിയുടെ ഭാഗമായി നിരക്ഷരർക്ക് സാക്ഷരതാ പഠന ക്ലാസ്സുകൾ നടത്തി വരുന്നതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആയതിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

170. കണ്ണാടി ഗ്രാമപഞ്ചായത്തിൽ തുടർ സാക്ഷരതാ പ്രവർത്തനം നല്ലരീതിയിൽ നടന്നു വരുന്നതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

171. രാമനാട്ടുകര നഗരസഭയിൽ പ്രേരക്മാരില്ലാത്തതിനാൽ സാക്ഷരതാ പ്രവർത്തനം മന്ദഗതിയിലാണെന്നും ഇക്കാരണത്താൽ 2011-12-ൽ സാക്ഷരതാ പ്രവർത്തനത്തിനായി വകയിരുത്തിയ 15,000 രൂപ ചെലവഴിച്ചിട്ടില്ലെന്നും നിരീക്ഷിച്ച സമിതി പ്രേരക്മാരെ നിയമിക്കുന്നതിനായി സാക്ഷരതാമിഷന് അടിയന്തരമായി അപേക്ഷ നൽകുന്നതിനും അതിന്റെ പുരോഗതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശമനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ സാക്ഷരതാമിഷൻ മുഖേന രണ്ട് പ്രേരക്മാരെ നഗരസഭയിൽ നിയമിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ രാമനാട്ടുകര നഗരസഭയിൽ പ്രേരക്മാരുടെ സഹായത്തോടെ സാക്ഷരതാ പ്രവർത്തനങ്ങൾ മാതൃകാപരമായി നടത്തണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

172. കണിച്ചാർ ഗ്രാമപഞ്ചായത്തിൽ മൂന്ന് തുടർവിദ്യാകേന്ദ്രങ്ങളുള്ളതിൽ രണ്ടെണ്ണം പ്രേരക്മാരോ അസിസ്റ്റന്റ് പ്രേരക്മാരോ ഇല്ലാത്തതിനാൽ പൂട്ടിപ്പോയതായി നിരീക്ഷിച്ച സമിതി സാക്ഷരതാമിഷൻ മുഖേന പ്രേരക്മാരെ നിയമിച്ച് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശമനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കണിച്ചാർ ഗ്രാമപഞ്ചായത്തിലെ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളിലെ നിലവിലുള്ള പ്രേരക്മാരുടെ രണ്ട് ഒഴിവിലേക്ക് പ്രേരക്മാരെ നിയമിക്കുന്നതിനായി ജില്ലാ സാക്ഷരതാമിഷൻ കോ-ഓർഡിനേറ്റർക്ക് 18-2-2017 തീയതിയിൽ കത്ത് നൽകിയതായി അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കണിച്ചാർ ഗ്രാമപഞ്ചായത്ത് അടക്കം സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള പ്രേരക്മാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ഭരണവകുപ്പിനോട് നിർദ്ദേശിക്കുന്നു. കൂടാതെ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ പ്രേരക്മാരെ നിയമിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നപക്ഷം പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

173. മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ പ്രേരക്മാരില്ലാത്തതിനാൽ തുടർവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചതായി നിരീക്ഷിച്ച സമിതി

സാക്ഷരതാ മിഷനുമായി ബന്ധപ്പെട്ട് പ്രേരക്മാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശമനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിലെ തുടർ വിദ്യാകേന്ദ്രങ്ങളിൽ നിലവിലുള്ള പ്രേരക്മാരുടെ ഒഴിവിലേക്ക് പുതിയ നിയമനങ്ങൾ തൽക്കാലം നടത്തേണ്ടതില്ല എന്ന് സാക്ഷരതാ മിഷൻ ഡയറക്ടർ അറിയിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

174. സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് പ്രേരക്മാരുടെ അഭാവത്താൽ തുടർ വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം നിലയ്ക്കുന്നത് സമിതിക്ക് അംഗീകരിക്കുവാനാകുന്നില്ല. പ്രേരക്മാരുടെ നിയമനവുമായി ബന്ധപ്പെട്ട് സാക്ഷരതാ മിഷൻ നിലവിൽ സ്വീകരിച്ചിരിക്കുന്ന നിലപാടിൽ സമിതിക്ക് യാതൊരു ന്യായീകരണവും കാണുവാൻ സാധിക്കുന്നില്ല. സമിതി സാക്ഷരതാ മിഷന്റെ പ്രസ്തുത നിലപാടിനോട് കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇതു സംബന്ധിച്ച് സാക്ഷരതാ മിഷൻ ഡയറക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് വകുപ്പ് മുഖേന സമിതിയ്ക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സർക്കാരിനോട് (പൊതു വിദ്യാഭ്യാസ വകുപ്പ്) നിർദ്ദേശിക്കുകയും ചെയ്യുന്നു.

175. സംസ്ഥാനത്തെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തുടർസാക്ഷരതാ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും ആവശ്യമായ പ്രേരക്മാരുടെ അഭാവം കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സം നില്ക്കുന്നതായും തുടർ സാക്ഷരതയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതായ ധനസഹായം യഥാസമയം സർക്കാരിൽനിന്നും ലഭിക്കുന്നില്ലാത്തതായും മനസ്സിലാക്കിയ സമിതി പ്രേരക്മാരില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടിയന്തരമായി അവരെ നിയമിക്കുന്നതിനും തുടർവിദ്യാഭ്യാസ പദ്ധതിക്കാവശ്യമായ ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിനുമുള്ള നിർദ്ദേശം സാക്ഷരതാമിഷനു നൽകി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. സമിതി ആവശ്യപ്പെട്ടതിൻപ്രകാരമുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

176. അന്ധരായ ആളുകളെക്കൂടി തുടർസാക്ഷരതാ പദ്ധതിയുടെ ഭാഗമാക്കുന്നതിനായി മലപ്പുറം ജില്ലാപഞ്ചായത്തും സാക്ഷരതാ മിഷനും ചേർന്ന് 'സമ്പൂർണ്ണ ബ്രെയിൽ സാക്ഷരതാ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചതായും ഇതിനോടനുബന്ധിച്ച് നിലവിൽ 'ഇ-ബ്രെയിൽ' എന്നൊരു പദ്ധതിയും കൂടി ജില്ലയിൽ ആവിഷ്കരിച്ചതായും സമിതി മനസ്സിലാക്കുന്നു. സമിതി പ്രസ്തുത പദ്ധതികളെ സ്വാഗതം ചെയ്യുന്നതോടൊപ്പം സംസ്ഥാനത്തെ മറ്റ് ജില്ലകളിലേയ്ക്കുകൂടി ടി പദ്ധതികൾ വ്യാപിപ്പിക്കുന്നതിനും സാക്ഷരതാ പരിപാടിയെക്കുറിച്ച് അവലോകനം നടത്തുന്നതിനും നല്ല രീതിയിൽ സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തുന്ന പഞ്ചായത്തുകളെ മാതൃകയാക്കി തുടർ സാക്ഷരതാ പദ്ധതി പ്രാവർത്തികമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

കെ. സുരേഷ് കുറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2018, ഡിസംബർ 11.

36/2019.

അനുബന്ധം I

പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

ക്രമ നമ്പർ	ഖണ്ഡിക നമ്പർ	ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം	നിഗമനങ്ങൾ/ ശിപാർശകൾ
1	2	3	4
1	15	തദ്ദേശസ്വയംഭരണ വകുപ്പ്	11-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഉൾപ്പെട്ട 2007-08 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച വികസന ഫണ്ടിന്റെ കാര്യത്തിൽ ബഡ്ജറ്റ് വിഹിതത്തേക്കാൾ അധികം തുക പട്ടികവർഗ്ഗ ഉപപദ്ധതി ഒഴികെ എല്ലാ വിഭാഗങ്ങൾക്കും (പൊതുവിഭാഗം, പ്രത്യേക ഘടക പദ്ധതി) അനുവദിച്ചതായി സമിതി മനസ്സിലാക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിത വിനിയോഗത്തിൽ മുന്നിൽ നില്ക്കുന്നത് ബ്ലോക്ക് പഞ്ചായത്തുകളാണെന്നും ഏറ്റവും കുറവ് വിനിയോഗിച്ചിട്ടുള്ളത് കോർപ്പറേഷനുകളാണെന്നും അതിൽതന്നെ ഏറ്റവും കുറവ് വിനിയോഗം രേഖപ്പെടുത്തിയിട്ടുള്ളത് പട്ടികവർഗ്ഗ ഉപപദ്ധതിയിലാണെന്നും സമിതി നിരീക്ഷിക്കുന്നു. പദ്ധതികൾക്കായി അനുവദിക്കുന്ന തുകയുടെ ഗണ്യമായ ശതമാനം വിനിയോഗിക്കപ്പെടുന്നില്ലെന്ന് മാത്രമല്ല വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന പട്ടികവർഗ്ഗ മേഖലയിലേക്കുള്ള പദ്ധതി വിഹിത വിനിയോഗം അങ്ങേയറ്റം നിരാശാജനകമാണെന്നും സമിതി വിലയിരുത്തുന്നു. പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാർ അനുവദിക്കുന്ന തുക പ്രസ്തുത വിഭാഗങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നില്ലായെന്നത് വളരെ ഗൗരവമായ വിഷയമാണെന്ന് അഭിപ്രായപ്പെട്ട സമിതി പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് തദ്ദേശസ്ഥാപനങ്ങളിൽ പ്രത്യേക സമിതി രൂപീകരിക്കണമെന്നും ആയത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ സമിതി നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച യാതൊരു വിവരവും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥർ കാണിക്കുന്ന അനാസ്ഥയെ കുറ്റകരമായ കൃത്യവിലോപമായി മാത്രമേ സമിതിക്ക് വീക്ഷിക്കാനാകൂ. ആയതിനാൽ സമിതി ആവശ്യപ്പെട്ടതിൻപ്രകാരമുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

1	2	3	4
2	16	തദ്ദേശസ്വയംഭരണ വകുപ്പ്	പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് ആദ്യ കാലത്ത് റോഡ് നിർമ്മാണത്തിന് മാത്രമാണ് ഉപയോഗിച്ചിരുന്നതെങ്കിലും നിലവിൽ അത് ഭവനനിർമ്മാണം, കുട്ടികളുടെ പഠനകാര്യം, വിധവകൾക്കുള്ള ധനസഹായം തുടങ്ങി നിരവധി ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുമായിരുന്നിട്ടും 60 ശതമാനം തുക മാത്രമാണ് പ്രസ്തുത ഫണ്ടിൽ നിന്നും വിനിയോഗിച്ചത് എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ടിന്റെ വിനിയോഗത്തിൽ ബ്ലോക്ക് പഞ്ചായത്തുകളാണ് താരതമ്യേന മെച്ചപ്പെട്ട പ്രവർത്തനം നടത്തിവരുന്നതെന്നും ഏകദേശം 85 ശതമാനത്തോളം തുക അവർ പ്രസ്തുത ഫണ്ടിൽനിന്നും ചെലവഴിച്ചതായും സമിതി മനസ്സിലാക്കുന്നു. മറ്റുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം കുറവാണെന്നും സമിതി നിരീക്ഷിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യംവെച്ച് സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അർഹരായവരിലേക്ക് എത്തിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയാണെന്നിരിക്കെ ആയതിൽ വീഴ്ച വരുത്തുന്നത് സമിതിക്ക് അംഗീകരിക്കുവാനാകുന്നില്ല. അതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശങ്ങൾ നൽകണമെന്നും അവ പാലിക്കപ്പെടുന്നുണ്ടോയെന്ന് നിർബന്ധമായും ഉറപ്പ് വരുത്തണമെന്നും ഇതു സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.

1	2	3	4
3	17	തദ്ദേശസ്വയംഭരണ വകുപ്പ്	ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടതും കൂടുതൽ അടുത്തു നിൽക്കുന്നതും ഗ്രാമപഞ്ചായത്തുകളായതിനാൽ വികസന ഫണ്ടുകൾ ഏറ്റവും ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുന്നത് ഗ്രാമപഞ്ചായത്തുകൾക്കാണെന്ന് സമിതി വിലയിരുത്തുന്നു. ഏകദേശം നൂറോളം പഞ്ചായത്തുകൾ മാത്രമാണ് അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുള്ളതെന്ന് നിരീക്ഷിച്ച സമിതി ശേഷിക്കുന്ന പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുഴുവൻ തുകയും ചെലവഴിക്കാത്തത് സംബന്ധിച്ച് പതിനഞ്ച് ദിവസത്തിനകം വിശദീകരണം നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ സമിതി നിർദ്ദേശിച്ച പ്രകാരമുള്ള വിശദീകരണം സംബന്ധിച്ച റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. നിയമസഭാ സമിതി മുമ്പാകെ നല്കുന്ന ഉറപ്പുകൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന നിരുത്തരവാദപരമായ നിലപാടിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ഭരണ വകുപ്പ് പ്രസ്തുത വിഷയത്തിൽ കർശന നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവർക്കായി അനുവദിക്കുന്ന വികസന ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നും അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് രണ്ടു മാസത്തിനുള്ളിൽ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
4	18	തദ്ദേശസ്വയംഭരണ വകുപ്പ്	2011-12-ലെ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ കണക്കനുസരിച്ച് കോർപ്പറേഷനുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ബഡ്ജറ്റ് വിഹിതം ഒന്നും നീക്കി വച്ചിട്ടില്ലെങ്കിലും 85 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും ബഡ്ജറ്റ് വിഹിതമില്ലാതെയാണ് കോർപ്പറേഷനുകൾക്ക് തുക നൽകിയിട്ടുള്ളതെന്നും ഇത് ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്നും ധനകാര്യ വകുപ്പോ നഗരകാര്യ വകുപ്പോ അതിനുള്ള പ്രപ്പോസലുകൾ നൽകണമായിരുന്നുവെന്നും നിരീക്ഷിച്ച സമിതി ബഡ്ജറ്റിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ തുക വകയിരുത്തുന്നതിന് പ്രപ്പോസൽ നൽകേണ്ടത്

1	2	3	4
			ഏത് വകുപ്പാണെന്ന് പരിശോധിച്ചും 2011-12 വർഷം പ്രസ്തുത പദ്ധതിയിൽ കോർപ്പറേഷനുകൾക്ക് ബഡ്ജറ്റ് വിഹിതം നീക്കിവെയ്ക്കാത്തതിന്റെ കാരണം സംബന്ധിച്ചും ധനകാര്യ വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശപ്രകാരം ധനകാര്യ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരമാണ് ഓരോ സാമ്പത്തിക വർഷവും തദ്ദേശ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ തുക വകയിരുത്തുന്നതെന്നും 2011-12 സാമ്പത്തിക വർഷം 4-ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ കാലഘട്ടമായിരുന്നുവെന്നും അതേ വർഷത്തിൽ കോർപ്പറേഷനുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ തുക വകയിരുത്തുവാൻ കമ്മീഷൻ ശിപാർശ ചെയ്തിട്ടില്ലാത്തതിനാലാണ് പ്രസ്തുത വിഭാഗത്തിൽ കോർപ്പറേഷനുകൾക്ക് തുക വകയിരുത്താത്തതെന്നും അറിയിച്ചിരിക്കുന്നു. എന്നാൽ 2011-12 സാമ്പത്തിക വർഷത്തിൽ കോർപ്പറേഷനുകൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ബഡ്ജറ്റ് വിഹിതം ഒന്നും നീക്കി വച്ചിട്ടില്ലെങ്കിലും 85 ലക്ഷം രൂപ അനുവദിച്ചത് സംബന്ധിച്ച് പ്രസ്തുത തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തി നൽകണമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇത്തരം സാഹചര്യങ്ങളിൽ സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തി ഭാവിയിൽ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് സമിതി ധനകാര്യ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.
5	39	തദ്ദേശസ്വയംഭരണ വകുപ്പ്	ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി നഗരസഭകൾ പരസ്യനികുതി പിരിക്കുന്ന കാര്യത്തിൽ അവ്യക്തത നിലനില്ക്കുകയാണെന്നും പരസ്യനികുതി പിരിക്കുവാൻ പാടില്ലായെന്ന് ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശമുള്ളതിനാൽ നിലവിൽ നഗരസഭകൾക്ക് പ്രസ്തുത നികുതി പിരിക്കുന്നതിന് കഴിയാത്ത സാഹചര്യമാണുള്ളതെന്നും പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനായി അനുവാദം വാങ്ങേണ്ടതും അതിനായുള്ള തുക ഒടുക്കേണ്ടതുമെല്ലാം നിലവിൽ

1	2	3	4
			നികുതി വകുപ്പ് മുഖേനയാണെന്നും സമിതി മനസ്സിലാക്കുന്നു. ഏതെല്ലാം സ്ഥലങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കണമെന്നുള്ളത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള നഗരസഭ കളുടെ അധികാരം നിലനിർത്തിക്കൊണ്ട് നികുതി വകുപ്പ് മുഖേന പരസ്യനികുതി പിരിക്കുന്ന തരത്തിലുള്ള ഒരു സംവിധാനമാണ് നടപ്പിൽ വരുത്തേണ്ടതെന്ന് സമിതി അഭിപ്രായപ്പെടുന്ന തോടൊപ്പം ഇത് സംബന്ധിച്ച്. ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി നയപരമായ തീരുമാനം അടിയന്തരമായി കൈക്കൊള്ളണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.
6	83	കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്	കുന്നത്തുകാൽ പോലെയുള്ള വലിയ ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് ലൈബ്രറിയുടെ ശോചനീയമായ പ്രവർത്തനത്തിന്മേൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി ഇന്റർനെറ്റ് സംവിധാനം, ഡിജിറ്റൽ ലൈബ്രറി, കുട്ടികൾക്കുള്ള പുസ്തകങ്ങൾ, ഫർണിച്ചർ തുടങ്ങിയവയെല്ലാം ഏർപ്പെടുത്തി ലൈബ്രറിയുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണ മെന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതി നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന വീഴ്ചകളെ സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. ഇത്തരം വീഴ്ചകൾക്കെതിരെ ഭരണവകുപ്പ് കർശന നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട സമിതി നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖേന ഹാജരാക്കണമെന്നും സമിതി നിഷ്കർഷിക്കുന്നു.

1	2	3	4
7	84	കൊല്ലം നഗരസഭ	കൊല്ലം നഗരസഭയുടെ കീഴിലുള്ള ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും ലൈബ്രറികളിൽ പുതുതായി ആരും അംഗത്വം എടുക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. കൂടുതൽ ആളുകളെ ലൈബ്രറിയിലേയ്ക്ക് ആകർഷിക്കുംവിധം ഇന്റർനെറ്റ് സൗകര്യം കൂടി ഏർപ്പെടുത്തി ലൈബ്രറികൾ ആധുനികവത്ക്കരിക്കണ മെന്നും ലൈബ്രേറിയൻ തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തണമെന്നുമുള്ള നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
8	85	ആലപ്പുഴ നഗരസഭ	ആലപ്പുഴ നഗരസഭയുടെ കീഴിലുള്ള മുനിസിപ്പൽ ലൈബ്രറിയുടെ പ്രവർത്തനം തൃപ്തികരമാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നിർദ്ദേശിക്കുന്നു.
9	86	ചങ്ങനാശ്ശേരി നഗരസഭ	ചങ്ങനാശ്ശേരി നഗരസഭയുടെ കീഴിലുള്ള ലൈബ്രറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് ന്യൂനതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്ന മുനിസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.
10	87	രാമപുരം ഗ്രാമപഞ്ചായത്ത്	രാമപുരം ഗ്രാമപഞ്ചായത്തിൽ ലൈബ്രറികളുടെ നടത്തിപ്പിനായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും എല്ലാ മാസവും കമ്മിറ്റി കൂടി റിവ്യൂ നടത്തുന്നു ണ്ടെന്നും ലൈബ്രറി നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെയും പരാമർശം ഒഴിവാക്കാവുന്നതാ ണെന്ന ഓഡിറ്റ് വകുപ്പിന്റെ കുറിപ്പിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.
11	88	മണിമല ഗ്രാമപഞ്ചായത്ത്	മണിമല ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വായനാമുറി സജ്ജമാക്കി ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്ന് സമിതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർക്കാരിൽ നിന്നും യാതൊരു മറുപടിയും നാളിതുവരെ ലഭിച്ചിട്ടില്ല. മണിമല ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട സമിതി നിർദ്ദേശങ്ങൾ അടിയന്തരമായി നടപ്പിലാക്കി ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണ മെന്ന് സമിതി നിർദ്ദേശിക്കുന്നു.

1	2	3	4
12	89	ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്	ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് ലൈബ്രറി സ്ഥിതി ചെയ്യുന്നത് തമിഴ് തോട്ടം മേഖലയിലാണെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത ലൈബ്രറിയിൽ തമിഴ് പുസ്തകങ്ങൾ, ഇന്റർനെറ്റ് സംവിധാനം തുടങ്ങിയ സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നു വരികയാണെന്നും ആയതിന്റെ പൂർത്തീകരണത്തോടെ പഞ്ചായത്ത് ഓഫീസിൽ ആധുനിക രീതിയിലുള്ള ലൈബ്രറി സംവിധാനം ആരംഭിക്കുന്നതാണെന്നും സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ നടപടികൾ അടിയന്തരമായി പൂർത്തിയാക്കി സമിതി നിർദ്ദേശിച്ചപ്രകാരമുള്ള സൗകര്യങ്ങളോടെ ലൈബ്രറി സംവിധാനം ആരംഭിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
13	90	കൊച്ചി നഗരസഭ	കൊച്ചി നഗരസഭയുടെ കീഴിലുള്ള വൈറ്റില സോണൽ ലൈബ്രറിയിലെ ലൈബ്രേറിയൻ തസ്തികയിലെ ഒഴിവ് നികത്തുന്നതുമായി ബന്ധപ്പെട്ട് ലൈബ്രേറിയൻ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള അഭിമുഖം നടക്കുകയാണെന്നും എത്രയും വേഗം പ്രസ്തുത നടപടി പൂർത്തിയാക്കുന്നതാണെന്നും നഗരകാര്യ വകുപ്പ് ഡയറക്ടർ സമിതിക്ക് ഉറപ്പു നല്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ലൈബ്രേറിയൻ തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

1	2	3	4
14	91	ആലുവ നഗരസഭ	ആലുവ നഗരസഭയുടെ കീഴിലുള്ള കുറ്റിപ്പുഴ സ്മാരക ഗ്രന്ഥശാലാ കെട്ടിടത്തിന്റെ താഴത്തെ നിലയിലെ മുറികൾ ചോർന്നൊലിക്കുന്നതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന് വിരുദ്ധമായാണ് നഗരസഭാ സെക്രട്ടറി തെളിവെടുപ്പ് യോഗത്തിൽ മറുപടി നല്കിയതെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത വിഷയം പരിശോധിച്ച് റിപ്പോർട്ട് നല്കണമെന്ന് നഗരകാര്യ ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ലൈബ്രറി കെട്ടിടത്തിന്റെ താഴത്തെ നിലയിലെ ചോർച്ച പൂർണ്ണമായും പരിഹരിച്ചതായും, എന്നാൽ ലൈബ്രറിക്കാവശ്യമായ പ്രത്യേക ലൈബ്രറി സോഫ്റ്റ്‌വെയർ നാളിതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ലാത്തതായും നിലവിലും സ്റ്റോക്ക് എടുക്കൽ നടന്നിട്ടില്ലാത്തതായും അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ലൈബ്രറിക്കാവശ്യമായ പ്രത്യേക ലൈബ്രറി സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിനും സ്റ്റോക്ക് എടുക്കൽ നടത്തുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് മുഖാന്തരം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
15	92	താനൂർ ഗ്രാമപഞ്ചായത്ത്	താനൂർ ഗ്രാമപഞ്ചായത്ത് ലൈബ്രറിയുമായി ബന്ധപ്പെട്ട ഓഡിറ്റ് ന്യൂനതകളെല്ലാം പരിഹരിച്ചിട്ടുണ്ടെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.
16	93	വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്	വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള ലൈബ്രറിയ്ക്കായി കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വായനാമുറി ഒരുക്കിയിട്ടു ണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയോഗത്തിൽ അറിയിച്ചിരുന്നുവെങ്കിലും ഇതിന് വിരുദ്ധമായാണ് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് നൽകിയിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി ആയതിന്റെ നിജസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ്

1	2	3	4
			വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിന്റെ പഴയ കെട്ടിടത്തിൽ ലൈബ്രറിയ്ക്കായി പ്രത്യേക മുറി ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ലൈബ്രറിയിലുള്ളതെന്നും പുസ്തകങ്ങളും മറ്റും ലൈബ്രറിയിൽവച്ച് വായിക്കുന്നതിനാവശ്യമായ ഫർണിച്ചർ സൗകര്യം ഏർപ്പെടുത്തിയിട്ടില്ലാത്തതായും അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഫർണിച്ചർ, ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി കൂടുതൽ അംഗങ്ങളെ ചേർത്ത് ലൈബ്രറി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.
17	94	തിരൂർ നഗരസഭ	തിരൂർ നഗരസഭയുടെ കീഴിലുള്ള ലൈബ്രറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങളെല്ലാം പരിഹരിച്ചിട്ടുണ്ടെന്ന മുനിസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
18	95	പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്	പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ തസ്തികയിലേക്കുള്ള നിയമനത്തിനായി 2010-ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് അയച്ച കത്തിന് അഞ്ച് വർഷങ്ങൾക്കുശേഷവും മറുപടി ലഭിക്കാതിരുന്നിട്ടും തുടർനടപടികൾ സ്വീകരിക്കാതിരുന്ന ഗ്രാമപഞ്ചായത്തധികൃതരുടെ നിരുത്തരവാദപരമായ നിലപാടിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തിയ സമിതി ആയത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ അന്വേഷിച്ച് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു.
19	96	പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്	സമിതി നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 6-11-2017 തീയതിയിലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ പാർട്ട്ടൈം ലൈബ്രേറിയൻ തസ്തിക പുനഃസ്ഥാപിക്കുന്നതിനായി 20-5-2015-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് അപേക്ഷിച്ചിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ലാത്തതായും തുടർന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ

1	2	3	4
			21-8-2015-ലെ തീരുമാനപ്രകാരം പ്രസ്തുത തസ്തിക പുനഃസ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിരുന്നുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതായും അറിയിച്ചിരിക്കുന്നു. എന്നാൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഫുൾടൈം സ്വീപ്പറിന് അധികച്ചുമതല നൽകി നിലവിൽ ലൈബ്രറി പ്രവർത്തിച്ചു വരുന്നതായി ഭരണവകുപ്പിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു.
20	97	പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്	ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ തസ്തികയുടെ പുനഃസ്ഥാപനത്തിനായി 2015-ൽ അയച്ച കത്തിന് മൂന്ന് വർഷങ്ങൾക്കുശേഷവും മറുപടി ലഭ്യമാക്കുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്യാത്ത പഞ്ചായത്ത് ഡയറക്ടറുടെ നിലപാടിൽ സമിതിക്ക് യാതൊരു ന്യായീകരണവും കാണുവാൻ സാധിക്കുന്നില്ല. പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ ലൈബ്രേറിയൻ തസ്തിക പുനഃസ്ഥാപിച്ച് രണ്ടു മാസത്തിനുള്ളിൽ ഓഡിറ്റ് വകുപ്പ് മുഖേന സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണ മെന്ന് സമിതി പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുന്നു.
21	98	മേപ്പയൂർ ഗ്രാമപഞ്ചായത്ത്	മേപ്പയൂർ ഗ്രാമപഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ഓഡിറ്റ് ന്യൂനതകളെല്ലാം പരിഹരിച്ചും ലൈബ്രറി നിയമാവലിക്ക് സർക്കാരിൽ നിന്നുള്ള അംഗീകാരം നേടിയും റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ലൈബ്രറി കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതായും ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ലൈബ്രറിയുടെ നിയമാവലിക്ക് സർക്കാരിൽ നിന്നുള്ള അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഗ്രന്ഥശാലാ നിയമാവലിക്ക് സർക്കാരിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

1	2	3	4
22	99	രാമനാട്ടുകര നഗരസഭ	രാമനാട്ടുകര നഗരസഭയുടെ കീഴിലുള്ള ലൈബ്രറിയുടെ പ്രവർത്തനത്തിനായുള്ള നിയമാവലിക്ക് നഗരകാര്യ വകുപ്പിൽ നിന്നും അംഗീകാരം ലഭ്യമാക്കി ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശമനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിൽ സമിതി നിർദ്ദേശപ്രകാരം ലൈബ്രറി പ്രവർത്തനത്തിനായുള്ള ബൈലോ തയ്യാറാക്കി വിദ്യാഭ്യാസ-കലാ-സാംസ്കാരിക സ്ഥിരം സമിതിയിൽ സമർപ്പിച്ചിട്ടുണ്ടെന്നും സമിതി തീരുമാനപ്രകാരം പ്രസ്തുത വിഷയം കൗൺസിലിലേക്ക് ശിപാർശ ചെയ്തിട്ടുള്ളതായും കൗൺസിൽ അംഗീകരിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഗ്രന്ഥശാല നിയമാവലിക്ക് സർക്കാരിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.
23	100	ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്	ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് ലൈബ്രറി എല്ലാ സൗകര്യങ്ങളോടെയും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതായുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
24	101	പൊന്നാനി നഗരസഭ	പൊന്നാനി നഗരസഭയിൽ താൽക്കാലിക ലൈബ്രേറിയനെ നിയമിച്ച് ലൈബ്രറി പ്രവർത്തിക്കുന്നുണ്ടെന്നും സ്ഥിരമായി ഒരു തസ്തിക അനുവദിച്ചാൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിയുമെന്നുമുള്ള മുനിസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പൊന്നാനി നഗരസഭയിൽ ഒരു സ്ഥിരം ലൈബ്രേറിയൻ തസ്തിക അനുവദിക്കണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നതോടൊപ്പം പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

1	2	3	4
25	102	തദ്ദേശസ്വയംഭരണ വകുപ്പ്	വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ഉണ്ടെങ്കിലും പുതിയ പുസ്തകങ്ങളുടെയും ആധുനിക സൗകര്യങ്ങളുടെയും ലൈബ്രേറിയന്റെയും അഭാവത്താലും കെട്ടിടങ്ങളുടെ ശോച്യാവസ്ഥയ്ക്ക് പലതും തകർച്ച നേരിടുകയാണെന്ന് സമിതി വിലയിരുത്തുന്നു. സംസ്ഥാനത്തെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രസ്തുത ലൈബ്രറികളിലെ അംഗസംഖ്യ നാൾക്കുനാൾ കുറഞ്ഞുവരുന്നതായും പുതുതായി അംഗത്വം എടുക്കുന്നവരുടെ എണ്ണം തുലോം കുറവാണെന്നും സമിതി മനസ്സിലാക്കുന്നു. കാലത്തിനനുസരിച്ച് ലൈബ്രറികളും മാറണമെന്നതിനാലും കൂടുതൽ ആളുകളെ ലൈബ്രറികളിലേക്ക് ആകർഷിക്കുവാൻ കഴിയുമെന്നതിനാലും ഇന്റർനെറ്റ്, വൈഫൈ തുടങ്ങിയ സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി ലൈബ്രറികൾ ആധുനികവൽക്കരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
26	103	തദ്ദേശസ്വയംഭരണ വകുപ്പ്	ലൈബ്രറി കൗൺസിലിന്റെ കീഴിൽ പൊതുജനങ്ങൾ നടത്തുന്ന ലൈബ്രറികൾ നന്നായി പ്രവർത്തിക്കുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി എം.പി. ഫണ്ടുപയോഗിച്ച് ലൈബ്രറികൾക്ക് കമ്പ്യൂട്ടർ നൽകുന്നതുപോലെ എം.എൽ.എ. ഫണ്ടുപയോഗിച്ച് ലൈബ്രറികൾക്ക് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ളവ നല്കി ആധുനികവൽക്കരിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾ അറ്റകുറ്റപ്പണി നടത്തി ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.
27	104	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലുള്ള ലൈബ്രറികളുടെ പ്രവർത്തനം നാമമാത്രമാണെന്ന ഓഡിറ്റിന്റെ നിരീക്ഷണം ഗൗരവമായി വീക്ഷിച്ച സമിതി, സാംസ്കാരിക സ്ഥാപനം എന്ന നിലയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള

1	2	3	4
			മുഴുവൻ ലൈബ്രറികളെ സംബന്ധിച്ചും വകുപ്പ് അവലോകനം നടത്തി അവയുടെ നടത്തിപ്പിന് വിശദമായ മാർഗ്ഗരേഖ നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ 22-12-2015, 2-11-2017 എന്നീ തീയതികളിലെ തെളിവെടുപ്പ് യോഗങ്ങളിൽ സമിതി ആവശ്യപ്പെട്ടതിൻപ്രകാരമുള്ള യാതൊരു നടപടിയും സർക്കാരിന്റെയോ നഗരകാര്യ വകുപ്പിന്റെയോ ഭാഗത്തുനിന്നും നാളിതുവരെ ഉണ്ടായിട്ടില്ലാത്തതായി സമിതിക്ക് ബോധ്യമാകുന്നു. സമിതി നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഉദ്യോഗസ്ഥർ കാണിക്കുന്ന അനാസ്ഥയെ കുറ്റകരമായ കൃത്യവിലോപമായി മാത്രമേ സമിതിക്ക് വീക്ഷിക്കാനാകൂ. ഇത് നിയമസഭാ സമിതിയോട് കാണിക്കുന്ന തികഞ്ഞ അനാദരവായി സമിതി കണക്കാക്കുന്നതോടൊപ്പം സമിതി ആവശ്യപ്പെട്ടതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ഓഡിറ്റ് വകുപ്പ് മുഖേന ലഭ്യമാക്കണമെന്നും അല്ലാത്തപക്ഷം ആയവ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.
28	105	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ലൈബ്രറികളുടെ പ്രവർത്തനത്തിനായി തനത് ഫണ്ടിൽ നിന്നും പ്ലാൻ ഫണ്ടിൽ നിന്നും തുക വകയിരുത്തുവാൻ കഴിയുമെങ്കിലും, മിക്ക ലൈബ്രറികളും ഗ്രന്ഥശാലാ സംഘത്തിന്റെ അഫിലിയേഷൻ ഉള്ളവയാണെന്നതിനാൽ സംഘത്തിൽ നിന്നുള്ള കോൺട്രിബ്യൂഷൻ ലഭിക്കുന്നുണ്ടെങ്കിൽ കൂടിയും പ്രസ്തുത ലൈബ്രറികളിൽ ആവശ്യത്തിന് പുസ്തകങ്ങൾ വാങ്ങുകയോ പുസ്തകങ്ങൾ നല്ല രീതിയിൽ സൂക്ഷിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്യുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ് സംബന്ധിച്ച് ഭരണ വകുപ്പ് തലത്തിൽ സമഗ്രമായ അവലോകനം നടത്തി അവ ഉചിതമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ഭരണ

1	2	3	4
			വകുപ്പിനോട് നിർദ്ദേശിക്കുന്നു. കൂടാതെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള ലൈബ്രേറിയൻ തസ്തികയുടെ ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചും റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
29	134	പനച്ചിക്കാട് ഗ്രാമപഞ്ചായത്ത്	പനച്ചിക്കാട് ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ലെന്നുള്ള ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നിലവിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെന്നും ദുരിതാശ്വാസനിധി കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
30	135	മുളക്കുളം ഗ്രാമപഞ്ചായത്ത്	മുളക്കുളം ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട വരവ് ചെലവ് കണക്കുകൾക്കായി നിലവിൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും തുകയുടെ വിതരണവിവരം പഞ്ചായത്തിന്റെ ഓഫീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ടെന്നും വൗച്ചറുകൾ എഴുതി സൂക്ഷിക്കുന്നുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.
31	136	കടനാട് ഗ്രാമപഞ്ചായത്ത്	കടനാട് ഗ്രാമപഞ്ചായത്തിൽ പ്രകൃതി ദുരന്തമുണ്ടായപ്പോൾ റോഡിൽ കടപുഴകി വീണ വൃക്ഷങ്ങൾ വെട്ടിമാറ്റി ഗതാഗത തടസ്സം നീക്കുന്നതിനായി ദുരിതാശ്വാസനിധിയിൽനിന്നും 9,763 രൂപ ചെലവഴിച്ചത് ക്രമപ്രകാരമല്ലെന്ന് സമിതിക്ക് ബോദ്ധ്യമാകുന്നു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും അശരണരുമായ ആളുകൾക്ക് വേണ്ടി വിനിയോഗിക്കേണ്ട ദുരിതാശ്വാസ നിധി ഗതാഗത തടസ്സം മാറ്റുന്നതിനും ഭക്ഷണം നൽകുന്നതിനുമായി ചെലവഴിച്ചത് സമിതിക്ക് അംഗീകരിക്കുവാനാകുന്നില്ല. ആയതിനാൽ പഞ്ചായത്ത് ഡയറക്ടർ പ്രസ്തുത വിഷയം വളരെ ഗൗരവപൂർവ്വം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

1	2	3	4
32	137	തിരൂർ മുൻസിപ്പാലിറ്റി	തിരൂർ മുനിസിപ്പാലിറ്റിയിലെ ദുരിതാശ്വാസനിധിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച തിരൂർ മുനിസിപ്പൽ സെക്രട്ടറിയുടെ വിശദീകരണം അംഗീകരിച്ച സമിതി തിരൂർ മുനിസിപ്പാലിറ്റിയെ പ്രസ്തുത ഓഡിറ്റ് തടസ്സത്തിൽനിന്നും ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.
33	138	തിരൂരങ്ങാടി നഗരസഭ, കൊണ്ടോട്ടി നഗരസഭ	തിരൂരങ്ങാടി, കൊണ്ടോട്ടി എന്നീ നഗരസഭ കളിലെ ദുരിതാശ്വാസനിധി സംബന്ധിച്ച് ഓഡിറ്റ് വകുപ്പ് ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ചതായുള്ള സർക്കാർ മറുപടിയുടെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
34	139	കണിച്ചാർ ഗ്രാമപഞ്ചായത്ത്	കണിച്ചാർ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും കാര്യക്ഷമമായി വിനിയോഗി ക്കുന്നതിനുള്ള രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നതിനുമുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശമനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കണിച്ചാർ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
35	140	അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്	അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ മാനദണ്ഡങ്ങൾ ലംഘിച്ച്, ദുരിതാശ്വാസനിധിയിൽനിന്നും വ്യത്യസ്ത അപേക്ഷകളിന്മേൽ തുക അനുവദിക്കുന്ന വെന്നതായിരുന്നു ഓഡിറ്റ് പരാമർശമെന്നും അത്തരം നടപടികൾ ഇപ്പോൾ നിലവിലില്ലെന്നും ധനസഹായം അനുവദിക്കുന്നതിന് ഇപ്പോൾ അന്വേഷണ റിപ്പോർട്ട് അവലംബമാക്കാറുണ്ടെന്നും

1	2	3	4
			സബ്കമ്മിറ്റി യോഗം ചേർന്നാണ് അപേക്ഷയിന്മേൽ തീരുമാനം എടുക്കുന്നതെന്നും ചട്ടപ്രകാരം അനുവദനീയമായ തുക മാത്രമേ നിലവിൽ അനുവദിച്ചുവരുന്നുള്ളുവെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.
36	141	പൊഴുതന ഗ്രാമപഞ്ചായത്ത്	പൊഴുതന ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെന്നും പുതിയ ഭരണസമിതി നിലവിൽ വന്ന ശേഷം ഇത് കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ദുരിതാശ്വാസനിധി കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കണമെന്ന നിർദ്ദേശത്തോടെ. പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
37	142	പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്	പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നുണ്ടെന്നും കൂടാതെ, ദുരിതാശ്വാസനിധിയിലേക്കുള്ള ധനസമാഹരണം ഊർജ്ജിതപ്പെടുത്തി അർഹരായവരിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെയും ആയത് പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.
38.	143	ഏലംകുളം ഗ്രാമപഞ്ചായത്ത്	ഏലംകുളം ഗ്രാമപഞ്ചായത്തിൽ സമിതി നിർദ്ദേശപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചുവെങ്കിലും ആയത് വിപുലീകരിക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ലാത്തതായി ഓഡിറ്റ് വകുപ്പ് അറിയിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ദുരിതാശ്വാസനിധി വിപുലീകരിക്കുന്നതിനാവശ്യമായ തുടർനടപടികൾ കൈക്കൊണ്ട് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

1	2	3	4
39	144	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനായി 2003-ൽ തന്നെ സർക്കാർ ഉത്തരവിറക്കിയെങ്കിലും ആയത് രൂപീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കുന്നില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. ദുരിതാശ്വാസനിധി രൂപീകരിക്കപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാവട്ടെ ആയത് വിപുലീകരിക്കുന്നതിനായി കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ലായെന്നും സമിതിക്ക് ബോദ്ധ്യമാവുന്നു. ആയതിനാൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുമുള്ള കർശനനിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകണമെന്നും അവ പാലിക്കപ്പെടുന്നുണ്ടോയെന്ന് നിർബന്ധമായും ഉറപ്പ് വരുത്തണമെന്നും സമിതി ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.
40	145	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധി സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം ലഭിക്കാത്തതിനാൽ അത് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് അവർക്ക് സാധിക്കാത്തതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ദുരിതാശ്വാസനിധി സംബന്ധിച്ച് നോട്ടീസ് മുഖാന്തരവും ഗ്രാമസഭ, ഫ്രണ്ട് ഓഫീസ് എന്നിവ വഴിയും ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
41	146	തദ്ദേശസ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസ നിധിയുടെ വരവ്-ചെലവ് കണക്കുകൾ കുറ്റമറ്റതാക്കുന്നതിലേയ്ക്കായി കണക്കുകളും രജിസ്റ്ററുകളും സൂക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2-9-2017-ൽ സർക്കാർ ഉത്തരവിറക്കിയെങ്കിലും ആയത് പൂർണ്ണമായും പാലിക്കപ്പെടുന്നില്ലാത്തതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കർശനമായും പാലിക്കുന്നുണ്ടോയെന്ന്

1	2	3	4
			പരിശോധിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം നിലവിൽ പ്രവർത്തനക്ഷമമാണെന്നതും സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റ് വകുപ്പ് മുഖേന ഹാജരാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
42	166	പന്മന ഗ്രാമപഞ്ചായത്ത്	പന്മന ഗ്രാമപഞ്ചായത്തിൽ തുടർ സാക്ഷരതാ പരിപാടിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന തൊഴിൽ യൂണിറ്റ് മാതൃകാപരമാണെന്നും പഞ്ചായത്ത് ഓഫീസ് പുതുക്കി പണിത അവസരത്തിൽ സ്ഥലപരിമിതിമൂലം തൊഴിൽ യൂണിറ്റിന്റെ പ്രവർത്തനം താത്കാലികമായി നിർത്തിവച്ചിരുന്നുവെങ്കിലും നിലവിൽ അത് പ്രവർത്തിച്ചുവരുന്നുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.
43	167	കടയത്തൂർ ഗ്രാമപഞ്ചായത്ത്	കടയത്തൂർ ഗ്രാമപഞ്ചായത്തിൽ തയ്യൽ പരിശീലനം, തയ്യൽ മെഷീൻ റിപ്പയറിംഗ്, പി.എസ്.സി. പരീക്ഷാ പരിശീലനം, പെയിന്റിംഗ്, കരകൗശല നിർമ്മാണം എന്നിവ നടപ്പിലാക്കിവരുന്നുണ്ടെന്നും തുടർവിദ്യാകേന്ദ്രങ്ങൾ നേരിടുന്ന അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.
44	168	വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത്, പൊതുവിദ്യാഭ്യാസ വകുപ്പ്	തമിഴ് ജനവാസ കേന്ദ്രമായ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ സാക്ഷരതാ മിഷൻ മുഖേനയുള്ള തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി 7-ാം തരത്തിലെ തമിഴ് പാഠപുസ്തകങ്ങൾ ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും ലഭ്യമാകുന്നില്ലെന്ന് നിരീക്ഷിച്ച സമിതി ഇത് സംബന്ധിച്ച് സാക്ഷരതാ മിഷൻ ഡയറക്ടറിൽനിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇടുക്കിയിലും കൊല്ലത്തും മാത്രമാണ് കുറച്ച് പേർ ഏഴാം തരം തമിഴ്, കന്നട പഠനത്തിന്

1	2	3	4
			രജിസ്റ്റർ ചെയ്യുന്നതെന്നും ഇതിനായി വൻ തുക ചെലവഴിക്കേണ്ടതായി വരുമെന്നും അതിനുള്ള സാമ്പത്തിക ശേഷി സാക്ഷരതാ മിഷനില്ലെന്നുമുള്ള സാക്ഷരതാ മിഷൻ ഡയറക്ടറുടെ മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. പാഠപുസ്തകം ലഭിക്കാതെ പഠനം നിർത്തുന്ന സ്ഥിതിയുണ്ടാകുന്നത് ഗൗരവമേറിയ കാര്യമാണെന്നും അത് സാക്ഷരതാ മിഷന്റെ പ്രസക്തി തന്നെ ചോദ്യം ചെയ്യപ്പെടുന്ന വിഷയമാണെന്നും സമിതി ചൂണ്ടിക്കാണിക്കുന്നു. ഇടുക്കി ജില്ലയുൾപ്പെടെയുള്ള തമിഴ് ന്യൂനപക്ഷ മേഖലയിൽ 7-ാം തരത്തിലെ തമിഴ് പാഠപുസ്തകങ്ങൾ അച്ചടിച്ച് നൽകുന്ന വിഷയം സാക്ഷരതാ മിഷൻ സർക്കാരിന്റെ (പൊതുവിദ്യാഭ്യാസ വകുപ്പ്) ശ്രദ്ധയിൽ പ്പെടുത്തണമെന്നും ആയതിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെടുന്നു. ഈ വിഷയത്തിൽ അടിയന്തരമായി നടപടി സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖാന്തരം സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.
45	169	ഏത്തൂർ ഗ്രാമപഞ്ചായത്ത്	ഏത്തൂർ ഗ്രാമപഞ്ചായത്തിൽ തുടർസാക്ഷരതാ പരിപാടിയുടെ ഭാഗമായി നിരക്ഷരർക്ക് സാക്ഷരതാ പഠന ക്ലാസ്സുകൾ നടത്തി വരുന്നതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ആയതിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.
46	170	കണ്ണാടി ഗ്രാമപഞ്ചായത്ത്	കണ്ണാടി ഗ്രാമപഞ്ചായത്തിൽ തുടർ സാക്ഷരതാ പ്രവർത്തനം നല്ലരീതിയിൽ നടന്നു വരുന്നതായുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയതിന്മേലുള്ള തുടർനടപടികൾ അവസാനിപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

1	2	3	4
47	171	രാമനാട്ടുകര നഗരസഭ	രാമനാട്ടുകര നഗരസഭയിൽ പ്രേരക്മാരില്ലാത്തതിനാൽ സാക്ഷരതാ പ്രവർത്തനം മന്ദഗതിയിലാണെന്നും ഇക്കാരണത്താൽ 2011-12-ൽ സാക്ഷരതാ പ്രവർത്തനത്തിനായി വകയിരുത്തിയ 15,000 രൂപ ചെലവഴിച്ചിട്ടില്ലെന്നും നിരീക്ഷിച്ച സമിതി പ്രേരക്മാരെ നിയമിക്കുന്നതിനായി സാക്ഷരതാ മിഷന് അടിയന്തരമായി അപേക്ഷ നൽകുന്നതിനും അതിന്റെ പുരോഗതി സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശമനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ സാക്ഷരതാ മിഷൻ മുഖേന രണ്ട് പ്രേരക്മാരെ നഗരസഭയിൽ നിയമിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ രാമനാട്ടുകര നഗരസഭയിൽ പ്രേരക്മാരുടെ സഹായത്തോടെ സാക്ഷരതാ പ്രവർത്തനങ്ങൾ മാതൃകാപരമായി നടത്തണമെന്ന നിർദ്ദേശത്തോടെ പ്രസ്തുത ഓഡിറ്റ് തടസ്സമൊഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.
48	172	കണിച്ചാർ ഗ്രാമപഞ്ചായത്ത്	കണിച്ചാർ ഗ്രാമപഞ്ചായത്തിൽ മൂന്ന് തുടർ വിദ്യാകേന്ദ്രങ്ങളുള്ളതിൽ രണ്ടെണ്ണം പ്രേരക്മാരോ അസിസ്റ്റന്റ് പ്രേരക്മാരോ ഇല്ലാത്തതിനാൽ പൂട്ടിപ്പോയതായി നിരീക്ഷിച്ച സമിതി സാക്ഷരതാ മിഷൻ മുഖേന പ്രേരക്മാരെ നിയമിച്ച് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശമനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കണിച്ചാർ ഗ്രാമപഞ്ചായത്തിലെ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളിലെ നിലവിലുള്ള പ്രേരക്മാരുടെ രണ്ട് ഒഴിവിലേക്ക് പ്രേരക്മാരെ നിയമിക്കുന്നതിനായി ജില്ലാ സാക്ഷരതാ മിഷൻ കോ-ഓർഡിനേറ്റർക്ക് 18-2-2017 തീയതിയിൽ കത്ത് നൽകിയതായി അറിയിച്ചിരിക്കുന്നു. ഓഡിറ്റ് വകുപ്പിന്റെ പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ കണിച്ചാർ ഗ്രാമപഞ്ചായത്ത് അടക്കം സംസ്ഥാനത്തെ എല്ലാ

1	2	3	4
			തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള പ്രേരക് മാരുടെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ഭരണവകുപ്പിനോട് നിർദ്ദേശിക്കുന്നു. കൂടാതെ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ പ്രേരക് മാരെ നിയമിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നപക്ഷം പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.
49	173	പൊതുവിദ്യാഭ്യാസ വകുപ്പ്, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്	മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ പ്രേരക് മാരില്ലാത്തതിനാൽ തുടർവിദ്യാകേന്ദ്രത്തിന്റെ പ്രവർത്തനം നിലച്ചതായി നിരീക്ഷിച്ച സമിതി സാക്ഷരതാ മിഷനുമായി ബന്ധപ്പെട്ട് പ്രേരക്മാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശമനുസരിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിലെ തുടർ വിദ്യാകേന്ദ്രങ്ങളിൽ നിലവിലുള്ള പ്രേരക്മാരുടെ ഒഴിവിലേക്ക് പുതിയ നിയമനങ്ങൾ തൽക്കാലം നടത്തേണ്ടതില്ല എന്ന് സാക്ഷരതാ മിഷൻ ഡയറക്ടർ അറിയിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.
50	174	പൊതുവിദ്യാഭ്യാസ വകുപ്പ്, മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത്.	സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് പ്രേരക് മാരുടെ അഭാവത്താൽ തുടർ വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം നിലയ്ക്കുന്നത് സമിതിക്ക് അംഗീകരിക്കുവാനാകുന്നില്ല. പ്രേരക്മാരുടെ നിയമനവുമായി ബന്ധപ്പെട്ട് സാക്ഷരതാ മിഷൻ നിലവിൽ സ്വീകരിച്ചിരിക്കുന്ന നിലപാടിൽ സമിതിക്ക് യാതൊരു ന്യായീകരണവും കാണുവാൻ സാധിക്കുന്നില്ല. സമിതി സാക്ഷരതാ മിഷന്റെ പ്രസ്തുത നിലപാടിനോട് കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം ഇതു സംബന്ധിച്ച് സാക്ഷരതാ മിഷൻ ഡയറക്ടറിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സർക്കാരിനോട് (പൊതു വിദ്യാഭ്യാസ വകുപ്പ്) നിർദ്ദേശിക്കുകയും ചെയ്യുന്നു.

1	2	3	4
51	175	തദ്ദേശസ്വയംഭരണ വകുപ്പ്	സംസ്ഥാനത്തെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തുടർസാക്ഷരതാ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും ആവശ്യമായ പ്രേരക്മാരുടെ അഭാവം കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സം നില്ക്കുന്നതായും തുടർസാക്ഷരതയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതായ ധനസഹായം യഥാസമയം സർക്കാരിൽനിന്നും ലഭിക്കുന്നില്ലാത്തതായും മനസ്സിലാക്കിയ സമിതി പ്രേരക്മാരില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടിയന്തരമായി അവരെ നിയമിക്കുന്നതിനും തുടർ വിദ്യാഭ്യാസ പദ്ധതിക്കാവശ്യമായ ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിനുമുള്ള നിർദ്ദേശം സാക്ഷരതാ മിഷനു നൽകി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്ന വെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. സമിതി ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
52	176	തദ്ദേശസ്വയംഭരണ വകുപ്പ്	അന്ധരായ ആളുകളെ കൂടി തുടർ സാക്ഷരതാ പദ്ധതിയുടെ ഭാഗമാക്കുന്നതിനായി മലപ്പുറം ജില്ലാപഞ്ചായത്തും സാക്ഷരതാ മിഷനും ചേർന്ന് 'സമ്പൂർണ്ണ ബ്രെയിൽ സാക്ഷരതാ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചതായും ഇതിനോടനുബന്ധിച്ച് നിലവിൽ 'ഇ-ബ്രെയിൽ' എന്നൊരു പദ്ധതിയും കൂടി ജില്ലയിൽ ആവിഷ്കരിച്ചതായും സമിതി മനസ്സിലാക്കുന്നു. സമിതി പ്രസ്തുത പദ്ധതികളെ സ്വാഗതം ചെയ്യുന്നതോടൊപ്പം സംസ്ഥാനത്തെ മറ്റ് ജില്ലകളിലേയ്ക്കുകൂടി ടി പദ്ധതികൾ വ്യാപി പ്പിക്കുന്നതിനും സാക്ഷരതാ പരിപാടിയെക്കുറിച്ച് അവലോകനം നടത്തുന്നതിനും നല്ല രീതിയിൽ സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തുന്ന പഞ്ചായത്തുകളെ മാതൃകയാക്കി തുടർ സാക്ഷരതാ പദ്ധതി പ്രാവർത്തികമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റ് വകുപ്പ് മുഖേന റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഭരണ വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

അനുബന്ധം II

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത റിപ്പോർട്ട് അദ്ധ്യായം 2-മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക

ക്രമ നമ്പർ	സമാഹൃത ഓഡിറ്റ റിപ്പോർട്ട് വർഷം	സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
1	2012-13	2.1	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം	സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശകളിൽ മുഖ്യമായുള്ള ഒന്നാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ ബഡ്ജറ്റ് വിഹിതമായി നൽകേണ്ട ധനത്തെ സംബന്ധിച്ചുള്ളത്. പ്രസ്തുത ശിപാർശകൾ പരിശോധിക്കുന്ന സർക്കാർ സംസ്ഥാനത്തിന്റെ ധനവിഭവങ്ങളും ലഭ്യതയും അടിസ്ഥാനമാക്കി ഓരോ വർഷവും എത്ര ഫണ്ട് നൽകണമെന്ന് തീരുമാനിച്ചുവരുന്നു. അങ്ങനെ നൽകുമ്പോൾ പലപ്പോഴും മുമ്പ് നൽകിയ ധനത്തിന്റെ വിനിയോഗവും കണക്കിലെടുക്കാറുണ്ട്. എങ്കിലും ശിപാർശകൾക്ക് അനുസൃതമായി ധനസഹായം നൽകാൻ ശ്രമിച്ചുവരുന്നു. ഓരോ വർഷവും കൃത്യമായ തുകയെത്രയെന്ന് അന്തിമമായി തീരുമാനിക്കുക ആസൂത്രണ വകുപ്പും ധനവകുപ്പുമാണ്, ഇപ്പോൾ ധനവിതരണം നടത്തുന്നത് ധനവകുപ്പാണ്. തദ്ദേശ സ്ഥാപനങ്ങളുടെ തനത് ഫണ്ട് സ്വരൂപിക്കുന്നതിൽ കുറവുണ്ടാകാതെ നോക്കുന്നതിന് ഒട്ടേറെ നടപടികൾ നിർദ്ദേശിച്ചിരുന്നു. അവയുടെ ഫലപ്രാപ്തിയെക്കുറിച്ചും ഇനിയും സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും അഞ്ചാം സംസ്ഥാന ധനകാര്യ കമ്മിഷൻ പരിശോധിക്കുകയും ശിപാർശകൾ നിർദ്ദേശിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.
2		2.2	പദ്ധതി വിഹിതത്തിന്റെ വിഭജനം	
3		2.3	പദ്ധതി വിഹിതത്തിന്റെ വിനിയോഗം	

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2012-13 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് അദ്ധ്യായം-2 മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക.

ക്രമ നം.	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ	ഓഡിറ്റ് പരാമർശ വിഷയം	ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി
		2.6	**ലൈബ്രറികളുടെയും/സാംസ്കാരിക നിലയങ്ങളുടെയും നടത്തിപ്പ്** 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1) -ാം വകുപ്പ് 3-ാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ വിദ്യാഭ്യാസ മേഖലയിലെ ചുമതലകളിൽപ്പെടുന്നതാണ് "വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും". തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സാംസ്കാരിക നിലയങ്ങളിൽ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്താണ് ഈ മേഖലയിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ചുമതല നിറവേറ്റുന്നത്. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുണ്ട്. സാംസ്കാരിക നിലയങ്ങളുടെയും ലൈബ്രറികളുടെയും നടത്തിപ്പിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് കാര്യക്ഷമവും ഫലപ്രദവുമാണോ എന്ന് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ വിലയിരുത്തൽ നടത്തുകയുണ്ടായി. പതിനൊന്നിന പരിപാടിയുടെ ഭാഗമായി എഴുപതുകളിൽ ആരംഭിച്ച സാംസ്കാരിക നിലയങ്ങളിൽ പലതും തകർച്ചയുടെ വക്കിലാണ്. കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കാത്തതും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാത്തതും ഇത്തരം സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. പുതിയ പുസ്തകങ്ങൾ വാങ്ങാത്തതിനാൽ വായനക്കാരെ ആകർഷിക്കാൻ ലൈബ്രറികൾക്ക് കഴിയുന്നില്ല. പത്രങ്ങളും ആനുകാലികങ്ങളും വേണ്ടത്ര ഇല്ല. ചില സ്ഥലങ്ങളിൽ ലൈബ്രേറിയൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. അതേസമയം ലൈബ്രേറിയന്റെ സേവനം പ്രയോജനപ്പെടുത്താൻ കഴിയാത്ത സ്ഥാപനങ്ങളുമുണ്ട്. 06-08-2010-ലെ ജി.ഒ(എം.എസ്.)170/2010/തസ്വഭവ ഉത്തരവു പ്രകാരം സംസ്ഥാനത്തെ 300 സാംസ്കാരിക നിലയങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ലൈബ്രേറിയൻമാരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സർക്കാർ അംഗീകരിക്കുകയുണ്ടായി. എന്നാൽ 10 ഉം 15 ഉം വർഷങ്ങളായി പുതിയ പുസ്തകങ്ങൾ വാങ്ങാത്തതിനാൽ ഇത്തരം ലൈബ്രറികളുടെ പ്രവർത്തനം നാമമാത്രമായിരിക്കുകയാണ്. നിയമാവലിയും നടത്തിപ്പ് കമ്മിറ്റിയുമില്ലാതെ പ്രവർത്തിക്കുന്ന ലൈബ്രറികൾ നാഥനില്ലാത്ത അവസ്ഥയിലാണ്. പുസ്തകങ്ങളുടെ സ്റ്റോക്കെടുപ്പ് കൃത്യമായി നടത്തുന്നില്ല. വർഷങ്ങൾക്ക് മുൻപ്	**കുന്നത്തുകാൽ (തിരുവനന്തപുരം)** സാംസ്കാരിക നിലയത്തിൽ ആവശ്യമായ ഫർണിച്ചറും കമ്പ്യൂട്ടറും ലഭ്യമാക്കിയിട്ടുണ്ട്. കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ 18-11-14 IV(9) നമ്പർ തീരുമാനം പ്രകാരം ഇന്റർനെറ്റ് കണക്ഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പരാമർശം തീർപ്പാക്കുവാൻ അപേക്ഷിക്കുന്ന വിവരം സമർപ്പിക്കുന്നു. **രാമപുരം ഗ്രാമപഞ്ചായത്ത്** രാമപുരം ഗ്രാമ പഞ്ചായത്തു കമ്മിറ്റിയുടെ 14-05-2014 -ലെ 9-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ലൈബ്രറി നടത്തിപ്പിന് പ്രസിഡന്റ്, സെക്രട്ടറി, ലൈബ്രേറിയൻ, 2 പഞ്ചായത്ത് മെമ്പർമാർ എന്നിവരടങ്ങുന്ന നടത്തിപ്പ് കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ഫുൾടൈം ലൈബ്രേറിയൻ തസ്തികയാണ് നിലവിലുള്ളത്. ലൈബ്രേറിയൻ 6/2013-ൽ റിട്ടയർ ചെയ്തതിനു ശേഷം ടി തസ്തികയിലേയ്ക്ക് സ്ഥലം മാറ്റത്തിലൂടെ നിയമിച്ചിരുന്ന ലൈബ്രേറിയൻ 11-03-2014-ൽ ജോലിയിൽ പ്രവേശിച്ച് ലൈബ്രറിയുടെ പ്രവർത്തനം സുഗമമായി നടത്തി വരുന്നത്. **മണിമല ഗ്രാമപഞ്ചായത്ത്** 1955-ൽ പ്രവർത്തനം ആരംഭിച്ച മണിമല വിവിധോദ്ദേശ സഹകരണസംഘം വക വായനശാല 1960-ൽ മണിമല ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയിട്ടുള്ളതാണ്. ടി ലൈബ്രറിയുടെ നിയമാവലി നഷ്ടപ്പെട്ടത് പരിഹരിക്കുന്നതിനായി നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കത്തയച്ച് അവിടെ നിന്നും നിയമാവലിയുടെ പകർപ്പ് 23-07-2014-ൽ ലഭിച്ചിട്ടുള്ളതുമാണ്. ആയത് ലൈബ്രറിയിൽ പ്രദർശിപ്പിച്ചിട്ടുള്ളതുമാണ്.

ലൈബ്രറികളിൽ അംഗത്വമെടുത്തവർ പിന്നീട് പുതുക്കുന്നില്ല.

വിവിധ സ്ഥാപനങ്ങളുടെ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളുടെ സംക്ഷിപ്തം താഴെകൊടുക്കുന്നു.

ക്ര നം	ലൈബ്രറി/തദ്ദേശസ്വയം ഭരണ സ്ഥാപനം	ജില്ല	അംഗങ്ങൾ	നടത്തിപ്പ് സംവിധാനങ്ങൾ	പ്രധാന പോരായ്മകൾ	കമ്പ്യൂട്ടർ/ഇന്റർനെറ്റ്
1.	ലൈബ്രറി സാംസ്കാരിക നിലയം,നിലമാമൂട്, കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്	തിരുവനന്തപുരം	54		ആവശ്യത്തിന് ഫർണിച്ചറില്ല	ഇല്ല
2.	രാമപുരം ലൈബ്രറി & റീഡിംഗ് റൂം രാമപുരം പഞ്ചായത്ത്	കോട്ടയം	278	നടത്തിപ്പ് കമ്മിറ്റി ഇല്ല.	ലൈബ്രേറിയൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നു.	ഇല്ല
3.	മണിമല ഗ്രാമപഞ്ചായത്ത്	കോട്ടയം	196	നിയമാവലി ഇല്ല	വായനാമുറി അനുബന്ധസൗകര്യങ്ങൾ എന്നിവ ഇല്ല	ഇല്ല
4.	ലാൽബഹദൂർ ശാസ്ത്രി മെമ്മോറിയൽ ലൈബ്രറി, ഉടുമ്പൻചോല	ഇടുക്കി	218		ലൈബ്രേറിയൻ ഇല്ലാത്തതിനാൽ പ്രവർത്തിക്കുന്നില്ല. സ്ഥല സൗകര്യം കുറവ്.	ഇല്ല
5.	താനൂർ ഗ്രാമപഞ്ചായത്ത്- സാംസ്ക്കാരിക നിലയം & ലൈബ്രറി	മലപ്പുറം	723	നിയമാവലി ഉണ്ട്. നടത്തിപ്പ് കമ്മിറ്റി ഇല്ല.	സ്ഥിരം ലൈബ്രേറിയന്റെ സേവനം ലഭ്യമല്ല.	ഇല്ല
6.	സെൻട്രൽ ലൈബ്രറി-	മലപ്പുറം	260	നട	സൗകര്യ	ഇല്ല

പരിമിതമായ സൗകര്യത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന മണിമല ഗ്രാമ പഞ്ചായത്ത് ലൈബ്രറിക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വായനാമുറി സജ്ജമാക്കുന്നതിനും പ്രോജക്ട് നമ്പർ 219/14 പ്രകാരം 100000/- രൂപ തനതു ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുള്ളതും ആയതിന് ഡി.പി.സി- യുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. 2014-15-ൽ തന്നെ പ്രവർത്തി പൂർത്തീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുള്ളതാണ്.

<u>ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്</u>

കമ്മിറ്റിയുടെ 07/07/2014-ലെ 14-ാം നമ്പർ തീരുമാന പ്രകാരം ശ്രീമതി.ഓമന, മണ്ണുപുരയിടത്തിൽ, നെടുങ്കണ്ടം പി.ഒ., എന്നയാളുടെ പാർട്ട് ടൈം ലൈബ്രറിയാനായി നിയമിച്ചിട്ടുള്ളതും 10/07/2014 തീയതി മുതൽ ടിയാൾ ലൈബ്രറിയനായി ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നതും നിലവിൽ ലൈബ്രറിയ്ക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ ലൈബ്രറി പ്രവർത്തനം നടത്തി വരുന്നു എന്നും ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് സെക്രട്ടറി 03/12/2014 എ1-4387/14 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

<u>താനൂർ (മലപ്പുറം)</u> 11 ഇന പരിപാടിയുടെ ഭാഗമായി ആരംഭിച്ച സാംസ്ക്കാരിക നിലയത്തിൽ സ്ഥിരം ലൈബ്രേറിയനെ നിയമിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 08.07.2015-ലെ 9-ാം നമ്പർ തീരുമാന പ്രകാരം ലൈബ്രറി നടത്തിപ്പ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 227/14-15 നമ്പർ പ്രോജക്ടായി സാംസ്ക്കാരിക നിലയത്തിന്റെ അറ്റകുറ്റപ്പണിക്കായി 2 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും സ്പിൽ ഓവറായി പണി നടന്നു കൊണ്ടിരിക്കുന്നതുമാണ്. പണി പൂർത്തിയായാൽ പൊതുജനങ്ങൾക്ക് ഏറ്റവും വൃത്തിയുള്ള അന്തരീക്ഷവും സ്ഥലസൗകര്യവും ലഭ്യമാകുന്നതാണ്. കൂടാതെ പുസ്തകം വാങ്ങുന്നതിന് 2012-13 സാമ്പത്തിക വർഷം

	വള്ളിക്കുന്ന്		0	ത്തിപ്പ് കമ്മിറ്റി, നിയമാവലി എന്നിവ ഉണ്ട്.	ങ്ങൾ കുറവ്	
7.	ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാല-പുൽപ്പള്ളി	വയനാട്	-	-	2006 മുതൽ പ്രവർത്തിക്കുന്നില്ല.	ഇല്ല
8.	ഗ്രാമോദയ പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം മേപ്പയൂർ	കോഴിക്കോട്	72	നിയമാവലി നടത്തിപ്പ് കമ്മിറ്റി എന്നിവ ഇല്ല.	കെട്ടിടത്തിന് സ്ഥല സൗകര്യം കുറവ്	ഇല്ല
9.	പി.എം.കൃഷ്ണമേനോൻ സ്മാരക ഗ്രന്ഥാലയം & വായനശാല രാമനാട്ടുകര	കോഴിക്കോട്	199	നിയമാവലി നടത്തിപ്പ് കമ്മിറ്റി എന്നിവ ഇല്ല	ലൈബ്രറി ഇപ്പോൾ പ്രവർത്തിക്കുന്നില്ല	ഇല്ല
10.	പഞ്ചായത്ത് പബ്ലിക് ലൈബ്രറി ചിറ്റാരിപ്പറമ്പ്	കണ്ണൂർ	1585	നടത്തിപ്പ് കമ്മിറ്റി നിയമാവലി എന്നിവയുണ്ട്.	സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ല.	ഇല്ല

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള മുഴുവൻ ലൈബ്രറികളുടെയും സാംസ്ക്കാരിക നിലയങ്ങളുടെയും പ്രവർത്തനം തദ്ദേശ

3/2012-2013 നമ്പർ പ്രോജക്ടായി 83,433/- രൂപ ചെലവഴിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ പുസ്തകങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

<u>വള്ളിക്കുന്ന് (മലപ്പുറം)</u> പാർടൈം ലൈബ്രേറിയൻ ജോലി ചെയ്ത് വരുന്നു. നടത്തിപ്പ് കമ്മിറ്റി സജ്ജീവമായി പ്രവർത്തിച്ചുവരുന്നു. പുതിയ പഞ്ചായത്ത് കെട്ടിടം ഉദ്ഘാടനം ചെയ്യുമ്പോൾ ലൈബ്രറിക്ക് പ്രത്യേക മുറിയും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്.

<u>പുൽപ്പള്ളി (വയനാട്)</u> ഓഫീസിൽ ലഭ്യമായ ഫയലുകൾ പ്രകാരം നടത്തിയ അന്വേഷണത്തിൽ 11 ഇന പരിപാടിയിൽ ഉൾപ്പെടുത്തിയാണ് ലൈബ്രറി പ്രവർത്തനം തുടങ്ങിയതെന്നും ഓഫീസ് അറ്റന്റഡൻസ് രജിസ്റ്ററിൽ നവംബർ 2015 വരെ പാർട്ട്ടൈം ലൈബ്രേറിയൻ തസ്തികയുടെ രേഖപ്പെടുത്തൽ വരുത്തിയതായും പിന്നീട് ടി തസ്തിക ഓഫീസ് അറ്റന്റഡൻസ് രജിസ്റ്ററിൽ നിന്നും ഒഴിവാക്കിയതായി കാണുന്നതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 03.07.2010-ലെ 19/2010 നമ്പർ തീരുമാന പ്രകാരം എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ നിന്നും പാർട്ട്ടൈം ലൈബ്രേറിയൻ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ആവശ്യപ്പെടുന്നതിനും തീരുമാനിച്ചിരുന്നതായും ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 19.10.2010-ലെ എ2-17587/10 നമ്പർ കത്ത് പ്രകാരം പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് പേര് രജിസ്റ്റർ ചെയ്ത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ആവശ്യപ്പെട്ടിരുന്നു എന്നും എന്നാൽ നാളിതുവരെയായിട്ടും എംപ്ലോയ്മെന്റ് ഓഫീസിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ലായെന്നും മേൽ

			സ്വയംഭരണവകുപ്പ് അവലോകനം നടത്തുകയും ഇവയുടെ നടത്തിപ്പിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും വേണം	വിവരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തനത് വരുമാനം പരിമിതമായതിനാൽ തൽക്കാലം തുടർ നടപടികൾ നിർത്തി വയ്ക്കാൻ 01.02.2014-ൽ പ്രസിഡന്റിന്റെ ഉത്തരവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ടെന്നും 23.0122014-ലെ പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ടി വിഷയം അജണ്ട-8 ആയി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന വിവരവും ലൈബ്രറി പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യുന്നതിനും ജീവനക്കാർക്ക് ഓഫീസ് ഉത്തരവ് നൽകുകയുകയും ആയതിന്റെ അടിസ്ഥാനത്തിൽ പുസ്തകങ്ങൾ ലിസ്റ്റ് ചെയ്ത് ലൈബ്രറി പ്രവർത്തന ക്ഷമമാക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ടെന്ന് പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം ബോധിപ്പിക്കുന്നു. **മേപ്പയ്യൂർ (കോഴിക്കോട്)** മേപ്പയ്യൂർ ഗ്രാമപഞ്ചായത്തിലെ ഗ്രാമോദയ പബ്ലിക് ലൈബ്രറി & റീഡിംഗ് റൂമിന് ബൈലോ രൂപീകരിച്ച് 2015 ഫെബ്രുവരി 23-ന് നടന്ന ഭരണസമിതി യോഗത്തിൽ 39/15 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടത്തിപ്പ് കമ്മറ്റി ബൈലോയിൽ വിഭാവനം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് അംഗങ്ങളിൽ നിന്നും പഞ്ചായത്ത് തെരഞ്ഞെടുത്ത അഞ്ച് പേരും, ലൈബ്രറിയുടെ ഏരിയയിൽ നിന്നും പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന ആറ് പേരും ഗ്രന്ഥശാലയിലെ മറ്റ് അംഗങ്ങളിൽ നിന്ന് രണ്ട് പേരും പഞ്ചായത്ത് സെക്രട്ടറിയും ലൈബ്രറിയനുമടക്കം 15 അംഗങ്ങൾ അടങ്ങുന്നതാണ് പ്രസ്തുത കമ്മറ്റി. ലൈബ്രറിയിലെ പുസ്തകങ്ങൾ നല്ല രീതിയിൽ സൂക്ഷിച്ചിട്ടുള്ളതായും പത്രമാസിക രജിസ്റ്റർ ഇപ്പോൾ എഴുതി സൂക്ഷിച്ചുവരുന്നതായും ലൈബ്രറി രശീതി ബുക്കുകൾ സ്റ്റോക്കിലെടുത്ത് വിതരണം

				ചെയ്തു വരുന്നതായും ബോധിപ്പിച്ചിട്ടുണ്ട്. കൂടുതൽ പുസ്തകങ്ങൾ ലൈബ്രറിയിലേക്ക് വാങ്ങി ലൈബ്രറി വിപുലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും പ്രസ്തുത ആവശ്യത്തിന് സൗകര്യപ്രദമായ സ്ഥലവും കെട്ടിടവും നിലവിൽ ഇല്ലാത്തതിനാൽ കെട്ടിടത്തിന്റെ സ്ഥലസൗകര്യം വർദ്ധിപ്പിക്കാൻ തൽക്കാലം പ്രയാസമാണ് എന്നും ഭാവിയിൽ സൗകര്യപ്രദമായ കെട്ടിടത്തിലേക്ക് ലൈബ്രറി മാറ്റുന്നതിനുള്ള നടപടികൾക്കായി ശ്രമിക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു. **<u>രാമനാട്ടുകര (കോഴിക്കോട്)</u>** രാമനാട്ടുകര ഗ്രാമപഞ്ചായത്തിൽ 28/04/2015 -ലെ 9 (9)-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈബ്രറി പ്രവർത്തനത്തിന് ആവശ്യമായ ബൈലാ തയ്യാറാക്കിയത് പഞ്ചായത്ത് ഡയരക്ടരുടെ അംഗീകാരത്തിനായി 6.5.2015 തിയ്യതിയിലെ എഫ്-6343/15 നമ്പർ പ്രകാരം സമർപ്പിച്ചിട്ടുണ്ടെന്നും നടത്തിപ്പ് കമ്മിറ്റി രൂപീകരിക്കു ന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതായും സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. പാർട്ട് ടൈം ലൈബ്രേറിയന്റെ ചുമതലയിൽ ലൈബ്രറി ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നതായും സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. **<u>ചിറ്റാരിപ്പറമ്പ് (കണ്ണൂർ)</u>** പബ്ലിക് ലൈബ്രറിക്ക് ഇപ്പോൾ സ്വന്തമായി ഭൂമിയും, കെട്ടിടവും ഉണ്ട്. എന്നാൽ കമ്പ്യൂട്ടർ/ഇന്റർ നെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 2015-16 വർഷത്തെ വാർഷിക പദ്ധതിയിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്.
3.		2.7	**<u>തദ്ദേശഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധി</u>** 2003 ലെ കേരള മുനിസിപ്പാലിറ്റി/ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപാകരിണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം-3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, [illegible] എന്നിവമൂലം ദുരിതം അനുഭവിക്കുന്നവരും	**<u>കുമരകം ഗ്രാമ പഞ്ചായത്ത്</u>** കുമരകം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസനിധി സമാഹരിക്കുവാൻ ആരംഭിച്ചിട്ടില്ലാത്തതിനാലാണ് തുക വരവ് ഇല്ലാത്തത്. ഫണ്ട് സ്വരൂപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

			നിർദ്ദനരുമായ വ്യക്തികൾക്ക് അവരുടെ ദുരന്തനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ നഗരസഭ/ ഗ്രാമ പഞ്ചായത്തിലും ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. ധനശേഖരണാർത്ഥമുള്ള കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണെങ്കിലും വിവാഹം രജിസ്റ്റർ ചെയ്യാൻ എത്തുന്നുവരിൽ നിന്നും കെട്ടിട നിർമ്മാണ പെർമിറ്റിനായി അപേക്ഷിക്കുന്നവരിൽ നിന്നും നാമമാത്രമായ തുക ഈടാക്കിയാണ് നിധി സ്വരൂപിക്കുന്നത്. എന്നാൽ സമ്മർദ്ദം ചെലുത്തിയോ പ്രലോഭനങ്ങളോ വാഗ്ദാനങ്ങളോ നൽകിയോ തുക സ്വരൂപിക്കാൻ പാടുള്ളതല്ല. നിധിയിലേക്ക് നഗരസഭയുടെ/ ഗ്രാമ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നോ സർക്കാരിൽ നിന്നും ലഭിച്ച ഫണ്ടിൽ നിന്നോ തുക കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. നിധിയിലേക്ക് നൽകുന്ന സംഭാവനകളിലേക്ക് സെക്രട്ടറി ഒപ്പിട്ട രസീത് നൽകേണ്ടതാണ്. നിധിയുടെ വരവ് ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നതിനായി ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് സൂക്ഷിച്ചു പോരേണ്ടതാണ്. ദുരിതാശ്വാസനിധി ചട്ടങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച് തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ അവലോകനം നടത്തിയതിന്റെ വിശദാംശങ്ങൾ ഇനു പറയുന്നു. ദുരിതാശ്വാസ നിധിയുടെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ പല നഗരസഭകളിലും/ ഗ്രാമ പഞ്ചായത്തുകളിലും സൂക്ഷിക്കുന്നില്ല. 28-05-2005 മുതൽ കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത് സംഭാവനകൾ സ്വീകരിക്കുന്നുണ്ടെങ്കിലും ലഭിച്ച സംഭാവനകൾക്ക് സെക്രട്ടറി ഒപ്പിട്ട രസീത് നൽകിയിട്ടില്ല. 23-05-2011 മുതൽ മാത്രമാണ് അപ്രകാരം രസീത് നൽകിയിട്ടുള്ളത്. കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമ പഞ്ചായത്തിൽ നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകളും സംഭാവനകൾ നൽകിയവരുടെ പേരുകളും സെക്രട്ടറി പ്രതിമാസം യോഗത്തിൽ അവതരിപ്പിക്കുന്നുണ്ടെങ്കിലും ആയവ സംബന്ധിച്ച കണക്കുകൾ യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും ഗ്രാമസഭകളിൽ അറിയിക്കുകയും ചെയ്യുന്നില്ല. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി, ഏലംകുളം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസഹായം നൽകിയിട്ടില്ല. ചട്ടം 3(2) പ്രകാരം നിധിയിലേക്ക് ധനസഹായം നടത്തുന്നതിന് യാതൊരു വിധ നിർബന്ധങ്ങൾ ചെലുത്തുകയോ സമ്മർദ്ദങ്ങൾ പ്രയോഗിക്കുകയോ പാടില്ല. എന്നാൽ കൊണ്ടോട്ടി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന വിവിധ സേവനങ്ങൾക്ക് ദുരിതാശ്വാസ നിധിയിലേക്ക് നിശ്ചിത തുക ഈടാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.	<u>പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത്</u> പനച്ചിക്കാട് ഗ്രാമ പഞ്ചായത്തിൽ 28-02-2005 തീയതി ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുള്ളതും ഇതിലേയ്ക്ക് ലഭിക്കുന്ന സംഭാവനകൾ പനച്ചിക്കാട് റീജിയണൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ അടയ്ക്കാവുന്നതുമാണ്. ധനസഹായം നൽകുന്നതിന് ചട്ടം 4(3) പ്രകാരമുള്ള സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 16-05-2006 മുതൽ 21-03-2007 വരെയുള്ള കാലയളവിൽ വിവിധ ദുരിതാശ്വാസ അപേക്ഷകളിന്മേൽ 22 പേർക്കായി 500 രൂപ വീതം ആകെ 11000 രൂപ വിതരണം നടത്തുകയുണ്ടായി. ഈ കാലയളവിനു മുൻപോ പിൻപോ മറ്റ് യാതൊരു വിധ തുകയും വിതരണവും നടന്നിട്ടില്ല. 2007-08 സാമ്പത്തിക വർഷം മുതൽ നാളിതുവരെയും ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ലാത്തതിനാൽ ധനസഹായ വിതരണം നടത്തിയിട്ടില്ല. 2010 വർഷം വരെ ഓഫീസ് പ്രവർത്തനങ്ങൾ പഴയ. കെട്ടിടത്തിൽ നടന്നുവരികയും പുതിയ കെട്ടിടത്തിലേയ്ക്ക് ഓഫീസ് പ്രവർത്തനം മാറിയ അവസരത്തിൽ പല രേഖകളും നശിച്ചു പോവുകയും ചെയ്തിട്ടുണ്ട്. ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേക രജിസ്റ്റർ ഇപ്പോൾ സൂക്ഷിക്കുന്നുണ്ട്. ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിക്കുന്ന സംഭാവനകൾക്ക് സാംഖ്യയിൽ ജനറേറ്റ് ചെയ്ത രസീതുകൾ നൽകുന്നുണ്ട്. പൊതുജനങ്ങളിൽ നിന്നും ദുരിതാശ്വാസ നിധിയിലേയ്ക്ക് ധനസഹായം ലഭിക്കുന്നുണ്ട്. അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തി തുക വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും അപാകതകൾ പരിഹരിച്ച് ദുരിതാശ്വാസ നിധി സംബന്ധിച്ച പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്തി വരുന്നതുമാണ്. <u>മുളക്കുളം ഗ്രാമ പഞ്ചായത്ത്</u> മുളക്കുളം ഗ്രാമ പഞ്ചായത്തിന്റെ

ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും അക്കൗണ്ടിലേക്ക് തുകകളൊന്നും വരവ് വന്നിട്ടില്ല.

ജില്ല	സ്ഥാപനം
കോട്ടയം	കുമരകം ഗ്രാമ പഞ്ചായത്ത്
വയനാട്	പൊഴുതന ഗ്രാമപഞ്ചായത്ത്
പാലക്കാട്	പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്
കണ്ണൂർ	കണിച്ചാർ ഗ്രാമപഞ്ചായത്ത്

നിധിയിൽ നിന്നും ധനസഹായം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ നഗരസഭാധ്യക്ഷന്/ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷകൾ പരിശോധിക്കുന്നതിനായി ഭരണസമിതിയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗവും സെക്രട്ടറിയും അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. നഗരസഭാധ്യക്ഷൻ/ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പ്രസ്തുത കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറി കൺവീനറും ആയിരിക്കും. സബ് കമ്മിറ്റിയുടെ അല്ലെങ്കിൽ നഗരസഭാധ്യക്ഷൻ/ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ഉത്തരവ് പ്രകാരം സെക്രട്ടറി നിധിയിൽ നിന്നും തുക പിൻവലിച്ച് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യേണ്ടതാണ് (ചട്ടം -4).

ചുവടെപ്പറയുന്ന ഗ്രാമ പഞ്ചായത്തുകൾ ധനസഹായം നൽകിയതിന് അനുബന്ധമായ വൗച്ചറുകൾ സൂക്ഷിക്കുകയോ വരവ് കണക്കുകൾക്ക് ജി.ഒ(ആർ.റ്റി) 3803/04 തസ്വഭവ 30-10-2014 ൽ നിർഷ്കർഷിച്ച പ്രകാരം ക്യാഷ് ബുക്ക് സൂക്ഷിക്കുകയോ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ, അനുവദിച്ച ധനസഹായം എന്നിവയുടെ വിവരം ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ക്രമ നം	സ്ഥാപനം	ജില്ല	ധനസഹായം സംബന്ധിച്ച അപാകതകൾ
1	പനച്ചിക്കാട് ഗ്രാമ പഞ്ചായത്ത്	കോട്ടയം	1. ധനസഹായത്തിന് സമർപ്പിച്ച അപേക്ഷകളുടെ വിവരം ലഭ്യമല്ല. 2. ധനസഹായം നൽകുന്നതിന് ചട്ടം 4(3) പ്രകാരമുള്ള സബ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല

ദുരിതാശ്വാസനിധി സംബന്ധിച്ച് വരവ് ചെലവ് കണക്കുകൾ പ്രത്യേകം രജിസ്റ്ററിൽ സൂക്ഷിക്കുന്നുണ്ട്. ധനസഹായം ലഭിച്ചവരുടെ പേരു വിവരങ്ങൾ ആഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ദുരിതാശ്വാസനിധി വിവരങ്ങൾ ഗ്രാമസഭയിൽ അറിയിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതാണ്.

<u>കടനാട് ഗ്രാമ പഞ്ചായത്ത്</u>

ദുരിതാശ്വാസ നിധി സംബന്ധിച്ചുള്ള ചിലവുകൾ ഇപ്പോൾ നിയമാനുസൃതമായാണ് ചെയ്തു വരുന്നത്. 04/2011-ൽ ഉണ്ടായ പ്രകൃതി ദുരന്തം വളരെയേറെ നാശനഷ്ടങ്ങൾ കടനാട് ഗ്രാമ പഞ്ചായത്തിൽ വരുത്തി വെച്ചിട്ടുള്ളതും ശക്തമായ കാറ്റും മഴയും മൂലം വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടാവുകയും നിരവധി വൃക്ഷങ്ങൾ കടപുഴകി വീഴുകയും ചെയ്ത സാഹചര്യത്തിലാണ് പരാമർശത്തിൽ സൂചിപ്പിച്ച ചെലവുകൾ ചെയ്തിട്ടുള്ളത്. ദുരിതാശ്വാസ നിധി ചെലവു സംബന്ധിച്ച് വൗച്ചറുകൾ, രജിസ്റ്ററുകൾ എന്നിവ ഇപ്പോൾ യഥാവിധി സൂക്ഷിക്കുന്നുണ്ട്.

<u>തീരൂരങ്ങാടി (മലപ്പുറം)</u> 07.01.2011-ലെ 4-ാം നമ്പർ തീരുമാന പ്രകാരം സബ്കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഫണ്ട് സ്വരൂപിക്കാത്ത സാഹചര്യത്തിലാണ് അക്കൗണ്ട് തുടങ്ങാതിരുന്നത്. മേൽ സാഹചര്യത്തിലാണ് ധനസഹായം അനുവദിക്കാതിരുന്നത് എന്നുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

<u>എലംകുളം (മലപ്പുറം)</u> ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ നിധിയിൽ ആകെയുള്ള സംഖ്യം 5008/- രൂപയാണെന്നും ധനസഹായത്തിന് അപേക്ഷകളൊന്നും ലഭിക്കാത്തതിനാലാണ്ധനസഹായം നൽകാതിരുന്നതെന്നും ബോധിപ്പിക്കുന്നു.

<u>കൊണ്ടോട്ടി (മലപ്പുറം)</u> ഇത് സംബന്ധച്ച അപേക്ഷകളും, വൗച്ചറുകളും ഈ [illegible] ...ിച്ചിട്ടുണ്ടെന്നും ആയത്

			3. ധനസഹായം അനുവദിച്ച വൗച്ചറുകൾ, ക്യാഷ് ബുക്ക്, മറ്റു രേഖകൾ, തെളിവുകൾ സൂക്ഷിക്കുന്നില്ല.
2	മുളക്കുളം ഗ്രാമ പഞ്ചായത്ത്	കോട്ടയം	1. വരവ്-ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുന്നില്ല 2. ധനസഹായം ലഭിച്ചവരുടെ പേരു വിവരങ്ങൾ യഥാസമയം സെക്രട്ടറി ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയോ, ഗ്രാമ സഭയിൽ അറിയിക്കുകയോ ചെയ്യുന്നില്ല.
3	കടനാട് ഗ്രാമ പഞ്ചായത്ത്	കോട്ടയം	തുകയുടെ വിനിയോഗ വിവരം സംബന്ധിച്ച അനുബന്ധ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല.
4.	കൊണ്ടോട്ടി	മലപ്പുറം	അപേക്ഷ ഇല്ലാതെ ധനസഹായം നൽകുന്നു.
5.	കണിച്ചാർ	കണ്ണൂർ	അപേക്ഷ, അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്തുന്നില്ല. സബ്കമ്മിറ്റിയുടെ യോഗനടപടികളുടെ മിനിട്ട്സ് പുസ്തകം സൂക്ഷിക്കുന്നില്ല.
6.	അയ്യൻകുന്ന്	കണ്ണൂർ	അപേക്ഷ, അന്വേഷണ റിപ്പോർട്ട്, സബ്കമ്മിറ്റി തീരുമാനം എന്നിവ ഇല്ലാതെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദനീയമായ പരിധിലംഘിച്ച് തുക നൽകുന്നു.

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമ പഞ്ചായത്തിൽ ക്രമ വിരുദ്ധമായി ദുരിതാശ്വാസ, നിധി അക്കൗണ്ടിൽ നിന്നും 10,000/- രൂപ മെമ്പർമാർക്ക് വീതിച്ച് നൽകാൻ തീരുമാനിച്ചുവെന്നും 20-4-11 ലെ ലോക്കൽ ഫണ്ട് [illegible] ഡയറക്ടർ മുമ്പാകെ പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

<u>പൊഴുതന (വയനാട്)</u> വൈത്തിരി സർവ്വീസ് സഹകരണ ബാങ്കിൽ 4750-ാം നമ്പരായി അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.നാമമാത്രമായ തുകകളെ സമാഹരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. വ്യക്തികളിൽ നിന്നും സംഭാവനയായി (നിർബന്ധം ചെലുത്താതെ) മാത്രമേ സെക്രട്ടറി നൽകുന്ന രസീത് മുഖേന തുക സ്വീകരിച്ചിട്ടുള്ളൂ. രോഗികൾക്ക് മാത്രമേ ധനസഹായം അനുവദിച്ചിട്ടുള്ളൂ. പ്രസിഡന്റിന്റെ അനുമതിയോടെ തുക അനുവദിച്ചും പിന്നീട് ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമാക്കിയുമാണ് തുക ചെലവഴിക്കാറുള്ളത്. ദുരിതാശ്വാസ നിധിയിൽ ധനസഹായം അഭ്യർത്ഥിക്കുന്ന അപേക്ഷകൾ വിരളമാണ്. പഞ്ചായത്ത് രാജ് ചട്ടം 3(4) പ്രകാരം സബ്കമ്മിറ്റി ഇതിനായി രൂപീകരിക്കുന്നതും ധനസമാഹരണം നടത്തുന്നതിന് കലാകായിക മത്സരങ്ങൾ നടത്തി സംഭാവന സ്വീകരിക്കുന്നതുമാണെന്ന് പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ച വിവരം ബോധിപ്പിക്കുന്നു.

ദുരിതാശ്വാസനിധി അക്കൗണ്ടിന്റെ നിലവിലെ സ്ഥിതിവിവര കണക്ക്

വർഷം	വരവ്	ചെലവ്	ബാക്കി തുക
2012-13	536	0	536
2013-14	5471	0	6007
2014-15	0	1000	5007

<u>പട്ടച്ചേരി (പാലക്കാട്)</u>

പട്ടഞ്ചേരി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് 31.10.2011 ലെ 6 (11) 4 നമ്പർ തീരുമാന പ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്.

			പഞ്ചായത്ത് കമ്മിറ്റി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കടനാട് ഗ്രാമ പഞ്ചായത്ത് ദുരിതാശ്വാസനിധിയിൽ നിന്നും ചെലവഴിച്ച 7,965/- രൂപ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചെലവുകളുടെ പരിധിയിൽ വരുന്നില്ല. കാറ്റിലും മഴയിലും കടപുഴകി വീണ മരങ്ങൾ മുറിച്ചു മാറ്റിയതിന് 5,000/- രൂപയും (1000 + 4000) ഭക്ഷണ ചെലവിന് 1,365/- രൂപയും ജനറേറ്ററിന് 600/- രൂപയും എന്നിങ്ങനെയാണ് 7,965/- രൂപ ചെലവാക്കിയിട്ടുള്ളത്. പ്രകൃതി ദുരന്തത്തോടനുബന്ധിച്ചുള്ള അടിയന്തിര ചെലവുകൾ പ്രസിഡന്റിന്റെ അസാധാരണ ചെലവുകളിൽപ്പെടുത്തി ചെയ്യാവുന്നതാണ്. ഇത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും ചെലവിന്റെ കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ ചട്ടപ്രകാരം രൂപീകരിച്ചിട്ടുള്ള സബ് കമ്മിറ്റി, ലഭിക്കുന്ന അപേക്ഷകളിന്മേൽ വാർഡ് കൗൺസിലറുടെ ശുപാർശ, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ പരിഗണിച്ചാണ് ധനസഹായം നൽകുന്നത്. രോഗിയുടെ സാമ്പത്തികാവസ്ഥ, രോഗത്തിന്റെ ഗൗരവാവസ്ഥ എന്നിവയ്ക്കും മുൻഗണന നൽകിയാണ് ധനസഹായം അനുവദിക്കുന്നത്. പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ നഗരസഭാ ചെയർമാന്റെയും കൗൺസിൽ അംഗങ്ങളുടെയും സംഭാവനയായ 31,185/- രൂപയും നഗരസഭാ സെക്രട്ടറിയുടെയും ജീവനക്കാരുടെയും വിഹിതമായ 23,800/- രൂപയുമടക്കം 2010-11 വർഷം ഇരലക്ഷത്തിലധികം രൂപ സംഭാവനയായി ദുരിതാശ്വാസനിധിയിൽ ലഭിച്ചു. കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിൽ ഗുണഭോക്താവിന്റെ അപേക്ഷ അന്വേഷണ റിപ്പോർട്ട്, സബ്കമ്മിറ്റി തീരുമാനം എന്നിവയില്ലാതെ 1,300/- രൂപ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകിയിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ അപേക്ഷ കൂടാതെയോ അന്വേഷണം നടത്താതെയോ പ്രസിഡന്റിനു അനുവദിക്കാവുന്ന പരമാവധി തുക 500/- രൂപയാണ്. അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത് 6-7-2009 നു ശേഷം ദുരിതാശ്വാസ നിധിയിലേക്ക് യാതൊരു വരവും 7-09-2009 നു ശേഷം യാതൊരു ചെലവും നടത്തിയിട്ടില്ലാത്തതിനാൽ ഫലത്തിൽ ദുരിതാശ്വാസ നിധി നിഷ്ക്രിയമാണ്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ദുരിതാശ്വാസ നിധിയെ സംബന്ധിച്ച കണക്കുകളുമായി ബന്ധപ്പെട്ട ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും സംഭാവന നൽകിയവരുടെയും കൈപ്പറ്റിയവരുടെയും പേരു വിവരങ്ങൾ മാസാമാസം കൗൺസിൽ മുമ്പാകെ സമർപ്പിക്കേണ്ടതും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നവർക്ക് സെക്രട്ടറി ഒപ്പിട്ട അച്ചടിച്ച രസീത് നൽകേണ്ടതാണ്. രസീത് പ്രത്യേകം അച്ചടിച്ച് സ്റ്റോക്കിലെടുത്ത് സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ നൽകുന്ന സംഭാവനകൾക്ക് ആദായനികുതി ഇളവുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.	തുടർന്ന് പട്ടഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ 4862-ാം നമ്പറായി അക്കൗണ്ട് തുടങ്ങിയിട്ടുള്ളതാണ്. അക്കൗണ്ടിൽ പലിശ ഉൾപ്പെടെ 31.03.2014 വരെ 112 രൂപ മാത്രമേ ഉണ്ടായിരുന്നുള്ളു. 02.12.2014, 03.12.2014 എന്നീതിയ്യതികളിൽ 15401 രൂപ പിരിച്ച് ബാങ്ക് അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം ഊർജ്ജിതപ്പെടുത്തി അർഹരായവരിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബോധിപ്പിക്കുന്നു. ദുരിതാശ്വാസ നിധിയിലേക്ക് തുക സമാഹരണം ആരംഭിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് സെക്രട്ടറി അപേക്ഷിച്ചു. **കണിച്ചാർ (കണ്ണൂർ)** ഓഡിറ്റ് അപാകത പരിഹരിക്കുന്നതിന് ശ്രമമാരംഭിച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധിയിലേയ്ക്ക് തുക സമാഹരിച്ച് നിയമാനുസരണം വിതരണം നടത്തുന്നതാണ്. മേലിൽ അപേക്ഷ സ്വീകരിച്ച് നിയമാനുസൃതമുള്ള നടപടികൾ പാലിച്ച്കൊണ്ട് മാത്രമേ ധനസഹായം അനുവദിക്കുകയുള്ളു. ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നതാണെന്ന് ബന്ധപ്പെട്ട മിനിട്ട്സുകളും രേഖകളും സൂക്ഷിക്കുന്നതാണെന്നും ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. **അയ്യൻകുന്ന് (കണ്ണൂർ)** ഗുണഭോക്താക്കളുടെ സാമ്പത്തിക സ്ഥിതിയും മറ്റു സാഹചര്യങ്ങളും അടിയന്തിര പ്രാധാന്യവും പഞ്ചായത്തിന് ബോധ്യപ്പെട്ടതുകൊണ്ടും തുക അനുവദിക്കേണ്ടതായ പ്രത്യേക സാഹചര്യം ഉണ്ടായത് കൊണ്ടുമാണ് തുക അനുവദിച്ചത് മേലിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് ആയതിനാൽ പരാമർശം ഒഴിവാക്കി നൽകണമെന്നും പഞ്ചായത്ത് അപേക്ഷിച്ചിട്ടുണ്ട്.

4.		2.8	<u>തുടർസാക്ഷരതാ പരിപാടി</u> . സാക്ഷരതയിൽ ഒന്നാം സ്ഥാനത്തുള്ള സംസ്ഥാനമാണ് കേരളം. സംസ്ഥാനത്തെ സാക്ഷരതാനിരക്ക് 2011 ൽ 93.91 ശതമാനമാണ്. സാക്ഷരതയിൽ പത്തനംതിട്ട ജില്ല (96.93%) ഏറ്റവും മുന്നിലും പാലക്കാട് ജില്ല (88.49%) ഏറ്റവും പിന്നിലുമാണ്. സാക്ഷരതാ പ്രവർത്തനത്തിൽ ലോകശ്രദ്ധ പിടിച്ചുപറ്റിയ കേരളം 1998 ഒക്ടോബർ മുതൽ തുടർവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിക്കൊണ്ടി രിക്കുകയാണ്. സാക്ഷരതാമിഷന്റെ കീഴിലുള്ള വിദ്യാകേന്ദ്രങ്ങൾ മുഖേ നയാണ് പ്രാദേശികതലത്തിൽ തുടർ വിദ്യാഭ്യാസ പദ്ധതി നടന്നു വരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് വിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പദ്ധതി നടത്തിപ്പിൽ ഓണറേറിയം വ്യവസ്ഥയിൽ പ്രേരക്മാർ പ്രവർത്തിച്ചുവരുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ആളുകൾക്കും തങ്ങളുടെ അറിവും കഴിവും പങ്കാളിത്തവും മെച്ചപ്പെടുത്താൻ സഹായകമായ ബഹുമുഖ അനൗപചാരിക വിദ്യാഭ്യാസ സംവിധാനമാണ് തുടർവിദ്യാഭ്യാസ പരിപാടി. തുടർവിദ്യാഭ്യാസത്തിൽ നാലുതരം വ്യത്യസ്ത പരിപാടികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. 1. തുല്യതാപരിപാടികൾ 2. വരുമാനവർദ്ധകപരിപാടികൾ 3. ജീവിത ഗുണനിലവാരവർദ്ധക പരിപാടികൾ 4. വ്യക്തി താൽപ്പര്യപോഷണ പരിപാടികൾ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166(1)-ാം വകുപ്പ് 3-ാം പട്ടിക പ്രകാരം സാക്ഷരതാ പരിപാടികൾ നടപ്പാക്കൽ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. 1994 ലെ മുനിസിപ്പാലിറ്റി നിയമം 30(1)-ാം വകുപ്പ് 1-ാം പട്ടിക പ്രകാരം നഗരസഭകൾക്കും സാക്ഷരതാപരിപാടികൾ നടപ്പാക്കാനുള്ള ചുമതലയുണ്ട്. ഈ ചുമതല നിറവേറ്റിയത് സംബന്ധിച്ച് തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയുണ്ടായി. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി (ഒന്നാംഘട്ട തുല്യത) യിൽ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ 15 നും 60 നും മധ്യേ പ്രായമുള്ള ഔപചാരിക വിദ്യാഭ്യാസം ലഭിക്കാത്ത മുഴുവൻ പേരെയും ജനകീയ ഭരണ സമിതിയുടെ പിന്തുണയോടെ ബഹുജനക്യാമ്പയിനായി ഒരു നിശ്ചിത സമയത്തിനുള്ളിൽ നാലാം ക്ലാസ്സിന് തുല്യമായ വിദ്യാഭ്യാസം നൽകുന്നു. ഇതിൻ പ്രകാരം മലപ്പുറം ജില്ലയിലെ നിലമ്പൂർ ഗ്രാമപഞ്ചായത്ത് (ഇപ്പോൾ നഗരസഭ), കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മുനിസിപ്പാലിറ്റി എന്നിവയെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടിയ ആദ്യ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായി പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിൽ കിരൺ ഒന്നാംഘട്ടം പദ്ധതിയിലൂടെ 12044 പേരും രണ്ടാം ഘട്ടത്തിലൂടെ 2741 പേരും സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടി. കോഴിക്കോട്-ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ബാലുശ്ശേരി ബ്ലോക്ക്, കൂരാച്ചുണ്ട്, നന്മണ്ട ഗ്രാമപഞ്ചായത്തുകൾ, പാലക്കാട്-കണ്ണാടി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ-ഭരണിക്കാവ് ബ്ലോക്ക്, തിരുവനന്തപുരം-പാറശ്ശാല ഗ്രാമപഞ്ചായത്ത്, കൊല്ലം മൈനാഗപ്പള്ളി ഗ്രാമപഞ്ചാ	<u>വണ്ടിപ്പെരിയാർ (ഇടുക്കി)</u> ഗ്രാമപഞ്ചായത്തിൽ തുടർ സാക്ഷരതയുടെ ഭാഗമായി 4, 7, 10 തുല്യതാ ക്ലാസ്സുകളാണ് ജില്ലാ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്നത് ജില്ലാ സാക്ഷരതാ മിഷനാണ്. നിലവിൽ 4, 7 തുല്യതാ ക്ലാസ്സുകളിൽ തമിഴ് പഠനസഹായികളും സാമഗ്രികളും ലഭ്യമല്ല. ഇവ ലഭ്യമാക്കുന്നതിന് ജില്ല സാക്ഷരതാ മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 10-ാം തരം തുല്യതാ ക്ലാസ്സിലേയ്ക്ക് തമിഴ് പഠനസഹായികളും സാമഗ്രികളും ലഭ്യമാണ്. തുടർ സാക്ഷരതക്കു വേണ്ട് പഞ്ചായത്ത് 2 ലക്ഷം രൂപയുടെ പ്രോജക്ടിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ടി തുക ഉപയോഗിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിക്ക് വിധേയമായി തമിഴ് പഠനസഹായികളും സാമഗ്രഹികളും ലഭ്യമാക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. <u>രാമനാട്ടുകര (കോഴിക്കോട്)</u> 2009-10 വർഷത്തിൽ പ്രൊജക്ട് നമ്പർ 78/10 തുടർവിദ്യാഭ്യാസ പദ്ധതി എന്ന പേരിലുള്ള പദ്ധതിക്ക് 37500/- രൂപ തനത് ഫണ്ട് വകയിരുത്തിയതിൽ 36648/- രൂപ ചെലവഴിച്ചതായി സുലേഖ സോഫ്റ്റ് വെയറിലെ ചെലവ് · വിവരത്തിൽ വന്നിട്ടുണ്ട് എന്ന് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. രാമനാട്ടുകര ഗ്രാമപഞ്ചായ ത്തിലെ 18 വാർഡുകളിലും സമ്പൂർണ്ണ വിദ്യാഭ്യാസം എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഇരുപത്തിയഞ്ചോളം വിദ്യാർത്ഥികളുടെ സഹായത്തോടെ മുഴുവൻ വീടുകളിലും കയറി ഇറങ്ങി ഓരോ കുടുംബത്തിന്റെയും വിദ്യാഭ്യാസ സാമൂഹ്യ പശ്ചാത്തലം മനസ്സിലാക്കാനായി സർവ്വെ നടത്തി, തൊഴിൽ കുടുംബസ്ഥിതി ആരോഗ്യം എന്നു വേണ്ട എല്ലാ മേഖലകളിലെയും അവസ്ഥ മനസ്സിലാക്കി തുല്യത, പരീക്ഷ എഴുതാൻ താൽപര്യമുള്ളവരുടെ പേര് ശേഖരിക്കുകയും അവരെ സെന്ററുകളിലെത്തിക്കുകയും ചെയ്തു. ബോധവൽക്കരണ ക്ലാസുകൾ, തൊഴിൽ പരിശീലനം മുതലായവ സംഘടിപ്പിച്ചു. ഇതിനു പുറമെ വിദ്യാകേന്ദ്രത്തിന് ലൈബ്രറി പുസ്തകങ്ങളും ഫർണിച്ചറുകളും വാങ്ങി നൽകി. മേൽ പ്രവർത്തനത്തിന് ചെലവായ തുക ഇനം തിരിച്ച് സമർപ്പിച്ചിട്ടുണ്ട്. (സർവ്വെ ബോധവൽക്കരണ ക്ലാസ് 6658 രൂപ, തൊഴിൽ പരിശീലനം 9990/- രൂപ, വിദ്യാകേന്ദ്രത്തിന് ലൈബ്രറി പുസ്തകങ്ങൾ 5000/- രൂപ വിദ്യകേന്ദ്രത്തിന് ഫർണിച്ചർ 15000/- രൂപ) <u>കണിച്ചാർ (കണ്ണൂർ)</u>

			യത്ത് എന്നിവ നാലാംതരം ഒന്നാംഘട്ടം തുല്യത നേടി. കാസറഗോഡ് ജില്ലയിലെ വിജ്ഞാൻ ജ്യോതി പദ്ധതിയും വയനാട് ജില്ലയിലെ പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നാക്ക വിഭാഗക്കാർക്കും പ്രാധാന്യം നൽകിക്കൊണ്ട് അക്ഷരജ്വാലാ പദ്ധതിയും മലപ്പുറം ജില്ലയിലെ അക്ഷരദീപം പദ്ധതിയും ഇതിന്റെ ഭാഗമായി പ്രവർത്തനങ്ങൾക്കു തുടക്കം കുറിച്ചിട്ടുണ്ട്. കൂടാതെ ധാരാളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഈ പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി മുന്നോട്ട് വന്നിട്ടുണ്ട്. നാലാം ക്ലാസ്സ് തുല്യത പാസ്സായവർ, ഇടയ്ക്കുവച്ച് പഠനം നിർത്തിയവർ, 5, 6, 7 ക്ലാസ്സുകളിൽ നിന്ന് കൊഴിഞ്ഞുപോയവർ എന്നിവർക്കൊക്കെ വേണ്ടിയാണ് ഏഴാംതരം തുല്യത (രണ്ടാം ഘട്ടം) പരിപാടി. കണ്ണൂർ ജില്ലയിലെ ഏഴോം ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഏഴാംതരം തുല്യത പൂർത്തിയാക്കിയിട്ടുണ്ട്. അനൗപചാരിക വിദ്യാഭ്യാസരംഗത്തെ ഏറ്റവും ശ്രദ്ധേയമായ ചുവടുവയ്പാണ് പത്താംതരം തുല്യതാകോഴ്സ്. പത്ത് മാസം ദൈർഘ്യമുള്ള ഈ കോഴ്സ് പാസ്സാകുന്നവർക്ക് എസ്.എസ്.എൽ.സി.ക്കു തുല്യമായി അംഗീകരിച്ച സർട്ടിഫിക്കറ്റാണ് നൽകുന്നത്. ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനുവേണ്ടിയാണ് ഭൂരിഭാഗം പഠിതാക്കളും എഴാംതരം തുല്യത, പത്താംതരം തുല്യത എന്നീ പരീക്ഷകൾ എഴുതുന്നത്. തിരുവനന്തപുരം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ ഞായാറാഴ്ചകളിലും പൊതുഅവധി ദിവസങ്ങളിലും നിരക്ഷരരെ ഏതെങ്കിലും ഭവനത്തിൽ ഒരുമിച്ചുകൂട്ടിയാണ് ക്ലാസ്സുകൾ നടത്തുന്നത്. വിവിധ തൊഴിൽ പരിശീലനങ്ങൾ, സൗജന്യ ചികിത്സാ ക്യാമ്പുകൾ, വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള സാന്ത്വനം ക്ലാസ്സുകൾ പഞ്ചായത്തിലെ വിദ്യാർത്ഥികളെ സംഘടിപ്പിച്ചുകൊണ്ട് ബാലവേദി എന്നിവയും നടത്തുന്നുണ്ട്. കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്തിൽ തൊഴിൽ പരിശീലനത്തിന് തയ്യൽ മെഷീൻ യൂണിറ്റും, സാരി പെയിന്റിംഗ് യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. എരൂർ ഗ്രാമപഞ്ചായത്തിൽ ജനവിദ്യാകേന്ദ്രങ്ങളുടെ പ്രധാന പ്രവർത്തനം നാല്, ഏഴ്, പത്ത് ക്ലാസ്സുകളിലെ തുല്യതാ പഠനത്തിലുള്ള പഠിതാക്കളെ തയ്യാറാക്കലാണ്. കൂടാതെ സാക്ഷരതാ പുസ്തക വിതരണം, ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട വിവിധ അപേക്ഷാഫോമുകളുടെ വിതരണം, അവ തയ്യാറാക്കുന്നതിനുള്ള സഹായം എന്നിവയും നൽകി വരുന്നു. കോട്ടയം ജില്ലയിലെ കുറിച്ചി ഗ്രാമപഞ്ചായത്തിൽ തുടർസാക്ഷരതയുടെ ഭാഗമായി ഭക്ഷ്യസംസ്ക്കരണം, സോപ്പ്/പൗഡർ നിർമ്മാണം, തയ്യൽ/എംബ്രോയിഡറി, കൂൺ കൃഷി, പുഷ്പകൂട നിർമ്മാണം, ബുക്ക് ബയന്റിംഗ്, തുടങ്ങിയ മുപ്പത്തിയഞ്ചോളം ഇനങ്ങളിലായി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ബുക്ക് ബയന്റിംഗിൽ പരിശീലനം നേടിയിരുന്ന വിദ്യാശ്രീ കുടുബശ്രീ യൂണിറ്റ് നടത്തുന്ന പ്രൊഡക്ഷൻ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു. എരുമേലി ഗ്രാമപഞ്ചായത്തിൽ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ എന്ന ലക്ഷ്യത്തോടെ വിവിധ തൊഴിൽ പരിശീ	അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി പ്രവർത്തനം മുടങ്ങിപ്പോയ തുടർ വിദ്യാകേന്ദ്രങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും ആയതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. <u>**കോട്ടയം (കണ്ണൂർ)**</u> മൂന്ന് തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിച്ചിരിക്കുന്ന ഓണറേറിയമാണ് പ്രേരക്മാർക്ക് നൽകിവരുന്നത്. സാക്ഷരതാ മിഷനിൽ നിന്നും തുക ലഭിക്കാത്ത സാഹചര്യത്തിൽ തനത് ഫണ്ടിൽ നിന്നും ആയത് നൽകി വരുന്നുണ്ട്. യാത്രാപ്പടിയിനത്തിൽ പ്രതിമാസം 100 രൂപ നൽകി വരുന്നുണ്ട്. പഞ്ചായത്തിന്റെ വിസ്തൃതി 8.43 സ്ക്വയർ കി.മീ മാത്രമാണ്. അതുകൊണ്ട് തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നിന്ന് അതിന്റെ പരിധിയിൽ വരുന്ന വാർഡുകളിൽ സഞ്ചരിക്കുന്നതിന് രണ്ട് കി.മീറ്ററിൽ അധികം സഞ്ചരിക്കേണ്ടി വരുന്നില്ല. തൊഴിൽ പരിശീലനം നടത്തുന്നതിനും ബോധവൽക്കരണത്തിനും സാക്ഷരതാ സമിതിയിൽ നിന്നും യഥാസമയം ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ ആയവ യഥാസമയം നടത്തുന്നതിന് സാധിക്കാറില്ല. <u>**മുഴപ്പിലങ്ങാട് (കണ്ണൂർ)**</u> തുടർ വിദ്യാകേന്ദ്രങ്ങൾ നടത്തുന്ന ബോധവത്കരണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്വം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രചരണം നടത്തി വരുന്നുണ്ട്. പഞ്ചായത്തിലെ പ്രവർത്തനം നിലച്ച തുടർ വിദ്യാകേന്ദ്രത്തിൽ ഉപയോഗിക്കാതെ സൂക്ഷിക്കുന്ന ഉപകരണങ്ങൾ മറ്റ് രണ്ട് തുടർ വിദ്യാകേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

			ലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. മണിമല ഗ്രാമപഞ്ചായത്തിന്റെ തുല്യതാ പരിപാടിയിൽ പങ്കെടുത്തവർക്ക് ഉപരിപഠനം നടത്താൻ സൗകര്യമുണ്ട്. ഇടുക്കി ജില്ലയിലെ കടയത്തൂർ ഗ്രാമപഞ്ചായത്തിൽ തയ്യൽ പരിശീലനം, തയ്യൽ മെഷീൻ റിപ്പയറിംഗ്, പി.എസ്.സി. പരീക്ഷാ പരിശീലനം, പെയിന്റിംഗ്, കരകൗശലനിർമ്മാണം, മലയാളം ടൈപ്പിംഗ് പരിശീലനം, ട്യൂഷൻ ക്ലാസ്സുകൾ എന്നിവ വരുമാന വർദ്ധക പരിപാടികളായി നടപ്പിലാക്കുന്നു. മരിയാപുരം ഗ്രാമപഞ്ചായത്തിൽ സേവന തൽപ്പരരായ പ്രേരകുമാരുടെ പ്രവർത്തനം തുടർവിദ്യാഭ്യാസ പ്രവർത്തനത്തെ ഊർജ്ജിതപ്പെടുത്തുന്നുണ്ട്. സാക്ഷരതാ പഠിതാക്കൾക്കുവേണ്ടി കലോത്സവങ്ങളിലും നടത്തുന്നു. അടിമാലി ഗ്രാമപഞ്ചായത്തിൽ 2012 മെയ് മാസത്തിലാണ് സാക്ഷരതാ പരിപാടിക്ക് തുടക്കം കുറിച്ചത്. പീരുമേട്, ഉപ്പുതറ, ഇടവെട്ടി എന്നീ ഗ്രാമപഞ്ചായത്തുകളിലും സാക്ഷരതാപ്രവർത്തനങ്ങൾക്കായി തുടർവിദ്യാഭ്യാസകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിൽ പ്രധാനമായും തമിഴ് പഠിതാക്കൾ ആയതിനാൽ ഇവർക്ക് ആവശ്യമായ പഠനസഹായികളും സാമഗ്രികളും ലഭ്യമല്ല. തൃശ്ശൂർ ജില്ലയിലെ പൂക്കോട് ഗ്രാമപഞ്ചായത്തിൽ പ്രേരക്മാർ ജീവിതഗുണനിലവാരം മെച്ചപ്പെടുത്തൽ എന്ന പരിപാടിയിലൂടെ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിക്കൊടുക്കാൻ സഹായിക്കുന്നു. വ്യക്തിഗത താൽപ്പര്യ പരിപോഷണ പരിപാടിയിലൂടെ കുട്ടികൾക്ക് കഥ, കവിതാ മത്സരങ്ങൾ, തുടർവിദ്യാഭ്യാസ കലോത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. മലപ്പുറം ജില്ലാ പഞ്ചായത്തും ജില്ലാ സാക്ഷരതാമിഷനും ചേർന്ന് നടപ്പാക്കിയ നവീനമായ പ്രവർത്തനമാണ് സമ്പൂർണ്ണ ബ്രെയിൽ സാക്ഷരത പരിപാടി. ജില്ലാപഞ്ചായത്തിന്റെ സമ്പൂർണ്ണ സാമ്പത്തിക സഹായത്തോടെയാണ് ഈ പ്രോജക്ട് ആവിഷ്ക്കരിച്ചത്. ചാലിയാർ ഗ്രാമപഞ്ചായത്തിൽ 2011-12 വർഷത്തിൽ പഠിതാക്കളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിലും തുല്യതാപരിപാടി വിജയകരമായി നടക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര ഗ്രാമപഞ്ചായത്തിൽ 2009-10 ൽ 3,668/-രൂപയും 2011-12 ൽ 15,000/- രൂപയും തുടർവിദ്യാഭ്യാസ പ്രവർത്തനത്തിന് വകയിരുത്തിയെങ്കിലും ഒന്നും തന്നെ ചെലവഴിച്ചിരുന്നില്ല. കണ്ണൂർ ജില്ലയിലെ കണിച്ചാർ ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ നേരത്തെ പ്രവർത്തിച്ചു വന്നിരുന്ന മൂന്ന് തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ ഇപ്പോൾ ഒരെണ്ണമായി ചുരുങ്ങി. കോട്ടയം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന മൂന്ന് തുടർവിദ്യാകേന്ദ്രങ്ങളിലും ഫർണിച്ചറുകൾ, കമ്പ്യൂട്ടറുകൾ, ടെലിവിഷൻ എന്നീ സൗകര്യങ്ങളൊരുക്കിയിട്ട്. പ്രേരകുമാർക്ക് വിവിധ വാർഡുകളിലെ യാത്രാസൗകര്യം കുറഞ്ഞ പ്രദേശങ്ങളിൽ എത്തിച്ചേരാൻ ബുദ്ധിമുട്ട് നേരിടുന്നതായും നാമമാത്രമായ ഓണറേറിയം മാത്രമാണ് ലഭിക്കുന്നതെന്നും വിവിധതരം തൊഴിൽ പരിശീലനങ്ങളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തുന്നതിന് ഫിന്റെ ലഭ്യതക്കുറവും ചൂണ്ടിക്കാണിക്കുകയുായി. മുഴുപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ തുടർവിദ്യാകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന ബോധവൽക്കരണ	

			ക്ലാസ്സുകളിൽ ജനപങ്കാളിത്തം കുറവാണ്. പഞ്ചായത്തിലെ പ്രവർത്തനം നിലച്ച തുടർവിദ്യാകേന്ദ്രം പുനരാരംഭിക്കുന്നതിനോ അവിടെ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന ഉപകരണങ്ങൾ മറ്റേതെങ്കിലും തുടർവിദ്യാകേന്ദ്രത്തിലേക്ക് മാറ്റി ഉപയോഗിക്കുന്നതിനോ നടപടികൾ ആവശ്യമാണ്. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ തുടർവിദ്യാകേന്ദ്രങ്ങളിലേക്കുള്ള പഠിതാക്കളെ സർവ്വേകളിലൂടെ കണ്ടെത്തി. തുടർപഠനത്തിനുവേണ്ടപ്രായോഗിക നിർദ്ദേശങ്ങൾ നൽകി. അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ വേണ്ടശ്രമങ്ങൾ സാക്ഷരതാകേന്ദ്രങ്ങളിൽ മികച്ച രീതിയിൽ നടന്നുവരുന്നതായാണ് കാണുന്നത്. ഗ്രാമപഞ്ചായത്തുകളിൽ തുടർസാക്ഷരതാ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും ആവശ്യമായ സ്ഥലസൗകര്യങ്ങളുടെ അഭാവം കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്നു. ആയതിനാൽ പഠിതാക്കൾക്ക് പരിശീലനം നൽകുന്നതിനോ പുസ്തകങ്ങൾ വായിക്കുന്നതിനോ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല. കുടിവെള്ളം, വൈദ്യുതി, ഇരിപ്പിടങ്ങൾ, കമ്പ്യൂട്ടറുകൾ, ടോയ്‌ലെറ്റ് സൗകര്യങ്ങൾ, പരിശീലന ഉപകരണങ്ങൾ എന്നിവയുടെ കുറവ് തുടർസാക്ഷരതാ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. തുടർസാക്ഷരതയുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതായ ധനസഹായം യഥാസമയം സർക്കാരിൽ നിന്നും ലഭിക്കുന്നില്ല ഇതുകാരണം പഞ്ചായത്ത് ഫിൽ നിന്നും തുക നൽകേണ്ടതായും ആയതിന് ഭരണസമിതി തീരുമാനം ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടി വരുന്നതിനാലും യഥാസമയം പ്രേരകുമാർക്ക് ഓണറേറിയം, ടി.എ.ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് കാലതാമസം നേരിടുന്നു. തുടർവിദ്യാഭ്യാസ പരിപാടിക്കായി പദ്ധതി വിഹിതത്തിൽ നിന്നോ, തനതു ഫണ്ടിൽ നിന്നോ പ്രത്യേക ഫണ്ട് മാറ്റിവെയ്ക്കുക, വിവിധ ഏജൻസികളുടെ വിദ്യാകേന്ദ്രങ്ങളെ ബന്ധിപ്പിക്കുക, തൊഴിൽ പരിശീലനങ്ങളും ഇതര പ്രോഗ്രാമുകളും നടത്തുന്നതിന് സാക്ഷരതാമിഷൻ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഗ്രാമപഞ്ചായത്തിന്റെ തുടർവിദ്യാഭ്യാസ പരിപാടി വാർഷിക പദ്ധതിയുടെ ഭാഗമാക്കുക മുതലായ നടപടികളിലൂടെ് തുടർ വിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. പ്രേരക്മാർക്ക് ഇപ്പോൾ നൽകുന്ന നാമമാത്രമായ ഓണറേറിയം ഉയർത്താനും ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധപ്രവർത്തകരെ പ്രോത്സാഹിപ്പിക്കാനും നടപടി വേണം.	

2	2.5	**നഗരസഭകളും പരസ്യനികുതിയും** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി വരുമാനങ്ങളിലെ ഒരു പ്രധാന ഇനമാണ് പരസ്യനികുതി. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 271 മുതൽ 276 വരെ വകുപ്പുകളിലാണ് പരസ്യനികുതി സംബന്ധിച്ച വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 271-ാം വകുപ്പ് പ്രകാരം സർക്കാരിന്റെ അംഗീകാരത്തോടുകൂടി പരസ്യ നികുതി നിരക്ക് നിശ്ച	1. കൊല്ലം : 1994 -ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് 271-ാം വകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധന പ്രകാരം നല്കപ്പെട്ട അധികാരം വിനിയോഗിച്ച് കൊണ്ട് പരസ്യ നികുതി സംബന്ധിച്ചുള്ള ബൈലോ 15.12.07 ലെ വാല്യം 52 ഗസറ്റ് പ്രകാരം ആധികാരികമായി പ്രസിദ്ധം ചെയ്ത് നഗരസഭയിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഓരോ വർഷവും നഗരസഭാ പരിധിയിൽ സ്ഥാപിക്കുന്ന

യിക്കുവാനുള്ള നടപടികൾ നഗരസഭകൾ സ്വീകരിക്കേണ്ടതും 276-ാം വകുപ്പ് പ്രകാരം പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേലത്തിൽ കൊടുക്കുന്നതിനായുള്ള ബൈലോ തയ്യാറാക്കേണ്ടതുമാണ്. ഓരോ വർഷവും നഗരസഭാ പരിധിയിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകളുടെ എണ്ണം, അവയുടെ വലുപ്പം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വിവിധ നഗരസഭകളിലെ പരസ്യനികുതി പിരിവ് ഓഡിറ്റ് അവലോകനം ചെയ്യുകയുണ്ടായി.

ഒരു നികുതി സ്രോതസ്സ് എന്ന നിലയിൽ പരസ്യനികുതിയെ ഉപയുക്തമാക്കാൻ കൊല്ലം നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല എന്ന് കണക്കുകൾ വ്യക്തമാക്കുന്നു

വർഷം	ബഡ്ജറ്റ് പ്രകാരമുള്ള വരവ്	യഥാർത്ഥ വരവ്
2008 - 09	10000000	781371
2009 - 10	6000000	797981
2010 - 11	8500000	1600200
20111 - 12	2500000	212421

പരസ്യ നികുതിയിനത്തിലുള്ള വരുമാനം സംബന്ധിച്ച് വ്യക്തമായ ധാരണ ഇല്ലാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. മാത്രമല്ല തെരുവ് വിളക്കുകളുടെ പോസ്റ്റുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ഒഴികെയുള്ള തുകയാണ് യഥാർത്ഥ വരവായി കാണിച്ചിട്ടുള്ളത്.

കോട്ടയം ജില്ലയിലെ വൈക്കം നഗരസഭയിൽ പരസ്യനികുതി പിരിക്കുന്നതിനായി ബൈലോ തയ്യാറാക്കിയിട്ടില്ല. നിലവിൽ പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തക അവകാശം ലേലം ചെയ്തു നൽകുകയാണ് ചെയ്യുന്നത്.

പരസ്യബോർഡുകളുടെ എണ്ണം അവയുടെ വലിപ്പം സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവ സംബന്ധിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2008-09, 2009 - 10 വർഷങ്ങളിൽ യഥാക്രമം 7,81,371/- രൂപ, 7,97,981/- രൂപ മാത്രമെ പരസ്യ നികുതി ഇനത്തിൽ ലഭ്യമായിട്ടുള്ളൂ. പ്രസ്തുത വർഷങ്ങളിൽ കൗൺസിൽ തീരുമാനപ്രകാരം പരസ്യനികുതി നഗരസഭ നേരിട്ട് പിരിക്കുകയായിരുന്നു.

2010-11 വർഷത്തെ ബഡ്ജറ്റിൽ 85,00,000/- രൂപ പരസ്യ നികുതി ഇനത്തിൽ വകയിരുത്തിയിരുന്നുവെങ്കിലും കൗൺസിൽ തീരുമാനപ്രകാരം ലേലം ചെയ്തു കൊടുക്കാൻ കഴിഞ്ഞത് 1600000/- രൂപയ്ക്കാണ്. ആയത് കുടിശിക ഇല്ലാതെ പിരിച്ചെടുത്തിട്ടുണ്ട്.

2011-12 വർഷത്തെ ബഡ്ജറ്റിൽ 25,00,000/- രൂപ പരസ്യ നികുതി ഇനത്തിൽ വകയിരുത്തിയിരുന്നുവെങ്കിലും ലേലം ചെയ്തു കൊടുക്കാൻ കഴിഞ്ഞത് 20,25,000/- രൂപയ്ക്കാണ്. പരസ്യ നികുതി ഇനത്തിൽ ടി വർഷങ്ങളിൽ കുടിശിക ഇല്ല. തടി ലേല നടപടികൾ നഗരസഭാ കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്.

2. വൈക്കം : വൈക്കം നഗരസഭാ പരിധിയിൽ സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകളുടെ എണ്ണം, അവയുടെ വലിപ്പം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവയെ സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്. വൈക്കം നഗരസഭയിൽ പരസ്യനികുതി പിരിക്കുന്നതിനായി 21.11.2014 ലെ 4-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം പരസ്യനികുതി സംബന്ധിച്ച ബൈലോ തയ്യാറാക്കി 19.05.15 ൽ ബഹു. നഗരകാര്യ ഡയറക്ടർക്ക് സർക്കാർ അംഗീകാരം

		ആലപ്പുഴ നഗരസഭയിൽ ബൈലോ തയ്യാറാക്കാതെയാണ് പരസ്യ നികുതി പിരിവിനുള്ള അവകാശം വർഷാവർഷങ്ങളിൽ ലേലം ചെയ്യുന്നത്. പെരുമ്പാവൂർ നഗരസഭയിൽ പരസ്യനികുതി പിരിക്കുന്നത് 11.07.1991 ൽ വിജ്ഞാപനം ചെയ്ത നിരക്കുകളുടെ അടിസ്ഥാനത്തിലാണ്. 1994 ൽ കേരള മുനിസിപ്പാലിറ്റി നിയമം രൂപം കൊണ്ടുവെങ്കിലും ഈ ആക്ടിലെ വകുപ്പുകൾക്കനുസൃതമായി പരസ്യനികുതി പിരിക്കുന്നതിനുള്ള ബൈലോ നഗരസഭ കൗൺസിൽ ഇതുവരെ പാസ്സാക്കുകയോ വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടില്ല. 01.04.2009 മുതൽ നികുതി നിരക്കുകൾ വീണ്ടും പുതുക്കിക്കൊണ്ട് വിജ്ഞാപനം വന്നുവെങ്കിലും കൗൺസിൽ ഇതിന്റെ അടിസ്ഥാനത്തിൽ നിരക്കു പുനർനിർണ്ണയിക്കാതെ രണ്ടു പതിറ്റാണ്ടുകൾക്കു മുൻപ് നിശ്ചയിച്ച നിരക്കിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇപ്പോഴും പരസ്യനികുതി ഈടാക്കുന്നത്. പാലക്കാട് ജില്ലയിലെ ചിറ്റൂർ-തത്തമംഗലം നഗരസഭയിൽ നിയമാനുസൃത പരസ്യനികുതി സംബന്ധിച്ച ബൈലോ നിലവിലില്ല. വകുപ്പ് 276 പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന നികുതി പിരിച്ചെടുക്കുന്നതിന് മാത്രമാണ് ലേലം നൽകാവുന്നത് എന്നിരിക്കെ നികുതി ഡിമാന്റ് ചെയ്യുന്നതും പിരിച്ചെടുക്കുന്നതും കരാറുകാരനാകുകയും അവയിന്മേൽ നഗരസഭയ്ക്ക് യാതൊരു നിയന്ത്രണവും ഇല്ലാതാകുന്ന അവസ്ഥയുമാണ് നിലവിലുള്ളത്. മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയിൽ പരസ്യനികുതി സംബന്ധിച്ച നിയമാവലി ഉണ്ടാക്കിയിട്ടില്ല. നിയമാവലിയുടെ അഭാവത്തിൽ പരസ്യനികുതിയിനത്തിൽ നഗരസഭയ്ക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ട വരവിനത്തിൽ വൻ കുറവ് സംഭവിക്കുന്നു. 2008-09, 2009-10, 2010-11 വർഷങ്ങളിൽ പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ലേലത്തുകയിൽ ഓരോ വർഷവും കുറവാണ് സംഭവിച്ചിട്ടുള്ളത്. പരസ്യനികുതി സോൾവെൻസി ഇല്ലാത്ത ഒരു ഇനമായതിനാൽ ലേലം ഉറപ്പിച്ച അറിയിപ്പ് കിട്ടിയ ഉടനെ ലേലസംഖ്യ മൊത്തമായി ലേലം കൊണ്ട വ്യക്തി അടവാക്കേണ്ടതാണെന്ന് ലേല നിബന്ധനകളിൽ വ്യക്തമായിട്ടു	ലഭിക്കുന്നതിലേയ്ക്ക് അയച്ചു നൽകിയിട്ടുള്ളതാണ്. 2002 മുതൽ നഗരസഭ പരസ്യ നികുതി പരിക്കുന്നതിന് കുത്തക ലേലം നൽകി വന്നിരുന്നതും, എന്നാൽ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ കുത്തക ലേലത്തിന് നൽകാതെ നഗരസഭ നേരിട്ട് പരസ്യ നികുതി പിരിച്ചു വരുന്നു. ആയതിനാൽ മുൻകാലങ്ങളിൽ ലേലത്തുകയേക്കാൾ കൂടുതൽ തുക പിരിച്ചെടുക്കാനായിട്ടുണ്ട്. നഗരസഭ ഭൂമിയിലും കെട്ടിടങ്ങളിലും പതിക്കപ്പെടുന്ന പരസ്യങ്ങളുടെ സ്ഥലവാടക നഗരസഭ എഞ്ചിനീയറിംഗ്/റവന്യൂ വിഭാഗങ്ങളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. 3. ആലപ്പുഴ : ആലപ്പുഴ നഗരസഭ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 271 പ്രകാരം പരസ്യനികുതി നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതും എന്നാൽ 276 വകുപ്പ് പ്രകാരം പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം വർഷാവർഷം സ്വകാര്യ വ്യക്തിക്ക് നൽകിവരുന്നതുമാണ്. 2014-15 വർഷത്തേയ്ക്കുള്ള പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേലം നടത്തി നൽകിയിട്ടുള്ളതാണ്. പരസ്യനികുതി നിശ്ചയിച്ചുകൊണ്ട് നിയമാവലി തയ്യാറാക്കി കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്യുന്നതിന് ധനകാര്യകമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കരട് നിയമാവലിയ്ക്ക് കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്മേൽ ഒബ്ജക്ഷൻ ക്ഷണിച്ചുവെങ്കിലും ആരുംതന്നെ ഒബ്ജക്ഷൻ നൽകിയിട്ടില്ല. ആയത് അടുത്ത കൗൺസിലിൽ വെച്ച് നിയമാവലിയ്ക്ക് അന്തിമ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കേരളാ മുനിസിപ്പാലിറ്റി ആക്റ്റ് 271 പ്രകാരം സർക്കാർ

ണ്ടെങ്കിലും ആയത് പാലിക്കപ്പെട്ടുകാണുന്നില്ല.

സർക്കാർ നിർദ്ദേശിക്കുന്ന നിരക്കിൽ പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ കോഴിക്കോട് നഗരസഭ സ്വീകരിച്ചിട്ടില്ല. കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 567 പ്രകാരം വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളും നിബന്ധനകളും ഉൾക്കൊള്ളിച്ചുകൊണ്ട് ബൈലോ തയ്യാറാക്കിയിട്ടല്ല പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേല നടപടികളിലൂടെ കൈമാറിയത്. നഗരസഭാ അതിർത്തിക്കുള്ളിലെ പരസ്യബോർഡുകളുടെ എണ്ണം, അവയുടെ വലുപ്പം, സ്ഥാപിച്ച സ്ഥലങ്ങൾ എന്നീ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല.

ക്രമ നം.	ഇനം	2008 – 09	2009 – 10	2010 – 11
1	മുനിസിപ്പൽ പ്രദേശത്തെ പരസ്യനികുതി പിരിവ്	₹ 22800	₹ 32000	₹ 35000
	ഗാന്ധി മൈതാനിയിലെ 25 പരസ്യ ബോർഡുകളിൽ പരസ്യം പതിക്കുന്നതിനുള്ള അവകാശം	₹ 21150	₹ 31275	₹ 32050
	മെയിൻ റോഡിലെ 55 വൈദ്യുതിതൂണുകളിൽ പരസ്യം സ്ഥാപിക്കുന്നതിനുള്ള അവകാശം	₹ 60775	₹ 151000	₹154000
ആകെ		₹ 104725	₹ 214275	₹ 221050

അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് കൗൺസിൽ തീരുമാനിച്ചു. ആയതുപ്രകാരം ഇനി മുതൽ പരസ്യനികുതി പിരിക്കുവാനും കൗൺസിൽ തീരുമാനിച്ചു. ആയത് നിയമസഭാ സമിതിയെ അറിയിക്കുന്നതിന് തീരുമാനിച്ചു.

4. പെരുമ്പാവൂർ : പെരുമ്പാവൂർ നഗരസഭ പ്രദേശത്ത് പ്രദർശിപ്പിക്കപ്പെടുന്ന പരസ്യങ്ങളുടെ പരസ്യ നികുതി നിരക്കുകളും വ്യവസ്ഥകളും 01.04.2015 മുതൽ പുതുക്കി നിശ്ചയിക്കുന്നതിന് 20.10.2014 ലെ 10–ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ബൈലോയുടെ കരട് അംഗീകരിക്കുകയും പൊതുജനങ്ങളിൽ നിന്ന് ആക്ഷേപം സ്വീകരിക്കുന്നതിലേക്ക് പത്രപരസ്യം നൽകുകയും സമയപരിധി കഴിഞ്ഞ തിനുശേഷം പുതുക്കിയ പരസ്യ നികുതി ബൈലോ അംഗീകരിച്ച് കേരള മുനിസിപ്പാലിറ്റി ആക്ട് 572–ാം വകുപ്പു പ്രകാരം സർക്കാർ അംഗീകാരത്തിനായി 25.04.2015 ലെ R3-0011649/11 നമ്പർ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ മുഖേന ഗവൺമെന്റ് സെക്രട്ടറിക്ക് സമർപ്പിച്ചിരുന്നെങ്കിലും നാളിതു വരെ സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിച്ചിട്ടില്ല. ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട്. സ്ഥിരീകരിച്ച ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് വിജ്ഞാപനം ചെയ്യുന്നതാണ്. G.O.(P) No.188/2011 LSGD 17/08/2011 പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്തിരുന്ന പുതുക്കിയ മിനിമം നിരക്കിലാണ് നഗരസഭയിൽ പരസ്യനികുതി നിലവിൽ ഈടാക്കി വരുന്നത്.

പെരുമ്പാവൂർ നഗരസഭയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകളുടെ രജിസ്റ്റർ ഇതിനോടകം തന്നെ തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ കണ്ടെത്തിയിട്ടുള്ള അനധികൃത പരസ്യങ്ങൾ നികുതി ചുമത്തി അധികൃതമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

5. ചിറ്റൂർ തത്തമംഗലം : 23-03-2015 ലെ 4–ാം നമ്പർ കൗൺസിൽ പരസ്യനികുതി സംബന്ധിച്ച ബൈലോ

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നഗരസഭ പരസ്യനികുതി സംബന്ധിച്ച് കരട് ബൈലോ നേരത്തെ തയ്യാറാക്കിയിരുന്നുവെങ്കിലും ആയതിന് അംഗീകാരം നേടുകയോ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിരുന്നില്ല. പയ്യന്നൂർ നഗരസഭ 2008-09, 2009-10, 2010-11 വർഷങ്ങളിൽ കുത്തകലേലം നൽകിയതുവഴി പരസ്യനികുതിയിനത്തിലുണ്ടായ വരുമാനത്തിന്റെ വിവരം ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

കണ്ണൂർ നഗരസഭയിൽ പരസ്യനികുതിയിനത്തിലെ വരവും അവയുടെ കാലാനുസൃത വർദ്ധനയും താരതമ്യേന കുറവാണ്. കഴിഞ്ഞ നാലുവർഷങ്ങളിലെ പരസ്യനികുതിയിനത്തിലെ ലേല വരുമാനം താഴെ കാണിക്കുന്നു.

വർഷം	ലേല തുക	വർദ്ധന ശതമാനം
2009 -10	245100	
2010 - 11	315000	28.52
2011 - 12	325000	3.17
2012 - 13	360000	10.77

നഗരസഭയുടെ ഭൂമിയിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകൾക്ക്

അംഗീകരിച്ചിട്ടുണ്ട്. ടി ബൈലോ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് 25-03-2015 ന് നഗരസഭ നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

കൗൺസിൽ അംഗീകരിച്ച ബൈലോയുടെ അടിസ്ഥാനത്തിൽ മാത്രമേ പരസ്യനികുതി പിരിച്ചെടുക്കുവാൻ പാടുള്ളൂ എന്ന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഈ നഗരസഭാ പരിധിയിലെ പരസ്യ ബോർഡുകളുടെ എണ്ണം കണക്കാക്കി അപ്സെറ്റ് പ്രൈസ് നിശ്ചയിക്കുന്നതിന് ഈ നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ മാരെയും പി.ഡബ്ല്യു.ഒ. സൂപ്പർവൈസർ മാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

6. പൊന്നാനി : പരസ്യ നികുതി ബൈലോ തയ്യാറാക്കി കൗൺസിലിൽ സമർപ്പിക്കുകയും സർക്കാറിലേക്ക് അയയ്ക്കുവാൻ 22 ാം നമ്പറായി തീരുമാനക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അംഗീകാരം ലഭിക്കുന്നതിന് 09/02/2014 ന് നഗരകാര്യ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുള്ളതാണ്.

പൊന്നാനി നഗരസഭ പരിധിയിൽ ദീർഘകാലത്തേക്ക് സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ വളരെ കുറവാണ്. കൂടുതലായും ചെറിയ ബോർഡുകളാണ് സ്ഥാപിച്ചിട്ടുള്ളത് ആയവ തന്നെ വളരെ കുറച്ചു കാലത്തേക്ക് മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത് . ആയതിന്റെ പരസ്യ നികുതി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതും ഡാറ്റാ ബാങ്ക് തയ്യാറാക്കി സൂക്ഷിക്കുന്നതുമാണ്.

		പ്രത്യേകം സ്ഥലവാടകയൊന്നും ഈടാക്കുന്നില്ല. ആയതിനാൽ ഇതിന്റെ ആനുകൂല്യം ലഭിക്കുന്നത് പരസ്യനികുതി കരാറുകാരനാണ്. നഗരസഭ ഭൂമിയിലും റോഡുകളിലെ ഡിവൈഡറുകളിലും, വിളക്ക് കാലുകളിലും, മറ്റും പരസ്യബോർഡ് സ്ഥാപിക്കുന്നതിന്റെ സ്ഥലവാടക പ്രത്യേകമായി നിശ്ചയിക്കാത്തതിനാൽ ഈയിനത്തിൽ നഗരസഭയ്ക്ക് വൻ നഷ്ടം ഉണ്ടാകുന്നുണ്ട്. ലേല നടപടികളിലൂടെ പരസ്യനികുതി പിരിച്ചെടുക്കാനുള്ള അവകാശം ലഭിക്കുന്ന കരാറുകാരൻ നഗരസഭയിലെ സ്വകാര്യ വ്യക്തികളുടെ/സ്ഥാപനങ്ങളുടെ സ്ഥലത്തും കെട്ടിടങ്ങളിലും പ്രദർശിപ്പിക്കുന്നു. പരസ്യങ്ങൾക്ക് നികുതി ഈടാക്കുന്നുണ്ടെന്നും നഗരസഭ നിശ്ചയിച്ചു നൽകിയ നിരക്കിൽ തന്നെയാണ് പരസ്യനികുതി പിരിച്ചുവരുന്നതെന്നും വ്യക്തത വരുത്തുവാൻ നഗരസഭ അധികാരികൾക്ക് കഴിഞ്ഞിട്ടില്ല. 1999 ലെ കേരള മുനിസിപ്പാലിറ്റി (പൊതു തെരുവുകളിലും പൊതുസ്ഥലങ്ങളിലും കമാനങ്ങളും പരസ്യ ബോർഡുകളും സ്ഥാപിക്കൽ) ചട്ടങ്ങളിലെ നിബന്ധനകൾ കരാറുകാരൻ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്താൻ യാതൊരു നടപടിയും അധികാരികളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. നഗരസഭയിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് മേൽ നഗരസഭയ്ക്ക് യാതൊരു നിയന്ത്രണവും ഇല്ല. നഗരസഭാ ഭൂമിയിലും കെട്ടിടങ്ങളിലും ഇഷ്ടാനുസരണം പതിക്കപ്പെടുന്ന പരസ്യങ്ങളുടെ സ്ഥലവാടക നഗരസഭയ്ക്ക് ലഭിക്കേണ്ടതാണ്. സംസ്ഥാനത്തെ ഭൂരിപക്ഷം നഗരസഭകളും തനത് വരുമാനം കുറവായതിനാൽ ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ നടത്താൻ സർക്കാർ ധനസഹായത്തെ ആശ്രയിക്കുകയാണ്. ഉപഭോക്തൃ സംസ്ഥാനമായകേരളത്തിൽ വൻകിട കമ്പനികൾ മുതൽ ചെറുകിട കച്ചവടക്കാർ വരെ ഉൽപ്പന്ന വിപണനത്തിന് വൻതുക പരസ്യങ്ങൾക്കായി ചെലവഴിക്കുന്നുണ്ട്. പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നികുതി ഈടാക്കാൻ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചാൽ നഗരസഭകൾക്ക് തനതു വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനാകും. ചെറുകിട പട്ടണങ്ങളിലും, ദേശീയ-സംസ്ഥാനപാതകളിലും മറ്റും പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക് നികുതി ചുമത്താൻ ശാസ്ത്രീയരീതി ആവിഷ്കരിക്കേണ്ടതുണ്ട്. നഗരസഭകളുടെ പരസ്യനികുതി പിരിവിന്റെ നിബന്ധനകളും നടപടിക്രമ	7. കോഴിക്കോട് : കോഴിക്കോട് നഗരസഭ, 28.3.09 ലെ 64-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 1.4.09 മുതൽ നഗരസഭാ ആക്ടിലെ 232 വകുപ്പു പ്രകാരം പരസ്യ നികുതി സർക്കാർ ഗസറ്റ് വിജ്ഞാപന പ്രകാരം പുതുക്കി നിശ്ചയിക്കുകയും ആയത് നിരക്കിൽ ഈടാക്കുകയും ചെയ്തുവരുന്നുണ്ട്. ആയത് പ്രകാരമാണ് നിലവിൽ പരസ്യ നികുതി പിരിച്ചുവരുന്നത്. നഗരസഭയിൽ 2012-13 കാലത്ത് പരസ്യ നികുതി ഇനത്തിൽ 1,01,77,793/- രൂപ വരവു വന്നിട്ടുണ്ട്. കൂടാതെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിൽ, 19.3.15 ലെ 3-ാം നമ്പർ തീരുമാന പ്രകാരം പരസ്യ നികുതി നിരക്ക് പരിഷ്ക്കരിക്കുകയും ബൈലോ അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് സർക്കാർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ആവശ്യമായ ഫീസ് സഹിതം ഗവ.സെൻട്രൽ പ്രസ് സൂപ്രണ്ടിന് 10.08.15 ന് എ36/67228/14 നമ്പർ ഫയൽ പ്രകാരം അയച്ചുകൊടുത്തിട്ടുണ്ട്. ഗസറ്റിൽ നോട്ടിഫൈ ചെയ്ത് വിവരം നഗരസഭയെ അറിയിച്ചിട്ടില്ല. പരസ്യ നികുതി ലേലം കൊണ്ടവരിൽ നിന്നും പരസ്യ ബോർഡുകളുടെ എണ്ണം, അവയുടെ വലുപ്പം, സ്ഥാപിച്ച വിവരങ്ങൾ എന്നിവ ശേഖരിക്കുന്നുണ്ട്. 1.4.16 മുതൽ പ്രാബല്യത്തിൽ വരുത്തി പരസ്യ നികുതി പുതുക്കിയ നിരക്കിൽ ഈടാക്കുന്നതിന് നഗരസഭ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. 8. പയ്യന്നൂർ : പരസ്യ നികുതി വർദ്ധിപ്പിച്ച പുതുക്കിയ ബൈലോ 20/11/14 ൽ കൂടിയ നഗരസഭാ കൗൺസിലിന്റെ 34-ാം നമ്പർ തീരുമാനമായി അംഗീകരിച്ചു. 23/12/14 -ാം തീയ്യതി നഗരകാര്യ ഡയറക്ടർക്ക് അയച്ചു നൽകിയിട്ടുള്ളതും ആയത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് പുതുക്കിയ നിരക്കിൽ പരസ്യ നികുതി

		ങ്ങളും വിജ്ഞാപികരിക്കുന്ന ചട്ടങ്ങൾ രൂപപ്പെടുത്തിക്കാനും ആയത് സമയബന്ധിതമായി നടപ്പാക്കാനും സർക്കാർ നടപടി അനിവാര്യമാണ്. പരസ്യനികുതി നഗരസഭ നേരിട്ട് പിരിച്ചപ്പോൾ കൊച്ചിയിലുണ്ടായ വൻവരുമാന വർദ്ധനവ് പ്രത്യേക പഠനവിധേയമാക്കാനും ഈ രീതി എല്ലാ നഗരസഭകളിലേക്കും വ്യാപിപ്പിക്കാനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതുണ്ട്.	ഈടാക്കുന്നതുമാണ്. പരസ്യ നികുതി സംബന്ധിച്ച ഡാറ്റാ ബേങ്ക് തയ്യാറാക്കി സൂക്ഷിക്കുന്നതും, പരസ്യ നികുതി കാര്യക്ഷമമായി പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. 7. കണ്ണൂർ : ഓഡിറ്റ് ഒബ്ജക്ഷൻ 2-2-5 നഗരസഭകളും പരസ്യനികുതിയും. പരസ്യനികുതി നിരക്ക് നിശ്ചയിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരസഭ അംഗീകരിച്ച പരസ്യനികുതി ബൈലോ ഏറ്റവും കുറഞ്ഞ നിരക്ക് എന്നിവ മാതൃകയാക്കി കണ്ണൂർ നഗരസഭയിലെ ഏറ്റവും കുറഞ്ഞ പരസ്യനികുതി നിരക്ക് ബൈലോ എന്നിവ കൗൺസിൽ പാസാക്കി സർക്കാരിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പരസ്യബോർഡുകളുടെ എണ്ണം അവയുടെ വലുപ്പം സ്ഥാപിച്ച സ്ഥലങ്ങൾ എന്നിവ സംബന്ധിച്ച ഡാററാബേങ്ക് തയ്യാറാക്കുന്ന നടപടി സ്വീകരിച്ച് വരുന്നു. പരസ്യനികുതി പിരിക്കുന്നതിന് എല്ലാ വർഷവും ടെണ്ടർ/ലേലം നടത്തി ലൈസൻസ് വ്യക്തികൾക്കാണ് അനുവദിച്ച് വരുന്നത്. നഗരസഭ നേരിട്ട് പിരിച്ച് വരുന്നില്ല. പ്രധാനപ്പെട്ട 3 പത്രങ്ങളിൽ പരസ്യം ചെയ്തിട്ടും ടെണ്ടർ / ലേല നോട്ടീസ് പരമാവധി വിതരണം ചെയതിട്ടും പങ്കെടുക്കുന്നവർ വളരെ കുറവാണ്. നഗരസഭക്ക് നേരിട്ട് പിരിക്കാൻ തക്കതായ ജീവനക്കാരും മറ്റ് സൗകര്യങ്ങളും കുറവുള്ളതുകൊണ്ടാണ് പരസ്യനികുതി പിരിവ് ലേലം ചെയ്ത് നൽകുന്നത്. ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ പലിശ നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇതിന്റെ ഫലമായി ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള 2012-13 കാലഘട്ടത്തിൽ ഉണ്ടായിരുന്ന 3,60,000/-രൂപ നടപ്പ് സാമ്പത്തിക വർഷം 12,92,100/- രൂപയായി വർദ്ധിച്ചിട്ടുള്ളതാണ്. അതായത് 3 സാമ്പത്തിക

			വർഷത്തിനിടയിൽ 250 ശതമാനം വർദ്ധനവ് വന്നിട്ടുള്ളതാണ്, കൂടാതെ നഗരസഭാ പരിധിയിലെ സ്ട്രീറ്റ് ലൈറ്റിന്റെ സ്ഥാപനവും പരിപാലനവുമായി ബന്ധപ്പെട്ട് കരാറുകൾ ഏറ്റെടുത്തിട്ടുള്ള സ്വകാര്യ സ്ഥാപനങ്ങൾ, ടി പോസ്റ്റുകളിൽ പരസ്യം ചെയ്യുന്നതിനുള്ള അവകാശത്തിനായി ടി സംവിധാനങ്ങളുടെ മെയിന്റനൻസും ആയതിന്റെ വൈദ്യുതി ചാർജിനത്തിൽ അടവാക്കുന്ന തുകയും കൂടി പരിഗണിക്കുമ്പോൾ പരിസ്യ നികുതിയിനത്തിലുള്ള വരുമാനം വീണ്ടും വർദ്ധിക്കുന്നതാണ്. നടപ്പ് വർഷം നഗരസഭാ പരിധിയിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പോലീസുൾപ്പെടെയുള്ള മറ്റ് വകുപ്പുകളുടേയും സഹകരണത്തോടെ നടപ്പാക്കി വരുന്നതും ആയതിന്റെ കരാർ പ്രകാരം ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി 2,00,000/- രൂപ നഗരസഭാ ഫണ്ടിലേക്ക് അടവാക്കുന്നതുമാണ്. പരസ്യ നികുതി നഗരസഭ നേരിട്ട് പിരിച്ചെടുക്കുന്നതിനുള്ള ഒരു നിർദ്ദേശം കൗൺസിലിലേക്ക് കൊണ്ടുവരുന്നതും ആയത് പ്രകാരമുള്ള തീരുമാനത്തിന്റെയും നഗരസഭ സമർപ്പിച്ചിട്ടുള്ള ബൈലോ അംഗീകരിച്ച് കിട്ടുന്നതിന്റെയും അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്നതും വിജയകരമാവുന്ന പക്ഷം ആയത് തുടരുകയും ചെയ്യുന്നതാണെന്ന വിവരവും റിപ്പോർട്ട് ചെയ്ത് കൊള്ളുന്നു. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് താൽപര്യപ്പെടുന്നു. 8. കൊച്ചി : 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 567-ാം വകുപ്പിന്റെ (2), (9), (11), (32) ഉപവകുപ്പുകൾ പ്രകാരം മേൽ നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചും ടി ആക്ടിന്റെ 207, 271, 272, 273, 274, 275,

			276, 368, 269, 375 എന്നീ വകുപ്പുകൾ അനുസരിച്ചും കൊച്ചി നഗരസഭയിൽ 17.08.2011-ൽ G.O(P) No.188/ 2011/LSGD - യുടെ അടിസ്ഥാനത്തിൽ പരസ്യ നികുതി ചുമത്തുന്നതിനുള്ള ബൈലോ നിലവിൽ വരുകയും അതുപ്രകാരം പരസ്യ നികുതി അടവാക്കുന്നതിനുള്ള നടപടികൾ തുടങ്ങുകയും ചെയ്തു. കൊച്ചി നഗരസഭയുടെ പരിധിയിലുള്ള എല്ലാ ഹോർഡിംഗുകൾക്കും ബോർഡു കൾക്കും നിലവിൽ ബൈലോ പ്രകാരമുള്ള നിരക്കുകളാണ് ഈടാക്കുന്നത്. നഗരസഭാ പരിധിയിൽ അനധികൃതമായി വെയ്ക്കുന്ന ബോർഡുകളെ സംബന്ധിച്ച് റവന്യു ഇൻസ്പെക്ടർമാരിൽ നിന്നും റിപ്പോർട്ട് ശേഖരിച്ച് ടി വ്യക്തി/ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ആയതിന്റെ പരസ്യനികുതി ഈടാക്കി വരുന്നതുമാണ്. ബോർഡുകൾ/ ഹോർഡിംഗുകൾ എന്നിവ സ്ഥാപിക്കുവാൻ അനുമതി നേടിയിട്ടുള്ള സ്ഥാപനങ്ങളുടെ എല്ലാ വിശദാംശങ്ങളും നഗരസഭ സൂക്ഷിക്കുകയും കാലകാലങ്ങളിൽ പരസ്യനികുതി അടവാക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി പരസ്യനികുതി അടവാക്കി വരുന്നു. ഹോർഡിംഗുകൾ കൂടാതെ ചെറിയ ബോർഡുകൾ, പോസ്റ്ററുകൾ,, ബാനറുകൾ എന്നിവ ബൈലോ പ്രകാരമുള്ള നിരക്കുകളാണ് നിലവിൽ ചുമത്തി വരുന്നത്. മെട്രോ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ ഹോർഡിംഗുകളിൽ പലതും നീക്കം ചെയ്തുകൊണ്ടിരിക്കുന്നതിനാൽ പരസ്യ നികുതിയിൽ കഴിഞ്ഞ രണ്ട് വർഷക്കാലമായി കുറവ് വന്നിട്ടുണ്ടെങ്കിലും പരസ്യനികുതി ഈടാക്കുന്നതിനുള്ള അവകാശം ലേലത്തിലൂടെ സ്വകാര്യ വ്യക്തികൾക്ക് നൽകി വന്നതിനേക്കാൾ വളരെയധികം വരുമാനം പരസ്യനികുതി നേരിട്ട് നഗരസഭ പിരിച്ചതിലൂടെ ലഭ്യമായിട്ടുള്ളതായി കഴിഞ്ഞ നാലുവർഷങ്ങളിലെ കണക്കുകൾ വ്യക്തമാക്കുന്നു.

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><th>വർഷം</th><th>പിരിവ് രീതി</th><th>ലഭിച്ച തുക</th></tr>
<tr><td>2011-12</td><td>കരാറുകാരൻ</td><td>82,60,000/-</td></tr>
<tr><td>2012-13</td><td>നേരിട്ട്</td><td>20,74,47,206/-</td></tr>
<tr><td>2013-14</td><td>നേരിട്ട്</td><td>2,33,82,296/-</td></tr>
<tr><td>2014-15</td><td>നേരിട്ട്</td><td>1,49,09,734/-</td></tr>
</table>
നഗരകാര്യ വകുപ്പിന്റെ മറുപടി: വൈക്കം, ചിറ്റൂർ തത്തമംഗലം, പയ്യന്നൂർ, പൊന്നാനി, പെരുമ്പാവൂർ എന്നീ നഗരസഭകളിൽ നിന്നും പരസ്യനികുതി ബൈലോ തയ്യാറാക്കി സർക്കാരിലേയ്ക്ക് അയച്ചു കൊടുക്കുന്നതിനായി ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടുള്ളതാണ്. കൂടാതെ ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള ടി നഗരസഭകളെ കൂടാതെ മറ്റു നഗരസഭകളും പരസ്യ നികുതി ബൈലോ അയച്ചു തന്നിട്ടുള്ളതാണ്. ആയത് പൂർണ്ണമായും പുനഃപരിശോധിച്ച് സർക്കാരിലേയ്ക്ക് അയയ്ക്കുന്നതിനുള്ള മേൽ നടപടികൾ നിലവിൽ സ്വീകരിച്ചു വരുകയാണ്.
</td>
</tr>
<tr>
<td>3</td>
<td>2.6</td>
<td>ലൈബ്രറികളുടെയും/സാംസ്ക്കാരിക നിലയങ്ങളുടെയും നടത്തിപ്പ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 (1) ാം വകുപ്പ് 3-ാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ വിദ്യാഭ്യാസമേഖലയിലെ ചുമതലകളിൽപ്പെടുന്നതാണ് 'വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോത്സാഹനവും'.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സാംസ്ക്കാരിക നിലയങ്ങളിൽ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ലഭ്യമാക്കുകയും ജീവനക്കാരെ നിയമിക്കുകയും ചെയ്താണ് ഈ മേഖലയിൽ ഗ്രാമ</td>
<td>1. ആലപ്പുഴ : 2500 ച.അടി വരുന്ന ലൈബ്രറി കെട്ടിടത്തിൽ 41822 പുസ്തകങ്ങൾ നിലവിലുണ്ട്. നാളിതുവരെ 2624 അംഗങ്ങളാണ് ഉള്ളത്. നഗരസഭയ്ക്ക് പ്രസ്തുത ലൈബ്രറിയിലേയ്ക്ക് സർക്കാർ അനുവദിച്ചിട്ടുള്ളത് ലൈബ്രേറിയൻ ഗ്രേഡ് ഫസ്റ്റിനെയാണ്. എന്നാൽ നിയമിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥൻ വിരമിച്ച ഒഴിവിലേയ്ക്ക് നിയമനം നടത്തിയിട്ടില്ലാത്തതിനാൽ വിരമിച്ച ലൈബ്രേറിയനെത്തന്നെ 2010 മുതൽ ദിവസക്കൂലി ഇനത്തിൽ നിയമിച്ചിട്ടുള്ളതാണ്. പ്രസ്തുത ഒഴിവ് യഥാസമയങ്ങളിൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. 16/5/2013-ൽ ആലപ്പുഴ നഗരസഭ</td>
</tr>
</table>

പഞ്ചായത്തുകളും നഗരസഭകളും ചുമതല നിറവേറ്റുന്നത്, മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുണ്ട്.

സാംസ്ക്കാരിക നിലയങ്ങളുടെയും ലൈബ്രറികളുടെയും നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് കാര്യക്ഷമവും ഫലപ്രദവുമാണോ എന്ന് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ വിലയിരുത്തൽ നടത്തുകയുണ്ടായി. പതിനൊന്നിന പരിപാടിയുടെ ഭാഗമായി എഴുപതുകളിൽ ആരംഭിച്ച സാംസ്ക്കാരിക നിലയങ്ങളിൽ പലതും തകർച്ചയുടെ വക്കിലാണ്. കെട്ടിടങ്ങൾ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കാത്തതും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാത്തതും ഇത്തരം സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. പുതിയ പുസ്തകങ്ങൾ വാങ്ങാത്തതിനാൽ വായനക്കാരെ ആകർഷിക്കാൻ ലൈബ്രറികൾക്ക് കഴിയുന്നില്ല. പത്രങ്ങളും ആനുകാലികങ്ങളും വേണ്ടത്ര ഇല്ല. ചില സ്ഥലങ്ങളിൽ ലൈബ്രേറിയൻ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. അതേസമയം ലൈബ്രേറിയന്റെ സേവനം പ്രയോജനപ്പെടുത്താൻ കഴിയാത്ത സ്ഥാപനങ്ങളുമുണ്ട്.

06.08.2010 ലെ ജി.ഒ(എം.എസ്) 170/2010/തസ്വഭവ ഉത്തരവുപ്രകാരം സംസ്ഥാനത്തെ 300 സാംസ്ക്കാരിക നിലയങ്ങളിൽ ഓണറേറിയം വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ലൈബ്രേറിയന്മാരെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരായി സർക്കാർ അംഗീകരിക്കുയുണ്ടായി. എന്നാൽ 10 ഉം 15 ഉം വർഷങ്ങളായി പുതിയ പുസ്തകങ്ങൾ വാങ്ങാത്തതിനാൽ ഇത്തരം ലൈബ്രറികളുടെ പ്രവർത്തനം നാമമാത്രമായിരിക്കുകയാണ്. നിയമാവലിയും നടത്തിപ്പ് കമ്മിറ്റിയുമില്ലാതെ പ്രവർത്തിക്കുന്ന ലൈബ്രറികൾ നാഥനില്ലാത്ത അവസ്ഥയിലാണ്. പുസ്തകങ്ങളുടെ സ്റ്റോക്കെടുപ്പ് കൃത്യമായി നടത്തുന്നില്ല. വർഷങ്ങൾക്കുമുൻപ് ലൈബ്രറികളിൽ അംഗത്വമെടുത്തവർ പിന്നീട് പുതുക്കുന്നില്ല.

വിവിധ സ്ഥാപനങ്ങളിലെ പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളുടെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

പ്രസ്തുത ലൈബ്രറിയ്ക്ക് നിയമാവലി സമർപ്പിച്ചിട്ടുള്ളതാണ്. ടി വിവരം നിയമസഭാ സമിതിയെ അറിയിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചു. നിയമാവലി ബഹു:സർക്കാർ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. അന്തിമ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ആയത് പ്രാബല്യത്തിൽ വരുന്നതാണ്.

2. കൊല്ലം : കൊല്ലം നഗരസഭയിൽ 3 അംഗീകൃത ലൈബ്രേറിയൻ തസ്തിക യാണുള്ളത്. ടി തസ്തികകൾ മൂന്നും ഒഴിവായി കിടക്കുന്നു. ടി ഒഴിവുകൾ യഥാസമയം നിയമനാധികാരിക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ലൈബ്രറിയുടെ നടത്തിപ്പിന് ദിവസ വേതനാടിസ്ഥാനത്തിൽ ലൈബ്രേറിയൻമാരെ നിയമിച്ച് ലൈബ്രറിയുടെ പ്രവർത്തനം നടത്തി വരുന്നു.

ക്രമനം.	ലൈബ്രറി/ തദ്ദേശസ്വയം ഭരണസ്ഥാപനം	നടത്തിപ്പ് സംവിധാനങ്ങൾ	പോരായ്മകളിൽ സ്വീകരിച്ച നടപടി

36/2019.

ക്രമ നം	ലൈബ്രറി/തസ്ഥ സ്ഥാപനം	ജില്ല	അംഗങ്ങൾ	നടത്തിപ്പ് സംവിധാനങ്ങൾ	പ്രധാന പോരായ്മകൾ	കമ്പ്യൂട്ടർ / ഇന്റർനെറ്റ്
1	ടി. എം. വർഗീസ് സ്മാരക ഗ്രന്ഥശാല, കൊല്ലം കോർപ്പറേഷൻ	കൊല്ലം	6770	നിയമാവലിയുണ്ട്, നടത്തിപ്പ് കമ്മിറ്റിയില്ല	പുസ്തകങ്ങൾ വയ്ക്കുവാനുള്ള റാക്കുകളില്ല	ഇല്ല
2	മുന്നാംകുറ്റി ഗ്രന്ഥശാല, കൊല്ലം കോർപ്പറേഷൻ		1598	നിയമാവലി, നടത്തിപ്പ് എന്നിവയില്ല	സ്ഥലപരിമിധി	ഇല്ല
3	വെളിയിൽക്കുളങ്ങര ചിൽഡ്രൻസ് ലൈബ്രറി & സാംസ്കാരിക നിലയം (കൊല്ലം കോർപ്പറേഷൻ)		70	നിയമാവലി, നടത്തിപ്പ് എന്നിവയില്ല	കെട്ടിടം ശോച്യാവസ്ഥയിൽ	ഇല്ല
4	മുനിസിപ്പൽ ലൈബ്രറി ആലപ്പുഴ	ആലപ്പുഴ	2254	നിയമാവലിയില്ല	ജീവനക്കാരുടെ കുറവ്	കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്
5	ഉള്ളൂർ സ്മാരക മുനിസിപ്പൽ ലൈബ്രറി, ചങ്ങനാശ്ശേരി നഗരസഭ	കോട്ടയം	—	നിയമാവലി, നടത്തിപ്പ് എന്നിവയുണ്ട്	ഫർണിച്ചർ കുറവ്, ഫാൻ, ലൈറ്റ് എന്നിവയില്ല	ഇല്ല
6	വൈറ്റില സോണൽ ലൈബ്രറി, കൊച്ചി കോർപ്പറേഷൻ	എറണാകുളം	109	നടത്തിപ്പ് കമ്മിറ്റിയുണ്ട്	സ്ഥലപരിമിധി	കമ്പ്യൂട്ടർ ഉണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല

1	റ്റി.എം. വർഗ്ഗീസ് സ്മാരക ഗ്രന്ഥശാല, കൊല്ലം കോർപ്പറേഷൻ	കൊല്ലം നഗരസഭയിലെ റ്റി.എം. വർഗ്ഗീസ് സ്മാരക ഗ്രന്ഥശാലയ്ക്ക് നടത്തിപ്പ് കമ്മിറ്റി രൂപീകരിക്കുന്ന വിഷയം നഗരസഭയിൽ പുതുതായി രൂപീകൃതമായ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.	ടി ലൈബ്രറിയിൽ 2014-15 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ബുക്കുകൾ വയ്ക്കുന്നതിന് 100 റാക്കുകൾ വാങ്ങി നൽകിയിട്ടുണ്ട്. ഭിത്തി പ്ലാസ്റ്ററിംഗ്, മെയിന്റനൻസ്, ഫ്ളോറിംഗ് ടൈൽ സ്ഥാപിക്കൽ , അലുമിനിയം ഫാബ്രിക്കേഷൻ വർക്കുകൾ, യാർഡ് ഇന്റർലോക്കിംഗ്, ചോർച്ച പരിഹരിക്കുന്നതിനായി മേൽക്കൂര ട്രസ്സ് വർക്കിംഗ് തുടങ്ങിയ പ്രവർത്തികൾക്കുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ സൗകര്യം ലഭ്യമാക്കുന്ന വിഷയം കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്.
2	മുന്നാംകുറ്റി ഗ്രന്ഥശാല, കൊല്ലം കോർപ്പറേഷൻ	നിയമാവലി തയ്യാറാക്കുന്ന വിഷയവും നടത്തിപ്പ് കമ്മിറ്റി രൂപീകരിക്കുന്ന വിഷയം നഗരസഭയിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്.	2014-15 പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ ഫർണിച്ചറുകൾ വാങ്ങി നൽകിയിട്ടുണ്ട്.

	[illegible] സ്മാരക ഗ്രന്ഥശാല ആലുവ നഗരസഭ		[illegible]	നിയമാവലി, നടത്തിപ്പ് എന്നിവയുണ്ട്	[illegible] സേവനം ലഭിക്കുന്നു	ഇല്ല
8	സാംസ്കാരിക നിലയം & ലൈബ്രറി താനൂർ നഗരസഭ	മലപ്പുറം	723	നിയമാവലിയുണ്ട്, നടത്തിപ്പ് കമ്മറ്റിയില്ല	സ്ഥിരം ലൈബ്രറിയന്റെ സേവനം ലഭ്യമല്ല	ഇല്ല
9	അല്ലാമ ഇക്ബാൽ സ്മാരക ലൈബ്രറി, തിരൂർ നഗരസഭ		2397	നടത്തിപ്പ് കമ്മിറ്റി, നിയമാവലി എന്നിവയുണ്ട്	ലൈബ്രറിയൻ ഇല്ല	കമ്പ്യൂട്ടർ ഉണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല
10	പി. എം. കൃഷ്ണന്റെ [illegible] സ്മാരക ഗ്രന്ഥാലയവും & വായനശാല രാമനാട്ടുകര നഗരസഭ	കോഴിക്കോട്	[illegible]	നിയമാവലി, നടത്തിപ്പ് കമ്മിറ്റി എന്നിവയില്ല	ലൈബ്രറി ഇപ്പോൾ പ്രവർത്തിക്കുന്നില്ല	ഇല്ല

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള മുഴുവൻ ലൈബ്രറികളുടെയും സാംസ്കാരിക നിലയങ്ങളുടെയും പ്രവർത്തനം തദ്ദേശസ്വയംഭരണ വകുപ്പ് അവലോകനം നടത്തുകയും ഇവയുടെ നടത്തിപ്പിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും വേണം.

[illegible]	[illegible] ലൈബ്രറി സാംസ്കാരിക നിലയം	നിയമാവലി [illegible] നടത്തിപ്പ് കമ്മിറ്റി രൂപീകരിക്കുന്ന വിഷയം നഗരസഭയിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്	2014-15 പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ ഫർണിച്ചറുകൾ വാങ്ങി നൽകിയിട്ടുണ്ട്.

ടി ലൈബ്രറികൾക്ക് 2013-14 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപയുടെ പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുള്ളതാണ്.

3. ചങ്ങനാശ്ശേരി : ചങ്ങനാശേരി നഗരസഭയുടെ 2013-14 വാർഷിക പദ്ധതിയിൽപ്പെടുത്തി 15 സ്റ്റീൽ ചെയറുകൾ വാങ്ങുകയും ലൈറ്റുകൾ പ്രവർത്തന ക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഫാനുകൾ തൃപ്തികരമായി പ്രവർത്തിക്കുന്നു.

4. കൊച്ചി : കൊച്ചി നഗരസഭയുടെ ലൈബ്രറി കെട്ടിടങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റ്/പ്ലാൻ ഫണ്ട് വകയിരുത്തി അറ്റകുറ്റപ്പണി നടത്തുകയും അതോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യാറുള്ളതാണ്. നഗരസഭാ ലൈബ്രറി കൾ, പബ്ലിക് ലൈബ്രറി, സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ളതും നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ലൈബ്രറികൾ എന്നിവയ്ക്ക് കേരള ബുക്ക് മാർക്ക്, വിവിധ പുസ്തക

			[illegible] 500,000/- ([illegible]) [illegible] പുസ്തകങ്ങൾ എല്ലാ വർഷവും [illegible] വിതരണം ചെയ്തുവരുന്നു. 2012-13 വർഷം ആകെ [illegible] രൂപയ്ക്കുള്ള പുതിയ പുസ്തകങ്ങൾ [illegible] വിതരണം ചെയ്തു. 2012-13 വർഷം [illegible] ലൈബ്രറി നഗരസഭാ ലൈബ്രറികൾ, [illegible] അംഗീകൃത ലൈബ്രറികൾ എന്നിവയ്ക്ക് യഥാക്രമം [illegible]/-, 25,000/-, 12,360/- രൂപ വില വരുന്ന പുതിയ പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. എറണാകുളം [illegible] പബ്ലിക് ലൈബ്രറി, നഗരസഭാ ലൈബ്രറികൾ, മറ്റ് അംഗീകൃത ലൈബ്രറികൾ എന്നിവ ഉൾപ്പെടെ ആകെ 41 ലൈബ്രറികൾക്ക് 2012-13 വർഷം പുതിയ പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. വൈറ്റില സോണൽ ലൈബ്രറി നിലവിൽ പ്രവർത്തിക്കുന്നത് [illegible] മേഖല ഓഫീസ് കെട്ടിടത്തിലാണ്. [illegible] മേഖല ഓഫീസ് കെട്ടിടം അറ്റകുറ്റപ്പണി നടത്തുമ്പോൾ ലൈബ്രറിയും നവീകരിക്കാറുണ്ട്. വൈറ്റില സോണൽ ലൈബ്രറിയ്ക്ക് 2012-13 വർഷം ആകെ 25,000/- രൂപ വില വരുന്ന പുതിയ പുസ്തകങ്ങൾ നൽകിയിട്ടുണ്ട്. കൊച്ചി നഗരസഭയിൽ 2 ലൈബ്രേറിയൻ തസ്തികകളിൽ ഒഴിവുള്ള വിവരം എല്ലാ മാസവും ബഹു.നഗരകാര്യ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. ലൈബ്രറികളിൽ ഇന്റർനെറ്റ് സൗകര്യത്തോട് കൂടിയ കമ്പ്യൂട്ടർ സംവിധാനം കൗൺസിൽ അംഗീകാരത്തോടു കൂടി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. 5. ആലുവ :- ആലുവ നഗരസഭയുടെ കീഴിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന കുറ്റിപ്പുഴ കൃഷ്ണപിള്ള

			[illegible] ഉണ്ട്. [illegible] കമ്മിറ്റി [illegible] ഒരു കമ്മിറ്റിയും നിലവിൽ ഉണ്ട്. സ്വന്തമായി 3 നിലകളുള്ള കെട്ടിടവും മതിയായ ഫർണിച്ചറുകളും ലൈബ്രേറിയൻ ഉൾപ്പെടെ 3 ജീവനക്കാരും ഉണ്ട്. കെട്ടിടം ഒന്നും തന്നെ ചോർന്നൊലിക്കുന്നില്ല 27 സെന്റ് സ്ഥലത്താണ് കെട്ടിടം സ്ഥിതിചെയ്യുന്നത്. കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ടെങ്കിലും അത് ഇൻസ്റ്റാൾ ചെയ്ത് പ്രവർത്തനം തുടങ്ങിയിട്ടില്ലാത്തതാകുന്നു. എല്ലാ വർഷവും ഏപ്രിൽ മാസം മുതൽ ജൂൺ മാസം വരെയുള്ള കാലയളവിൽ ലൈബ്രറിയിലെ A, B ക്ലാസ് അംഗത്വം പുതുക്കിവരുന്നുണ്ട്. അംഗത്വം പുതുക്കാത്തവർക്ക് നിയമാനുസൃതമുള്ള നോട്ടീസ് അയച്ചുകൊണ്ട് ആവശ്യമുള്ളവർക്ക് അംഗത്വം പുതുക്കി നൽകുന്നുണ്ട്. അംഗത്വം ഉപയോഗിക്കുന്നവരിൽ കൂടുതൽ ഓരോ വർഷവും പുതുതായി അംഗത്വം എടുക്കുന്നുണ്ട്. ഈ ലൈബ്രറിയിൽ 68 ൽ പരം ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇപ്പോൾ വരുത്തുന്നുണ്ട്. കൂടാതെ പല പ്രസിദ്ധീകരണങ്ങളും സംഭാവന ഇനത്തിലും റീഡിംഗ് റൂമിലേക്ക് [illegible]. 23 ൽ പരം മലയാളം ഇംഗ്ലീഷ് പത്രങ്ങൾ സായാഹ്ന പത്രങ്ങൾ എന്നിവയും വരുത്തുന്നുണ്ട്. ലൈബ്രറിയിൽ വർഷാവർഷം സ്റ്റോക്കെടുപ്പ് വരുത്തുന്നില്ലായെങ്കിലും ലൈബ്രേറിയൻമാർ മാറുന്ന മുറയ്ക്ക് കൈമാറ്റം നടക്കുന്നുണ്ട്. അടുത്ത് തന്നെ സമ്പൂർണ്ണമായ ഒരു സ്റ്റോക്കെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 6. യാത്തൂർ സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനങ്ങളായി നടത്തിപ്പ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ് കഴിഞ്ഞ

			[illegible] ലൈബ്രേറിയൻ [illegible] ആവശ്യമാണ്. [illegible] 2014 [illegible] ലൈബ്രറി തസ്തിക [illegible] അടിസ്ഥാനത്തിൽ ഒരു [illegible] ലൈബ്രറി [illegible] 2014 ജനുവരി 1 മുതൽ സ്ഥിരം [illegible] ടിയാൻ തുടർന്ന് [illegible] ചെയ്യുന്നുണ്ട്. [illegible] ലൈബ്രറി കൗൺസിൽ നടപ്പാക്കുന്ന ലൈബ്രറി കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുടെ ഭാഗമായി ലൈബ്രറി കൗൺസിലിൽ നിന്നും ലഭിച്ചിട്ടുള്ളതാണ് പ്രസ്തുത കമ്പ്യൂട്ടർ. ലൈബ്രറി ആവശ്യത്തിനായി പ്രത്യേക സോഫ്റ്റ് വെയർ ഇല്ലാത്തതിനാലാണ് ഉപയോഗിക്കാതിരുന്നത്. ആയത് ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കത്തു നൽകിയിട്ടുണ്ട്. 8. രാമനാട്ടുകര [illegible] ഓഡിറ്റ് പാരയിൽ പരാമർശിക്കുന്ന രാമനാട്ടുകര നഗരസഭയിലെ പി.എം.കൃഷ്ണമേനോൻ സ്മാരക ഗ്രന്ഥാലയം & വായനശാല നിലവിൽ രാമനാട്ടുകര നഗരസഭാ ഓഫീസിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ടി ഗ്രന്ഥാലയം പ്രവർത്തനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പാർട് ടൈം ലൈബ്രേറിയനെയും നിയമിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ ലൈബ്രറിയിലേയ്ക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. പാർട്ട് ടൈം ലൈബ്രേറിയന്റെ ചുമതലയിൽ ലൈബ്രറി ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. 28.04.15 ലെ ൯(൮)-൧൦ നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലൈബ്രറി പ്രവർത്തനത്തിന് ആവശ്യമായ ബൈലോ തയ്യാറാക്കിയത് പഞ്ചായത്ത് ഡയറക്ടറുടെ (രാമനാട്ടുകര പഞ്ചായത്ത്

			ആയിരുന്ന കാലയളവിൽ) അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. നടത്തിപ്പ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നു. 9. പൊന്നാനി : പൊന്നാനി നഗരസഭ പരിധിയിൽ ഉറൂബ് നഗർ എന്ന സ്ഥലത്ത് ഉറൂബ് സാംസ്കാരിക കേന്ദ്രം എന്ന ലൈബ്രറിയാണുള്ളത് . ഇവിടെ ലൈബ്രേറിയൻ തസ്തിക സൃഷ്ടിച്ചിട്ടില്ല. നഗരസഭ കൗൺസിലിന്റെ അംഗീകാരത്തോടെ ഒരു ലൈബ്രേറിയനെ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ലൈബ്രേറിയനെ നിയമിക്കുന്നതിന് സർക്കാറിന് കത്തയച്ചിട്ടുണ്ടെങ്കിലും നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്. ഈ ലൈബ്രറിയിൽ ആവശ്യത്തിന് ഫർണിച്ചറുകളും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പുസ്തകങ്ങളുടെ സ്റ്റോക്കെടുപ്പ് നടത്താറുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ അവലോകനം നടത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.
4	2.7	തദ്ദേശഭരണ സ്ഥാപനങ്ങളിലെ ദുരിതാശ്വാസനിധി 2013 ലെ കേരള മുനിസിപ്പാലിറ്റി/കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം-3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതം അനുഭവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരന്തനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ നഗരസഭ/ഗ്രാമപഞ്ചായത്തിലും ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. ധനശേഖരണാർത്ഥമുള്ള കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണെ	1. **തിരൂരങ്ങാടി** : 07.11.2011 തിയതിയിലെ ഭരണ സമിതിയുടെ 4-ാം നമ്പർ തീരുമാനപ്രകാരം ദുരിതാശ്വാസ നിധി ആരംഭിക്കുന്നതിന് സബ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഫണ്ട് സ്വരൂപിക്കാത്ത സാഹചര്യത്തിലാണ് അക്കൗണ്ട് തുടങ്ങാത്തത്. മേൽ സാഹചര്യത്തിലാണ് ധനസഹായം അനുവദിക്കാതിരുന്നത്. 1/11/2015 തിരൂരങ്ങാടി ഗ്രാമപഞ്ചായത്ത് നഗരസഭയാക്കി ഉയർത്തിയ സാഹചര്യത്തിൽ അടുത്ത നഗരസഭാ കൗൺസിൽ യോഗത്തിൽ ദുരിതാശ്വാസ നിധി സമാഹരണം സംബന്ധിച്ച് അജണ്ടയിൽ ഉൾപ്പെടുത്തി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുള്ള വിവരം റിപ്പോർട്ട് ചെയ്തു

		ങ്കിലും വിവാഹം രജിസ്റ്റർ ചെയ്യാൻ എത്തുന്നവരിൽ നിന്നും കെട്ടിട നിർമ്മാണപെർമിറ്റിനായി അപേക്ഷിക്കുന്നവരിൽ നിന്നും നാമമാത്രമായ തുക ഈടാക്കിയാണ് നിധി സ്വരൂപിക്കുന്നത്. എന്നാൽ സമ്മർദ്ദം ചെലുത്തിയോ പ്രലോഭനങ്ങളോ വാഗ്ദാനങ്ങളോ നൽകിയോ തുക സ്വരൂപിക്കാൻ പാടുള്ളതല്ല. നിധിയിലേക്ക് നഗരസഭയുടെ/ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ നിന്നോ സർക്കാരിൽ നിന്നും ലഭിച്ച ഫണ്ടിൽ നിന്നോ തുക കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. നിധിയിലേക്ക് നൽകുന്ന സംഭാവനകളിലേക്ക് സെക്രട്ടറി ഒപ്പിട്ട രസീത് നൽകേണ്ടതാണ്. നിധിയുടെ വരവ് ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നതിനായി ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് സൂക്ഷിച്ചു പോരേണ്ടതാണ്. ദുരിതാശ്വാസനിധി ചട്ടപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിയതു സംബന്ധിച്ച് തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ അവലോകനം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ പറയുന്നു. ദുരിതാശ്വാസ നിധിയുടെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേകം രജിസ്റ്റർ പല നഗരസഭകളിലും/ഗ്രാമപഞ്ചായത്തുകളിലും സൂക്ഷിക്കുന്നില്ല.28.5.2005 മുതൽ കോട്ടയം ജില്ലയിലെ പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് സംഭാവനകൾ സ്വീകരിക്കുന്നുണ്ടെങ്കിലും ലഭിച്ച സംഭാവനകൾക്ക് സെക്രട്ടറി ഒപ്പിട്ട രസീത് നൽകിയിട്ടില്ല. 23.5.2011 മുതൽ മാത്രമാണ് അപ്രകാരം രസീത് നൽകിയിട്ടുള്ളത്. കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിൽ നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകളും സംഭാവനകൾ നൽകിയവരുടെ പേരുകളും സെക്രട്ടറി പ്രതിമാസ യോഗത്തിൽ അവതരിപ്പിക്കുന്നുണ്ടെങ്കിലും ആയവ സംബന്ധിച്ച കണക്കുകൾ യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയും ഗ്രാമസഭകളിൽ അറിയിക്കുകയും ചെയ്യുന്നില്ല. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി, ഏലംകുളം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ധനസഹായം നൽകിയിട്ടില്ല. ചട്ടം 3(2) പ്രകാരം നിധിയിലേക്ക് ധനസഹായം നൽകുന്നതിന് യാതൊരു വിധ നിർബന്ധങ്ങൾ ചെലുത്തുകയോ വാഗ്ദാനങ്ങൾ	കൊള്ളുന്നു. 2. **കൊണ്ടോട്ടി :** കൊണ്ടോട്ടി നഗരസഭയിൽ ദുരിതാശ്വാസ നിധിയിൽ നിന്ന് 8 പേർക്ക് ധനസഹായം വിതരണം ചെയ്തതിൽ പേരുടെ അപേക്ഷ സഹിതമുള്ള വൗച്ചറുകൾ ഓഫീസിൽ ലഭ്യമാണ്. ആയത് 13/10/2015 നു നടന്ന ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പ്രാദേശിക പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളതാണ്. മറ്റു 4 പേർക്ക് ധനസഹായം വിതരണം ചെയ്തതിന്റെ അപേക്ഷകളും തുക കൈപറ്റിയതിന്റെ രസീതുകളും ഈ ഓഫീസിൽ ലഭ്യമാണ് കൊണ്ടോട്ടി ബൈപ്പാസിൽ ഉണ്ടായ വാഹനഅപകടത്തിൽ 4 പേർ മരണപ്പെട്ടതിനെ തുടർന്ന് ഇവരുടെ കുടുംബങ്ങൾക്കാണ് കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിച്ചത്. ഈ അടിയന്തിര സാഹചര്യത്തിൽ തുക വിതരണം ചെയ്തതിന്റെ നടപടി ക്രമങ്ങൾ പൂർണമായും പാലിക്കാൻ സാധിച്ചിട്ടില്ല. ഈ പ്രത്യേക സാഹചര്യം പരിഗണിച്ച് വന്നുപോയ വീഴ്ച മാപ്പാക്കണമെന്നും മേൽ പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ നിന്നും ഒഴിവാക്കിത്തരണമെന്നും താഴ്മയോടെ അപേക്ഷിക്കുന്നു. 3. **തിരൂർ :** ബഹു. ചെയർപേഴ്സന്റെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്നവരുടെ വിശദാംശങ്ങളും സബ് കമ്മറ്റി തീരുമാന പ്രകാരം ധനസഹായം അനുവദിച്ചത് സംബന്ധിച്ച വിശദാംശങ്ങളും പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചു വരുന്നുണ്ട്. 2) ധനസഹായം നൽകിയതിന്റെ വിവരങ്ങൾ പ്രത്യേകമായി നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നില്ല. സബ് കമ്മറ്റി തീരുമാനം കൗൺസിൽ അംഗീകാരത്തിനായി സമർപ്പിക്കുന്ന അവസരത്തിൽ ആയത് നോട്ടീസ്

പ്രയോഗിക്കുകയോ പാടില്ല. എന്നാൽ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന വിവിധ സേവനങ്ങൾക്ക് ദുരിതാശ്വാസ നിധിയിലേക്ക് നിശ്ചിത തുക ഈടാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.

ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ ദുരിതാശ്വാസ [illegible] രൂപീകരിച്ചിട്ടുണ്ടെങ്കിലും അക്കൗണ്ടിലേക്ക് തുകകളൊന്നും വരവ് വന്നിട്ടില്ല.

ജില്ല	സ്ഥാപനം
കോട്ടയം	കുമരകം ഗ്രാമപഞ്ചായത്ത്
വയനാട്	പൊഴുതന ഗ്രാമപഞ്ചായത്ത്
പാലക്കാട്	പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത്
കണ്ണൂർ	കണിച്ചാർ ഗ്രാമപഞ്ചായത്ത്

നിധിയിൽ നിന്നും ധനസഹായം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ നഗരസഭാദ്ധ്യക്ഷന്/ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് അപേക്ഷ നൽകേണ്ടതാണ്. അപേക്ഷകൾ പരിശോധിക്കുന്നതിനായി ഭരണസമിതിയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗവും സെക്രട്ടറിയും അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. നഗരസഭാധ്യക്ഷൻ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രസ്തുത കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറി കൺവീനറും ആയിരിക്കും. സബ് കമ്മിറ്റിയുടെ അല്ലെങ്കിൽ നഗരസഭാധ്യക്ഷൻ/ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ ഉത്തരവ് പ്രകാരം സെക്രട്ടറി നിധിയിൽ നിന്നും തുക പിൻവലിച്ച് അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യേണ്ടതാണ് (ചട്ടം -4).

ചുവടെപ്പറയുന്ന ഗ്രാമപഞ്ചായത്തുകൾ ധനസഹായം നൽകിയതിന് അനുബന്ധമായ വൗച്ചറുകൾ സൂക്ഷിക്കുകയോ വരവ് കണക്കുകൾക്ക് ജി.ഒ(ആർ.റ്റി) 3803/04 തസ്വഭവ 30.10.2004 ൽ നിഷ്കർഷിച്ച പ്രകാരം ക്യാഷ് ബുക്ക് സൂക്ഷിക്കുകയോ ധനസഹായത്തിനായി ലഭിച്ച അപേക്ഷ

ബോർഡിൽ പ്രസിദ്ധപ്പെടുത്തുകയാണ് ചെയ്യാറുള്ളത്. ധനസഹായം നൽകിയതിന്റെ വിവരങ്ങൾ ഇപ്പോൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ട്

4. കണ്ണൂർ : കണ്ണൂർ നഗരസഭയിലെ ദുരിതാശ്വാസ നിധിയെ സംബന്ധിച്ച കണക്കുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. [illegible]0-10-20 വരെയുള്ള കണക്കുകൾ 30,000/- രൂപ 7-12-2012 ലെ കൗൺസിലിൽ അംഗീകരിച്ചിട്ടുള്ളതാണ്. തുടർന്നുള്ള കണക്കുകൾ 6-3-2013 ൽ 3 പേർക്ക് 2000/- വീതം 6000/- രൂപയും 7-10-2014 ലേത് 4 പേർക്ക് 2000/- രൂപ വീതം 8,000/- രൂപയും [illegible]-5-2015 ലേത് 9 പേർക്ക് 20[illegible]/- രൂപ വീതം 18000/- രൂപയും 17-[illegible]-2015 ലേത് 3 പേർക്ക് 2000/- രൂപ വീതം 6000/- രൂപയും ഉൾപ്പെടെ 38,000/- രൂപ നൽകിയിട്ടുള്ളത് [illegible]-12-2015 ലെ കൗൺസിലിൽ അംഗീകാരത്തിന് വെച്ചിട്ടുള്ളതാണ്. സാധാരണയായി 2 ഓ, 3 ഓ മാസത്തിൽ ഒരിക്കൽ മാത്രമേ കമ്മിറ്റി വിളിച്ച് ചേർക്കാറുള്ളൂ. നാമമാത്രമായ [illegible] ദുരിതാശ്വാസത്തിന് അപേക്ഷയായി ലഭിക്കാറുള്ളൂ. അതുകൊണ്ടാണ് എല്ലാ മാസവും കൗൺസിലിൽ വെച്ച് അംഗീകാരം വാങ്ങാത്തത്. ഇനിമുതൽ തുടർന്ന് വരുന്ന എല്ലാ വരവു ചെലവു കണക്കുകളും തൊട്ടടുത്ത കൗൺസിലിൽ വെച്ച് അംഗീകാരം വാങ്ങുന്നതുമാണ്. നാളിതുവരെയുള്ള മുഴുവൻ ചെലവുകളും കൗൺസിലിൽ അംഗീകരിച്ച സ്ഥിതിക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.

5. പെരുമ്പാവൂർ : ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനകൾ പ്രത്യേക രസീതുകൾ മുഖേന സ്വീകരിച്ചുവരുന്നതും ടി രസീത് ബുക്കുകൾ സ്റ്റോക്ക്

136

കൾ, അനുവദിച്ച ധനസഹായം എന്നിവയുടെ വിവരം ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ക്രമ നം.	സ്ഥാപനം	ജില്ല	ധനസഹായം സംബന്ധിച്ച അപാകതകൾ
1	തിരൂർ നഗരസഭ	മലപ്പുറം	1. ധനസഹായം കൈപ്പറ്റിയവരുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല. 2. ധനസഹായം നൽകിയതിന്റെ കണക്കുകൾ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നില്ല.
2	കൊണ്ടോട്ടി നഗരസഭ		അപേക്ഷയില്ലാതെ ധനസഹായം നൽകുന്നു.
3	കണ്ണൂർ കോർപ്പറേഷൻ	കണ്ണൂർ	വരവ് -ചെലവ് കണക്കുകൾ എല്ലാ മാസവും കൗൺസിലിന് മുമ്പാകെ വയ്ക്കുന്നില്ല.

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിൽ ക്രമവിരുദ്ധമായി ദുരിതാശ്വാസ നിധി അക്കൗണ്ടിൽ നിന്നും 10,000/-രൂപ മെമ്പർമാർക്ക് വീതിച്ചു നൽകാൻ തീരുമാനിച്ചുവെന്നും 20.4.11 ലെ പഞ്ചായത്ത് കമ്മിറ്റി

രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചുവരുന്നതുമാണ്. ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നതിലേയ്ക്കായി മുനിസിപ്പൽ സെക്രട്ടറി **കൺവീനർ ആയിട്ടുള്ളതും നഗരസഭ ചെയർമാൻ, ഒരു** കൗൺസിൽ അംഗം എന്നിവരടങ്ങിയ ഒരു സബ് കമ്മറ്റി രൂപീകരിച്ചിട്ടുള്ളതും ടി കമ്മറ്റിയുടെ അന്വേഷണ റിപ്പോർട്ടോടുകൂടിയ അപേക്ഷ പരിശോധിച്ച് കൗൺസിൽ തീരുമാനമെടുത്ത് യോഗ്യരായവർക്ക് ധനസഹായം നൽകി വരുന്നതുമാണ്. ഇതിലേയ്ക്കായി ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുള്ളതും ടി രജിസ്റ്ററിൽ ഒരു സബ്കമ്മറ്റി മിനിട്സ്സും തുക കൈപ്പറ്റിയവരുടെ പേര് വിവരങ്ങളും എഴുതി സൂക്ഷിച്ചിട്ടുള്ളതുമാണ്. 2011-ൽ രൂപീകരിച്ച ദുരിതാശ്വാസ നിധിയിൽ നിന്നും ഇതുവരെ 330 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കടനാട് ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസനിധിയിൽ നിന്നും ചെലവഴിച്ച 7,965/-രൂപ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചെലവുകളുടെ പരിധിയിൽ വരുന്നില്ല. കാറ്റിലും മഴയിലും കടപുഴകി വീണ മരങ്ങൾ മുറിച്ചു മാറ്റിയതിന് 5,000/-രൂപയും (1000 + 4000) ഭക്ഷണ ചെലവിന് 1,365/-രൂപയും ജനറേറ്ററിന് 600/-രൂപയും എന്നിങ്ങനെയാണ് 7,965/-രൂപ ചെലവാക്കിയിട്ടുള്ളത്. പ്രകൃതി ദുരന്തത്തോടനുബന്ധിച്ചുള്ള അടിയന്തിര ചെലവുകൾ പ്രസിഡന്റിന്റെ അസാധാരണ ചെലവുകളിൽ ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്. ഇത് സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ [illegible] ചെലവിന്റെ കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ ചട്ടപ്രകാരം രൂപീകരിച്ചിട്ടുള്ള സബ് കമ്മിറ്റി, ലഭിക്കുന്ന അപേക്ഷകളിന്മേൽ വാർഡ് കൗൺസിലറുടെ ശുപാർശ, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ പരിഗണിച്ചാണ് ധനസഹായം നൽകുന്നത്. രോഗിയുടെ സാമ്പത്തികാവസ്ഥ, രോഗത്തിന്റെ ഗൗരവാവസ്ഥ എന്നിവയ്ക്കും മുൻഗണന നൽകിയാണ് ധനസഹായം അനുവദിക്കുന്നത്. പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിൽ നഗരസഭാ ചെയർമാന്റെയും കൗൺസിൽ അംഗങ്ങളുടെയും സംഭാവനയായ 31,185/ രൂപയും നഗരസഭാ സെക്രട്ടറിയുടെയും ജീവനക്കാരുടെയും വിഹിതമായ 23,800/- രൂപയുമടക്കം 2010-11 വർഷം അരലക്ഷത്തിലധികം രൂപ സംഭാവനയായി ദുരിതാശ്വാസനിധിയിൽ ലഭിച്ചു.

കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്താവിന്റെ അപേക്ഷ അന്വേഷണ റിപ്പോർട്ട്, സബ് കമ്മിറ്റി തീരുമാനം എന്നിവയില്ലാതെ 1,300/-രൂപ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകിയിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ അപേക്ഷ കൂടാതെയോ അന്വേഷണം നടത്താതെയോ പ്രസിഡന്റിനു അനുവദിക്കാവുന്ന പരമാവധി തുക 500/-രൂപയാണ്. അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് 6.7.2009 നു ശേഷം ദുരിതാശ്വാസ നിധിയിലേക്ക് യാതൊരു വരവും 07.9.2009 നുശേഷം യാതൊരു ചെലവും നടത്തിയിട്ടില്ലാത്തതിനാൽ ഫലത്തിൽ ദുരിതാശ്വാസ നിധി നിഷ്ക്രിയമാണ്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ദുരിതാശ്വാസ നിധിയെ

		സംബന്ധിച്ച കണക്കുകളുമായി ബന്ധപ്പെട്ട ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും സംഭാവന നൽകിയവരുടെയും കൈപ്പറ്റിയവരുടെയും പേരു വിവരങ്ങൾ മാസാമാസം കൗൺസിൽ മുമ്പാകെ സമർപ്പിക്കേണ്ടതും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നവർക്ക് സെക്രട്ടറി ഒപ്പിട്ട അച്ചടിച്ച രസീത് നൽകേണ്ടതാണ്. രസീത് പ്രത്യേകം അച്ചടിച്ച് സ്റ്റോക്കിലെടുത്ത് സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ നൽകുന്ന സംഭാവനകൾക്ക് ആദായനികുതി ഇളവുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ കമ്മിറ്റി യോഗം കൂടാതെ ധനസഹായം നൽകാൻ പാടുള്ളതല്ല.	

Sd/-

കെ. എസ്. ശോഭന
ജോയിന്റ് സെക്രട്ടറി
തദ്ദേശ സ്വയം ഭരണ വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

അനുബന്ധം III

ANNEX 10 (B) DISTRIBUTION OF DEVELOPMENT FUND TO LOCAL GOVERNMENTS FOR 2011-12: CORPORATIONS (IN '000)

Sl. No.	Corporation	General Sector			SCP	TSP	Total (5+6+7)
		State non Plan	UFC	Total General Sector (3+4)			
1	2	3	4	5	6	7	8
1	Thiruvananthapuram	4,88,945	1,76,846	6,65,791	1,94,811	0	8,60,602
2	Kollam	1,93,985	70,163	2,64,148	61,511	0	3,25,659
3	Kochi	2,23,963	81,007	3,04,970	45,139	0	3,50,109
4	Thrissur	1,34,713	48,724	1,83,437	54,169	0	2,37,606
5	Kozhikode	2,31,897	83,876	3,15,773	53,432	0	3,69,205
	Total	**12,73,503**	**4,60,616**	**17,34,119**	**4,09,062**	**0**	**21,43,181**

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.